പോത്താനിക്കാട് ഒരു 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എ.ആർ.എം. കമ്പനിക്ക് കരാർ നൽകിയിട്ടുണ്ട്. എന്നാൽ ഈ കമ്പനി യഥാസമയം എഗ്രിമെന്റ് വച്ച് പണി തുടങ്ങാത്തതിനാൽ കരാർ റദ്ദ് ചെയ്തിട്ടുള്ളതാണ്. നിർദ്ദിഷ്ട 33 കെ.വി. സബ് സ്റ്റേഷനുപകരം 110 കെ.വി. സബ് സ്റ്റേഷൻ പോത്താനിക്കാട് ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

IV തിരുത്ത്

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, 26-6-2003-ാം തീയതി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി.എസ്. അച്ചുതാനന്ദൻ ഉന്നയിച്ച സബ്മിഷനുള്ള മറുപടി നൽകവേ, എം.ബി.ബി.എസ്. വിദ്യർത്ഥികൾ ട്യൂഷൻ ഫീസായി 16,500 രൂപ (2002-2003 അദ്ധ്യയനവർഷത്തേയ്ക്ക്) അടയ്ക്കണമെന്നാണ് ഞാൻ സഭയിൽ പ്രസ്താവിച്ചത്. ആയത് ശരിയല്ലെന്നും 8,750 രൂപയേ അടയ്ക്കേണ്ടതുള്ളൂ എന്നും ഞാൻ ബോധിപ്പിക്കുന്നു.

V ധനകാര്യം

2003-2004 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

		ബഡ്ജറ്റ് എസ്റ്റിമേറ്റ് 2003-2004				
ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	18-3-2003-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	(രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
XX	ശുദ്ധജലവിതരണവും ശുചീകരണവും	1,01,38,92,000	3,33,33,000	2,02,77,82,000	6,66,67,000	2,09,44,49,000
XXXVIII	ജലസേചനം	38,08,35,000	42,00,44,000	76,16,68,000	84,00,84,000	1,60,17,52,000
XXXIV	വനം	58,91,88,000	1,40,00,000	1,17,83,76,000	2,80,00,000	1,20,63,76,000

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

10 A.M.]

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന പ്രസ്താവനകൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ച് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX- ശുദ്ധജല വിതരണവും ശുചീകരണവും നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. പി. മോഹനൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്തെ ശുദ്ധജലവിതരണ പദ്ധതികളിൽ അഴിമതി നടന്നിട്ടുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ഡോ. തോമസ് ഐസക് : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി നിയമനം സംബന്ധിച്ച പ്രശ്നം ചർച്ച ചെയ്യുന്നതിന്.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ മാങ്കോട് രാധാകൃഷ്ണൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി നിയമനവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ജപ്പാൻ കുടിവെള്ള പദ്ധതിയുടെ വിദേശ കൺസൾട്ടൻസിയുടെ കേരളത്തിലെ പങ്കാളികൾക്കുള്ളതായി പറയപ്പെടുന്ന വൈദഗ്ദ്ധ്യമില്ലായ്മയെപ്പറ്റി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി ഫീസ് 30 കോടിയോളം കണ്ട് ഉയർത്തിയതായി പറയപ്പെടുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. ടി. കെ. ബാലൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി നിയമനം സംബന്ധിച്ച് ഉള്ളതായി പറയപ്പെടുന്ന ക്രമക്കേട് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എ. കെ. ബാലൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയതായി പറയപ്പെടുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി നിയമനം സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന

LIBRARY ARCHIVES Kerala Legislative Assembly

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (കൈകഴുകൽ പദ്ധതിയുടെ പേരിൽ ഖജനാവിൽനിന്ന് ലക്ഷങ്ങൾ വിൻകിട സോപ്പുനിർമ്മാതാക്കളുടെ പ്രചരണത്തിന് ഉപയോഗിക്കാനുള്ളതായി പറയപ്പെടുന്ന നീക്കം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. ടി. കെ. ദേവകുമാർ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഡാമിലെ ചെളി നീക്കാത്തതുമൂലം അരുവിക്കര ഡാമിന്റെ സംഭരണശേഷി കുറഞ്ഞതിനാൽ തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള വിതരണ പദ്ധതിയിലുള്ളതായി പറയപ്പെടുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എൻ. രാജൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്ത് നടപ്പാക്കിവന്ന ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ കേന്ദ്രസഹായം നേടിയെടുക്കുന്നതിനും പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വെള്ളക്കരം വർദ്ധിപ്പിക്കാനുള്ളതായി പറയപ്പെടുന്ന നീക്കത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. പി. ജയരാജൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി നിയമനം സംബന്ധിച്ച പ്രശ്നം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എം. വി. ജയരാജൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (തലസ്ഥാനത്തെ ഡ്രെയിനേജ് ലൈനുകളിൽനിന്ന് മലിനജലം കരമന ആറ്റിലേക്ക് ഒഴുകിയെത്തുന്നതുമൂലം ജലം മലിനീകരിക്കപ്പെടുന്ന പ്രശ്നം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (തലസ്ഥാനത്ത് ഡ്രെയിനേജ് അപര്യാപ്ത

LIBRARY ARCHIVES Kerala Legislative Assembly

തമൂലം മഴക്കാലത്ത് ഉണ്ടാകുന്ന ഗതാഗതതടസ്സം നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. മത്തായി ചാക്കോ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്.)

ശ്രീ. പിരപ്പൻകോട് മുരളി : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (തിരുവനന്തപുരം നഗരത്തിലെ ശുദ്ധജല വിതരണ പദ്ധതി വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാകാത്തതുമൂലം ഉപഭോക്താക്കൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം എത്തിച്ചു കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. സാജു പോൾ : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,09,44,49,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (രാജീവ് ഗാന്ധി തീവ്രഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട തുകയിൽ കുറവ് വന്നതായി പറയപ്പെടുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്.)

ധനാഭ്യർത്ഥന നമ്പർ XXXVIII- ജലസേചനം

ശ്രീ. ടി. കെ. ദേവകുമാർ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (കടൽക്ഷോഭം നിയന്ത്രിക്കുന്നതിന് ആവശ്യമായ കടൽഭിത്തികളുടെ നിർമ്മാണത്തിൽ പിൻതുടരുന്നതായി പറയപ്പെടുന്ന അനാസ്ഥ ചർച്ച ചെയ്യുന്നതിന്.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (കല്ലട ജലസേചന പദ്ധതി ഇപ്പോഴും പ്രവർത്തനക്ഷമമല്ലാത്തത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്ത് പുതിയ ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിന് മുമ്പ് കോസ്റ്റ്-ബെനിഫിറ്റ് അനാലിസിസ് നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം കൂട്ടുന്നതിനുള്ള തമിഴ്നാടിന്റെ ശ്രമംമൂലം സംസ്ഥാനത്തിനുണ്ടാകാവുന്ന നഷ്ടം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എൻ. രാജൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്തെ നദികളിലെ ജലം ചോർത്തിക്കൊണ്ടുപോകുന്നത് തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ചചെയ്യുന്നതിന്.)

ശ്രീ. കെ. പി. മോഹനൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (കേരളത്തിലെ ജലസേചന പദ്ധതികളിൽ പലതും ഉപയോഗയോഗ്യമല്ലാതായിട്ടും അവ ജലസേചനത്തിന് ഉപകരിക്കത്തക്ക രീതിയിലാക്കാൻ നടപടികൾ കൈക്കൊള്ളുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. മത്തായി ചാക്കോ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്ത് കടൽക്ഷോഭം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വരുത്തുന്നതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സംസ്ഥാനത്ത് കാലാവധി കഴിഞ്ഞ നദീജലക്കരാറുകൾ പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (കല്ലട ജലസേചന പദ്ധതി നടത്തിപ്പിലുള്ളതായി പറയപ്പെടുന്ന അഴിമതി സംബന്ധിച്ച കേസുകളുടേയും അന്വേഷണത്തിന്റേയും ഇപ്പോഴത്തെ സ്ഥിതി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എ. എ. അസീസ് : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. ഒരു നൂറ് ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. പിരപ്പൻകോട് മുരളി : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജുപോൾ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ഡോ. തോമസ് ഐസക് : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. പി. ജയരാജൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എം. വി. ജയരാജൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. ടി. കെ. ബാലൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,60,17,52,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ധനാഭ്യർത്ഥന നമ്പർ XXXIV- വനം

ശ്രീ. കെ. പി. മോഹനൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വനം നശിക്കുന്നതിന്നുസൃതമായി പുതുതായി വനവൽക്കരണ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. സാജു പോൾ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (കഞ്ചാവ് കൃഷി വ്യാപകമായിരിക്കുന്നതിനെക്കുറിച്ചും കഞ്ചാവ് മാഫിയയെ നേരിടുന്നതിൽ കാണിക്കുന്നതായി പറയപ്പെടുന്ന താല്പര്യക്കുറവിനെ സംബന്ധിച്ചും ചർച്ച ചെയ്യുന്നതിന്.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (അധികൃതരുടെ അറിവോടെ മതികെട്ടാൻചോലയിലെ വനഭൂമിയിൽ ഇപ്പോഴും കയ്യേറ്റം നടന്നുവരുന്നതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. മത്തായി ചാക്കോ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്ത് വ്യാപകമായ നിലയിൽ വനനശീകരണം നടന്നു വരുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (നിത്യഹരിത വനങ്ങളും നിബിഡവനങ്ങളും സ്വകാര്യ വ്യക്തികൾ കയ്യേറുകയും കൈവശം വച്ചുവരുകയും ചെയ്യുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എ. കെ. ബാലൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വനഭൂമി കയ്യേറ്റം നിയന്ത്രിക്കാൻ ആത്മാർത്ഥമായ യാതൊരു നടപടിയും സ്വീകരിക്കാൻ തയ്യാറാകാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന വനഭൂമി തിരിച്ചെടുക്കുന്നതിൽ ബോധപൂർവ്വമായ വീഴ്ചകൾ വരുത്തി ഭൂമി കയ്യേറ്റക്കാരെ സഹായിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വനം കൊള്ള തടയേണ്ട വനംവകുപ്പുതന്നെ അതിന് രഹസ്യമായും പരസ്യമായും കൂട്ടുനിൽക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എൻ. രാജൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്ത് വനോല്പന്നങ്ങളുടെ കള്ളക്കടത്ത് തടയുന്നതിനാവശ്യമായ

നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

ഡോ. തോമസ് ഐസക് : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വനഭൂമിക്ക് കൃത്രിമമായി പട്ടയം നൽകിയതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എം. വി. ജയരാജൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വനഭൂമി കയ്യേറ്റങ്ങളിൽ വനം വകുപ്പുതന്നെ പ്രതിക്കൂട്ടിലായിരിക്കുന്നതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. പി. ജയരാജൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സ്വകാര്യ വ്യക്തികൾക്ക് അന്യായമായി വനഭൂമി പതിച്ചുകൊടുത്തതിന് വനം വകുപ്പ് അധികൃതർ കൂട്ടുനിന്നതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സ്വാധീനം ഉപയോഗിച്ച് അനധികൃതമായി ചന്ദന ഫാക്ടറികൾ നടത്തിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. ടി. കെ. ബാലൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (കേരള വനം ബിൽ നിയമമാക്കാൻ തയ്യാറാകാത്തതായി പറയപ്പെടുന്ന സ്ഥിതി വിശേഷം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വനം ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനത്തിലുള്ളതായി പറയപ്പെടുന്ന വൈകല്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. പിരപ്പൻകോട് മുരളി : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിക്കുന്നു. (പശ്ചിമഘട്ടവനങ്ങളിൽ കഞ്ചാവ് കൃഷി നടത്തിവരുന്നതായി പറയപ്പെടുന്നതിനെക്കുറിച്ച് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വന പരിപാലനം നടത്തി വന സംരക്ഷണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ലോകബാങ്ക് സഹായത്തോടെയുള്ള കേരള വനവൽക്കരണ പദ്ധതി നടത്തിപ്പിലുള്ളതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. മഞ്ഞളാംകുഴി അലി : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ചന്ദനക്കൊള്ളയും, വനഭൂമി കയ്യേറ്റവും, വിലപിടിപ്പുള്ള മരങ്ങൾ മുറിച്ച് കടത്തലും നിർബാധം നടക്കുന്നതിനെതിരെ നടപടിയെടുക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ പരാജയപ്പെടുന്നതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ചന്ദന കൊള്ളയ്ക്കെതിരെയും മറ്റും കർശന നിലപാടെടുക്കുകയും അഴിമതിക്ക് കൂട്ടുനിൽക്കാതിരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റുന്നതായി പറയപ്പെടുന്ന നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. ടി. കെ. ദേവകുമാർ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പാലക്കാട് ജില്ലയിലെ മംഗലം ഡാമിനടുത്ത കരിങ്കയത്ത് സർക്കാർ ഉടമസ്ഥതയിലുള്ള ആയിരം ഏക്കറോളം വരുന്ന തേക്ക് തോട്ടത്തിൽനിന്ന് നൂറ് കണക്കിന് തേക്ക് മരങ്ങൾ അന്യായമായി മുറിച്ച് കടത്തിയത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ചന്ദനം ഉൾപ്പെടെ വിലപിടിപ്പുള്ള മരങ്ങൾ വ്യാപകമായി കട്ടുകടത്തുന്നവരും വനം വകുപ്പിലെ ചിലരും തമ്മിലുള്ളതായി പറയപ്പെടുന്ന അവിഹിത ഇടപാടുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. വി. കെ. ചന്ദ്രൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വനം മാഫിയയ്ക്ക് വഴങ്ങി വനം ബിൽ നിയമമാക്കാതിരിക്കുന്നതായി പറയപ്പെടുന്ന നടപടി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന വനം കൊള്ളയും വനം കയ്യേറ്റവും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എ. എ. അസീസ് : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,20,63,76,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എം. വി. ജയരാജൻ : സർ .....

മി. സ്പീക്കർ : എഴുതി തന്ന റൂൾ അനുസരിച്ച് അത് ശരിയല്ല. അതനുസരിച്ച് നിങ്ങൾക്ക് അഴിമതി ആരോപണം ഉന്നയിക്കാൻ പറ്റില്ല.

ശ്രീ. എം.വി. ജയരാജൻ : സർ, അത് പറഞ്ഞിട്ടുണ്ട്. അതിൽ വ്യക്തമായി പറഞ്ഞിട്ടുള്ളത്.....

മി. സ്പീക്കർ : റൂൾ വളരെ ക്ലീയറാണ്, അത് സ്പെസിഫിക്കായി പറയണം.

ശ്രീ. എം. വി. ജയരാജൻ : ജപ്പാൻ കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രശ്നമാണിത്.

മി. സ്പീക്കർ : അതു പറഞ്ഞാൽ പോരാ. ഇന്നതാണെന്നു പറയണം. പോരെങ്കിൽ പ്രതിപക്ഷനേതാവ് തന്നത് എടുത്തുനോക്കണം. 1,2,3,4, എന്നു പറഞ്ഞ് പ്രതിപക്ഷനേതാവ് എഴുതി തന്നിട്ടുണ്ട്, അതെടുത്ത് പഠിക്കണം. ഏത് അഴിമതിയാണ് പറയേണ്ടതെന്ന് സ്പെസിഫിക്കായി പറഞ്ഞാൽ മാത്രമേ മന്ത്രിക്ക് അതിനെക്കുറിച്ച് അന്വേഷിച്ച് മറുപടി പറയാൻ പറ്റുകയുള്ളൂ. റൂൾ വളരെ ക്ലീയറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പേഴ്സണൽ സ്റ്റാഫ് ചെയ്തത്.....

മി.സ്പീക്കർ : ഇത് വളരെ ക്ലീയറാണ്. പേഴ്സണൽ സ്റ്റാഫ് ചെയ്തതെന്നു പറഞ്ഞാൽ എങ്ങനെ ഒക്കും? ഇന്നതാണെന്നു പറഞ്ഞാൽ മാത്രമേ സ്പെസിഫിക്കായി അതിനെക്കുറിച്ച് അന്വേഷണം നടത്തി മന്ത്രിക്ക് മറുപടി പറയാൻ കഴിയുകയുള്ളൂ. So, your notice is not in order.

ശ്രീ. എം. വി. ജയരാജൻ : രണ്ടാമത്തെ ഭാഗം വനംവകുപ്പിൽ പിൻവാതിൽ നിയമനം, അത് സ്പെസിഫിക്കാണ്. അതിന് എന്റെ കൈയിൽ ഡോക്യുമെന്റ് സുണ്ട്. ഉദ്യോഗസ്ഥൻമാർ.....

മി. സ്പീക്കർ : അതു പറഞ്ഞാൽ പറ്റില്ല.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അദ്ദേഹം പറഞ്ഞു തുടങ്ങട്ടെ എന്നിട്ടു തീരുമാനിക്കാം.

മി. സ്പീക്കർ : Yes, Mr.Jayarajan come on speak.

ശ്രീ.എം.വി.ജയരാജൻ : ഇത് സ്പെസിഫിക്കാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി ഇനത്തിൽ കഴിഞ്ഞ വർഷം നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ടുന്ന 39.17 കോടി രൂപ നഷ്ടമാക്കിയ ഭരണമാണിത്. അതുകൊണ്ടാണ് ഞാനിതിനെ എതിർക്കുന്നത്. കേന്ദ്രം നൽകിയ ഒരു രൂപപോലും ചെലവഴിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ജനങ്ങളാണെങ്കിൽ കുടിവെള്ളത്തിന് നെട്ടോട്ടമോടുകയാണ്. കഴിഞ്ഞ വർഷം സ്വജൽധാര പദ്ധതിയിനത്തിൽ ഒരു നയാപൈസപോലും നമ്മുടെ സംസ്ഥാനത്തിനു കിട്ടിയില്ല. തസ്തിക വെട്ടിക്കുറച്ചും പിൻവാതിൽ നിയമനം റദ്ദാക്കിയും ചെലവു കുറച്ചും വാട്ടർ അതോറിറ്റിയുടെ നഷ്ടം നികത്തുവാൻ പ്രൊഫ. എ.വി. താമരാക്ഷൻ ചെയർമാനായ യു.ഡി.എഫ്. ഉപസമിതി ശുപാർശ നൽകി. വാട്ടർ അതോറിറ്റിയിൽ നടക്കുന്നത് എന്താണ്? നേരിട്ടുള്ള നിയമനം തകൃതിയായി നടക്കുകയാണ്. xxxxx ശീരുവാണിയിലെ വെള്ളം തമിഴ്നാടിന് കൊടുക്കുമ്പോൾ ഭവാനിപ്പുഴയിലെ 6 ഇടങ്ങളിൽ തടയണകെട്ടി. രൂക്ഷമായ കുടിവെള്ള ക്ഷാമമുള്ള അട്ടപ്പാടി മേഖലയിൽ ആദിവാസികൾക്ക് വെള്ളമെത്തിക്കാനുള്ള ഒരു പദ്ധതിയാണ് അട്ടപ്പാടി വാലി പദ്ധതി. അതിന് 8 കോടി രൂപ അനുവദിച്ചതിൽ 6 കോടി രൂപയും വകമാറ്റി ചെലവഴിച്ചു. ഈ പദ്ധതി ഇപ്പോൾ കടലാസിൽ മാത്രമാണ്. വെള്ളത്തിനു പകരം ഇപ്പോൾ മണൽ ചോർത്താനാണ് മുക്കാലിയിൽ ഒരു പ്രത്യേക തടയണ കെട്ടിയത്. അവിടെ ഇതിന്റെ ഒരാവശ്യമേയില്ല. അർദ്ധരാത്രി യിലാണ് പോലീസിന്റെ കാവലിൽ അവിടെ പണിയാരംഭിച്ചത്. തമിഴ്നാട് സർക്കാരാണെങ്കിൽ

---

xxxxx സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സുപ്രീംകോടതിയിൽ പോയി സ്റ്റേ വാങ്ങിയിരിക്കുകയാണ്. 5, 6 ലക്ഷം രൂപ കോൺട്രാക്ടർക്ക് കിട്ടിയതാണ് ഇപ്പോഴുള്ള മെച്ചം. മറ്റൊന്നും നാട്ടിനുവേണ്ടി ചെയ്തില്ല. അട്ടപ്പാടിയിലുള്ള ആദിവാസികൾക്ക് കുടിവെള്ളം കിട്ടിയിട്ടുമില്ല. ഇത്തരത്തിലുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ ഏജൻസി എന്ന സ്വതന്ത്ര ഏജൻസി വാട്ടർ അതോറിറ്റിയുടെ കീഴിലുണ്ട്. ഇവർ ചെറിയ പദ്ധതിയൊന്നും നടപ്പാക്കില്ല. വൻകിട പദ്ധതികളാണ് അവരുടെ ഉന്നം. ജനങ്ങൾക്ക് കുടിവെള്ളം നൽകുകയല്ല അവരുടെ ലക്ഷ്യം. അവരുടെ ലക്ഷ്യം കോടികളുടെ കമ്മിഷനാണ്. കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ 450 കോടി രൂപ ചെലവുവരുന്ന ജലനിധി എന്ന പദ്ധതി അവർ തയ്യാറാക്കുകയാണ്. Non Governmental Organisation (NGO) -നെയാണ് ഇതിന്റെ നിർവ്വഹണ ചുമതല ഏല്പിച്ചിരിക്കുന്നത്. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പദ്ധതിയുടെ നിർവ്വഹണ ചുമതലയുടെ ഏജൻസി തങ്ങളെ ഏല്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മന്ത്രിക്ക് ഒരു കത്തയച്ചു, ആ കത്തിന്റെ കോപ്പിയാണിത്. (കത്തിന്റെ കോപ്പി സഭയിൽ ഉയർത്തിക്കാണിച്ചു) ഇറിഗേഷൻ പ്രിൻസിപ്പൽ സെക്രട്ടറി എത്ര യുദ്ധകാല വേഗതയിലാണ് ഈ കത്ത് വാട്ടർ അതോറിറ്റി എം.ഡി.ക്ക് അയച്ചുകൊടുത്തിരിക്കുന്നത് ? ആ കത്തിൽ പറയുന്നത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് 10 ദിവസത്തിനകം റിപ്പോർട്ട് നേരിട്ട് സമർപ്പിക്കേണ്ടതിനാൽ ഒരാഴ്ചയ്ക്കകം റിപ്പോർട്ട് നൽകണം എന്നാണ്. അവിടെയെല്ലാം പേഴ്സണൽ ഇന്ററസ്റ്റാണ്. ഈ ജലനിധി നടത്തുന്ന പദ്ധതിയിൽ ടെണ്ടറും ഓഡിറ്റുമില്ല. പണം ചോർത്താനുള്ള പദ്ധതിമാത്രമാണ് ഈ ജലനിധി. വാട്ടർ അതോറിറ്റിയിൽ നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാർക്ക് 30,000-വും 40,000-വും രൂപ ശമ്പളം കൊടുത്തിട്ടാണ് അവിടെ നിയമിച്ചിട്ടുള്ളത്. അവർ സർവ്വേ നടത്തുകയാണ്. ഈയിടെ എറണാകുളത്ത് ഒരു ഏജൻസി 4 ദിവസംകൊണ്ട് സർവ്വേ നടത്തി. രണ്ടര ലക്ഷം രൂപ സർവ്വേ നടത്തിയതിനുമാത്രം അവർക്കു കൊടുത്തു. ഈകാര്യം മാതൃഭൂമി പത്രമാണ് പുറത്തുവിട്ടത്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി നിയമനത്തിലും ഇപ്പോൾ വിവാദങ്ങൾ ഉയർന്നു വന്നിരിക്കുകയാണ്. XXXXX

മി. സ്പീക്കർ : ജപ്പാൻ കുടിവെള്ള പദ്ധതി ഹൈക്കോടതിയുടെ മുമ്പിൽ ഇരിക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ : ഇതിനെക്കാൾ ഗൗരവമായ മറ്റൊരു കാര്യമാണ് വനം വകുപ്പിൽ നടക്കുന്നത്. അവിടെ നിയമവും ചട്ടവും ഇല്ല. ചട്ടമ്പികളുടെ കയ്യൂക്കാണ് അവിടെ നടക്കുന്നത്. XXXXX

ശ്രീ. കെ. അച്ചുതൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി അനുകൂലിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണകാലത്ത് നിർജീവാവസ്ഥയിലായിരുന്ന ജലസേചന വകുപ്പിനെ കാര്യക്ഷമമാക്കാൻ

---

x x x x x സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ടി. എം. ജേക്കബിനു കഴിഞ്ഞിട്ടുണ്ട്. ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശത്തു നിന്നും ഈ സഭയെ പ്രതിനിധീകരിക്കുന്ന ഒരാളാണ് ഞാൻ. എന്റെ നിയോജകമണ്ഡലത്തിൽ പല പ്രദേശങ്ങളിലും കർക്കിടക മാസത്തിൽപ്പോലും ലോറിയിലാണ് വെള്ളം എത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ വ്യാപകമായി മഴ പെയ്യുമ്പോഴും ചിറ്റൂർതാലൂക്കിൽ കൊഴിഞ്ഞാംപാറ പ്രദേശത്തെ ജനങ്ങൾക്ക് ഒരു തുള്ളി ജലത്തിനുവേണ്ടി വേഴാമ്പലിനെപ്പോലെ കാത്തിരിക്കേണ്ടി വരുന്നുണ്ട്. ഈ പ്രദേശത്തെ ജനങ്ങളുടെ ജലക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി കഴിഞ്ഞ യു. ഡി. എഫ്. സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട മന്ത്രി ടി. എം. ജേക്കബ് മൂലത്തറ ഡാമിന്റെ വലതുകര കനാലിന്റെ നിർമ്മാണം ആരംഭിച്ചു. അന്നു ആ പ്രദേശത്തെ എം. എൽ. എ. ആയിരുന്ന ജനതാദൾ നേതാവ് ശ്രീ. കൃഷ്ണൻകുട്ടി രേഖാമൂലം എഴുതി കൊടുത്തതുകൊണ്ടാണ് ഈ പ്രവൃത്തി ഡിപ്പാർട്ടുമെന്റലായി ചെയ്യാൻ അന്നു മന്ത്രി ഉത്തരവിട്ടത്. 1996-ലെ തെരഞ്ഞെടുപ്പിൽ കൃഷ്ണൻകുട്ടി പരാജയപ്പെട്ടതിനെ തുടർന്ന് ഈ കനാലിന്റെ നിർമ്മാണം എങ്ങനേയും മുടക്കണമെന്ന് എൽ. ഡി. എഫ്. യോഗത്തിൽ ആവശ്യപ്പെട്ടത് അനുസരിച്ച് വിജിലൻസ് അന്വേഷണം നടത്തി. കഴിഞ്ഞ അഞ്ചു കൊല്ലക്കാലമായി ഈ പ്രവൃത്തി നിർത്തി വച്ചിരിക്കുകയായിരുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്നതിനുവേണ്ടി അഞ്ചുകൊല്ലമായി ആ പ്രവൃത്തി നിർത്തി വയ്പിച്ചു. ഇപ്പോൾ ആ പ്രവൃത്തി വീണ്ടും തുടങ്ങിയിരിക്കുകയാണ്.

ശ്രീ. സി. കെ. നാണു : സർ, സഭയിൽ ഇല്ലാത്ത ഒരാളെക്കുറിച്ച് ഇപ്രകാരം പറയുന്നത് ഓർഡറിലാണോ ?

ശ്രീ. കെ. അച്ചുതൻ : സർ, എക്സ് എം. എൽ. എ. യെ കുറിച്ചല്ല പറഞ്ഞത്. എക്സ് എം. എൽ. എ. ഒരു പ്രവൃത്തി ചെയ്യണമെന്നുപറഞ്ഞ് എഴുതി കൊടുക്കുകയും അതനുസരിച്ചു പ്രവൃത്തി തുടങ്ങിയപ്പോൾ, ഇലക്ഷനിൽ പരാജയപ്പെട്ടതിന്റെ ഫലമായി വീണ്ടും വിജിലൻസ് അന്വേഷണം ആവശ്യപ്പെടുകയും ചെയ്തു. അന്നു ഡിപ്പാർട്ടുമെന്റലായിട്ടാണ് വർക്കു ചെയ്ത് എന്ന് പറഞ്ഞാണ് കേസ്സ് കൊടുത്തത്. എഴുതി കൊടുത്ത എം. എൽ. എ. യ്ടെ പേരിൽ കേസ്സില്ല. എം.എൽ.എ. യുടെ ആവശ്യ പ്രകാരം ഡിപ്പാർട്ടുമെന്റലായി ..... (ബഹളം)..... നാണുവേട്ടാ രേഖാമൂലമുള്ള കാര്യമാണ് ഞാൻ പറയുന്നത്. രേഖാമൂലം ആ എം.എൽ.എ. എഴുതി കൊടുത്തതാണ്, വിജിലൻസ് അന്വേഷണം നടത്തണമെന്ന്.

മി. സ്പീക്കർ : തെറ്റായ ഒരു ധാരണയാണ് സഭയ്ക്ക് അകത്തില്ലാത്തവരെ കുറിച്ച് പറയരുത് എന്നുള്ളത്. ഇതൊക്കെ സഭയിൽ അല്ലെങ്കിൽ പിന്നെ എവിടെയാണ് പറയേണ്ടത് ? അതേ സമയത്ത് ഇതുമായി ബന്ധമില്ലാത്ത ആളുകളെ, മറ്റു സംസ്ഥാനങ്ങളിൽ ഉള്ള ആളുകളെ ഇതിൽ വലിച്ചിഴച്ചുകൊണ്ടു വരാൻ പാടില്ല. ഈ സംസ്ഥാനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയാനുള്ള അവകാശം മെമ്പർ മാർക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അച്ചുതൻ : സർ, വനം വകുപ്പുമന്ത്രിയുടെ ഓഫീസിലെ മുഴുവൻ ആളുകളുടെ പേരും സുരേന്ദ്രന്റെ പേരും ഇവിടെ എടുത്തു പ്രസംഗിച്ചു. ചിറ്റൂരിലെ മുൻ എം. എൽ. എ. കൃഷ്ണൻകുട്ടി എഴുതി കൊടുത്തതാണ്. അതുകൊണ്ടാണ് ആ വർക്ക് ഡിപ്പാർട്ടുമെന്റ് തുടങ്ങിയത്. പിന്നീടു പരാജയപ്പെട്ടപ്പോൾ വിജിലൻസ് അന്വേഷണം വേണമെന്നു എഴുതി കൊടുത്തു. അങ്ങനെ വിജിലൻസ് കേസ്സിൽ എഴുതി കൊടുത്ത എം. എൽ. എ. പ്രതിയല്ല, ഡിപ്പാർട്ടുമെന്റലായി വർക്കു ചെയ്യാൻ ഓർഡറാക്കിയ മന്ത്രിയെ പ്രതിയാക്കി.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

അദ്ദേഹത്തെ മാത്രമല്ല വിജിലൻസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ അദ്ദേഹത്തിന്റെ വീട്ടിൽപ്പോയി അദ്ദേഹത്തിന്റെ ഭാര്യയേയും കുട്ടികളേയും അപമാനിക്കാൻ വേണ്ടി എന്തെല്ലാം ചെയ്തു. ഏതായാലും പ്രവൃത്തി വീണ്ടും തുടങ്ങാൻ ബഹുമാനപ്പെട്ട മന്ത്രി ഉത്തരവ് നൽകിയിട്ടുണ്ട്. ഇപ്പോൾ വർക്ക് തുടങ്ങിക്കൊണ്ടിരിക്കുകയാണ്. ആ പ്രവൃത്തിക്കുവേണ്ട തുക നൽകാത്തതുകൊണ്ട് കരാറുകാർ വർക്ക് സ്ലോയിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ മുഴുവൻ ജനങ്ങളേയും സഹായിക്കാൻവേണ്ടിയുള്ള പദ്ധതിയുടെ പേരിൽ ശ്രീ. ടി.എം. ജേക്കബിനെ പ്രതിയാക്കിയ ആ വിജിലൻസ് കേസ് പിൻവലിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇത് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും രാഷ്ട്രീയമായ ചില ഗൂഡാലോചനകൾ നടത്തി അതിന്റെ പ്രവർത്തനം തടസ്സപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. കരാറുകാരോട് 'നിങ്ങൾ പണി ചെയ്താലും ബിൽ വാങ്ങാൻ കഴിയില്ല, വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ ബിൽ വാങ്ങാൻ സാധിക്കില്ല' എന്നൊക്കെപ്പറഞ്ഞ് പണി തടസ്സപ്പെടുത്താനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ കനാലിന്റെ പ്രവർത്തനത്തിന് ഇപ്പോൾ കോരയാർ പുഴവരെയാണ് പണി ചെയ്യാൻ നടപടി സ്വീകരിച്ചിരിക്കുന്നത്. എന്നാൽ അവിടെനിന്ന് വേലന്താവളം വരെ നീട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇപ്പോഴും ലോറിയിൽ കുടിവെള്ളം കൊടുത്തുകൊണ്ടിരിക്കുന്ന വേലന്താവളം വരെ നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം. അതിനാവശ്യമായ സ്ഥലം സൗജന്യമായി നൽകുന്നതിന് ജനങ്ങൾ തയ്യാറാണെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളത്. ഈ പ്രദേശത്തെ ജനങ്ങളുടെ പ്രിയങ്കരനായ നേതാവ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ വർക്കിനാവശ്യമായ ഫണ്ട് അടിയന്തിരമായി അനുവദിക്കണമെന്നാണ് എനിക്കാവശ്യപ്പെടാനുള്ള മറ്റൊരു കാര്യം. അന്തർ സംസ്ഥാന നദീജല കരാർ ഉഭയകക്ഷി ചർച്ചയിലൂടെ കേരളത്തിനർഹതപ്പെട്ട, കഴിഞ്ഞ വർഷത്തെ ഒരു ടി.എം.സി. വെള്ളം ഇനിയും കിട്ടാനുണ്ട്. ആ വെള്ളം കിട്ടുന്നതിനാവശ്യമായ നടപടിയുണ്ടാകണം. പറംപിക്കുളം ആളിയാർ കരാറനുസരിച്ച് മെയ് 15-ന് വെള്ളം ലഭിക്കേണ്ടതാണെങ്കിലും ഇന്നുവരെ ഒരു തുള്ളി വെള്ളംപോലും തമിഴ്നാട് ഗവൺമെന്റ് വിട്ടുതരാൻ കൂട്ടാക്കുന്നില്ല. അവരുടെ കയ്യിൽ വെള്ളമില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് പറയുന്നതെങ്കിലും ആളിയാറിനു താഴെ നൂറുകണക്കിന് ഓയിൽ എഞ്ചിൻ വച്ച് തമിഴ്നാട് ഗവൺമെന്റിന്റെ സമ്മതത്തോടുകൂടി കൃഷിയാവശ്യങ്ങൾക്കുവേണ്ടി പംപ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം ഞാൻ കഴിഞ്ഞ ദിവസം സഭയിൽ ഉന്നയിച്ചതാണ്. മൂലത്തറയിൽ മേയ് മാസം 15-ന് വരേണ്ട വെള്ളം ഇതുവരേയും എത്തിയിട്ടില്ല. കർണ്ണാടക ഗവൺമെന്റ് കാവേരി നദിയിലെ വെള്ളം കൊടുക്കുന്നതിലുണ്ടായ പ്രശ്നംപോലെ തമിഴ്നാട് നമ്മളോടും ആ സമീപനം എടുക്കുകയാണ്. വെള്ളം ഇപ്പോൾ നമ്മുടെ കൈയിൽ ഇല്ല, തരാൻ ഒക്കുകയില്ല എന്നൊരു നിലപാടാണ് തമിഴ്നാട് എടുക്കുന്നത്. ചിറ്റൂർ താലൂക്ക് മുഴുവനും അതേപോലെ പാലക്കാട്, കുഴൽമന്ദം, ആലത്തൂർ എന്നീ പ്രദേശങ്ങളിലും കാർഷികാവശ്യത്തിന് വെള്ളം കൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ട് ആ പുഴയിൽ വരുന്ന വെള്ളം തടഞ്ഞുനിർത്തുന്നത് എങ്ങനെയും അവസാനിപ്പിക്കുവാനും മൂലത്തറയിൽ വെള്ളമെത്തിക്കാനുള്ള സംവിധാനവുമുണ്ടാക്കണം.

വാട്ടർ അതോറിറ്റിയെക്കുറിച്ച് പറയുകയാണെങ്കിൽ വടകരപ്പതി എരുത്തംപതി എന്നീ പഞ്ചായത്തുകളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമമുള്ളത്. ഇതെല്ലാം ലോറിയിൽ വെള്ളം കൊടുത്തുകൊണ്ടിരിക്കുന്ന പ്രദേശങ്ങളാണ്. അവിടെ പുഴയിൽ നിന്നും വെള്ളം പംപ് ചെയ്ത് വടകരപ്പതി പഞ്ചായത്തിലെത്തിയെങ്കിലും ഭാഗീകമായിട്ടേ എത്തിയിട്ടുള്ളു. ആ വെള്ളം അവിടെ ഡിസ്ട്രിബ്യൂട്ട് ചെയ്യണമെങ്കിൽ ആവശ്യമായ പൈപ്പ്ലൈൻ വേണം. ആ പൈപ്പ് ലൈൻ അടിയന്തിരമായി ടെണ്ടർ ചെയ്ത് വരൾച്ചയ്ക്കുമുൻപെങ്കിലും ആ പ്രദേശത്തെ ജനങ്ങൾക്ക് വെള്ളം കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ചിറ്റൂർ പുഴയിൽ മഴക്കാലത്ത് ഒഴുകിപ്പോകുന്ന ജലം അറബിക്കടലിലാണ് എത്തുന്നത്. ആ വെള്ളം തടഞ്ഞു നിർത്താൻ, അവിടെ ചെക്ക്ഡാം കെട്ടാൻ വേണ്ടി ഞാൻ എം.എൽ.എ ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപ കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഒരു ചെക്ക്ഡാമിന് 25 ലക്ഷം രൂപ. മൂലത്തറ മുതൽ 18 കിലോമീറ്റർ ദൂരം വരുന്ന മുനിസിപ്പാലിറ്റിയുടെ ശുദ്ധജലവിതരണ പദ്ധതിവരെ പത്ത് തടയണയെങ്കിലും അടിയന്തിരമായി അവിടെ കെട്ടിയാൽ മാത്രമേ 70,000-ത്തോളം ജനങ്ങൾക്ക് വെള്ളം കൊടുക്കാവുന്ന ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളു. കഴിഞ്ഞ 9 ദിവസവും ഈ മുനിസിപ്പാലിറ്റിയിൽ പത്ത്, പന്ത്രണ്ട് ലോറികളിലാണ് ആളുകൾക്ക് വെള്ളമെത്തിക്കാൻ കഴിഞ്ഞിരുന്നത്. എനിക്ക് ഒരു ചെറിയ കാര്യംകൂടി പറയുവാനുള്ളത് പ്ളാച്ചിമടയിലെ കൊക്കക്കോള ഫാക്ടറിയെക്കുറിച്ചാണ്. ഈ സഭയിൽത്തന്നെ പലപ്രാവശ്യവും ചർച്ചയ്ക്കു വന്നതുമാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് പ്ളാച്ചിമടയിൽ കൊക്കക്കോള ഫാക്ടറി കൊണ്ടു വന്നത്. ആ ഫാക്ടറി നിർത്തണമെന്ന് അന്ന് പലയാളുകളും

LIBRARY ARCHIVES Kerala Legislative Assembly

അത് അമേരിക്കൻ കംപനിയാണെന്നുള്ളതുകൊണ്ടാണ്. ഞാൻ അതുകൊണ്ടല്ല പറയുന്നത് ഈ കംപനിയിൽ ആയിരമടി താഴ്ത്തി ആറേഴ് borewells കുഴിച്ച് ആ പ്രദേശത്തെ വെള്ളം മുഴുവൻ ഊറ്റിയെടുക്കുന്നു. ഓരോ ദിവസവും ലക്ഷക്കണക്കിന് ലിറ്റർ വെള്ളംഊറ്റിയെടുത്തുകൊണ്ടിരിക്കുകയാണ്. ആ പ്രദേശത്തെ കൃഷിക്കാരുടെ borewells എല്ലാം വറ്റിവരണ്ടുപോകുകയാണ്. അതുകൊണ്ട് പ്ളാച്ചിമടയിലെ കൊക്കക്കോള കംപനിയിലുള്ള borewells അടിയന്തിരമായി നിർത്തലാക്കണം. അവർക്കാവശ്യമായ ജലം മറ്റുസ്ഥലങ്ങളിൽ നിന്നും കൊണ്ടുവരണം. അങ്ങനെ മറ്റു സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുമ്പോൾ അത് നമ്മുടെ കൃഷിയേയും കുടിവെള്ളത്തേയും ബാധിക്കുമെങ്കിൽ.....

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ബഹുമാനപ്പെട്ട ചിറ്റൂർ എം.എൽ.എ വളരെ വികാരഭരിതനായി അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ കുടിവെള്ളത്തിന്റെ പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിച്ചു. പാലക്കാട് ജില്ലയിലും ഇത്തരത്തിലുള്ള ഒരുപാട് പ്രദേശങ്ങളുണ്ട്. ആ പ്രദേശങ്ങളിലെല്ലാം ധാരാളം ജലസംപത്ത് അറബിക്കടലിലേയ്ക്ക് ഒഴുകിപ്പോകുകയാണ്. അത് ഐഡന്റിഫൈ ചെയ്ത് വ്യാപകമായി ചെക്ക് ഡാമുകളുണ്ടാക്കാൻ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടേയും സഹായം തേടാൻ അങ്ങ് തയ്യാറുണ്ടോ ?

ശ്രീ. കെ. അച്ചുതൻ : സർ, ധനകാര്യ വകുപ്പുമന്ത്രിയുടെ സഹായമുള്ളതുകൊണ്ടാണ് ഇപ്പോൾ കുറെ കാര്യങ്ങളെങ്കിലും നടന്നുവരുന്നത്. അതുപോലെ ജലസേചന വകുപ്പുമന്ത്രി പ്രത്യേകം താല്പര്യമെടുത്തതുകൊണ്ടാണ് ആ പ്രദേശങ്ങളിൽ കുറെയെങ്കിലും കുടിവെള്ളമെത്തിക്കാൻ കഴിയുന്നത്. ഇനിയും തീർച്ചയായിട്ടും ഉണ്ടാകുമെന്നുതന്നെയാണ് എന്റെ പ്രതീക്ഷ. അഞ്ചുകൊല്ലമായി പ്രവർത്തനം നിലച്ച എല്ലാ പദ്ധതികളും ഇപ്പോൾ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത്, പ്രതിപക്ഷ നേതാവ് ഈ സഭയിൽ പലപ്രാവശ്യം പറഞ്ഞിട്ടുള്ള കാര്യമാണ്, ഒരു അമേരിക്കൻ കംപനിയെന്ന നിലയ്ക്കല്ല മറിച്ച് അവിടെയുള്ള ശുദ്ധജലം മുഴുവൻ ഊറ്റിയെടുക്കുന്നുഎന്നുള്ളതുകൊണ്ട് തൊട്ടു കിടക്കുന്ന തമിഴ്നാട്ടിൽ നിന്നോ മറ്റേതെങ്കിലും സ്ഥലത്തുനിന്നോ വെള്ളംകൊണ്ടുവന്ന് കൊക്കക്കോള കംപനി പ്രവർത്തിപ്പിക്കുകയല്ലാതെ ഭൂഗർഭജലം ഊറ്റിയെടുക്കുന്നത് അടിയന്തിരമായി നിർത്തിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളത്. വനം വകുപ്പുമന്ത്രിയെക്കുറിച്ച് സംസാരിച്ചപ്പോൾ വളരെ രസകരമായ കാര്യങ്ങളാണ് ശ്രീ. എം.വി. ജയരാജൻ പറഞ്ഞത്. എനിക്ക് പറയുവാനുള്ളത് വനംവകുപ്പ് മന്ത്രിയെ ഇല്ലായ്മ ചെയ്യാൻ നോക്കിയ ആളുകളാണ് ഇവിടെ പ്രസംഗിക്കുന്നവരൊക്കെ. ഒരു കാര്യം പറയാം നമ്മുടെ വനത്തിനും വനസംപത്തിനും ഒരു പോറൽപോലും ഏൽക്കാതെ അത് സംരക്ഷിച്ചുകൊണ്ടു വരുന്ന വനം വകുപ്പു മന്ത്രിയെക്കുറിച്ച് ഈ രീതിയിലുള്ള വ്യാഖ്യാനങ്ങൾ നടത്തുന്നത് ഒരിക്കലും ഗുണകരമായിരിക്കില്ല എന്നാണ് എനിക്ക് ഈ കാര്യത്തെക്കുറിച്ച് പറയുവാനുള്ളത്. അതോടൊപ്പംതന്നെ വനംവകുപ്പ് ഇപ്പോൾ ചില ഫോറസ്റ്റ് നിയമങ്ങളുടെ പേരിൽ സ്വകാര്യ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് തടസ്സം നിൽക്കുന്നുണ്ട് അത്

LIBRARY ARCHIVES Kerala Legislative Assembly

മാറ്റിക്കൊടുക്കാനുള്ള സംവിധാനമുണ്ടാകണം. ഇവിടെ ഇപ്പോൾ വനനിയമമുണ്ട് അതുകൊണ്ട് സ്വകാര്യ ഭൂമിയിൽ കയറി ഒരു ഓർഡിനൻസിന്റെ പേരിൽ ധാരാളം സർവെ നംപരുകളെല്ലാം ഈ ഓർഡിനൻസിന്റെ പരിധിയിൽ കൊണ്ടുവന്നുകൊണ്ട് ഒരു മരവും മുറിക്കാൻ പാടില്ല എന്നൊരു പ്രശ്നം നിലനിൽക്കുന്നുണ്ട്, അതുകൊണ്ട് അവരുടെ കൈവശമുള്ള ഭൂമിയിലെ മരങ്ങൾ മുറിക്കാനും അതിലുണ്ടാകുന്ന നൂലാമാലകൾ എല്ലാം മാറ്റിക്കൊണ്ട് നിയമത്തിൽ പ്രത്യേകം സംവിധാനമുണ്ടാക്കി പാവപ്പെട്ട ജനങ്ങളെ, ചെറുകിട കൈവശക്കാരെ ബാധിക്കുന്ന ഈ സംപ്രദായം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. 44 നദികളും ഒരു വർഷത്തിൽ അഞ്ചാറു മാസം ഒഴിച്ച് ശക്തമായ മഴയുമുള്ള നമ്മുടെ സംസ്ഥാനത്ത് ജലദൗർലഭ്യം വർദ്ധിച്ചുവരികയാണ്. ശുദ്ധജല വിതരണത്തിനും ജലസേചനത്തിനും വിവിധ ഏജൻസികളും കേന്ദ്ര ഗവൺമെന്റും കോടിക്കണക്കിന് രൂപ നമ്മുടെ സംസ്ഥാനത്ത് ചെലവഴിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ 40% ജനങ്ങൾക്കുപോലും ശരിയായ വിധത്തിൽ കുടിവെള്ളം എത്തിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. 10 വർഷങ്ങൾക്കുമുമ്പ് കേരള വാട്ടർ അതോറിറ്റി ഐഡന്റിഫൈ ചെയ്ത് 236 പദ്ധതികൾ പൂർത്തിയാക്കാൻവേണ്ടി ഏറ്റെടുക്കുകയും ആ പദ്ധതികളുടെ പ്രവർത്തനങ്ങളെല്ലാംതന്നെ ഏതെങ്കിലും വഴിയിൽ ഉപേക്ഷിച്ചിരിക്കുന്ന വിധത്തിലോ അതല്ലെങ്കിൽ പൂർത്തിയാകാത്ത വിധത്തിലോ ഇരിക്കുകയുമാണ്. കൊച്ചിയെ സംബന്ധിച്ചിടത്തോളം കുടിവെള്ള പ്രശ്നം വളരെ രൂക്ഷമാണ്. കഴിഞ്ഞ രണ്ട് ആഴ്ചകളിലായി നമ്മുടെ ടി.വി. ചാനലുകളിലെല്ലാം കാണുന്ന പ്രധാന വാർത്ത കൊച്ചിയിലെ രൂക്ഷമായ കുടിവെള്ള പ്രശ്നമാണ്. പശ്ചിമ കൊച്ചിയിൽ കുടിവെള്ളം ഒരു അപൂർവ്വ വസ്തുവായി മാറിയിരിക്കുന്നു. അവിടത്തെ പ്രശ്നം കൈകാര്യം ചെയ്യാൻ ഗവൺമെന്റ് കാര്യമായ താല്പര്യം കാണിക്കണം. കഴിഞ്ഞ അഞ്ചു വർഷങ്ങൾകൊണ്ട് പശ്ചിമ കൊച്ചിയിൽ പ്രത്യേകിച്ച് മട്ടാഞ്ചേരിയിൽ ടൈഫോയിഡ് വർദ്ധിച്ചുവരികയാണ്. അതിന്റെ പ്രധാന കാരണം ശുദ്ധജല ക്ഷാമവും കുടിവെള്ളത്തിലുള്ള മാലിന്യവുമാണ്. അത് ഒഴിവാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. അത് ഒഴിവാക്കണമെങ്കിൽ പശ്ചിമ കൊച്ചിയെ സംബന്ധിച്ചിടത്തോളം കൊച്ചിയുടെ പ്രതീക്ഷയായ ഡി.എഫ്.ഐ.ഡി.യുടെ ശുദ്ധജല പദ്ധതി നടപ്പിലാക്കിക്കിട്ടണം. 1998-ൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി ആരംഭിച്ച, കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആ പദ്ധതി ഒച്ചിന്റെ വേഗതയിലാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിർദ്ദിഷ്ട സമയത്ത് പണി പൂർത്തിയാക്കാതെ ആ പദ്ധതി നിന്നുപോകുമെന്നുള്ള ഘട്ടമുണ്ടായി. 17 കോടി രൂപയാണ് അടങ്കൽ തുക. അതുകൊണ്ട് പണി തീരാതെ നീണ്ടുപോയ അവസരത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഡി.എഫ്.ഐ.ഡി. പദ്ധതി ഇടയ്ക്കുവച്ച്

LIBRARY ARCHIVES Kerala Legislative Assembly

നിർത്തിപ്പോകുമെന്നുള്ള ഘട്ടത്തിൽ, ബഹുമാന്യനായ മുഖ്യമന്ത്രി 2001 ആഗസ്റ്റിൽ ഗോശ്രീ പദ്ധതിയുടെ ഉത്ഘാടനത്തിന് വന്ന അവസരത്തിൽ പൊതുപ്രവർത്തകരും എം.എൽഎ.മാരും കൂട്ടായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഏറ്റെടുക്കാനും 32 കോടി രൂപ അടങ്കൽ തുകയിൽ 17 കോടി രൂപ കഴിച്ച് 15 കോടി രൂപ കൂടി നൽകാമെന്ന് വാഗ്ദാനം ചെയ്യുകയും മന്ത്രിസഭ തീരുമാനമെടുക്കുകയും ചെയ്തു. തീരുമാനമെടുത്തുവെങ്കിലും ആ പദ്ധതി കാര്യമായിട്ട് മുന്നോട്ടുപോയിട്ടില്ല. ഡി.എഫ്.ഐ.ഡി. പദ്ധതിയുടെ കാലാവധി 2003 മാർച്ച് 31-ന് അവസാനിച്ചുവെങ്കിലും കാലാവധി ഇനിയൊരിക്കലും നീട്ടിത്തരുകയില്ലായെന്നുള്ള നിബന്ധനയോടുകൂടി ഒരു വർഷംകൂടി നീട്ടിത്തന്നിരിക്കുകയാണ്. 2004 മാർച്ച് 31-നുമുമ്പ് പദ്ധതി അവസാനിച്ചിട്ടില്ലെങ്കിൽ ഈ പദ്ധതി നഷ്ടപ്പെടും. വളരെ പെട്ടെന്ന് പൂർത്തിയാക്കേണ്ട ഒന്നുരണ്ടു ജോലികളെ സംബന്ധിച്ച് ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. വളരെ പെട്ടെന്നു തീർക്കേണ്ട ഒരു പദ്ധതിയാണ് മട്ടാഞ്ചേരിയിലെ മോഡി പാർക്കിനു സമീപമുള്ള ഓവർഹെഡ് ടാങ്ക്. അതിന്റെ കരാർ വിളിക്കാൻ തുടങ്ങിയിട്ട് കാലം കുറെയായി. പല കരാറുകളും നടന്നുകഴിഞ്ഞു. കരാറുകൾ വരികയും പോകുകയും ചെയ്തു എന്നുള്ളതല്ലാതെ വർക്ക് അവാർഡ് ചെയ്യുന്ന വിധത്തിൽ കാര്യങ്ങൾ എത്തിയിട്ടില്ല. അതുപോലെ മറ്റൊരു പ്രധാന പദ്ധതിയുടെ ഭാഗമാണ് ആലുവ വാട്ടർ വർക്സിലെ ഇലക്ട്രിക്കൽ ഡിവിഷൻ. ആ ഡിവിഷന്റെ പണി സാധാരണഗതിയിൽ ഗവൺമെന്റ് സ്ഥാപനമായ ടെൽക്കിനെ ഏല്പിക്കണമെന്ന് നമ്മളെല്ലാപേരും നിർദ്ദേശിക്കുകയും ആ നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കുകയും ചെയ്തിരുന്നതാണ്. അരുവിക്കരയിൽ ഇങ്ങനെ ഒരു സംഭവം ഉണ്ടായപ്പോൾ 8-9 കോടി രൂപയുടെ ഒരു വർക്ക് ടെൽക്കിനെ ഏല്പിച്ചിരുന്നു. അതേസമയം ഡി.എഫ്.ഐ.ഡി.യുടെ കാര്യത്തിൽ വേറൊരു നയമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ടെൽക്കിനെ ഏല്പിച്ച് ആ പണി പൂർത്തിയാക്കി കൃത്യ സമയത്തുതന്നെ കമ്മീഷൻ ചെയ്യാൻ ഗവൺമെന്റ് എന്തുകൊണ്ട് തയ്യാറാകുന്നില്ലായെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അതുപോലെതന്നെ ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഔദാര്യത്തിലാണ് ഡി.എഫ്.ഐ.ഡി. പദ്ധതി കൊച്ചിയിൽ വന്നത്. കൊച്ചി ചേരി പ്രദേശത്തെ, തോടിന്റെ വക്കിൽ, ഇടവഴിയിൽ ജീവിക്കുന്ന പാവപ്പെട്ട ജനങ്ങൾക്ക് ഇറ്റുവെള്ളം കൊടുക്കാനുള്ള പദ്ധതിയുമായി ബ്രിട്ടീഷ് ഏജൻസി മുന്നോട്ടുവന്ന സാഹചര്യത്തിൽ ഈ പദ്ധതി കെടുകാര്യസ്ഥതമൂലം, അല്ലെങ്കിൽ ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ താല്പര്യമില്ലായ്മമൂലം നഷ്ടപ്പെടരുത്. ഒരിക്കൽ ബ്രിട്ടീഷ് രാജ്ഞിതന്നെ മട്ടാഞ്ചേരിയിൽ വന്നിരുന്നു. ഇത് നഷ്ടപ്പെട്ടാൽ കുടിവെള്ളത്തിനുവേണ്ടി ദാഹിക്കുന്ന കൊച്ചിയിലെ ലക്ഷക്കണക്കിന് ജനങ്ങൾ പൊറുക്കുകയില്ല. കഴിഞ്ഞ ബഡ്ജറ്റിൽ ഓൺ ഗോയിംഗ് വർക്സ് എന്ന നിലയിൽ അതിന് പ്രൊവിഷൻ നൽകേണ്ടതായിരുന്നു. ഞാൻ ധനകാര്യവകുപ്പിൽ അന്വേഷിച്ചപ്പോൾ സെക്രട്ടറി പറഞ്ഞത് ബന്ധപ്പെട്ട വകുപ്പ് ഇത് ആവശ്യപ്പെട്ടില്ലായെന്നാണ്. അതുകൊണ്ടുതന്നെ ഇതിന്റെ തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് ഇതിലുള്ള നിഷ്ക്രിയത്വം,

LIBRARY ARCHIVES Kerala Legislative Assembly

താല്പര്യമില്ലായ്മ എത്രത്തോളമാണെന്ന് അറിയാവുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി വളരെ മിടുക്കനാണ്. അദ്ദേഹം കാര്യങ്ങൾ വളരെ ആത്മാർത്ഥതാപൂർവം കൈകാര്യം ചെയ്യുന്നുണ്ട്. അദ്ദേഹം എത്ര മിടുക്കനായാലും, ആത്മാർത്ഥത കാണിച്ചാലും ഉദ്യോഗസ്ഥൻമാരുടെ വീഴ്ചയും നിഷ്ക്രിയത്വവും അവസാനിപ്പിക്കണം. ജീവൻമരണ പ്രശ്നങ്ങളിൽ, ജീവൽഗന്ധിയായ പ്രശ്നങ്ങളിൽ അല്പമെങ്കിലും താല്പര്യം കാണിക്കാൻ ഉദ്യോഗസ്ഥൻമാർ തയ്യാറാകണം. അതല്ലെങ്കിൽ ഇതുപോലെ പദ്ധതികൾ ഇടയ്ക്കുവച്ച് നിർത്തേണ്ടതായും അവസാനിപ്പിക്കേണ്ടതായുമുള്ള സ്ഥിതി ഉണ്ടാകും. യുദ്ധകാലാടിസ്ഥാനത്തിൽ ഡി.എഫ്.ഐ.ഡി.യുടെ പദ്ധതി നടപ്പിലാക്കാനുള്ള ഏർപ്പാടുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. മോഡി പാർക്കിനു സമീപമുള്ള ഓവർഹെഡ് ടാങ്ക്, ആലുവ വാട്ടർ വർക്സിലെ ഇലക്ട്രിക്കൽ ഡിവിഷൻ എന്നിവയുടേയും പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ലൂഡി ലൂയീസ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. വികസനം ആഗ്രഹിക്കുന്ന ഒരു ജനതയുടെ ഉത്ഘടമായ ആഗ്രഹത്തിന്റെ പരിണിതഫലമാണ് ഈ സർക്കാർ. ജനഹിതം മാനിച്ച് ജനോപകാരപ്രദമായ ഭരണപരിഷ്കാരങ്ങളുമായി മുന്നോട്ടുപോകുന്ന ഈ സർക്കാരിന്റെ ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ ആത്മാർത്ഥമായി അനുകൂലിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ജലവിതരണരംഗം അമ്പേ പരാജയമായിരുന്നു. ഈ ഭൂലോകത്ത് ജീവിക്കുന്ന സകല ജീവജാലങ്ങളുടേയും അവകാശമാണ് വെള്ളവും വായുവും. അതുകൊണ്ടുതന്നെയാണ് ഇക്കണോമിസ്റ്റ് ആചാര്യനായ ആഡംസ്മിത്ത് വെള്ളത്തെ ഫ്രീ ഗുഡ്സിന്റെ കാറ്റഗറിയിൽ പെടുത്തിയിരിക്കുന്നത്. ശുദ്ധജലം ഉല്പാദിപ്പിക്കാനുള്ള ചെലവ് മാനിച്ചുകൊണ്ട് വെള്ളത്തെ ഇക്കണോമിക് ഗുഡ്സിൽ മാത്രമേ പെടുത്താൻ സാധിക്കുകയുള്ളൂ. വെള്ളം ഇക്കണോമിക് ഗുഡ് ആണെങ്കിൽപോലും സാധാരണ ജനങ്ങൾക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യാനുള്ള ഉത്തരവാദിത്വം ഭരണകർത്താക്കൾക്കുണ്ട്. കഴിഞ്ഞ ഗവൺമെന്റ് ശുദ്ധജലത്തിന്റെ കാര്യത്തിൽ രണ്ടു പ്രാവശ്യം വെള്ളക്കരം ഉയർത്തുകയുണ്ടായി. പ്രതിസന്ധികൾ നിറഞ്ഞ കാലഘട്ടത്തിൽ അധികാരം ഏറ്റെടുത്തിട്ടുപോലും, ശുദ്ധജല വിതരണത്തിന് ചെലവ് വർദ്ധിച്ചിട്ടുപോലും വെള്ളക്കരം കൂട്ടാതെ മുന്നോട്ടുപോകുന്ന ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയെ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കുറെയേറെ ചെറുകിട ജലസേചന പദ്ധതികൾക്ക് രൂപം കൊടുക്കുകയുണ്ടായി, യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഒരു കാരണവും കൂടാതെ ആ പണികൾ

LIBRARY ARCHIVES Kerala Legislative Assembly

നിർത്തിവയ്ക്കുകയായിരുന്നു ചെയ്തത്. ഇതുമൂലം എത്രയോ ജനങ്ങൾക്കാണ് ബുദ്ധിമുട്ട് ഉണ്ടായത്. അഞ്ചു വർഷം മുടങ്ങിക്കിടന്നിരുന്ന ജലസേചന പദ്ധതികളുടെ പണി ഇപ്പോൾ ദ്രുതഗതിയിൽ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ പണി പൂർത്തിയായിക്കഴിയുമ്പോൾ പത്തു ലക്ഷം ആളുകൾക്ക് ഗുണമുണ്ടാകാൻ പോകുകയാണ്. 6,70,000 പേർക്ക് പ്രയോജനം കിട്ടുന്ന തരത്തിലുള്ള 81 കുടിവെള്ള വിതരണ പദ്ധതികൾ പൂർത്തിയാക്കി വരികയാണ്. അതുപോലെ തന്നെ 224 ശുദ്ധജല വിതരണ പദ്ധതികളുമായി സർക്കാർ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. അതിൽ 15 എണ്ണം പൂർത്തീകരിച്ചു കഴിഞ്ഞു. ഈ സർക്കാർ ആരംഭം കുറിച്ച മഴവെള്ളം - കുടിവെള്ളം പദ്ധതി, സ്വജലധാര പദ്ധതി വർഷജലവിതരണ പദ്ധതി ഇതൊക്കെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുടെ തൊപ്പിയിലെ പൊൻതൂവലുകളാണ്. പ്രൊട്ടക്ഷൻ വാട്ടർ സപ്ലൈ സ്കീമിന്റെ കീഴിൽ വരുന്ന മുഴുവൻ ആളുകൾക്കും ജലവിതരണം നടത്താൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. പല സ്ഥലങ്ങളിലും പൈപ്പ് തുറന്നാൽ വെള്ളം കിട്ടാത്ത സ്ഥിതി വിശേഷം ഉണ്ട്. പൈപ്പിൽ നിന്ന് കാറ്റ് ആണ് വരുന്നത്. ആ കാറ്റിന്റെ ശക്തികൊണ്ട് മീറ്റർ പ്രവർത്തിക്കുന്നു എന്ന് വ്യാപകമായ പരാതി പല സ്ഥലങ്ങളിലും ഉണ്ട്. ഉപയോഗിക്കാത്ത വെള്ളത്തിന് ചാർജ് കൊടുക്കുന്ന ആ സ്ഥിതിവിശേഷത്തിന് മാറ്റം വരണം. അതുപോലെ വാട്ടർ അതോറിറ്റിക്ക് കോടികൾ കുടിശ്ശികയായി കിടക്കുന്നു എന്നുള്ളതാണ് പരാതി. അതാതു മാസത്തെ ബിൽ കൊടുത്തു കഴിഞ്ഞാൽ ഈ പ്രശ്നം ഉണ്ടാവുകയില്ല. രണ്ടും മൂന്നും വർഷം കഴിയുമ്പോൾ അയ്യായിരത്തിന്റേയും പതിനായിരത്തിന്റേയും ബിൽ കൊടുത്തു കഴിഞ്ഞാൽ സാധാരണക്കാർ ഇത് എങ്ങനെ അടയ്ക്കും? അതുകൊണ്ട് സമയാസമയങ്ങളിൽ വാട്ടർ ബിൽ കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. നമ്മുടെ സംസ്ഥാനത്ത് കുടിവെള്ളക്ഷാമം ഉണ്ട്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നഗരമായ കൊച്ചിയിലെ കാര്യം ശ്രീ. ഇബ്രാഹിം കുഞ്ഞ് ഇവിടെ സൂചിപ്പിച്ചു. ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതും കൊച്ചിയിലാണ്. കൊച്ചിയിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാൻ ബഹുമാനപ്പെട്ട ശ്രീ. എ.കെ. ആന്റണി തുടക്കം കുറിച്ച ഹഡ്കോ പദ്ധതി എത്രയും പെട്ടെന്ന് തീർപ്പാക്കണം. അതുപോലെ 30 വർഷം പഴക്കമുള്ള വാട്ടർ പൈപ്പുകളാണ് ഇന്ന് കൊച്ചിയിൽ ഉള്ളത്. തുരുമ്പിച്ച ആ വാട്ടർ പൈപ്പുകൾ നന്നാക്കാത്തതു കാരണം പലപ്പോഴും പൈപ്പുകൾ പൊട്ടുന്നു. അതുപോലെ തന്നെ മാലിന്യങ്ങൾ കലർന്ന വെള്ളം ലഭിക്കുന്നതും കൊച്ചിയുടെ തീരാശാപമായി മാറിയിരിക്കുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അങ്ങ് ഇവിടെ കൊച്ചിയിലെ ശുദ്ധജലക്ഷാമത്തെപ്പറ്റി പറഞ്ഞു. അവിടെ ജലമില്ല. അങ്ങ് ഹഡ്കോ പദ്ധതിയെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റ് ഒന്നും ചെയ്യാത്തതുമൂലം ആ പദ്ധതി ഇപ്പോൾ തകരാറിലായിരിക്കുന്നു എന്ന് മാത്രമല്ല, 54 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയ്ക്ക് ആരംഭിച്ച പദ്ധതി ഇപ്പോൾ 154 കോടി രൂപ മുടക്കേണ്ട സ്ഥിതി വിശേഷത്തിൽ എത്തി എന്ന് അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. ലൂഡി ലൂയിസ് : സർ, ശരിയാണ്. അതാണ് അതിന്റെ സത്യം. ആ തടസ്സം നീക്കിക്കൊണ്ട് ഇപ്പോൾ ഈ ഗവൺമെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അവിടത്തെ പൊട്ടിക്കിടക്കുന്ന പൈപ്പുകൾ നന്നാക്കണം. മാലിന്യങ്ങൾ കലർന്ന വെള്ളമാണ് അവിടെ നിന്നും വരുന്നത്. പൈപ്പിൽനിന്നും പലപ്പോഴും നൂൽ പുഴുക്കൾ പോലും വരുന്ന സാഹചര്യം അവിടെ നിലവിലുണ്ട്. അതുപോലെ തന്നെ കൊച്ചി ഏരിയയോട് അടുത്തു കിടക്കുന്ന ദ്വീപ് സമൂഹങ്ങൾ കടമക്കുടി, മൂലംപള്ളി, ഞാറയ്ക്കൽ, മുളവുകാട് തുടങ്ങിയ ദ്വീപ് സമൂഹങ്ങളിൽ വെള്ളമില്ല. പാവപ്പെട്ട സാധാരണക്കാരായ ആംഗ്ലോ ഇൻഡ്യൻ സമുദായത്തിൽപ്പെട്ട ആളുകളാണ് അവിടെ താമസിക്കുന്നത്. പാതിരാ നേരങ്ങളിൽ ഒഴിഞ്ഞ കുടവുമായി പൈപ്പിൻ ചുവട്ടിൽ സഹോദരിമാർ കാത്തിരിക്കുന്ന കാഴ്ച ഖേദകരമാണ്. അതിന് ഒരു പരിഹാരം ഉണ്ടാക്കണം. അത് മാത്രമല്ല, അവിടത്തെ ചെറുപ്പക്കാർക്ക് ഇപ്പോൾ കല്യാണം കഴിക്കാൻ പോലും പറ്റാത്ത സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. വെള്ളമില്ലാത്ത നാട്ടിലേക്ക് പെൺകുട്ടികളെ കെട്ടിച്ചയയ്ക്കാൻ മാതാപിതാക്കൾ തയ്യാറാകുന്നില്ല. കെട്ടിവന്ന പെൺകുട്ടികൾക്ക് ഈ ദുരിതത്തിൽ നിന്നും എങ്ങനെയെങ്കിലും രക്ഷപ്പെട്ടാൽ മതി എന്ന ചിന്താഗതി വന്നിരിക്കുകയാണ്. അത് വലിയ ഒരു സാമൂഹ്യ പ്രശ്നമായി മാറാൻ പോവുകയാണ്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഈ പ്രദേശങ്ങളിൽ വെള്ളം എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. നമ്മുടെ നാട് ഭൂഗർഭജലത്തിന്റേയും മഴവെള്ളത്തിന്റേയും സങ്കേതമാണ്. മഴവെള്ളത്തിന്റെ ദേശീയ ആവറേജ് 1190 മി.മി. ആണ്. നമ്മുടെ നാട്ടിൽ മഴവെള്ളത്തിന്റെ ആവറേജ് 3,000 മി.മീ ആണ്. അത് ശരിയായ രീതിയിൽ ഉപയുക്തമാക്കണം. ഈ വെള്ളം ടാപ്പ് ചെയ്യണം. പഞ്ചാബിൽ എവിടെ ചെന്നാലും ധാരാളം കുഴൽ കിണറുകൾ കാണാം. ഇതിനുവേണ്ടി ഒരു ട്യൂബ് വെൽ കോർപ്പറേഷൻ തന്നെ ഉണ്ട്. ഈ രീതിയിൽ നമ്മളും ഇവിടെ ഉപയോഗപ്പെടുത്തണം. ശുദ്ധജല ദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ഇതുപോലെയുള്ള ട്യൂബ് വെൽ ഉണ്ടാക്കിക്കൊണ്ട് ശുദ്ധജലം എല്ലായിടത്തും എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അതുപോലെ നമ്മുടെ പദ്ധതികൾ സമയാസമയങ്ങളിൽ പൂർത്തീകരിക്കണം. തുടങ്ങിവയ്ക്കുന്ന പദ്ധതികൾ ജലവൈദ്യുതി പദ്ധതിയായാലും ശുദ്ധജല പദ്ധതിയായാലും സമയത്ത് തീർക്കാത്തതുകൊണ്ട് എസ്റ്റിമേറ്റ് ഇടുന്നതിന്റെ ഇരട്ടി തുക ചെലവാകുന്നു. അതിന് ഒരു മാറ്റം വരണം. അതുപോലെ തന്നെ തമിഴ്നാടുമായുള്ള ജല കരാറുകൾ. തമിഴ്നാട് നമ്മളെ വഞ്ചിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ ജലം ആരുമറിയാതെ ചോർത്തിക്കൊണ്ടിരിക്കുന്നു. അച്ചൻകോവിൽ ആറിൽ നിന്നും പമ്പയാറിൽ നിന്നും ജലം തമിഴ്നാട് ചോർത്തിക്കൊണ്ടിരിക്കുകയാണ്. നമുക്ക് കരാർ പ്രകാരം കിട്ടേണ്ട ജലം തരാനുള്ള സംവിധാനം ഉണ്ടാക്കണം. ബഹുമാനപ്പെട്ട മന്ത്രി പ്രഗൽഭനാണ്. അദ്ദേഹത്തിനു മാത്രമേ അത്

LIBRARY ARCHIVES Kerala Legislative Assembly

ശരിയാക്കിയെടുക്കാൻ പറ്റുകയുള്ളൂ എന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. ടി. യു. രാധാകൃഷ്ണൻ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിൻതുണയ്ക്കുന്നു. ഏതൊരു വകുപ്പ് ഭരിക്കുമ്പോഴും ആ വകുപ്പിനെ ജനോപകാരപ്രദമായ രീതിയിൽ പ്രാവർത്തികമാക്കുന്ന കാര്യത്തിൽ എന്നും തന്റേതായിട്ടുള്ള ശൈലി സ്വീകരിച്ചിട്ടുള്ള കേരളത്തിലെ ജലവിഭവ വകുപ്പിന്റ ചുമതല വഹിക്കുന്ന ശ്രീ. ടി. എം. ജേക്കബ് ഈ നിയമസഭയുടെ മുൻപാകെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. 1995 മുതൽ അധികാര വികേന്ദ്രീകരണ പദ്ധതിയുടെ ഭാഗമായി അതിനുശേഷം അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി തകർത്തു തരിപ്പണമാക്കിയ കേരളത്തിലെ ജല വിഭവ വകുപ്പിനേയും വാട്ടർ അതോറിറ്റിയേയും പുനർ ജീവിപ്പിച്ച് കേരളത്തിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് അദ്ദേഹം മുന്നോട്ട് പോവുകയാണ്. അധികാരത്തിൽ വന്ന് കഴിഞ്ഞ രണ്ടു വർഷക്കാലത്തിനിടയിൽ 6,70,000 പേർക്ക് പ്രയോജനം നൽകുന്ന 81 കുടിവെള്ള പദ്ധതികളാണ് പൂർത്തീകരിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി 1515 ജലവിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്നിരുന്ന 306 പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു. വർഷ, ജലവാഹിനി, ജലനിധി തുടങ്ങിയ പദ്ധതികൾ. 45 ലക്ഷം പേർക്ക് പ്രയോജനപ്പെടുന്ന 1800 കോടി രൂപയുടെ ജപ്പാൻ കുടിവെള്ള പദ്ധതി പുനരുദ്ധരിക്കാനുള്ള ശ്രമത്തിലാണ് ഈ സർക്കാർ ഇപ്പോൾ. അത് ഞാൻ പറയുമ്പോൾ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് ഇടതുപക്ഷ പ്രസ്ഥാനത്തിലെ രണ്ട് പ്രമുഖ നേതാക്കൻമാരുടെ മക്കൾക്ക് കമ്മീഷൻ ഇനത്തിൽ കിട്ടേണ്ട സംഖ്യയെക്കുറിച്ചുള്ള തർക്കംമൂലം അന്ന് ഉപേക്ഷിക്കപ്പെടേണ്ടി വന്ന പദ്ധതി വളരെ ഗൗരവപൂർവ്വം ഏറ്റെടുത്ത് ഇപ്പോൾ ജനങ്ങൾക്കുവേണ്ടി പ്രാവർത്തികമാക്കാൻ തയ്യാറാകുന്ന അവസരത്തിൽ അതിനെ നിയമക്കുരുക്കിനുള്ളിൽപ്പെടുത്തി ഇല്ലാതാക്കാൻ ശ്രമിക്കുന്നു.

ശ്രീ. എ. സുജനപാൽ : ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഇടതുപക്ഷ മുന്നണിക്ക് ബന്ധമുണ്ടെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ ഇക്കഴിഞ്ഞ കുറേ ദിവസങ്ങളിൽ വന്നിട്ടുള്ള വാർത്തകളിൽ ജനകീയാസൂത്രണ പദ്ധതിയിൽ സി.ഐ.എ യുടെ കയ്യ് ഉണ്ടായിരുന്നുവെന്നും ഈ നിയമസഭയിലെ ഒരു അംഗത്തിന് അതിന്റെ ഏജൻസി പണി എടുക്കേണ്ടി വന്നു എന്നുള്ളതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതിനെക്കുറിച്ച് എന്താണ് പ്രതീക്ഷിക്കുന്നത് ?

ശ്രീ. ടി. യു. രാധാകൃഷ്ണൻ : കേരളത്തിൽ തൊഴിലാളി വർഗ്ഗത്തിന്റെ പാർട്ടി എന്ന് അവകാശപ്പെടുന്ന പാർട്ടി, കേരളത്തിലെ സാമ്പത്തിക രംഗത്തേയും ജനജീവിതത്തേയും തകർക്കാൻവേണ്ടി ആസൂത്രണം ചെയ്തത്

LIBRARY ARCHIVES Kerala Legislative Assembly

ആരാണെന്ന ഈ കണ്ടെത്തലുകൾക്ക് മാർക്സിസ്റ്റു പാർട്ടി കേരളത്തിൽ ഉത്തരം പറയേണ്ട ഒരു കാലഘട്ടത്തിലേയ്ക്ക് വീഴുകയാണ്. മാത്രമല്ല, ഇപ്പോൾ ഡച്ച് ഗവൺമെന്റിന്റെ സഹായത്തോടുകൂടി കേരളത്തിൽ നടപ്പാക്കാൻ പോകുന്ന 100 കോടി രൂപയുടെ ഒരു പദ്ധതിയുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ച പദ്ധതി അതാണോ എന്ന് എനിക്കറിയില്ല. ഡച്ച് ഗവൺമെന്റ് കേരളത്തിൽ നേരിട്ട് നടപ്പാക്കാൻ പോകുന്ന ആ പദ്ധതിയും കേരളത്തിലെ ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കാനോ അതോ മറ്റ് ഏതെങ്കിലും ജലം എത്തിക്കാനോ എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഉണ്ടാകണം. അതിനും ആരെങ്കിലും കമ്മീഷൻ പറ്റിയിട്ടുണ്ടോ എന്ന് ഗൗരവമായി പരിശോധിക്കണം. കേരളത്തിലെ ജനങ്ങൾ വളരെ അഹങ്കാരികളാണെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, 44 നദികളും അതുപോലെ തിരുവാതിരയും ഞാറ്റുവേലയും കർക്കിടകവുമൊക്കെ ആയിട്ട് ഒരുപാട് ജീവിച്ചവരാണ് നമ്മൾ. കേരളത്തിലെ ജലം ഒരുപാട് ദുരുപയോഗം ചെയ്തു. കുടിവെള്ളം പണം കൊടുത്ത് വാങ്ങുക എന്ന് പറഞ്ഞാൽ മലയാളികൾക്ക് സഹിക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ ഇന്ന് ആ മലയാളികൾക്ക് കുപ്പിയിൽ നിറച്ച ശുദ്ധജലം പണം കൊടുത്തു വാങ്ങുന്ന ഒരു അവസ്ഥ ഉണ്ടായിരിക്കുന്നു. കേരളത്തിലെ പട്ടണങ്ങളിലെ 75 ശതമാനം ജനങ്ങൾക്കും ശുദ്ധജലം എത്തിച്ചു എന്നാണ് ജല അതോറിറ്റിയുടെ കണക്ക് ; ഗ്രാമീണ ജനതയ്ക്ക് 35 ശതമാനവും. പക്ഷെ നമ്മുടെ ജലത്തിന്റെ ദുർവിനിയോഗംമൂലം കേരളത്തിനുണ്ടാകുന്ന നഷ്ടം നികത്തുന്നതിനുവേണ്ടിയുള്ള ഒരു പരിശ്രമവും കേരളത്തിൽ ജല അതോറിറ്റിക്ക് കൃത്യമായി ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടായിരിക്കുന്നു. അത് നമ്മൾ ശ്രദ്ധിക്കണം. പെയ്തുപോകുന്ന ജലം മുഴുവൻ ഭൂഗർഭ ജലമായി ശേഖരിക്കാനുള്ള ഒരു ഡിസ്ചാർജ്ജിംഗ് സംവിധാനത്തെക്കുറിച്ച് ജല അതോറിറ്റി ഇതുവരെയും ഗൗരവമായി ആലോചിച്ചിട്ടില്ല എന്നുള്ളത് വളരെ പ്രയാസകരമായ വസ്തുതയാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് നമ്മൾ ഉണ്ടാക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കപ്പെടാത്തതുമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടവും അതുപോലെ ജനങ്ങൾക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടും ഒഴിവാക്കിക്കൊണ്ട് സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കാനുള്ള ക്രമീകരണം ജല അതോറിറ്റി സ്വീകരിച്ചാൽ കേരളത്തിലെ ജലസമ്പത്തിനെ പൂർണ്ണമായി സംരക്ഷിക്കാൻ കഴിയുന്ന ഒരവസ്ഥ കേരളത്തിൽ ഉണ്ടാകും. കേരളം കുടിവെള്ളത്തിന്റെ പ്രശ്നത്തിൽ കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ അന്യസംസ്ഥാനങ്ങളിൽ തെരുവുയുദ്ധങ്ങൾവരെ നടക്കുന്ന ഒരു കാലഘട്ടത്തിലേക്ക് നീങ്ങുമ്പോൾ കേരളത്തിൽ അതുണ്ടാകാതിരിക്കാൻ വേണ്ടി ശ്രമിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും കടമയാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ 1984-ൽ ആരംഭിച്ച ഒരു സമഗ്ര കുടിവെള്ള പദ്ധതിയുണ്ട്, പക്ഷെ ഇന്ന് നാല് ദിവസവും അഞ്ച് ദിവസവും കഴിഞ്ഞിട്ടുമാത്രമാണ് ജനങ്ങൾക്ക് വെള്ളം കിട്ടുന്നത്. ഒന്നിടവിട്ട

11 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ദിവസങ്ങളിൽ മാത്രം വെള്ളം കൊടുക്കുന്നു എന്ന് അതോറിറ്റി പറയുന്നുണ്ടെങ്കിൽ പോലും നാലും അഞ്ചും ദിവസങ്ങൾ കഴിഞ്ഞതിനു ശേഷം മാത്രമാണ് ജനങ്ങൾക്ക് വെള്ളം കിട്ടുന്നത്. മാള ചാലക്കുടി പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ഒരു നിയോജകമണ്ഡലമാണെങ്കിലും വെള്ളാംകല്ലൂർ, പുത്തൻചിറ, പൊയ്ക തുടങ്ങിയ പഞ്ചായത്തുകൾക്ക് കുടിവെള്ളം പൂർണ്ണതോതിൽ എത്തിക്കാൻ കഴിയുന്നില്ല. അതിനുവേണ്ടി ഒരു പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട് എന്നാണ് എന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നത്. പക്ഷെ അത് സമയബന്ധിതമായി പൂർത്തീകരിക്കുന്ന കാര്യത്തിൽ ഈ വകുപ്പ് എടുക്കുന്ന ക്രീയാത്മകമായ പ്രവർത്തനമാണ് ജനങ്ങൾ നമ്മളിൽ ഏൽപ്പിച്ച ഉത്തരവാദിത്തം വിജയകരമായി പൂർത്തീകരിച്ചു എന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ നമുക്ക് കഴിയുന്നത്. അത്തരം കാര്യങ്ങളിൽ ജലവിഭവ വകുപ്പ് പ്രത്യേകമായി ശ്രദ്ധിക്കാൻ ശ്രമിക്കണം. ഇപ്പോൾ വെള്ളം വിതരണത്തിൽ 30 ശതമാനം വെള്ളത്തിന്റെ ചോർച്ച അനുഭവപ്പെടുന്നു എന്നാണ് കണക്ക്. അത് 10 ശതമാനമായി കുറയ്ക്കാനുള്ള സാങ്കേതികമായ നടപടിക്രമങ്ങൾ വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ കാർഷിക മേഖലയെ സമ്പന്നമാക്കാൻ ഇൻഡ്യാ രാജ്യത്തുതന്നെ ഏതാണ്ട് ഒരുപാട് ജലവൈദ്യുത പദ്ധതികളും 3600 അണക്കെട്ടുകളുമുണ്ട്. അതിനുവേണ്ടി 6,000 കോടി ഉറുപ്പിക ഇതുവരെയും ഇൻഡ്യാ രാജ്യത്ത് ചെലവഴിച്ചു എന്നാണ് കണക്ക്. പക്ഷെ ഇത്രയേറെ അണക്കെട്ടുകൾ ഇൻഡ്യാ രാജ്യത്തും, കേരളത്തിലും ഉണ്ടായിട്ടും കേരളത്തിലെ ജലവിതരണം ചെറുകിട ജലസേചന പദ്ധതിയും, വൻകിട ജലസേചന പദ്ധതിയും ഇന്ന് ക്രീയാത്മകമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. പൂർത്തീകരിക്കാതെ ഇന്ന് സ്വപ്നമായികിടക്കുന്ന കല്ലട ജലസേചന പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് ഈ നാടിന്റെ ഒരു ശാപമായി മാറിയിരിക്കുന്നു. എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഇടമലയാർ പദ്ധതി എന്നുപറയുന്ന ഒരു പദ്ധതി കുറേ നാളുകളായി സർക്കാരിന്റെ പരിഗണനയിൽ ഇരിക്കുന്ന ഒരു കാര്യമാണ്. അത് പൂർത്തീകരിക്കാൻ ഈ ബഡ്ജറ്റിലും ആവശ്യമായ തുക നീക്കിവച്ചിട്ടില്ല എന്നത് സങ്കടകരമായ ഒരു കാര്യമാണ്. ചാലക്കുടി പദ്ധതിയിൽ നിന്നാണ് മാള നിയോജകമണ്ഡലം ഉൾപ്പെടെയുള്ള നിയോജകമണ്ഡലത്തിലേക്ക് വേനൽക്കാലത്ത് കൃഷിക്ക് വെള്ളം എത്തിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ കിലോമീറ്ററുകളോളം നല്ല കനാലുകൾ തീർത്ത് കിടപ്പുണ്ട്. പക്ഷെ ആ കനാലിൽ ജനങ്ങൾ വേഴാമ്പലിനെപ്പോലെ കാത്തിരിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഞാൻ അഡ്വൈസറി കമ്മിറ്റി കൂടുമ്പോൾ പറയാറുണ്ട്, ഒരു ദിവസമെങ്കിലും എന്റെ നിയോജകമണ്ഡലത്തിലേക്ക് വെള്ളം എത്തിക്കണമെന്ന്. അത് പരിഹരിക്കപ്പെടണമെങ്കിൽ ഇടമലയാർ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കണം. അതിന് പണം കണ്ടെത്തിയാൽ മാത്രമേ കഴിയൂ എന്ന്. ഞാൻ പ്രത്യേകം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. അതുപോലെ ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly

ജലസേചന പദ്ധതികൾ ഒരുപ്പൂ കൃഷിയുണ്ടായിരുന്ന കേരളത്തിൽ ഇരുപ്പൂ കൃഷിയിറക്കാനും, മൂന്ന്പ്പൂ കൃഷിയിറക്കാനും ഏറ്റവും അനുയോജ്യമായ പദ്ധതികളായിരുന്നു കേരളത്തിലെ ജലസേചന പദ്ധതികൾ. കേരളത്തിലെ 44 നദികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഉണ്ടാക്കിയ ഈ ജലസേചന പദ്ധതികൾ മുഴുവൻ ഇന്ന് തകരാറിലായി. കാരണം ജനകീയാസൂത്രണ പദ്ധതി തുടങ്ങി, ആ രംഗത്ത് പ്ലാനിംഗ് ബോർഡ് പണം നീക്കിവയ്ക്കാൻ തയ്യാറാകാത്ത അവസ്ഥ ഉണ്ടാകുകയും, ഡിപ്പാർട്ടുമെന്റിന് നിലവിലുള്ള പദ്ധതികൾ മെയിന്റെയിൻ ചെയ്യുന്നതിനുവേണ്ടി പണം കൊടുക്കാതിരിക്കുകയും ചെയ്യുന്ന ഒരവസ്ഥ കേരളത്തിൽ കുറേ നാളുകളായി തുടരുന്നു. അതിന് മാറ്റം വരുത്തണം. പ്ലാനിംഗ് ബോർഡ് ഒരു ഉദാരമായ സമീപനം കേരളത്തിലെ ചെറുകിട ജലസേചന പദ്ധതികളോട് കാണിച്ചേ മതിയാകൂ. എന്റെ നിയോജകമണ്ഡലത്തിൽ അഷ്ടമിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ, പുത്തൻചിറ ലിഫ്റ്റ്. ഇറിഗേഷൻ, കൊണ്ടോഴിഞ്ഞാൽ കോട്ടമുറി ലിഫ്റ്റ് ഇറിഗേഷൻ, വഞ്ചിപുരത്താൽ ലിഫ്റ്റ് ഇറിഗേഷൻ, മംഗലംകുളം ഭൂപത്തി ലിഫ്റ്റ് ഇറിഗേഷൻ ഇതൊക്കെ 1994-ൽ പണി ആരംഭിച്ചതാണ്. ഭാഗീകമായി പണി പൂർത്തീകരിച്ചു. ചിലയിടത്ത് മോട്ടോർഷെഡ് പണിതു, ചിലയിടത്ത് പൈപ്പ് ഇട്ടു, ചിലയിടത്ത് മോട്ടോർ വച്ചു. പക്ഷെ പമ്പിംഗ് നടത്താൻ കഴിഞ്ഞിട്ടില്ല. ലക്ഷക്കണക്കിന് രൂപ ; ഖജനാവിലെ പണം, ഇതുപോലെ ചെലവഴിച്ചിട്ടും ജനങ്ങൾക്ക് ഉപകാരം കിട്ടാത്തവിധം ഈ പദ്ധതികൾ മുടങ്ങിക്കിടക്കുന്നത് പുനർനിർമ്മിച്ച് പൂർത്തീകരിക്കേണ്ടതാണ്. അതിന് പ്ലാനിംഗ് ബോർഡ് പണം കൊടുക്കുന്നില്ല. പ്ലാനിംഗ് ബോർഡ് അതിന് ഉദാരമായ സമീപനം സ്വീകരിക്കാതിരുന്നാൽ നിലവിൽ നമ്മുടെ സമ്പത്ത് ഉപയോഗിച്ച് നിർമ്മിച്ച ഇത്രയും അസ്സറ്റുകൾ തകർന്നുപോകുന്ന ഒരവസ്ഥ കേരളത്തിൽ ഉണ്ടാകും. അതുപോലെ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെറുകിട ജലസേചന പദ്ധതികളുടെ ഒരു മോട്ടോറിന്റെ കാലാവധി, ഉണ്ടാക്കിയ കമ്പനികൾ പറയുന്നത് 15 വർഷമാണ്. പക്ഷെ നമ്മുടെ ചെറുകിട ജലസേചന പദ്ധതികളിൽ പ്രവർത്തിക്കുന്ന പല മോട്ടോറുകളും 35-ഉം, 40-ഉം വർഷം കഴിഞ്ഞതാണ്. അവയൊന്ന് മാറ്റി സ്ഥാപിച്ച് ആ മോട്ടോറുകൾ പ്രവർത്തനസജ്ജമാക്കാൻ ഒരു വർഷം മെയിന്റനൻസിനുവേണ്ടി ചെലവഴിക്കുന്ന പണം എത്രയാണെന്ന് അറിയാമോ, അത് മാറ്റിവയ്ക്കാനും, അതിനുവേണ്ടി പണം കണ്ടെത്താനും നബാർഡ് തുടങ്ങിയ ഏജൻസികളുടെ സഹായം കണ്ടെത്തി ക്രമീകരിക്കാനും കഴിഞ്ഞില്ല എങ്കിൽ നമ്മുടെ സമ്പത്തുകൊണ്ട് നമ്മൾ ഉണ്ടാക്കിയ ഇറിഗേഷൻ അസറ്റു മുഴുവൻ തകർന്നുപോകുന്ന ഒരവസ്ഥ കേരളത്തിൽ ഉണ്ടാകും. അതിന് വളരെ ശ്രദ്ധാപൂർവ്വമായ നടപടിക്രമങ്ങൾ അങ്ങയുടെ ഭാഗത്തുനിന്നും, ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മേജർ ഇറിഗേഷൻ കേരളത്തിന്റെ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും, കാർഷിക മേഖലയെ സമ്പന്നമാക്കുന്നതിനും വേണ്ടി ഉണ്ടാക്കിയതാണ്. പക്ഷെ കല്ലടയെ പോലുള്ള പദ്ധതികൾ ഇനിയും നീണ്ടു നീണ്ടു പോകുന്നതുമൂലം കേരളം അനുഭവിക്കേണ്ടി വന്ന ദുരന്തത്തിൽ നിന്നും കേരളത്തെ രക്ഷിക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ക്രിയാത്മകമായി പ്രവർത്തിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നറിയുന്നതിൽ സന്തോഷമുണ്ട്. പക്ഷെ അതിന് കുറച്ചുകൂടി കാലോചിതമായ ഇടപെടൽ എല്ലാ ഏജൻസികളുടെയും, ധനകാര്യ വകുപ്പിന്റെ ഉൾപ്പെടെയുള്ള ഭാഗത്തുനിന്ന് ഉണ്ടായി എങ്കിൽ മാത്രമേ കാര്യക്ഷമമായി അത് പൂർത്തീകരിക്കാൻ കഴിയൂ എന്നാണ് എന്റെ കണക്കുകൂട്ടൽ. അതിനുവേണ്ടിയുള്ള പ്രവർത്തനം ഉണ്ടാകണം. പരിസ്ഥിതി ഇന്ന് വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. 33 നഗരങ്ങളിൽ മലിനീകരണത്തെക്കുറിച്ച് ഒരു പഠനം നടത്തിയപ്പോൾ നമ്മുടെ നാട് വളരെ രൂക്ഷമായ പരിസ്ഥിതി മലിനീകരണത്തിന് അപകടകരമാംവിധംവളർന്നു കൊണ്ടിരിക്കുന്ന ഒരവസ്ഥയാണ്. ഡൽഹിയിൽ അന്തരീക്ഷ പൊടിയുടെ അളവിനെക്കുറിച്ച് ഒരു പഠന റിപ്പോർട്ട് വന്നിരിക്കുന്നു, വാർഷിക അളവ് 340 മെട്രോഗ്രാം ആണെന്നാണ്. 1999-ൽ ഒരുദിവസം ഇത് 1055 മെട്രോ ഗ്രാം വരെ വളർന്നു. കൊച്ചി, ലക്നൗ, ചണ്ഡിഗർ, പാറ്റ്ന, ഉദയ്പൂർ, ബോംബെ എല്ലാ നഗരങ്ങളും ഈ പൊടിയുടെ കാര്യത്തിൽ നമുക്ക് ഊഹിക്കാൻ കഴിയാത്തവിധം വളർന്നു കൊണ്ടിരിക്കുന്നു എന്നുള്ളത് വസ്തുതയാണ്. ഈ മേഖലയിലേക്ക് നമ്മൾ വളരെ ശ്രദ്ധചെലുത്തേണ്ടതാണ്. കേരളത്തിൽ ശുദ്ധവായുവിന്റെ ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുന്നു എന്ന വസ്തുത നമ്മൾ മനസ്സിലാക്കണം. ശുദ്ധവായു ശ്വസിക്കുന്നതിനുവേണ്ടി പാർലറുകൾ ആരംഭിക്കുന്ന ഒരവസ്ഥ കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് പരിസര മലിനീകരണത്തിനെ വളരെ ശ്രദ്ധാപൂർവ്വം വീക്ഷിക്കാനുള്ള നടപടികൾ നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടായേ മതിയാകൂ. ഫാക്ടറികളിൽ നിന്നുയരുന്ന പുകപടലങ്ങളും, അത് മുനിസിപ്പാലിറ്റിയിൽ നിന്നായാലും, പഞ്ചായത്തിൽ നിന്നായാലും പുറത്തേക്ക് വിടുന്ന മാലിന്യങ്ങളൊക്കെ നമ്മുടെ നാടിന്റെ പരിസ്ഥിതിയെ വളരെ മോശമാക്കുന്ന ഒരവസ്ഥ ഉണ്ടാക്കുന്നു. ആധുനികമായ അച്ചടക്കവും സംശുദ്ധമായ ബ്യൂറോക്രസിയും ഇതിനെ നിയന്ത്രിക്കുന്നതിന് ആവശ്യമാണ്. പക്ഷെ നമ്മുടെ പ്രതീക്ഷകൾ ഈ രണ്ടിടത്തും എത്തുന്നില്ല. 1981-ലെ കേന്ദ്ര മലിനീകരണ വായു നിയന്ത്രണ നിയമം രണ്ടു ദശകങ്ങൾ കഴിഞ്ഞിട്ടും കൃത്യമായി നടപ്പിലാക്കുന്ന കാര്യത്തിൽ നമ്മുടെ ബ്യൂറോക്രസിയും നമ്മളും ഗവൺമെന്റും പരാജയപ്പെട്ടിരിക്കുന്നു എന്ന വസ്തുത മനസ്സിലാക്കുംപോഴാണ് ഇതിന്റെ ആവശ്യകത നമുക്ക് ബോദ്ധ്യപ്പെടുന്നത്. കേരളത്തിൽ ഈ മലിനീകരണം പോലും കച്ചവടമാക്കുന്ന ഒരു അവസ്ഥ ഉണ്ടായിരിക്കുകയാണ്. കാരണം ഇതുകൊണ്ട് പുതിയ വ്യവസായങ്ങൾ .വളരുന്നു. മലിനീകരണത്തിന്റെ പേരിൽ ഇന്ന് കുടിവെള്ളം കുപ്പിയിലാക്കി വിൽക്കുന്ന ഒരു വലിയ വ്യവസായം കേരളത്തിൽ വളരാൻ സാധിച്ചിട്ടുണ്ട്. ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും കാരണങ്ങൾ ചൂണ്ടിക്കാണിക്കാമെങ്കിലും ഈ മലിനീകരണം അതിന് വഴി തുറന്നിരിക്കുന്നു. ഇന്ന് കേരളത്തിൽ കോരിച്ചൊരിയുന്ന മഴയത്ത് ഈ സഭ നടക്കേണ്ടതായിരുന്നു. പക്ഷെ കാലവർഷംപോലും നമ്മെ ചതിക്കുന്ന ഒരവസ്ഥ കേരളത്തിൽ ഉണ്ടായിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു പഴയ കഥ ഓർമ്മപ്പെടുത്തിക്കൊണ്ട് നിർത്തുന്നു. നിബാണ്ഡക രാജാവ് അദ്ദേഹത്തിന്റെ അംഗരാജ്യത്ത് മഴ പെയ്യാതിരുന്നപ്പോൾ പണ്ടു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തതുപോലെ എന്തെങ്കിലും കർമ്മം ഇവിടെ ചെയ്യേണ്ടിവരുമോ എന്ന് ഞാൻ ശങ്കിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ളീസ്, പ്ളീസ്,

ശ്രീ. ടി. യു രാധാകൃഷ്ണൻ : സർ, അദ്ദേഹത്തിന്റെ നാട്ടിൽ മഴ ചെയ്യിക്കാൻ വേണ്ടി അദ്ദേഹം ഋഷ്യശൃംഗൻ എന്നുപറയുന്ന മുനി കുമാരനെ കാട്ടിൽ നിന്ന് തേടിക്കൊണ്ടുവന്ന് യാഗം നടത്തി മഴ പെയ്യിപ്പിച്ചതുപോലെ ബഹുമാന്യനായ വകുപ്പുമന്ത്രിയും ഏതെങ്കിലും ഒരു യാഗം നടത്തിയെങ്കിലും കേരളത്തിൽ മഴ പെയ്യിപ്പിച്ച് കേരളത്തെ രക്ഷിക്കാനുള്ള യജ്ഞം ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ജോസഫ്. എം. പുതുശ്ശേരി : സർ ഞാൻ ഈ ധനാഭ്യർഥനകളെ പിൻതാങ്ങുന്നു. രണ്ടുവർഷക്കാലത്തെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനം ശുദ്ധജല വിതരണ പദ്ധതികളുടെ നടത്തിപ്പിലും ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് പുതിയ നടപടികൾ സ്വീകരിക്കുന്നതിലുമൊക്കെ വളരെയേറെ അഭിമാനകരമായിട്ട് മുന്നോട്ടുപോയി എന്നുള്ളത് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എട്ടു ലക്ഷത്തി എഴുപതിനായിരം പേർക്ക് കൂടി ഈ രണ്ടു വർഷത്തിനുള്ളിൽ പുതിയതായി പൈപ്പ് ലൈനിൽക്കൂടി വെള്ളം എത്തിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. ചെറുതും വലുതുമായ 27 കുടിവെള്ള പദ്ധതികൾ ഈ രണ്ടു വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞു. ശുദ്ധജലവിതരണം നഗരമേഖലയിൽ 77 ശതമാനമായിരുന്നത് 79 ശതമാനമായും ഗ്രാമീണ മേഖലയിൽ 55 ശതമാനമായിരുന്നത് 59 ശതമാനമായും ഉയർത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. നിരവധി വർഷങ്ങളായി പല കാരണങ്ങൾ കൊണ്ട്, ഭാവനാപൂർണമായ നടപടികളുടെ അഭാവംകൊണ്ട്, മുടങ്ങിക്കിടന്ന എല്ലാ ശുദ്ധജലവിതരണ പദ്ധതികളും ഈ രണ്ടു വർഷത്തിനുള്ളിൽ അതിനിടയാക്കിയ കുരുക്കുകളൊക്കെ അഴിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് പൂർത്തീകരിക്കാൻ കഴിഞ്ഞു, ഇത്തരം നിരവധി നടപടികൾ നടത്താൻ ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബിന് കഴിഞ്ഞു എന്നുള്ളത് അഭിമാനത്തോടുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കുടിവെള്ളത്തിന് ചാർജ് വർദ്ധിപ്പിക്കുന്നു എന്നുള്ള വാർത്തകൾ പല അവസരത്തിൽ വരികയുണ്ടായി. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തിന് ചാർജ് വർദ്ധനവ് അനിവാര്യമായിരുന്നിട്ടുകൂടി ജനങ്ങളുടെ പ്രയാസം മനസ്സിലാക്കിക്കൊണ്ട് ജനങ്ങളോടു പ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റ് എന്ന നിലയിൽ ആ വർദ്ധനവ് ഒഴിവാക്കിക്കൊണ്ട് മുന്നോട്ടുപോകാനുള്ള നടപടികൾ സ്വീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.. ഒട്ടേറെ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിഞ്ഞു. കേരളത്തിലെ എല്ലാ ജനങ്ങൾക്കും പൈപ്പിലൂടെ ശുദ്ധജലമെത്തിക്കുകയെന്നുള്ളതാണ് ലക്ഷ്യമെന്നു പ്രഖ്യാപിച്ചുകൊണ്ട് അതനുസരിച്ചുള്ള നടപടികളുമായിട്ട് ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വർഷ, ജലവാഹിനി തുടങ്ങിയ പുതിയ പദ്ധതികൾ ഈ രംഗത്ത് നടപ്പിലാക്കിക്കൊണ്ട് ശുദ്ധജലവിതരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് നടപടികൾ സ്വീകരിക്കാൻ ബഹുമാന്യനായ മന്ത്രിക്ക് കഴിഞ്ഞു. പരിണിതപ്രജ്ഞനായ, പ്രായോഗിക പരിജ്ഞാനമുള്ള ബഹുമാന്യനായ മന്ത്രി അദ്ദേഹത്തിന്റെ പ്രവർത്തനശൈലി ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ വരുത്തി മുന്നോട്ടുപോകുന്ന ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇവിടെ ഏത് പദ്ധതികളെ സംബന്ധിച്ചും നമുക്ക് അറിയാം. പദ്ധതികൾ മുടങ്ങിക്കിടക്കുന്നത് നമ്മുടെ നാട്ടിലെ സ്ഥിരം ദുരേ്യാഗമാണ്. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായി മന്ത്രി ചെയർമാൻ ആയി ഒരു കർമ സമിതി രൂപീകരിച്ചുകൊണ്ട് പദ്ധതികൾ പൂർത്തീകരിക്കാൻ ബഹുമാനപ്പട്ട ജലസേചന വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. ജലസേചനപദ്ധതികളുടെ കാര്യത്തിൽ സമയബന്ധിതമായി പൂർത്തീകരിച്ച് കമ്മിഷൻ ചെയ്യാനുള്ള .....

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ബഹുമാനപ്പെട്ട പുതുശ്ശേരി അങ്ങ് കേരളാ കോൺഗ്രസ് മന്ത്രിമാരുടെ ധനാഭ്യർത്ഥനകൾ മാത്രം ഇത്ര ശക്തമായി പിൻതാങ്ങുന്നതായി കാണുന്നു, മറ്റ് മന്ത്രിമാരുടെ കാര്യത്തിൽ അങ്ങ് ഇത്രയും ശക്തമാകുന്നില്ല കാരണമെന്താണ് ?

ശ്രീ. ജോസഫ്. എം. പുതുശ്ശേരി : സർ, കേരളാ കോൺഗ്രസ് മന്ത്രിമാരുടെയെന്നല്ല ; ഐക്യ ജനാധിപത്യ മുന്നണിയുടെ ഭാഗമെന്നുള്ളതാണ്, മാത്രമല്ല പ്രായോഗിക രംഗത്ത് എഫിഷ്യൻസിയോടുകൂടി പ്രവർത്തിക്കുന്ന ആൾക്കാരെ ആ നിലയിൽ കാണാനും സത്യസന്ധമായി വിലയിരുത്താനും കഴിഞ്ഞിട്ടുണ്ട് എന്നതുകൊണ്ടാണ് അങ്ങേയ്ക്ക് അങ്ങനെ ഫീൽ ചെയ്തത് എങ്കിൽ അതാണ് അതിന്റെ കാരണമെന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കണമെന്നുള്ളതിനെ സംബന്ധിച്ചാണ് ഞാൻ സൂചിപ്പിച്ചത്. ജലസേചന പദ്ധതികളെ സംബന്ധിച്ച് നമുക്ക് അറിയാം. ഒട്ടേറെ പദ്ധതികൾ മുടങ്ങിക്കിടക്കുന്നു. എസ്റ്റിമേറ്റ് തുകയേക്കാൾ എത്രയോ ഇരട്ടി ചെലവാക്കിക്കൊണ്ട് പൂർത്തീകരിക്കേണ്ട സ്ഥിതി വരുന്നു. 1961-ൽ ആരംഭിച്ച കല്ലട പദ്ധതി 725 കോടിയിലധികം രൂപ അതിന് വേണ്ടി വിനിയോഗിക്കേണ്ടി വന്നു എന്ന സ്ഥിതിവിശേഷമുൾപ്പെടെയുള്ള കാര്യങ്ങൾ നമുക്ക് അറിയാം. സർ ചിമ്മിനിയാകട്ടെ, കാരാപ്പുഴയാകട്ടെ മൂവാറ്റുപുഴയാകട്ടെ ഇതൊന്നും സമയബന്ധിതമായി പൂർത്തീകരിക്കാൻ നമുക്ക് കഴിയുന്നില്ല. ഇത് പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഞാനൊരു നിർബന്ധ ബുദ്ധിയോടുകൂടി സൂചിപ്പിക്കുകയാണ് ഈ കാര്യത്തിൽ വളരെ മുന്തിയ പരിഗണന നല്കി ഒരു പരിഹാരം കാണാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ഇത് ബന്ധപ്പെട്ട ആളുകൾ കൊള്ളയടിക്കാനുള്ള ഒരു സംവിധാനമായി മുന്നോട്ടുപോകുകയാണ്. ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി, സമയബന്ധിതമായി, ആ തുകയ്ക്ക് അകത്ത്, ആ സമയപരിധിക്കുള്ളിൽ

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തീകരിക്കാതെ പദ്ധതികൾ അനിശ്ചിതമായി നീങ്ങുകയാണ്. സംസ്ഥാന ഖജനാവിന് നിരവധി കോടികളുടെ നഷ്ടമുണ്ടാക്കുന്ന വിധത്തിൽ അത് മുന്നോട്ടുപോകുകയാണ്. അതിന് പരിഹാരമുണ്ടാക്കണം. ഒട്ടേറെ കാര്യങ്ങളിൽ ആധുനിക സംവിധാനം നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയും. അതുകൊണ്ട് നിശ്ചിത സമയപരിധിക്കുള്ളിൽ ഒരു തീയതി നിശ്ചയിച്ച് ആ തീയതിക്കുള്ളിൽ, ആ എസ്റ്റിമേറ്റ് എമൗണ്ടിനുള്ളിൽ നിന്നുകൊണ്ട് ആ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി ഉണ്ടാകണം. ഐക്യകേരള രൂപീകരണത്തിനുശേഷമുള്ള കാലഘട്ടങ്ങളിൽ ഒരു കാലത്തും ഉണ്ടാകാത്ത ഈ കാര്യത്തിൽ അങ്ങയുടെ പ്രത്യേകമായ താൽപ്പര്യം ഉണ്ടാകണം. അങ്ങയുടെ എഫിഷ്യൻസി പ്രകടിപ്പിച്ചുകൊണ്ട് ഈ കാര്യത്തിൽ ഒരു നടപടി ഉണ്ടാകണമെന്നു സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ബഹുമാനപ്പെട്ട പുതുശ്ശേരി ഇവിടെ പറഞ്ഞപ്പോൾ മന്ത്രി ചെയർമാൻ ആയി കർമ്മസമിതി രൂപീകരിച്ച കാര്യം പറയുകയുണ്ടായി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എം.എൽ.എ. മാർ ചെയർമാൻമാരായി ജലധാരാപദ്ധതി നടപ്പിലാക്കി പിന്നീട് വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് അത് ഇല്ലാതാക്കി. എം.എൽ.എ. മാർ ചെയർമാൻമാരായിട്ടുള്ള ആ ജലധാരാ പദ്ധതി വീണ്ടും പുനർജീവിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്.

ശ്രീ. ജോസഫ്. എം. പുതുശ്ശേരി : സർ, നല്ല നിർദ്ദേശമാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിഗണിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഈ ഗവൺമെന്റ് വന്നശേഷം 38 ചെക്ക് ഡാമുകൾക്ക് അനുവാദം നൽകുകയുണ്ടായി. വളരെ ഫലപ്രദമായി നമ്മുടെ പ്രദേശങ്ങളിൽ പ്രവർത്തിക്കാൻ കഴിയുന്ന സംവിധാനമാണ്. നമ്മുടെ കുടിവെള്ള പദ്ധതികളിൽ പലതും പൈപ്പിൽക്കൂടിവെള്ളം ലഭിക്കേണ്ടത് വരൾച്ച കാലത്താണ്. പക്ഷെ വരൾച്ചക്കാലത്ത് കുടിവെള്ളത്തിനുവേണ്ടി നിർമിക്കുന്ന നദികളിലെ കിണറുകൾ വറ്റിപ്പോകുന്നതുമൂലം ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. അതൊക്കെ ലക്ഷ്യമിട്ടുകൊണ്ട് ജലസേചനത്തിനും അതുപോലെ കുടിവെള്ള പദ്ധതികൾക്കും ഉപയോഗപ്പെടത്തക്കവണ്ണം ചെക്ക്ഡാമുകൾ കെട്ടാനും കൂടുതൽ നിർമ്മിക്കാനുമുള്ള ഒരു തീരുമാനമിപ്പോൾ തുടർന്നുവരുന്നത് ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടുപോകാനുള്ള നടപടി ഉണ്ടാകണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. അന്തർ സംസ്ഥാന നദികളെക്കുറിച്ച് നമുക്കറിയാം. ഈയിടെ അഖിലകക്ഷി യോഗം വിളിച്ച് നിയമനിർമ്മാണത്തിനുള്ള തീരുമാനമെടുക്കുകയുണ്ടായി. പമ്പ, അച്ചൻകോവിൽ തുടങ്ങിയ നദികളെ തിരിച്ചുവിട്ടുകൊണ്ട് തമിഴ്നാട് ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ള പദ്ധതി ദ്രുതഗതിയിൽ പോകുന്നു എന്നുള്ള പശ്ചാത്തലത്തിൽ ആണ് യോഗം ചേരാനുള്ള നടപടികൾ ഉണ്ടായത്. ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അക്കാര്യത്തിൽ ഗവൺമെന്റ് നിയമിക്കുന്ന ഉദ്യോഗസ്ഥൻമാർ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യം

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിക്കണം. തമിഴ്നാട് മുഖ്യമന്ത്രിയുടെ പ്രസ്താവന തമിഴ്നാട് നിയമസഭയിൽ വന്നത് പത്രങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട ചില യോഗങ്ങളിൽ കേരളാ ഗവൺമെന്റ് പ്രതിനിധികൾ പങ്കെടുക്കുന്നില്ല എന്ന റിപ്പോർട്ട് വന്നു. ചില യോഗങ്ങളിൽ അദ്ദേഹം ഉരിയാടിയില്ല എന്നുള്ള റിപ്പോർട്ടുകളും വന്നു. ഇതൊക്കെ തമിഴ്നാട് നിയമസഭയിൽ അവരുടെ മന്ത്രി പറഞ്ഞതിനെക്കുറിച്ച് പത്രങ്ങളിൽ റിപ്പോർട്ടുകൾ വന്നതാണ്. ഫലപ്രദമായി ഇക്കാര്യത്തിൽ പ്രവർത്തിക്കാൻ നമുക്ക് കഴിയണം. ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടോയെന്നുള്ളത് പരിശോധിച്ച് അത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാനും ഇവിടെ ശ്രീ. ജയരാജൻ സംസാരിച്ചപ്പോൾ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ സ്കീമിൽ എൻ.ജി.ഒ.മാരെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി റിപ്പോർട്ടിന് ഉത്തരവിട്ടു എന്നാണ് ജയരാജൻ ഇവിടെ ഉന്നയിച്ച ഒരു ആക്ഷേപം, എം.എൽ.എ.യോ അല്ലെങ്കിൽ ബന്ധപ്പെട്ട ആളോ പരാതികൊടുത്താൽ ഏഴ് ദിവസത്തിനകം റിപ്പോർട്ട് തരണമെന്ന് പറയുന്നത് ഭരണത്തിന്റെ കാര്യക്ഷമതയാണ് കാണിക്കുന്നത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒരു കാര്യം കൂടി സൂചിപ്പിക്കാം. എൻ.ജി.ഒ. മാരെക്കുറിച്ച് അദ്ദേഹം ഇവിടെ ആക്ഷേപം ഉന്നയിക്കുന്നു. എൻ.ജി.ഒ.മാരെക്കുറിച്ചുള്ള ചർച്ചയാണ് ഇന്ന് കേരളത്തിൽ ഏറ്റവും സജീവമായിട്ട് നടക്കുന്നത്. ജനകീയാസൂത്രണത്തെ സംബന്ധിച്ച് വിവാദം ഇന്ന് കേരളത്തിൽ കത്തിക്കാളിപ്പടർന്ന് നിൽക്കുകയാണ്. സി.ഐ.എ.യുടെ പണംപറ്റിയെന്ന് ഞങ്ങളല്ല പറഞ്ഞത്, മറ്റ് പദ്ധതികളുമായി ബന്ധപ്പട്ട് മാർക്സിസ്റ്റ് സഹയാത്രികരായ ആളുകൾ ജനകീയാസൂത്രണ പദ്ധതിയുൾപ്പെടെയുള്ള കാര്യങ്ങളിൽ ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. ഇത് നാലാം സമ്മേളനത്തിൽ ഞാൻ ഉന്നയിച്ചതാണ്. അന്ന് ഒരുപക്ഷെ ഗൗരവമായിട്ട് ഈ കാര്യത്തെക്കുറിച്ച് ആരും കണ്ടില്ല. മാർക്സിസ്റ്റുകാർ തന്നെ ഈ കാര്യത്തിൽ ആക്ഷേപം ഉന്നയിച്ചിരിക്കുകയാണ്. 16 കോടി രൂപയാണ് സി.ഡി. എസും, ശാസ്ത്ര സാഹിത്യ പരിഷത്തും ഒക്കെ ഇതിനുവേണ്ടി കൈപ്പറ്റിയത്. ഒരു വാക്കുകൂടി പറയട്ടെ ഇന്ന് പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. കേരളാ റിസർച്ച് പ്രോഗ്രാം ഓൺ ലോക്കൽ ലെവൽ ഡെവലപ്മെന്റ് എന്ന പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തീകരിക്കാൻ പോകുകയാണ്. അതനുസരിച്ച് പദ്ധതി അവലോകനം ചെയ്യാൻ വിദേശ ഗവൺമെന്റ് അടക്കമുള്ള ആളുകളുടെ പ്രതിനിധികൾ പദ്ധതി നിരീക്ഷിക്കാൻ ഒരു സമിതിയെ നിയോഗിച്ചു. ആ സമിതി യോഗം കൂടി, 5 വർഷം കൂടി, രണ്ടായിരത്തിനാല്, ജനുവരി മുതൽ അഞ്ചു വർഷത്തേക്കുകൂടി ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ തീരുമാനിച്ചു എന്ന് ഇന്നത്തെ പത്രത്തിൽ വാർത്ത വരികയുണ്ടായി ഗവൺമെന്റ് ഇതിനെക്കുറിച്ച് അന്വേഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗവൺമെന്റിന്റെ അനുമതിയോടുകൂടിയാണോ ? ഗവൺമെന്റിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നിട്ടുണ്ടോ, എന്തെങ്കിലും ധാരണകൾ ഉണ്ടായിട്ടുണ്ടോ. ഗവൺമെന്റിന്റെ അറിവ് ഇല്ലാതെയാണോ ഈ കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നത് ! ഇവിടെ എൻ.ജി.ഒ. മാരെക്കുറിച്ച് ആക്ഷേപം ഉന്നയിക്കുന്ന ആളുകൾ ഇക്കാര്യത്തിൻ മറുപടി പറയണം. മാർക്സിസ്റ്റ് പാർട്ടിക്ക് ഇതിനെക്കുറിച്ച് മറുപടി പറയാനുള്ള ബാദ്ധ്യതയുണ്ട്. ഉത്തരവാദപ്പെട്ട ആരും ഈ ആക്ഷേപത്തെ സംബന്ധിച്ച് ഗൗരവമായിട്ട് മറുപടി പറഞ്ഞില്ല. ബഹുമാനപ്പെട്ട തോമസ് ഐസക്കിന്റെ മറുപടി കേട്ടു, അതിനപ്പുറത്ത് ഈ കാര്യത്തെപ്പറ്റി ആക്ഷേപമുണ്ടായിരിക്കുന്നു. വിദേശകടം കൈപ്പറ്റിയതിനെക്കുറിച്ച്, ഈ കാര്യത്തെക്കുറിച്ചുള്ള വിശദമായ അന്വേഷണത്തിന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. എം. അഗസ്തി : സർ, ശുദ്ധജലവിതരണം, ശുചീകരണം, ജലസേചനം, വനം, സ്പോർട്സ് എന്നീ വകുപ്പുകൾക്കുവേണ്ടി ബഹുമാനപ്പെട്ട ശ്രീ. ടി. എം. ജേക്കബും ശ്രീ. കെ. സുധാകരനും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നത് വളരെ സന്തോഷത്തോടുകൂടിയാണ്. കാരണം, വളരെ ഊർജ്ജസ്വലരായ, കാര്യക്ഷമത ഉറപ്പുവരുത്തുന്ന 2 മന്ത്രിമാരാണ് ധനാഭ്യർത്ഥനകൾ അവതരിപ്പിക്കുന്നത്. ശ്രീ. ടി.എം. ജേക്കബ് ദീർഘകാലമായി മന്ത്രി എന്ന നിലയിൽ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത് പരിചയസമ്പന്നനായ മന്ത്രിയാണ്. ഏത് വകുപ്പ് കൈകാര്യം ചെയ്താലും ആ വകുപ്പിന് പ്രവർത്തിപരമായ ഊർജ്ജസ്വലത കൈവരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പായാലും. ജലസേചന വകുപ്പായാലും ശുദ്ധജലവിതരണ വകുപ്പായാലും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും പ്രത്യേകമായ താൽപ്പര്യം കാണിച്ചിട്ടുണ്ട്. അതിന്റെ പേരിൽ അദ്ദേഹത്തിന് ചില പരാമർശങ്ങളും വിമർശനങ്ങളും ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട് എന്ന കാര്യം ഞാൻ ഓർക്കുന്നു. ഹയർ സെക്കണ്ടറി നടപ്പിലാക്കിക്കൊണ്ടിരുന്ന കാലത്ത്, ശ്രീ. കരുണാകരന്റെ മന്ത്രിസഭയിൽ അംഗമായിരുന്നതുകൊണ്ട്, പ്രീ-ഡിഗ്രി ബോർഡ് നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ ഫലമായി അദ്ദേഹത്തിന് വളരെയെറെ വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്. അദ്ദേഹം രാഷ്ട്രീയമായി വേട്ടയാടപ്പെട്ടു. എങ്കിലും വളരെ വൈകി യാഥാർത്ഥ്യം നമ്മൾ തിരിച്ചറിഞ്ഞു. വിമർശിച്ചവർ പേരൊന്ന് മാറ്റി എന്നത് യാഥാർത്ഥ്യം തിരിച്ചറിഞ്ഞ സ്ഥിതിയിലാണ്. ജലസേചന വകുപ്പിൽ അദ്ദേഹം ചുതലയേറ്റെടുത്ത ശേഷം നടപ്പിലാക്കിയ പദ്ധതിയുടെ പേരിൽ അദ്ദേഹത്തിന് വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട് എന്ന് ഞാൻ അനുസ്മരിക്കുന്നു. ശ്രീ. അച്ചുതൻ ചൂണ്ടിക്കാണിച്ചതുപോലെ കാരാപ്പുഴ, കുരിയാർകുറ്റി പദ്ധതിയുടെ കാര്യത്തിലാണെങ്കിലും, മറ്റ് പദ്ധതികളുടെ കാര്യത്തിലാണെങ്കിലും എനിക്ക് ഒരു അഭ്യർത്ഥനയുള്ളത് ആര് വിമർശനങ്ങളുണ്ടാക്കിയാലും വിമർശനങ്ങളെ ഭയപ്പെട്ട് പിൻമാറുന്ന സ്വഭാവം അദ്ദേഹത്തിനില്ല എന്നറിഞ്ഞുകൊണ്ട് തന്നെ വിമർശനങ്ങളുടെ പേരിൽ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന പരിപാടികൾ ഉപേക്ഷിക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. കേരളത്തിന്റെ വികസനോന്മുഖമായ ഒരു മുഖം പ്രതിഫലിപ്പിക്കുന്നതിലും, ജനങ്ങൾക്ക് പ്രയോജനകരങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നതിലും അദ്ദേഹത്തിന്റെ വകുപ്പ് കാര്യക്ഷമതയോടെ മുന്നോട്ട്

LIBRARY ARCHIVES Kerala Legislative Assembly

പോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) ആ വകുപ്പിന്റെ ചുമതല ഏറ്റെടുത്തിട്ട് 2 വർഷം മാത്രമേ ആയിട്ടുള്ളൂ. 2 വർഷം ഒരു വകുപ്പിനെ മനസ്സിലാക്കുന്നതിന് മതിയായ സമയമാണെന്ന അഭിപ്രായം എനിക്കില്ല. ഈ 2 വർഷം കൊണ്ടുതന്നെ കേരളത്തിലെ വനം വകുപ്പിന് ദേശീയ വനയവുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെ കേരളത്തിലെ വനം സംരക്ഷിക്കുന്നതിനും, വനസംരക്ഷണം ഉറപ്പുവരുത്തുന്നതിനും കർശനമായ നിലപാട് സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാര്യക്ഷമത അദ്ദേഹം ഉറപ്പുവരുത്തിയിട്ടുണ്ട്. ഈ ഗവൺമെന്റിൽ വനം വകുപ്പിനെ സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്കും ഭരണം വിലയിരുത്തുന്നവർക്കും പരാതികൾക്കിടയുണ്ടെന്ന അഭിപ്രായം എനിക്കില്ല. ഞാൻ ഈ 2 ധനാഭ്യർത്ഥനകളേയും അതുകൊണ്ടാണ് പിന്താങ്ങുന്നത്. 1894-ൽ, ഇന്ത്യാ രാജ്യം സ്വതന്ത്രമാകുന്നതിന് വളരെ മുമ്പുതന്നെ, ദേശീയ വനനയം രൂപീകരിക്കപ്പെട്ട രാജ്യമാണ് ഇന്ത്യ. വളരെ അപൂർവം രാജ്യങ്ങളിൽ മാത്രമേ അങ്ങനെ ഒരു ദേശീയ വനനയം രൂപീകരിക്കപ്പെട്ടിട്ടുള്ളൂ. ആ നയം 1952-ലും, 1988-ലും പുനരാവിഷ്ക്കരിക്കുകയുണ്ടായി. അതിൽ പ്രധാനപ്പെട്ട കാര്യങ്ങളാണ് Protection, Conservation and Development. പ്രൊട്ടക്ഷന്റെ കാര്യത്തിൽ നമുക്ക് ചില പരിമിതികളൊക്കെയുണ്ട്. വനഭൂമിയുടെ അളവ് കുറഞ്ഞു പോയെന്ന പരാതിയുണ്ടെങ്കിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ വനഭൂമിയുടെ അളവ് കുറവല്ല. കുറഞ്ഞത് ന്യായീകരിക്കാൻ വേണ്ടി പറയുകയല്ല. പ്രൊട്ടക്ഷനും. കൺസർവേഷനും വനം സംരക്ഷിക്കുന്ന കാര്യത്തിലും കൂടുതൽ വനം വച്ചുപിടിപ്പിക്കുന്ന കാര്യത്തിലും അതുപോലെ അഫോറസ്റ്റേഷന്റെ കാര്യത്തിലും നമ്മൾ മുന്നോട്ട് പോയിട്ടുണ്ട്. 1980-ൽ കേന്ദ്ര വനസംരക്ഷണ നിയമം വന്നതിനുശേഷം വനനയത്തിൽ ഉണ്ടായിരിക്കുന്ന മാറ്റം, കൂടുതൽ മരങ്ങൾ ഉണ്ടാകുക എന്നത് മാത്രമല്ല മറിച്ച് Maintenance of Ecological Stability. പരിസ്ഥിതിപരമായ ബാലൻസ് കീപ്പ് ചെയ്യുന്നതിന് വന സംരക്ഷണം എന്നുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് കേരള വനംവകുപ്പിന് സാധിച്ചിട്ടുണ്ട് എന്ന കാര്യം ഞാൻ അനുസ്മരിക്കുകയാണ് എന്ന് മാത്രമല്ല, വനം സംരക്ഷിക്കുന്നതിൽനിന്ന് മുമ്പ് ജനങ്ങളെ ആകെ മാറ്റി നിർത്തിയിരുന്ന സമീപനം ആയിരുന്നുവെങ്കിൽ, Massive involvement of people പ്രത്യേകിച്ച് വനത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ അധിവസിക്കുന്ന ആളുകളുടെ സഹകരണം ഉറപ്പുവരുത്തിക്കൊണ്ട് ഒരു Peoples Movement ആക്കി മാറ്റി. മുമ്പൊക്കെ വനപാലകരെന്ന് പറഞ്ഞാൽ ജനങ്ങൾക്ക് ശത്രുക്കൾ. ജനങ്ങളും ഫോറസ്റ്റുദ്യോഗസ്ഥരും പരസ്പരം ഏറ്റുമുട്ടുന്ന സാഹചര്യമായിരുന്നെങ്കിൽ ഇപ്പോൾ വനം സംരക്ഷിക്കുന്നതിൽ ഏർപ്പെടുന്ന ജനങ്ങളും വനംവകുപ്പുദ്യോഗസ്ഥരും സൗഹൃദത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു സാഹചര്യമാണ്. ഇതിന് സമാനമായ ഒരു സാഹചര്യം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ കാണാൻ കഴിയില്ല. ആ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യത്തോടുകൂടിയാണ് വനസംരക്ഷണ സമിതികൾ രൂപീകരിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റ് നിർദ്ദേശം നൽകിയത്. ഇക്കാര്യത്തിൽ കേരള വനംവകുപ്പ് വളരെ ഫലപ്രദമായി മുന്നോട്ട് പോയിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം 40 ശതമാനം വനസമിതികളും രൂപീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ രാജ്യത്ത് ലോകബാങ്കിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന Eco Development Committee-കളുണ്ട്. ഇതിന് ഇന്ത്യയിൽ 7 പ്രോജക്ടുകളാണ് തെരഞ്ഞെടുത്തത്. അതിലൊന്നാണ് എന്റെ നിയോജകമണ്ഡലത്തിൽ പെടുന്ന പെരിയാർ പ്രോജക്ട്. മറ്റൊന്ന് വളരെ പ്രസിദ്ധനായ രാജീവ് ഗാന്ധിയുടെ പരിലാളനം ഏറ്റുവാങ്ങാൻ ഭാഗ്യം ലഭിച്ച ലത്തംഭോർ Echo Development Project-കൾ നടപ്പിലാക്കിയതിൽ ഒന്നാം സ്ഥാനത്താണ് പെരിയാർ പ്രോജക്ട്. പെരിയാർ പ്രോജക്ട് എന്ന നിലയിൽ ഫോറസ്റ്റ് വകുപ്പ് രാജ്യവ്യാപകമായി ഇതിന് പ്രാധാന്യം നൽകുന്ന സാഹചര്യം നിലനിൽക്കുന്നു. ഇക്കാര്യത്തിലൊക്കെ വളരെ കർമ്മബോധത്തോടെ പ്രവർത്തിക്കുന്ന വകുപ്പിനെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. ഇവിടെ ചില പരാമർശങ്ങളൊക്കെ നടത്തി. അതിലെനിക്ക് പരിഭവമില്ല. ശ്രീ. ജയരാജൻ സ്ഥലത്തില്ല. അദ്ദേഹത്തെ പറയാൻ ചുമതലപ്പെടുത്തിയാൽ അദ്ദേഹത്തിന് പറയാതിരിക്കാൻ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ പരാതി, വനസംരക്ഷണത്തിനുവേണ്ടി പരിപാലനത്തിന് വാച്ചർമാരെ വച്ചിട്ടുണ്ട് എന്നാണ്. അദ്ദേഹത്തിന് വനം വകുപ്പിന്റെ പ്രവർത്തനം അറിയില്ല. അവിടെയൊന്നും ഫോറസ്റ്റില്ല; അദ്ദേഹം പറഞ്ഞത് ശരിയാണ്. അവിടെ 3 ശതമാനമാണ് ഫോറസ്റ്റ്. ഇടുക്കിയിലും പത്തനംതിട്ടയിലും 43 ശതമാനമാണ്. അവിടെയൊക്കെ അധികം വാച്ചർമാരുടെ ആവശ്യമില്ല. കാരണം അതൊക്കെ സ്വാഭാവിക വനങ്ങളാണ്. അധികമാർക്കും പ്രവേശിക്കേണ്ട കാര്യമില്ല. മറിച്ച് കണ്ണൂരും കാസർഗോടും വനവൽക്കരണമാണ് നടക്കുന്നത്. വനവൽക്കരണം നടക്കുന്നത് കാട്ടിലല്ല, പുറത്തുള്ള നാട്ടിൻപുറങ്ങളിലും നഗരങ്ങളിലുമാണ്. നട്ടുപിടിപ്പിക്കുന്ന മരങ്ങൾ പിഴുതുകൊണ്ട് പോകാതെ നോക്കുന്നതിന് വാച്ചർമാരെ വയ്ക്കേണ്ടിവരും. അത് സംബന്ധിച്ച് നിങ്ങൾക്ക് ഒരുപാട് ആക്ഷേപങ്ങളുണ്ടാകും. ഇതിന് മുമ്പും വാച്ചർമാരെ വച്ചിട്ടുണ്ടായിരുന്നു. അവരുടെ ജോലി വനവൽക്കരണമായിരുന്നില്ല; മറ്റ് പലതുമായിരുന്നു. അത് എന്താണെന്ന് ഞാൻ പറയുന്നില്ല. അവർ മാറി പുതിയ ആളുകൾ വന്നപ്പോൾ സ്വാഭാവികമായും ബുദ്ധിമുട്ടുണ്ടാകും. ഇനി വനം ഉണ്ടാകും. കണ്ടൽക്കാടുകളുടെ സംരക്ഷണത്തെപ്പറ്റി കമ്മിറ്റി ചർച്ച ചെയ്തപ്പോൾ നിങ്ങൾ പ്രകടിപ്പിച്ച ആത്മവിശ്വാസവും Wild Life Advisory Committee-യുടെ യോഗത്തിന് വന്നപ്പോൾ നിങ്ങളുടെ ആളുകൾ പ്രകടിപ്പിച്ച ആത്മവിശ്വാസവുമൊക്കെ എന്തുകൊണ്ട് നിങ്ങൾക്ക് നഷ്ടമാകുന്നു എന്ന കാര്യം നിങ്ങൾ ആലോചിക്കണം. ശ്രീ. ജയരാജൻ ആലോചിക്കുന്നുണ്ടോ എന്ന് എനിക്ക് അറിയില്ല. പാർട്ടി എന്ന നിലയിൽ ആലോചിക്കണമെന്ന് വിനയപൂർവ്വം ഞാൻ സൂചിപ്പിക്കുകയാണ്. ശ്രീ. ജയരാജൻ അത്രയല്ലേ പറഞ്ഞുള്ളൂ എന്നാണ് എന്റെ സമാധാനം. കഴിഞ്ഞ നിയമസഭയിൽ ശ്രീ. ജയരാജൻ നടത്തിയ പ്രസംഗവും ഇപ്രാവശ്യത്തെ പ്രസംഗവും തമ്മിൽ വളരെ

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യാസമുണ്ട്. ശ്രീ. സുധാകരൻ മന്ത്രി ആയപ്പോൾ നിങ്ങളെന്തിനാണ് വനംവകുപ്പിനെ മുഴുവനും ആക്ഷേപിക്കുന്നത്? ശ്രീ. സുധാകരൻ മന്ത്രിയാകുന്നത് നിങ്ങൾക്ക് സഹിക്കാൻ പറ്റുന്ന കാര്യമല്ലെന്ന് എനിക്കറിയാം. അതിന്റെ പുരാവൃത്തത്തിലേക്കൊന്നും ഞാൻ കടക്കുന്നില്ല. അതെല്ലാപേർക്കും അറിയാമല്ലോ.

ശ്രീ. മത്തായി ചാക്കോ : സർ, വനം വകുപ്പിൽ താത്ക്കാലികമായി വച്ചിട്ടുള്ള ആളുകൾ മുഴുവനും, നടാൽ, മുഴുപ്പിലങ്ങാട്, ഇടക്കാട് ഭാഗങ്ങളിലുള്ള ആളുകളാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. എം. അഗസ്തി : സർ, ഏതായാലും ആ ലിസ്റ്റ് ഞാൻ പരിശോധിച്ചിട്ടില്ല. മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടി പരിശോധിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. നിങ്ങളുടെ പഴയ പാരമ്പര്യം നിങ്ങൾക്കറിയാം. സിഗരറ്റ് പായ്ക്കറ്റിന്റെ പുറത്ത് ആളുകളുടെ പേരെഴുതിവച്ച് നിയമനം നടത്തിയിട്ടുള്ള പാർട്ടിയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. ആ പാരമ്പര്യമാണ് കോൺഗ്രസ് നടപ്പിലാക്കുന്നത് എന്ന് വിശ്വസിക്കുന്നത് ഞങ്ങളുടെ കുറ്റമല്ല. നിങ്ങളുടെ ചിന്താപരമായ പാപ്പരത്തം എന്ന് മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. വനം വകുപ്പിലെ അഴിമതി ആരോപണങ്ങളെപ്പറ്റി പറഞ്ഞു. ഈ സ്വതന്ത്ര കേരളത്തിൽ ഒറ്റ വനം വകുപ്പുമന്ത്രിയെ മാത്രമേ അഴിമതി ആരോപണ കമ്മിഷൻ കുറ്റക്കാരനായി കണ്ടിരുന്നുള്ളൂ. അദ്ദേഹം ഞങ്ങളുടെ പാർട്ടിക്കാരനല്ല എന്ന് നിങ്ങൾ അറിയണം. എന്തുകൊണ്ടാണ് നിങ്ങൾ ചരിത്രം മറന്നു പോകുന്നത് ? ഇടതുപക്ഷ മന്ത്രിസഭയിലെ അംഗം ആയിരുന്നു എന്നാണ് Commission of Enquiries Act അനുസരിച്ച് അന്വേഷണം നടത്തിയ കമ്മിഷൻ കണ്ടെത്തിയത്. അന്ന് ഒരു നടപടിയും സ്വീകരിച്ചില്ല. ഞങ്ങൾ അതിനെപ്പറ്റി പറയുന്നില്ല. പക്ഷേ, അഴിമതി ആരോപണം നടത്തുമ്പോൾ, നിങ്ങളുടെ ചരിത്രവും പാരമ്പര്യവും നിങ്ങൾ അറിഞ്ഞിരിക്കണം എന്ന കാര്യം മാത്രം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് വനംവകുപ്പിനെപ്പറ്റി വിമർശനങ്ങൾ ഉണ്ടാകാം.

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട അംഗം അപ്പുറത്തുള്ളവർ ഉന്നയിച്ച ആരോപണങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയായിരുന്ന സഖാവ് നായനാരുടെ മരുമകൻ കെ.സി. രവീന്ദ്രന് വനസംരക്ഷണ നിയമം ലംഘിച്ചുകൊണ്ട് മണൽ വാരുന്നതിന് അനുമതി കൊടുത്തതിനെക്കുറിച്ച് അങ്ങേക്കറിയാമോ ?

ശ്രീ. ഇ. എം. അഗസ്തി :സർ, കേന്ദ്ര വനസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വനംവകുപ്പിൽ അഴിമതി നടന്നതുസംബന്ധിച്ച് ഈ സഭ ചർച്ച ചെയ്തതാണ്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. എന്റെ സുഹൃത്ത് ബഹുമാനപ്പെട്ട ബാലൻ അവിടെ നിന്ന് പറഞ്ഞു, ഞങ്ങളെല്ലാവരും കൂടി ശ്രീ. സുധാകരനെ നശിപ്പിക്കാൻ ശ്രമിക്കുന്നുവെന്ന്. അത് സഭാരേഖയിൽ വന്നുകാണില്ല. അങ്ങ് പറഞ്ഞത് ഞാൻ ശ്രദ്ധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടാണല്ലോ ഞാൻ പറയുന്നത്. എനിക്കറിയാം ശ്രീ. സുധാകരനും ശ്രീ. ബാലനും തമ്മിൽ വലിയ അടുപ്പമാണെന്ന്. അത് ഈ സഭയിൽ എത്ര മറച്ചുവച്ചാലും നിങ്ങൾ തമ്മിലുള്ള വലിയ അടുപ്പം എനിക്ക് അറിയാവുന്ന കാര്യമാണ്. ബാലൻ പരസ്യമായി പറഞ്ഞതാണ്. എനിക്ക് ആരെയും സാക്ഷ്യപ്പെടുത്തേണ്ട കാര്യമില്ല. അതൊക്കെ നമ്മുടെ സ്വകാര്യതയുള്ള കാര്യങ്ങൾ. അത് പൊതുചർച്ചയിലേയ്ക്ക് കൊണ്ടുപോകേണ്ട കാര്യമില്ലെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഞാൻ ബാലനും കൂടി അറിയാൻ വേണ്ടി ചോദിക്കുന്നു, നിങ്ങൾക്കെന്താണ് സുധാകരനോടുള്ള പരാതി? കേരളത്തിൽ ഇതിനുമുമ്പും വനം കയ്യേറ്റക്കാരെ ആരെയും യഥാസമയം ഇറക്കിവിടാൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെ വനഭൂമിയുടെ അളവ് കുറഞ്ഞുവെന്ന് നമ്മൾ പറയുന്നു. കയ്യേറ്റക്കാർ ഇപ്പോഴും ആ സ്ഥാനത്ത് തന്നെ തുടരുകയാണ്. ഇവിടെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട രാജേന്ദ്രനും ഉൾപ്പെടെ മതികെട്ടാൻ ചോലയിൽ പോയി വനം കയ്യേറ്റമുണ്ടെന്ന് പറഞ്ഞു. ഇപ്പോൾ കയ്യേറിയവർ ആരാണ്? ശക്തരായ കയ്യേറ്റക്കാരെ ഒന്നടങ്കം ഇറക്കിവിട്ട് ആ വനത്തെ സംരക്ഷിച്ച ശ്രീ. സുധാകരനെ നിങ്ങൾ അനുമോദിക്കണ്ടേ? നിങ്ങൾക്കെന്താ സുധാകരനെപ്പറ്റി ഒരു നല്ല വാക്ക് പറയാൻ വിഷമം? നിങ്ങൾക്ക് സുധാകരന്റെ രക്തമാണ് വേണ്ടതെങ്കിൽ അതിന് വേറെ വഴികൾ തേടണം. മറിച്ച് വന സംരക്ഷണത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് വീഴ്ച വരുത്തിയെന്ന് നിങ്ങൾക്ക് പറയാൻ കഴിയില്ല. ശക്തരായ വനം മാഫിയയെ കൂടിയിറക്കി ആ വനം സംരക്ഷിച്ച് മതികെട്ടാൻ ചോല വീണ്ടെടുത്ത് മതികെട്ടാൻ ചോലയെ ദേശിയോദ്യാനമായി മാറ്റാനാവശ്യമായ തീരുമാനം കൈകൊണ്ട ഒരു വകുപ്പിനെപ്പറ്റി നിങ്ങൾക്കെന്ത് പരാതിയുണ്ട്? നിങ്ങൾ അഴിമതി ആരോപണത്തിന്റെ പുകമറയുണ്ടാക്കാൻ ദയവായി ശ്രമിക്കരുതെന്ന് അപേക്ഷിക്കുന്നു. .....(ബഹളം).....

ശ്രീ. രാജേന്ദ്രൻ, എനിക്ക് ഇറിഗേഷൻ വകുപ്പിനെക്കുറിച്ച് കൂടി സംസാരിക്കാനുണ്ട്. ശ്രീ. രാജേന്ദ്രൻ എഴുന്നേറ്റതുകൊണ്ടാണ് ഞാൻ വഴങ്ങുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വനസംരക്ഷണത്തെക്കുറിച്ച് പറയുന്നതു കൊണ്ടാണ് ചോദിക്കുന്നത്. വൈൽഡ് ലൈഫിന്റെ അഡ്വൈസറി കമ്മിറ്റിയുടെ വൈസ് ചെയർമാൻ കൂടിയാണ് അങ്ങ്. അപ്പോൾ ഇക്കാര്യം കൂടുതൽ പരിശോധിക്കുന്നുണ്ടാകും. കാട്ടിലേയ്ക്ക് ധാരാളമായിട്ട് മാഫിയ സംഘക്കാരും കളളൻമാരും കൊളളക്കാരുമൊക്കെ അകത്ത് കയറി നാട്ടിനകത്തുള്ള മൃഗങ്ങളുടെ എണ്ണം പോലും കുറഞ്ഞിരിക്കുകയാണ്. കാടിനകത്ത് രക്ഷയില്ലാതെ. അതിന്റെ കണക്ക് അങ്ങയുടെ കയ്യിലുണ്ടല്ലോ? ഈ സഭയിൽ തന്നെ കണക്ക് വന്നു. അതുകൊണ്ട് കാട് സംരക്ഷിക്കുകയല്ല. അതിനുള്ള മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. അഗസ്തി : സർ, ബഹുമാനപ്പെട്ട രാജേന്ദ്രൻ ഈ ചോദ്യം ഉന്നയിച്ചതിൽ അങ്ങയുടെ സദുദ്ദേശത്തെ ഞാൻ മാനിക്കുകയാണ്. അതുകൊണ്ട് ഞാൻ അങ്ങയോട് വാദപ്രതിവാദത്തിന് തയ്യാറാകുന്നില്ല. കാടിനുള്ളിൽ ആളുകൾ പ്രവേശിക്കാൻ തുടങ്ങിയത് ഈ ഗവൺമെന്റ് വന്നതിനുശേഷം മാത്രമല്ല. മുൻപും അങ്ങനെയുള്ള ആളുകളുണ്ട്. അവർ വനത്തിലേയ്ക്ക് കടക്കുന്നത് നിരുത്സാഹപ്പെടുത്തുകയും അവർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുകയും ഇക്കാര്യത്തിൽ രാഷ്ട്രീയ ഇടപാടുകൾ ഒഴിവാക്കുകയും ചെയ്യുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. ഇക്കാര്യത്തിൽ ഒരു പരാതിയും ബഹുമാനപ്പെട്ട രാജേന്ദ്രനോ പ്രതിപക്ഷത്തുള്ള ആർക്കെങ്കിലുമോ ഉണ്ടാകാനിടയില്ല എന്ന് ഞാൻ കരുതുകയാണ്. ഞാൻ ഇറിഗേഷൻ വകുപ്പിന്റെ കാര്യത്തിലേക്ക് കടന്നുവരികയാണ്. ഇറിഗേഷൻ വകുപ്പിനെ സംബന്ധിച്ച് വളരെ വിശദമായി ചർച്ച ചെയ്യപ്പെടേണ്ട കാര്യമാണ്. എങ്കിലും ഇവിടെ തുടങ്ങിയപ്പോൾ തന്നെ വലിയ പരാതിയുമായിട്ടാണ് തുടങ്ങിയത്. ജപ്പാൻ കുടിവെള്ള പദ്ധതിയെ സംബന്ധിച്ചുള്ള പരാതി. ജപ്പാൻ കുടിവെള്ള പദ്ധതിയെക്കുറിച്ച് ഈ സഭ പ്രത്യേകമായി ചർച്ച ചെയ്യേണ്ടതാണ്. 1997-ൽ ആരംഭിച്ച് 2003-ൽ പൂർത്തീകരിക്കപ്പെടേണ്ട ഒരു പദ്ധതിയാണ്. ഇപ്പോൾ നമ്മൾ നിൽക്കുന്നത് 2003-ലാണ്. ഈ വർഷം പദ്ധതി പൂർത്തീകരിക്കപ്പെടേണ്ടതാണ്. പക്ഷേ പദ്ധതിയുടെ തുടക്കത്തെപ്പറ്റി നമ്മൾ ഇപ്പോഴും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.നമ്മൾ 5 വർഷക്കാലം ചർച്ച ചെയ്തില്ല? 1995-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായ സമയത്താണ് ഈ പദ്ധതിയെ സംബന്ധിച്ച് ഈ സഭ അറിയുന്നത്. ഈ പദ്ധതി ഇപ്പോൾ പൂർത്തീകരിക്കപ്പെടേണ്ട ഒരു പദ്ധതിയാണ്. ജപ്പാൻ കൺസോർഷ്യത്തിൽ നിന്നുള്ള സഹായത്തോടുകൂടി ഇൻഡ്യാ ഗവൺമെന്റ് 10 പദ്ധതികൾക്ക് അനുമതി നൽകി. അതിൽ ഒൻപതും പൂർത്തീകരിച്ചു. കേരളത്തിൽ മാത്രം പദ്ധതി തുടങ്ങിയിട്ടില്ല. ബാക്കി ഒൻപത് സംസ്ഥാനങ്ങളിലെയും പദ്ധതികൾ പൂർത്തീകരിച്ചു. ഇപ്പോഴും നമ്മൾ ചർച്ചയിലും വിവാദങ്ങളിലുമായി നിൽക്കുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. എങ്കിലും ഞാൻ ഒരു കാര്യം സൂചിപ്പിക്കട്ടെ,

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....

ശ്രീ.ഇ.എം.അഗസ്തി : സർ, അങ്ങ് ദയവായി ഇടപെടാതിരിക്കുകയാണെങ്കിൽ ഞാൻ രണ്ട് മിനിറ്റ് കൊണ്ട് അവസാനിപ്പിക്കാം. അങ്ങയുടെ ഇടയ്ക്കിടയ്ക്കുള്ള ഇടപെടൽ എന്റെ സംസാരത്തിന് തടസ്സമുണ്ടാക്കുന്നു. പദ്ധതി നിർവ്വഹണം നിർത്തിവച്ചിരുന്നുവെന്ന കാര്യം ഞാൻ വിനയപൂർവ്വം സൂചിപ്പിക്കുന്നു. 1997-ൽ ആരംഭിച്ചു. 2003-ൽ പൂർത്തിയാക്കേണ്ടതാണ്. ബഹുമാനപ്പെട്ട ടി.എം. ജേക്കബ് ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം അദ്ദേഹം നടത്തിയ ശ്രമപരമായ പ്രവർത്തനങ്ങളെത്തുടർന്ന് പദ്ധതികൾ പുനഃരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചു. അപ്പോഴും ചില പരാതികളും ആക്ഷേപവുമായി രംഗത്ത് വരുന്നത് ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് ഗുണകരമാണോ എന്ന കാര്യം ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നഷ്ടമുണ്ടായി

എന്ന് പറഞ്ഞു. ആ കണക്കുകൾ ഞാൻ നോക്കി. പി.സി.ഐ.യുമായുള്ള കരാറനുസരിച്ച് നമ്മൾ കൊടുക്കേണ്ട തുക നികുതിയും കൺസൾട്ടൻസി ഫീസും ഒഴികെ 122.3 കോടി രൂപയാണ് പക്ഷേ ഇപ്പോൾ ജെ.സി.ബി.യുമായിട്ട് ഉണ്ടാക്കിയ കരാറനുസരിച്ച് 92.75 ശതമാനം മതി. അപ്പോൾ 29.57 കോടി രൂപയുടെ ലാഭമുണ്ട്. പിന്നെ എന്തിനെപ്പറ്റിയാണ് ആക്ഷേപം? ഈ പദ്ധതി നടന്നുപോയേക്കുമോ എന്ന ഭയമാണ് അപ്പുറത്തിരിക്കുന്നവർക്ക് ഉള്ളതെങ്കിൽ നിങ്ങൾ ദയവായി പുനർചിന്തനം നടത്തണം. ഈ പദ്ധതി 5 ജില്ലകൾക്ക് പ്രയോജനപ്പെടുന്നതാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾക്കാണ്. ആ പ്രദേശങ്ങളിൽ ബഹുമാനപ്പെട്ട തോമസ് ഐസക്കിന്റെ നിയോജകമണ്ഡലമുണ്ട്. അതുപോലെതന്നെ കണ്ണൂർ ജില്ലയെ പ്രതിനിധാനം ചെയ്യുന്ന ശ്രീമതി ടീച്ചറിന്റെയും ഗോവിന്ദൻ മാസ്റ്ററുടെയും ടി.കെ. ബാലന്റെയും നിയോജകമണ്ഡലങ്ങളുണ്ട്. അവിടെ ശുദ്ധജല വിതരണ പദ്ധതി വേണ്ടേ? നമുക്ക് വിപ്ലവ പ്രസംഗം മാത്രം മതിയോ? നാട്ടിലെ മനുഷ്യർക്ക് അൽപ്പം ശുദ്ധജലം കൊടുക്കുന്ന കാര്യമാണ്. ഇതിൽ രാഷ്ട്രീയം കൊണ്ടുവരരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിനെ സംബന്ധിച്ച് ഈ നിയമസഭ മുൻപ് ചർച്ച ചെയ്തിട്ടുണ്ട്. ശ്രീ. രാജേന്ദ്രൻ ഓർക്കുന്നുണ്ടാകുമല്ലോ? മുൻപ് നിയമസഭ ചർച്ച ചെയ്ത അവസരത്തിൽ പി.സി.ഐ.യുമായിട്ടുള്ള കരാറിനെ സംബന്ധിച്ചുള്ള സംശയം ഞങ്ങൾ ഈ സഭയിൽ ഉന്നയിച്ചപ്പോൾ അന്നത്തെ ജലസേചന വകുപ്പുമന്ത്രി ശ്രീ. വി.പി. രാമകൃഷ്ണപിള്ള ഈ സഭയിൽ പറഞ്ഞ ഒരു കാര്യം, ബഹുമാനപ്പെട്ട രാജേന്ദ്രൻ ഉൾക്കൊള്ളണം, ശ്രദ്ധിക്കണം. ഞാനത് പറയാം. അന്ന് ഞങ്ങൾ ഇതിനെപ്പറ്റി സംശയം ഉന്നയിച്ചപ്പോൾ ജലസേചനമന്ത്രി ഞങ്ങളോട് പറഞ്ഞ മറുപടി, പാട്ടുകച്ചേരി നടത്താൻ അച്ചാരം വാങ്ങിയാൽ അച്ചാരം തന്നവൻ പറഞ്ഞ പാട്ടും പാടണമെന്നാണ്. എന്നുപറഞ്ഞാൽ ജപ്പാൻ ബാങ്കിന്റെ സഹായം വാങ്ങിച്ചാൽ ജപ്പാൻകാരൻ പറയുന്ന കൺസൽട്ടൻസിയുടെ കീഴിൽ പണി നടത്തണമെന്ന് അദ്ദേഹം ന്യായീകരിച്ചത് അങ്ങ് മറന്നുപോയോ? പാട്ടുകച്ചേരി നടത്താൻ അച്ചാരം വാങ്ങിയാൽ അച്ചാരം തന്നവൻ പറയുന്ന പാട്ടും പാടേണ്ടിവരും എന്ന് ഈ സഭയിൽ പറഞ്ഞവരാണ്. അച്ചാരം വാങ്ങിയവർ ആരാണ് എന്നതിനെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. പക്ഷേ അച്ചാരം വാങ്ങിയവരെ ഞങ്ങൾ മാറ്റി. പുതിയ ആളുകൾ വന്നു. ഞങ്ങളാരും അച്ചാരം വാങ്ങിയിട്ടില്ല. അവർ പറയുന്ന പാട്ടും ഞങ്ങൾ പാടുന്നില്ല. കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്ന പാട്ട് പാടാനാണ് ഞങ്ങൾ നിൽക്കുന്നത്. അതുകൊണ്ട് നിങ്ങൾ പഴയ കാര്യത്തിലേയ്ക്ക് കടക്കുമ്പോൾ ഒന്ന് ആലോചിക്കണമെന്ന് വിനയപൂർവ്വം സൂചിപ്പിക്കട്ടെ.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞങ്ങൾ ആ പദ്ധതിയെ എതിർക്കുകയല്ല. ഞങ്ങൾ (ഇടതുപക്ഷജനാധിപത്യ മുന്നണി), ഏത് ഗവൺമെന്റിന്റെ കാലത്തായാലും, ഇപ്പോഴായാലും 5 ജില്ലകളിൽ കുടിവെള്ളം കൊടുക്കാനുള്ള പദ്ധതി വരുന്നതിനോട് എതിർക്കുന്നില്ല. കൺസൾട്ടൻസി കൊടുത്തതിൽ, കഴിഞ്ഞ നിയമസഭയിൽ (എൽ.ഡി.എഫ്.ന്റെ കാലത്ത്) പറഞ്ഞ കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വിഴുങ്ങികൊണ്ടാണ് പറയുന്നത്. കൺസൽട്ടൻസി എന്നുപറയുന്നത്, വാട്ടർ അതോറിറ്റിയിൽ നിന്ന് റിട്ടയർ ചെയ്തവരും സ്വയം ഒഴിഞ്ഞുപോയവരും ചേർന്ന് ഉണ്ടാക്കിയ ഒരു കമ്പനി എന്നതാണ്. പരിശോധന നടത്തി ഈ കമ്പനി തന്നെ ഇതിന് കൺസൽട്ടൻസി എടുക്കുന്നത് സംബന്ധിച്ചാണ്. അതിന് അഗസ്തി.....(ബഹളം).....

പത്രങ്ങളിൽ കൂടി ആക്ഷേപം വന്നിട്ടുള്ളതാണ്.

മി. ഡെ. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്

ശ്രീ. ഇ. എം. അഗസ്തി : രാജേന്ദ്രന്റെ അറിവ് ശരിയല്ല. എനിക്ക് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ചെയർ സമയം അനുവദിക്കാത്തതുകൊണ്ട് സാധിക്കില്ല.

മി. ഡെ. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....പ്ലീസ്.....

ശ്രീ. ഇ. എം. അഗസ്തി : (.....മൈക്ക് ഓഫ്.....) ആളുകളുടെ കണസൽട്ടൻസിയല്ല എന്ന കാര്യം ഞാൻ അങ്ങയെ.....

മി. ഡെ. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....ഇപ്പോൾ തന്നെ സമയം ഒരുപാടായി.

ശ്രീ. ഇ. എം. അഗസ്തി : കൺക്ലൂഡ് ചെയ്യാൻ ഒരു മിനിറ്റ് തരണം. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. സബ്ജക്റ്റ് കമ്മിറ്റി III-ലെ അംഗങ്ങളാണ് ഞാനും ബഹുമാനപ്പെട്ട രാജേന്ദ്രനും. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയാണ് ചെയർമാൻ.സബ്ജക്റ്റ് കമ്മിറ്റി നൽകിയ ശുപാർശകളുടെ അടിസ്ഥാനത്തിൽ കൂടിയാണ് ധനാഭ്യർത്ഥനകൾ സഭയിൽ വരുന്നതെങ്കിലും ധനകാര്യവകുപ്പിന് വേണ്ടി ഈ സഭയിൽ വിതരണം ചെയ്തിരിക്കുന്ന നോട്ടുകളിൽ,.....

ശ്രീ. എം.വി. ജയരാജൻ കഴിഞ്ഞ പ്രാവശ്യം ക്രമപ്രശ്നമായി ഇത് ഈ സഭയിൽ ഉന്നയിച്ചതാണ്.

മി. ഡെ. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....പ്ലീസ്.....

ശ്രീ. ഇ. എം. അഗസ്തി : ഞാൻ പറയുന്നില്ല. വളരെ പ്രധാനപ്പെട്ട ഒരു നിയമപ്രശ്നം സഭയിൽ ഉന്നയിക്കണമെന്ന് ഞാൻ വിചാരിച്ചതാണ്. അങ്ങ് അനുവദിക്കുന്നില്ലെങ്കിൽ ഞാൻ പറയുന്നില്ല. ഇവിടെ ധനകാര്യ വകുപ്പ് വിതരണം ചെയതിരിക്കുന്ന നോട്ടിൽ വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ് എന്ന പരാമർശനമൊക്കെയുണ്ട്. ഞാൻ ഇവിടെ സബ്ജക്റ്റ് കമ്മിറ്റിയുടെ റിമാർക്സ് എടുത്തുവച്ചിട്ടുണ്ട്. അതിൽ 6, 7, 8, 9, 10, 11, 12, 13 ഖണ്ഡികകൾ അതുസംബന്ധിച്ചാണവിടെ.....

മി. ഡെ. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ് എന്ന് ഒറ്റവാക്കിൽ മറുപടി പറഞ്ഞിരിക്കുകയാണ്. ഇവിടെ വിഭവലഭ്യതയുടെ പ്രശ്നമില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. നബാർഡിന്റെ ഹെഡിൽ വരുന്നതുകൊണ്ട് സാമ്പത്തിക പ്രശ്നമില്ല. സാമ്പത്തിക ലഭ്യത ഉറപ്പ് നൽകാൻ.....

മി. ഡെ. സ്പീക്കർ : മറ്റുള്ളവർക്കൊക്കെ സമയത്തിനകത്ത് നിന്ന് പ്രസംഗിക്കാമെങ്കിൽ ഒരാൾക്ക് മാത്രം ഇത്രയും നീട്ടികൊണ്ടുപോകാൻ പറ്റില്ല. പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ഇ. എം. അഗസ്തി : സാമ്പത്തിക ലഭ്യത.....(മൈക്ക് ഓഫ്.....)

ചില ഹെഡുകൾ ഒഴിവാക്കപ്പെടുകയും അതുപോലെതന്നെ ഇത് വീണ്ടും വിഭവ ലഭ്യതയുടെ.....(മൈക്ക് ഓഫ്).....

ഇത് കൃത്യവിലോപമാണ്. ഏത് ഭാഗത്ത് നിന്നായാലും, ധനകാര്യവകുപ്പിന്റെ ഭാഗത്ത് നിന്നാണോ പ്ലാനിംഗിന്റെ ഭാഗത്ത് നിന്നാണോ എന്ന് പരിശോധിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ജലസേചനത്തിന്റെയും വനത്തിന്റെയും ഈ ധനാഭ്യർത്ഥനകളെ ഞാൻ അഭിമാനത്തോടെ പിന്താങ്ങുകയാണ്. അതിന്റെ കാരണം വളരെ പ്രഗൽഭന്മാരായ രണ്ട് മന്ത്രിമാരാണ് ഈ രണ്ട് വകുപ്പുകളും കൈകാര്യം ചെയ്യുന്നത് എന്നുള്ളതാണ്. വനം വകുപ്പുമന്ത്രി കഴിഞ്ഞ രണ്ട് വർഷം കൊണ്ടും, ജലസേചന വകുപ്പുമന്ത്രി വളരെ വർഷങ്ങൾ കൊണ്ടും പ്രഗൽഭരായ മന്ത്രിമാരാണെന്ന് തെളിയിച്ചിരിക്കുന്ന വ്യക്തികൾ ആണ്. ഈ സംസ്ഥാനത്തെ വളരെ ജനകീയവും ചലനാത്മകവുമായ രീതിയിൽ ജലസേചന വകുപ്പിനെ നയിക്കുവാൻ ബഹുമാന്യനായ ശ്രീ. ടി.എം.ജേക്കബ് സാറിന് കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ രണ്ട് വർഷംകൊണ്ട് 82 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളും 5 നഗര ശുദ്ധജല പദ്ധതികളുമടക്കം 87 പദ്ധതികൾ പൂർത്തീകരിക്കുവാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്നു പറയുന്നത് അഭിമാനകരം തന്നെയാണ്. എന്നുമാത്രമല്ല നിയമസഭയിൽ അംഗമായിരിക്കുന്ന ഞാൻ അടക്കമുള്ള നിയമസഭാംഗങ്ങൾക്കും പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ.മാർക്കും വളരെയധികം പ്രാധാന്യം നൽകുന്ന ഒരു മന്ത്രിയാണ് അദ്ദേഹമെന്ന് ഞാൻ എടുത്തു പറയുകയാണ്. നമ്മുടെ നിയോജകമണ്ഡലത്തിലെ ജലസേചന, ജലവിതരണ പ്രശ്നങ്ങൾ പ്രത്യേകമായും എം.എൽ.എ.മാരെയും ഉദ്യോഗസ്ഥന്മാരെയും വിളിച്ച് ചർച്ചചെയ്തുകൊണ്ട് വളരെ ജനകീയമായി നടപ്പിലാക്കിത്തരാൻ അദ്ദേഹം മുൻകൈയെടുക്കുന്നതിൽ എനിക്ക് അതിയായ സന്തോഷവും നന്ദിയുമുണ്ട്. അത് ഞാൻ പ്രസംഗത്തിൽ പറയുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്ന് തരത്തിലുള്ള ജല പദ്ധതികൾ ആവിഷ്ക്കരിച്ചു. മന്ത്രിതന്നെ മുൻകൈയെടുത്ത് ആവിഷ്ക്കരിച്ചതാണ് ഈ പദ്ധതികൾ. `വർഷ `

LIBRARY ARCHIVES Kerala Legislative Assembly

എന്ന പദ്ധതി നമ്മുടെ രാജ്യത്തിന്റെ തൊട്ടടുത്തു കിടക്കുന്ന വിദേശരാജ്യമായ മാലിദ്വീപ് അടക്കമുള്ള രാജ്യങ്ങൾ കുടിക്കാൻ വെള്ളം കണ്ടെത്തുന്നതും, ദ്വീപുകളിൽ വെള്ളം കണ്ടെത്തുന്നതും, മഴ പെയ്യുന്ന വെള്ളം (വീടുകളുടെമേൽ വീഴുന്ന വെള്ളം) ശേഖരിച്ച് കുടിവെള്ളത്തിന് ശുദ്ധീകരിച്ച് ഉപയോഗിക്കുന്ന രീതിയിലാണ്. നമ്മുടെ സംസ്ഥാനത്ത് മഴപെയ്തുകഴിഞ്ഞാൽ വെള്ളം 24 മണിക്കൂറിനുള്ളിൽ ഒഴുകി കടലിൽ പോവുകയാണ്. മലയിൽ പെയ്യുന്ന മഴ (കേരളത്തിന്റെ സഹ്യപർവ്വതത്തിൽ പെയ്യുന്ന മഴ) ഒഴുകി കടലിൽ എത്തുന്ന ഈ സംസ്ഥാനത്ത് മഴവെള്ളം ശേഖരിക്കാനും അത് ഉപയോഗിക്കാനുമുള്ള ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. 'ജലവാഹിനി പദ്ധതി' പാരമ്പര്യമായി കുളങ്ങളും അങ്ങനെയുള്ള ജല സ്രോതസുകളും ഉപയോഗപ്പെടുത്തിക്കൊണ്ട് ആ പ്രദേശങ്ങളിൽ ആ വെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്തുകൊണ്ട് ഒരു പദ്ധതി 'ജലവാഹിനി' എന്ന പേരിൽ നടപ്പിലാക്കി. 'ജലനിധി' ജനങ്ങളെ ചുമതല ഏൽപ്പിച്ചുകൊണ്ട് ആവശ്യമനുസരിച്ച് ആവശ്യക്കാരെക്കൂടെ ഉൾപ്പെടുത്തിക്കൊണ്ട് ജനകീയമായി നടപ്പിലാക്കുന്നതാണ് 'ജലനിധി പദ്ധതി' അവിടത്തെ ജല സ്രോതസുകൾ കണ്ടെത്തി നടത്തുവാനുള്ള പദ്ധതി, അതുപോലെ കൊല്ലം ജില്ലയിൽ അടക്കം മറ്റ് പല ജില്ലയിലും കേന്ദ്ര സർക്കാർ അനുവദിച്ച രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി കഴിഞ്ഞ കുറെ വർഷങ്ങളായി മരിച്ചുകിടന്ന പദ്ധതിയെ പുനരുജീവിപ്പിച്ചു. കൊല്ലം ജില്ലയിൽ തന്നെ 10 പഞ്ചായത്തുകൾ തെരഞ്ഞെടുത്തു. ജനകീയമായ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി കാരണം കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച പണം നഷ്ടപ്പെടുമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുമ്പോൾ ബഹുമാന്യനായ ശ്രീ.ടി.എം.ജേക്കബ് സാർ അദ്ദേഹത്തിന്റെ പ്രത്യേകമായ താൽപ്പര്യം എടുത്ത് കേന്ദ്ര സർക്കാരും മറ്റ് എജൻസികളുമായി സംസാരിച്ചുകൊണ്ട് ആ പദ്ധതി വിജയകരമായി നടപ്പിലാക്കാൻ, വീണ്ടും പുനരുജീവിപ്പിക്കാൻ, കഴിഞ്ഞു എന്നതും സന്തോഷകരമാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒറ്റപ്പെട്ടുകിടക്കുന്ന മലയോര മേഖലകളിൽ പല സ്ഥലത്തും ഈ പദ്ധതിയുടെ ഗുണം വളരെ വലുതാണ് എന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. ഒരു എം.എൽ.എ.എന്ന നിലയിൽ എന്റെ മണ്ഡലത്തിലെ പല പദ്ധതികളും സമയബന്ധിതമായി അദ്ദേഹം തീർക്കുന്നു. മെയ് മാസം പകുതിയോടുകൂടി വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ അദ്ദേഹം രണ്ട് നാല് പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു പദ്ധതി തയ്യാറാക്കാൻ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുത്തു. ജൂലൈ മാസം ആകുന്നതിന് മുമ്പുതന്നെ അതിന്റെ റിപ്പോർട്ടും ഡിസൈനും പ്രോജക്ടും തയ്യാറായി. ഇത്രയും ശുഷ്കാന്തിയോടെ പ്രവർത്തിക്കാൻ കഴിയുന്ന ഒരു മന്ത്രിയാണ് അദ്ദേഹം എന്ന് ഞാൻ അഭിമാനത്തോടെ ഓർമ്മിപ്പിക്കുകയാണ്. ഇവിടെയിപ്പോൾ അദ്ദേഹത്തിനെതിരെ അഴിമതിയാരോപണം ഉന്നയിച്ചുകൊണ്ടാണ് തുടക്കം. അദ്ദേഹത്തിന്റെ പാർട്ടി ആഫീസിൽ നിൽക്കുന്ന ഒരു സ്ത്രീക്കും ഒരു പുരുഷനും ഗസ്റ്റ് ഹൗസിൽ ജോലി കൊടുത്തുവെന്നാണ് ശ്രീ. ജയരാജൻ അദ്ദേഹത്തിന്റെ ആരോപണത്തിൽ പറഞ്ഞത്. എനിക്കും താൽപ്പര്യമുണ്ട്, ഈ

LIBRARY ARCHIVES Kerala Legislative Assembly

സഭയിലുള്ളവർക്കും താൽപ്പര്യമുണ്ട്, ഇങ്ങനെ പറഞ്ഞ രണ്ടുപേരും ഗസ്റ്റ് ഹൗസിൽ ജോലിചെയ്യുന്നുണ്ടോയെന്നറിയാൻ ഇന്ന് ഈ സഭ പിരിയുന്ന സമയത്ത് ശ്രീ.ജയരാജനോടൊപ്പം ഞാനും വാട്ടർ അതോറിട്ടി ഗസ്റ്റ് ഹൗസിലേയ്ക്ക് വരാൻ തയ്യാറാണ്. നമുക്ക് ഒന്നുപോയി നോക്കുന്നതിൽ തെറ്റില്ല. കാരണം ആരോപണങ്ങൾ പറയാം. അതിനിടയിൽ സത്യമുണ്ടോ എന്ന് അന്വേഷിക്കണം. ജെ.ബി.ഐ.സി.യുടെ കുടിവെള്ള പദ്ധതി, കണ്ണൂർ മുതൽ തിരുവനന്തപുരംവരെ വ്യാപിച്ചുകിടക്കുന്ന ജില്ലകളിൽ 45 ലക്ഷത്തിൽപ്പരം ആളുകൾക്ക് കുടിക്കാൻ വെള്ളം കിട്ടുന്ന ഒരു പദ്ധതിയിൽ കഴിഞ്ഞകാലത്ത് നടന്ന ക്രമക്കേടുകളുടെ പേരിൽ നിർത്തിവയ്പിക്കുകയും, ആ പദ്ധതിയെ സുതാര്യമായ രീതിയിൽ വീണ്ടും അതിന്റെ കൺസൽട്ടൻസി നിയമനത്തിൽ ടെണ്ടർ ചെയ്യുക. ഒരു കൺസൾട്ടൻസിയെ മാറ്റി മറ്റൊരു കൺസൾട്ടൻസിയെ വയ്ക്കാൻ ജെ.ബി.ഐ.സി.-യെ അനുവദിക്കാത്ത സാഹചര്യമുണ്ടായിരുന്നു ഈ ഭരണം നിലവിൽവരുമ്പോൾ. അന്ന് മന്ത്രിതന്നെ പ്രത്യേക താൽപ്പര്യമെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം വളരെ താൽപ്പര്യമെടുത്ത് മന്ത്രിസഭയുടെ നിർദ്ദേശപ്രകാരം ഡൽഹിയിൽപോയി മറ്റ് ഏജൻസികളുമായി സംസാരിച്ച് ജെ.ബി.ഐ.സി.യെക്കൊണ്ട് മറ്റൊരു ടെണ്ടർ വിളിക്കാൻ അനുമതി വാങ്ങുകയുണ്ടായി. അതിന് അനുമതി കിട്ടുകയില്ല എന്നാണ് പറഞ്ഞിരുന്ന ന്യായം. ആ അനുമതി വാങ്ങിക്കൊണ്ടുവന്ന് ആ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള ഗുണം എന്താണെന്ന് മനസ്സിലാക്കണം. 45 ലക്ഷം പേർക്ക് കുടിവെള്ളം കിട്ടുന്നു എന്നുമാത്രമല്ല കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 122.32 കോടി രൂപയ്ക്ക് കൺസൾട്ടൻസി ഉറപ്പിച്ചിരുന്ന ടെണ്ടർ രണ്ടാമത് ടെണ്ടർ ചെയ്തപ്പോൾ 92.75 കോടി രൂപയ്ക്ക് അങ്ങനെ പറയുമ്പോൾ 29.57 കോടി രൂപ ലാഭം. രണ്ട് വർഷം കഴിഞ്ഞപ്പോൾ ഈ പദ്ധതിക്ക് ചെലവ് കൂടുന്നതിന് പകരം 27 കോടിയോളം രൂപ ചെലവ് കുറയ്ക്കാൻ കഴിഞ്ഞുവെന്നത് ഈ ഗവൺമെന്റിന്റെ നേട്ടമായി നമ്മൾ എടുത്തുകാണണം. കേരളത്തിന്റെ അമൂല്യമായ ജലസമ്പത്ത് സംരക്ഷിക്കാൻവേണ്ടി കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിനെ എന്തിനാണ് ബഹുമാനപ്പെട്ട പ്രതിപക്ഷം എതിർക്കുന്നതെന്ന് നമ്മൾ ആലോചിക്കണം. ശ്രീ.ടി.എം.ജേക്കബ് സാർ 1987 കാലഘട്ടത്തിൽ വിദ്യാഭ്യാസ മന്ത്രിയായിരിക്കുമ്പോൾ അദ്ദേഹം കൊണ്ടുവന്ന ആശയമായിരുന്നു, പ്രീഡിഗ്രി ബോർഡ്. ഇത് ഇവിടെ പറയേണ്ട വിഷയമല്ലെങ്കിൽപോലും ഓർമ്മിപ്പിക്കുകയാണ്. ഇവിടെയിരിക്കുന്ന അംഗങ്ങൾ ഓർക്കാൻവേണ്ടി പറയുകയാണ്. അദ്ദേഹം കൊണ്ടുവന്ന പ്രീഡിഗ്രി ബോർഡിനെ ശക്തിയായി എതിർക്കുകയും ആയിരക്കണക്കിന് കുട്ടികളെ പരാജയപ്പെടുത്താൻവേണ്ടി നേതൃത്വം കൊടുത്ത ഇന്നത്തെ പ്രതിപക്ഷപാർട്ടികൾ ഉൾപ്പെടുന്ന സംഘടനകൾ വർഷങ്ങൾക്ക് ശേഷം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് +2 എന്ന പേരിൽ അതേ പദ്ധതി നടപ്പിലാക്കി. അവിടെയും പറഞ്ഞത് എന്താണ്. കോളേജ് അദ്ധ്യാപകർ സ്കൂളിൽ പോയി പഠിപ്പിക്കണം. ഇങ്ങനെ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ തുടങ്ങാൻ അദ്ദേഹം താൽപ്പര്യം കാണിച്ചു. ഞാൻ ദീർഘിപ്പിക്കുന്നില്ല. അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

ഹഡ്ക്കോയുടെ സഹായത്തോടുകൂടി, ലോകത്തിൽ ഏറ്റവും വലിയ ജനസാന്ദ്രതയുള്ള കൊച്ചിയിലെ വൈപ്പിൻ ദ്വീപിലേക്ക് വെള്ളം എത്തിക്കുന്നതിന് പദ്ധതി പുനരുജീവിപ്പിക്കുകയും ചെയ്തു. അടുത്ത വർഷം അതായത് 2004 മാർച്ച് 31 ഓടുകൂടി ആ പദ്ധതി പൂർത്തീകരിച്ച് ആ പ്രദേശത്തെ ജനങ്ങൾക്ക് വെള്ളം എത്തിക്കാൻ കഴിയുന്ന നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്. അതുപോലെ ഈ സംസ്ഥാന നദീജലത്തിന്റെ കാര്യം നമ്മുടെ നാട്ടിലെ ജലം മറ്റ് സംസ്ഥാനങ്ങൾക്ക് വീതിച്ചു കൊടുക്കാൻ സന്നദ്ധമല്ല എന്ന് ഉറക്കെ പ്രഖ്യാപിക്കുകയും അതിനുവേണ്ടി സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടുകയും ചെയ്തു. ആ യോഗത്തിൽ എല്ലാവരും അതിനെ അനുകൂലിക്കുകയും ആ പ്രശ്നങ്ങളുമായി ഇടപെട്ട് മുന്നോട്ടുപോകുകയും ചെയ്തു. മുല്ലപ്പെരിയാർ ജലനിരപ്പ് ഉയർത്തുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വളരെ ഉറച്ചതാണെന്നും ഇന്ത്യയിലെ നദികളെ തമ്മിൽ ബന്ധിപ്പിക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിക്ക് എല്ലാ കക്ഷികളും എതിരാണ് എന്നും പറഞ്ഞ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പഞ്ചാബ് നിയമസഭ പാസ്സാക്കിയതുപോലെ ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിനെ അറിയിക്കണം. ഈ നാട്ടിലെ മുഴുവൻ കക്ഷികളുടെയും, നദികളെ ബന്ധിപ്പിക്കാനുള്ള കേന്ദ്ര നിർദ്ദേശത്തോടുള്ള എതിർപ്പ് അവിടെ അറിയിക്കാൻ ഈ സഭയിൽ ഒരു പ്രമേയം പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുമാത്രമല്ല ധാരാളം പദ്ധതികൾ, എല്ലാ ജലസേചന പദ്ധതികളും മൾട്ടി പർപ്പസ്സായി നടപ്പിലാക്കിക്കൊണ്ട് വൈദ്യുതി ഉല്പാദനം കൂടി ഉൾപ്പെടുത്തി മുന്നോട്ട് പോകാൻ കഴിയുന്ന സാഹചര്യമാണ് നമ്മുടെ നാട്ടിൽ ഇപ്പോഴുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഷിബു ബേബി ജോൺ : സർ, ബഹുമാനപ്പെട്ട മെമ്പർ കുടിവെള്ള പദ്ധതിയെ എതിർക്കുന്നതിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. കേരളത്തിൽ ഏത് വികസന പ്രവർത്തനം വന്നാലും പരിശോധനയുടെ പേരിലും മറ്റും തടസ്സവാദങ്ങൾ ഉന്നയിച്ച് അവിടെയെല്ലാം തടസ്സപ്പെടുത്തുന്ന ഒരു പ്രവണതയുണ്ട്. പ്രത്യേകിച്ച് ശാസ്ത്രസാഹിത്യപരിഷത്ത് അടക്കമുള്ള പ്രസ്ഥാനങ്ങൾ ഇപ്പോൾ ഏറ്റവും ഒടുവിൽ വെളിപ്പെടുത്തിയിരിക്കുന്നത് ഇതിന്റെ പിന്നിൽ സി.ഐ.എ.യും കോടിക്കണക്കിന് രൂപയും കേരളത്തിൽ വന്നുവെന്നാണ്. ഈ ശുദ്ധജല പദ്ധതികൾ തടസ്സപ്പെടുത്തുന്നതിന്റെ പിന്നിലും ഇത്തരം ശക്തികളാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് തോന്നുന്നുണ്ടോ ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, തീർച്ചയായും അക്കാര്യത്തിൽ സംശയമില്ല. കാരണം ജനകീയാസൂത്രണ പദ്ധതി, കേരളത്തിലെ ജനങ്ങളെ ജനകീയമാണെന്ന് ധരിപ്പിച്ചുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി അവതരിപ്പിച്ച ജനകീയാസൂത്രണ പദ്ധതിയിൽ മുഴുവൻ സി.ഐ.എ.യുടെ കരങ്ങളായിരുന്നു. മാർക്സിസ്റ്റ് പാർട്ടിക്കെതിരെ ആര് പ്രസംഗിച്ചാലും സാഹിത്യകാരനായാലും കലാകാരനായാലും സി.ഐ.എ.ചാരനാണെന്ന് പ്രസംഗിച്ചുനടന്ന സഖാക്കൾ ഇന്ന് സി.ഐ.എ.യുടെ ചാരന്മാരാണെന്ന് അവരുടെ സഖാക്കൾ, അവരുടെ കൂട്ടുകാർതന്നെ പറയുന്നത് നമുക്ക് കാണാവുന്നതാണ്. അതുപോലെതന്നെ ജലഗതാഗതം 1687 കിലോമീറ്റർ.....

ശ്രീ. എ. കെ. ബാലൻ : 1959-ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ അട്ടിമറിച്ച് കേരളത്തിലെ ഒരു പാർട്ടിക്ക് സി.ഐ.എ.യിൽ നിന്ന് പണം കിട്ടിയിട്ടുണ്ടെന്ന് ഇന്ത്യൻ അംബാസിഡറായ അമേരിക്കക്കാരൻ ശ്രീ.മോയ്നിഹാൻ എഴുതിവച്ചത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ബഹുമാനപ്പെട്ട ശ്രീ.എ.കെ.ബാലൻ, അത് 1967-ലാണ്. ഇത് 2000-ൽ നിങ്ങൾക്ക് എന്തെങ്കിലും കിട്ടിയോ എന്നതുസംബന്ധിച്ച ചർച്ചയാണ് ഇവിടെ നടക്കുന്നത്. അതുപോലെതന്നെ 1987.....

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹത്തെ പ്രസംഗിക്കാൻ സമ്മതിക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ദേശീയ ജലപാത പൂർത്തീകരിച്ച് അതിനെ ടൂറിസത്തിനും ചരക്ക് ഗതാഗതത്തിനും ഉപയോഗയോഗ്യമാക്കാൻ ശ്രമിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത് ഈ ജലപാതയ്ക്ക് റോഡ് നിയമങ്ങൾ പോലെ ജലപാത നിയമം ഉണ്ടാക്കണം. അപകടങ്ങൾ സംഭവിക്കുന്നവർക്ക് കേസ്സുകൾ ഫയൽ ചെയ്യാൻ തക്കതായ നിയമങ്ങൾ ഇന്ന് നിലവിലില്ല. അത് നടപ്പിലാക്കാൻ അങ്ങ് തയ്യാറാകണം. അതുപോലെ കൊച്ചിയിലെ കുടിവെള്ള പദ്ധതി എത്രയും വേഗം പൂർത്തിയാക്കണം. കാരണം 109 എം.എൽ.ടി. കുടിവെള്ളം ആവശ്യമുണ്ട്. ഈ നാട്ടിൽ വെള്ളത്തിന്റെ വില വർദ്ധിപ്പിക്കാതെ വെള്ളത്തിന്റെ കരം വർദ്ധിപ്പിക്കാതെ ഈ ഭരണം നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോവുകയാണ് ശ്രീ. ടി. എം. ജേക്കബ് സാർ. ഈ സംസ്ഥാനത്ത് വിദേശത്ത് നിന്ന് വരുന്ന എണ്ണ ശുദ്ധീകരിച്ച് പെട്രോളാക്കി കൊടുക്കുന്നതിന് 30 രൂപ. ഡീസലാക്കി കൊടുക്കുന്നതിന് 20 രൂപയിൽ അധികം വരുന്നു. കുടിക്കാൻ വെള്ളം കുപ്പിയിലാക്കി വരുമ്പോൾ 15 രൂപ വിലവരുന്നു. അപ്പോൾ താരതമ്യം ചെയ്തു നോക്കിയാൽ വെള്ളത്തിന്റെ വില എത്ര വലുതാണെന്ന് അറിയാം. ആ വെള്ളം സംരക്ഷിക്കാനും തടയണകൾ കെട്ടി സംരക്ഷിച്ച് ജലസേചനം നടത്തുന്നതിന് ഉപയോഗിക്കാനും കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കാനുമുള്ള നല്ല ശ്രമങ്ങൾ നടത്തുകയാണ്. ഇനി ഒരു വകുപ്പിനെക്കുറിച്ചുകൂടി പറയണം. വനം വകുപ്പിനെക്കുറിച്ച് പറയാതിരിക്കാൻ കഴിയുകയില്ല. പ്രഗൽഭനായ ഒരു മന്ത്രിയാണ് താനെന്ന് കുറഞ്ഞ സമയംകൊണ്ട് ശ്രീ. സുധാകരന് തെളിയിക്കാൻ കഴിഞ്ഞു. അദ്ദേഹം ജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ട് വന സംരക്ഷണ സമിതികളുണ്ടാക്കി. അങ്ങനെ 1,37,570 ഹെക്ടർ ഭൂമി സംരക്ഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. കാരണം കുറ്റകൃത്യങ്ങളിൽ പ്രതിയായിരുന്ന പ്രധാനകക്ഷികളെപ്പോലും ബോധവൽക്കരിച്ച് വനം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിച്ച്, ജനങ്ങളുടെ പങ്കാളിത്തത്തോടെ, വനം കൈയേറാൻ പാടില്ല എന്ന് ബോധവൽക്കരിച്ച് പോകാൻ കഴിഞ്ഞ ഒരു മന്ത്രിയാണ്. അതുകൊണ്ടുമാത്രമല്ല, ഒരു കാര്യം കൂടി പറയാം. എന്റെ നിയോജകമണ്ഡലത്തിൽ ആറ് തടി ഡിപ്പോകൾ ഉണ്ട്. ഞാൻ തെരഞ്ഞെടുപ്പിനുവേണ്ടി അവിടെ മൽസരിക്കാൻ ചെല്ലുമ്പോൾ കഴിഞ്ഞ 5 വർഷമായി പട്ടിണികിടന്നു, കഞ്ഞിവെച്ച്

LIBRARY ARCHIVES Kerala Legislative Assembly

കുടിക്കാൻപോലും നിവൃത്തിയില്ലാതെ കണ്ണീരൊഴുക്കുന്ന തൊഴിലാളികളെ കണ്ടു. ഇന്ന് അതിൽ നിന്ന് മാറ്റമുണ്ടാവുകയും എല്ലാ ഡിപ്പോകളിലും വനം മേഖലയിലും പണിയുണ്ടാവുകയും ചെയ്തിരിക്കുന്നു. തൊഴിൽ നൽകാൻകഴിഞ്ഞു എന്ന് പറയുന്ന ഈ ഗവൺമെന്റിന്റെ നേട്ടം ഈ മന്ത്രിയുടെ നേട്ടമായി നമ്മൾ കാണണം. അതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. ഒരു കാര്യം കൂടി പറയാം. ജലസേചന വകുപ്പുമന്ത്രിയോട് ഒരു അഭ്യർത്ഥനകൂടിയുണ്ട്. എറണാകുളത്ത് ഹൈക്കോടതി സ്റ്റേ കൊടുത്തിട്ടുപോലും കടി നിർത്താത്ത കൊതുകിന്റെ പ്രധാന കേന്ദ്രമെന്നു പറയുന്നത് എറണാകുളം നഗരത്തിന്റെ മധ്യത്തിലുടെ പോകുന്ന ഒരു അഴുക്കുചാലാണ്. ആ അഴുക്ക് ചാല് വൃത്തിയാക്കി തിരുവനന്തപുരത്ത് നടത്തിയതുപോലെ ഒരു പദ്ധതി നടപ്പാക്കണം. എറണാകുളത്തെ ജനങ്ങൾക്കുവേണ്ടി മാത്രം എന്ന് പറയാൻ പറ്റില്ല. ഇവിടുന്ന് പോകുന്നവരും എം.എൽ.എ.മാരും മന്ത്രിമാരും ഒക്കെ താമസിക്കുന്ന സ്ഥലമാണ്. അത് പരിഹരിക്കാൻ അങ്ങേയ്ക്ക് കഴിയണം. ഈ രണ്ട് മന്ത്രിമാർക്കും വളരെ ദീർഘവീക്ഷണത്തോടെ മുന്നോട്ടുപോയി ഈ നാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നതിൽ സംശയമില്ല. ഇവർക്ക് എല്ലാവിധ നന്മകളും നേർന്നുകൊണ്ട് ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. പി. മോഹനൻ : സർ, ഈ സർക്കാർ അധികാരമേറ്റതിനുശേഷം അപ്പുറത്തുനിന്ന് കേൾക്കുന്ന ഒരു സ്ഥിരം പല്ലവിയുണ്ട്. നിങ്ങളുടെ കാലത്തൊക്കെ ഇത് നടന്നതല്ലേ എന്ന്. രണ്ട് വർഷമായില്ലേ ? ഇനിയെങ്കിലും ഇത് നിർത്തണം. എല്ലാ കാര്യങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള ഒരു തന്ത്രമായിട്ടാണ് ഇത് ജനങ്ങൾ കാണുന്നത്. വെള്ളം ദൈവത്തിന്റെ വരദാനമാണ്. എന്നാൽ, എ.ഡി.ബി.യുടെ നിബന്ധന വെള്ളം ദൈവത്തിന്റെ വരദാനമല്ലെന്നാണ്. .....(ബഹളം)..... ഞാനൊന്ന് പറയട്ടെ, വളരെ കണിശമായി കൈകാര്യം ചെയ്യേണ്ട ഒരു വിഭവമാണെന്ന ഒരു പുതിയ സാമൂഹ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ സ്ത്രീകളേയും യുവാക്കളേയും കർഷകരേയുമൊക്കെ കുടിവെള്ളത്തെക്കുറിച്ച് ബോധവൽക്കരിക്കേണ്ടതിന്റെ ആവശ്യകത എന്ന നിലയിൽ സ്വന്തം വീട്ടിലെ കിണറിലെ വെള്ളംപോലും വിൽപ്പന ചരക്കാക്കുന്ന ഒരു നയമാണ് കേരളത്തിലുള്ളത്. അത് മാറ്റണം. വെള്ളമാണ്. നമുക്കെല്ലാം ആവശ്യമുള്ള ഏറ്റവും വലിയ സമ്പത്താണ്. ജലത്തെ ജനങ്ങളിൽ നിന്ന് അകറ്റരുത്. എന്താണ് കുടിവെള്ള പദ്ധതിയെക്കുറിച്ചൊക്കെ പറയുന്നത് ? കടലിൽ കല്ലിടുന്നതുപോലെയാണ്. പിന്നീട് എണ്ണി നോക്കാൻ സാദ്ധ്യമല്ല. ആദ്യം ഒരു പദ്ധതി തുടങ്ങും. 10 ലക്ഷത്തിൽ തുടങ്ങുന്ന പദ്ധതി തീരുകയുമില്ല പൂർത്തിയാക്കാൻ ചെല്ലുമ്പോൾ 50 ലക്ഷം രൂപ ചെലവാണ്. അതുമാത്രമല്ല, ഇത്തരം പദ്ധതിയെക്കുറിച്ച് നമുക്ക് സമഗ്രമായ അന്വേഷണം നടത്തേണ്ടതുണ്ട്. ഇപ്പോഴും ഇത്തരത്തിലുള്ള കാര്യങ്ങൾ നടത്തുമ്പോൾ ഉദ്യോഗസ്ഥന്മാരുടെ പിടിപ്പുകേടുകൊണ്ട് ഇതൊക്കെത്തന്നെ അഴിമതിയിലേക്ക് നീങ്ങുകയാണ്. പല ശുദ്ധജല

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളുടേയും സ്ഥിതി ഇതുതന്നെയാണ്. അന്വേഷണത്തിന് പരാതി നൽകിയാൽപ്പോലും അതിന് നടപടികൾ ഉണ്ടാകുന്നില്ല. 1989-ൽ ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ സ്കീം പ്രകാരം ഒരു പദ്ധതി എന്റെ മണ്ഡലത്തിലെ പുത്തൂർ വില്ലേജിൽ 31 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഒരു പദ്ധതി തുടങ്ങി. ഇപ്പോൾ 85 ലക്ഷം രൂപ ചെലവായി. ഇതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്നുമാത്രമല്ല, പരീക്ഷണാർത്ഥത്തിൽ ഇത് പരിശോധിച്ച് നോക്കിയപ്പോൾ പൈപ്പുകളൊക്കെത്തന്നെ പൊട്ടിത്തെറിക്കുകയാണ്. ഇത്തരത്തിലുള്ള ഒരുപാട് കാര്യങ്ങളുണ്ട്. ഞാൻ അതിലേക്ക് വളരെ വിശദമായി കടക്കണമെന്ന് ആഗ്രഹിക്കുന്നില്ല. ഇതൊക്കെ ഉദ്യോഗസ്ഥന്മാരുടേയും കരാറുകാരുടേയും അഡ്ജസ്റ്റ്മെന്റാണ്. പഴശ്ശി ജലസേചന പദ്ധതിയെക്കുറിച്ച് അങ്ങേയ്ക്ക് അറിയാം. 40 വർഷങ്ങൾക്കുമുമ്പ് 5 കോടി രൂപയിൽ തുടങ്ങിയതാണ്. 150 കോടി രൂപ ചെലവഴിച്ചു. എന്റെ നാട്ടിലൊക്കെ ഒറ്റ പ്രാവശ്യമാണ് അതിലൂടെ വെള്ളം വന്നത്. പിന്നീട് വെള്ളം വന്നിട്ടില്ല. എന്നുമാത്രമല്ല, ഇന്ന് അത് വേണ്ടാത്ത ഒരു പദ്ധതിയായി മാറിയിരിക്കുകയാണ്. ഒരു വിധത്തിലും വെള്ളം തുറന്നുവിടാൻ സാധിക്കാത്ത രീതിയിൽ എല്ലായിടത്തും ചോർച്ചയാണ്. അതിന്റെ സൈഡിൽ കനാലുകളൊക്കെ പൊട്ടിയിരിക്കുകയാണ്. ഇക്കഴിഞ്ഞ മഴക്കാലത്ത് അതിന്റെ ഒരു ഭാഗം പൊട്ടിയിട്ട് കുത്തുപറമ്പിനടുത്ത് ഒരു പ്രദേശത്ത് ഇപ്പോഴും വെള്ളം ഒഴുകാത്ത സ്ഥിതിയിൽ അവിടെ മഴവെള്ളം കയറുകയാണ്. അത് ഒരു ഉപയോഗത്തിനും എത്തുന്നില്ല. അത് സംരക്ഷിക്കണം. നമ്മുടെ ഭാഗത്തൊക്കെ കൃഷി ചെയ്യാൻവേണ്ടി ഈ വെള്ളമാണ് അന്ന് ഉപയോഗിച്ചുകൊണ്ടിരുന്നത്. പിന്നീട് അത് ഒരിക്കലും തുറന്ന് പ്രവർത്തിക്കുന്നില്ല. ഞാൻ കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. മൈനർ ഇറിഗേഷൻ പ്രകാരം വി.സി.ബി.യും അതുപോലുള്ള ഒരുപാട് പദ്ധതികളുമുണ്ട്. കണ്ണൂർ ജില്ലയിൽ അതിന്റെ സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ച് സർക്കാരിൽ സമർപ്പിച്ചപ്പോൾ ഒരു ഫണ്ടുപോലും കൊടുക്കാൻ സാധിച്ചില്ല. വനത്തെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. ഞാൻ അതിലേക്ക് കൂടുതലായി കടക്കുന്നില്ല. അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. വനം സംരക്ഷണ ബിൽ എന്തുകൊണ്ടാണ് നീണ്ടുപോകുന്നത് എന്ന ഉത്ക്കണ്ഠ ജനങ്ങൾക്കുണ്ട്. ചന്ദനത്തിന്റെ സംഭരണവും സംസ്കരണവും ഇന്ന് മാഫിയകളുടെ കൈകളിലാണ്. അത് മാറ്റണം. നിർബന്ധമായും അത് തടയണം. നമ്മുടെ വനം മേഖലയെ രക്ഷിക്കണം. ഈ പറഞ്ഞ രീതിയിൽ താഴേക്കിടയിൽ നിന്ന് മേലെ വരെ അഴിമതികളുണ്ട്. ഇതു സംബന്ധിച്ച് വിജിലൻസ് നിർബന്ധമായും അന്വേഷിക്കണമെന്നൊക്കെ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. നടപടിയുണ്ടാകണം. സി.സി.എഫ്. മുതൽ അങ്ങോട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുക്കണമെന്ന് വിജിലൻസ് പറഞ്ഞിട്ടുണ്ട്. ഇതുവരെ അന്വേഷണം നടത്തിയിട്ടില്ല. ഗവൺമെന്റ് അത് പൂഴ്ത്തിവച്ചിരിക്കുകയാണ്. ഇതിനെക്കുറിച്ചൊക്കെ അന്വേഷിക്കണം. ഇതെല്ലാം കൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കുടിവെള്ളമാണ് പ്രധാന ചർച്ച. ഒരു ലിറ്റർ കുടിവെള്ളത്തിനും ഒരു ലിറ്റർ പാലിനും തമ്മിൽ വിലയിൽ വലിയ വ്യത്യാസമില്ല. പാലിന് ആണ് വില കുറവ്. വെള്ളത്തിന് വില കൂടുതലാണ്. വെള്ളത്തിന്റെ നാട്ടിൽ നമ്മൾ പാലിനേക്കാൾ കൂടുതൽ വില കൊടുക്കേണ്ട ഒരു സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. കുടിവെള്ളം അമൂല്യമാണ്, അത് കാത്തുസൂക്ഷിക്കണം എന്നാണ്. പക്ഷേ 5 വർഷത്തെ എൽ.ഡി.എഫ്. ഭരണം കഴിഞ്ഞപ്പോൾ 'കാത്തുസൂക്ഷിച്ച കസ്തൂരി മാമ്പഴം കാക്ക കൊത്തിപ്പോയി' എന്നുപറഞ്ഞപോലെ നമ്മുടെ കുടിവെള്ളം ഉൾപ്പെടെയുള്ള ജലസമ്പത്ത് നമുക്ക് നഷ്ടപ്പെടുന്ന സ്ഥിതിയിലാണ്. നമ്മൾ ഇന്ന് നിൽക്കുന്നത്. നമ്മുടെ നാട്ടിലേക്ക് ഒഴുകേണ്ട വെള്ളം കർണ്ണാടകയിലേക്കും തമിഴ്നാടിലേക്കും ചോർത്തിക്കൊണ്ടുപോകുന്ന ഒരു സ്ഥിതിവിശേഷത്തിലാണ് ഇപ്പോൾ നമ്മൾ നിൽക്കുന്നത്. നമ്മുടെ സമ്പത്തായ ജലം നമുക്ക് കിട്ടേണ്ടതുണ്ട്. കേരള സംസ്ഥാനം 44 നദികൾ കൊണ്ട് അപാരമായ ജലസമ്പത്തുണ്ടായിരുന്ന നാടാണ്. ആ ജലസമ്പത്ത് ചോർന്നുകൊണ്ടിരിക്കുകയാണ്. "മലകൾ, പുഴകൾ, പൂവനങ്ങൾ, ഭൂമിക്ക് കിട്ടിയ സ്ത്രീധനങ്ങൾ" എന്നാണ്. അങ്ങനെ പുഴകൾക്ക് കിട്ടിയ സ്ത്രീധനമായ വെള്ളം ഇന്ന് പല പുഴകളിലും ഇല്ലാത്ത സ്ഥിതിവിശേഷമാണ്. ഭാരതപ്പുഴപോലും ഇപ്പോൾ മണൽക്കാടായി കിടക്കുന്ന ഒരു സ്ഥിതിവിശേഷമാണ്. ഈ നൂറ്റാണ്ട് എണ്ണയ്ക്കുവേണ്ടി യുദ്ധം നടത്തുന്ന നൂറ്റാണ്ടാണെങ്കിൽ അടുത്ത നൂറ്റാണ്ട് കുടിവെള്ളത്തിനുവേണ്ടി യുദ്ധം നടത്തേണ്ട ഒരു നൂറ്റാണ്ടായി മാറുമെന്നാണ് എല്ലാവരും പറയുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ കുടിവെള്ളത്തിനുവേണ്ടി യുദ്ധം നടന്നുകൊണ്ടിരിക്കുന്നു. കുടിവെള്ളത്തിന് യുദ്ധം നടക്കുന്ന ഒരു പ്രദേശമായി കഴക്കൂട്ടം നിയോജകമണ്ഡലം മാറിക്കഴിഞ്ഞിരിക്കുകയാണ്. കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ കിഴക്കൻ മലയോരപ്രദേശം കരിങ്കൽ ഖനനം കൊണ്ട് ഇരുന്നൂറും മുന്നൂറും അടി താഴ്ചയിലേക്ക് പോയിരിക്കുകയാണ്. അവിടെ വാട്ടർ ലെവൽ താഴ്ന്നുകൊണ്ടിരിക്കുകയാണ്. സമതല പ്രദേശം ക്ലേ ഖനനം കൊണ്ട് ഏകദേശം നാന്നൂറ്, അഞ്ഞൂറ്, അറുന്നൂറ്, എഴുന്നൂറ് മീറ്റർ താഴേക്ക് പോയിരിക്കുകയാണ്. പടിഞ്ഞാറൻ മേഖല മണലൂറ്റുകൊണ്ട് ഏകദേശം പത്തിരുപത് അടി താഴേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഇതുകൊണ്ട് സംഭവിക്കുന്നത് അവിടത്തെ കിണറുകളിൽ കുടിവെള്ളം കിട്ടാത്ത, കിണറുകൾ അപ്രത്യക്ഷമാകുന്ന സ്ഥിതിയാണ്. പലതും കൂടുങ്ങി താഴുകയാണ്. ഒരു കിണറിലും വെള്ളമില്ല. വെള്ളം കിട്ടാൻ നിർവ്വാഹമില്ല. പല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. 1994-ൽ ശ്രീ. ടി.എം.ജേക്കബിന്റെ കാലത്ത് തന്നെയാണ് എന്റെ മണ്ഡലത്തിൽ സമഗ്ര കുടിവെള്ള പദ്ധതിക്ക് രൂപം നൽകിയത്. എൽ.ഐ.സി. വായ്പയോടുകൂടിയാണ് തുടങ്ങിയത്. പക്ഷേ അടുത്ത സർക്കാർ വന്ന് നാല് വർഷം കഴിഞ്ഞ് തറക്കല്ലിട്ടിട്ട് പോയതല്ലാതെ ആ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ശ്രീ. ടി. എം. ജേക്കബ് വീണ്ടും മന്ത്രിയായി വന്നതിനുശേഷം ആ കുടിവെള്ള പദ്ധതി ജപ്പാൻ കുടിവെള്ള പദ്ധതിയിൽക്കൂടി ഉൾപ്പെടുത്തി

പൂർത്തിയാക്കാനുള്ള ശ്രമം തുടങ്ങിയപ്പോൾ ജപ്പാൻ കുടിവെള്ള പദ്ധതിയും അട്ടിമറിക്കപ്പെട്ടു. ഇപ്പോഴും വെള്ളത്തിനുവേണ്ടി ബുദ്ധിമുട്ടുകയാണ്. ഇപ്പോഴത്തെ സ്ഥിതിയെന്താണ് ? ഇപ്പോഴത്തെ സ്ഥിതി വെള്ളം കൊണ്ടുവരാനുള്ള പ്രധാന ടാങ്ക് വേങ്ങോട് പട്ടികജാതി കോളനിയിലാണ് നിർമ്മിക്കുന്നത്. ആ പട്ടികജാതി കോളനിയുടെ 20 സെന്റ് സ്ഥലം പട്ടികജാതി വകുപ്പിൽ നിന്ന് വാട്ടർ അതോറിറ്റിയിലേക്ക് മാറ്റാനുള്ള ഒരു സാങ്കേതിക പ്രശ്നംകൊണ്ട് കഴിഞ്ഞ ഒന്നര വർഷക്കാലമായി എന്റെ നിയോജകമണ്ഡലത്തിലെ കഴക്കൂട്ടം-കഠിനംകുളം സമഗ്ര കുടിവെള്ള പദ്ധതി ഇപ്പോഴും തകരാറിലായിക്കിടക്കുകയാണ്. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ പദ്ധതി പൂർത്തിയായില്ലായെങ്കിൽ അടുത്ത വർഷം വെള്ളം കുടിക്കാതെ ജനങ്ങൾ മരിക്കുന്ന സ്ഥിതിവിശേഷമാവും കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ഉണ്ടാകാൻ പോകുന്നത്. പട്ടികജാതി വകുപ്പിന്റെ മാത്രം കുഴപ്പംകൊണ്ട് മുടങ്ങിക്കിടക്കുന്ന കഴക്കൂട്ടം-കഠിനംകുളം സമഗ്ര കുടിവെള്ള പദ്ധതി പുനരാരംഭിക്കാൻ പ്രത്യേക താൽപ്പര്യമെടുത്ത് ഈ കേരളക്കരയിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ മാത്രം കുടിവെള്ളം കിട്ടാതെ ആളുകൾ മരിക്കേണ്ട സ്ഥിതിവിശേഷം ഒഴിവാക്കാൻ ബഹുമാന്യനായ മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. രണ്ടു മന്ത്രിമാരും രണ്ട് വകുപ്പ് ആണെങ്കിൽ തന്നെയും ഒരാത്മാവും ഒരു ശരീരവും പോലെ ബന്ധപ്പെട്ട് നിൽക്കുന്ന രണ്ടു വകുപ്പുകളാണ്. ഒരു കണക്കിനു പറഞ്ഞാൽ മനുഷ്യന്റെ ജീവിതത്തിന്റെ തന്നെ നിലനിൽപ്പിന് ആധാരമായിട്ടുള്ള രണ്ടു വകുപ്പുകളാണ്. രണ്ട് ജീവ രക്ഷാ മന്ത്രിമാർ എന്നുതന്നെ വിളിക്കാം. 1906-ൽ ഡോ.വിൽക്കറും, ശാസ്ത്രജ്ഞനാണ് അദ്ദേഹം, ഡോ. സാറൽ, മറ്റൊരു ശാസ്ത്രജ്ഞനാണ്, ജെ. ജി. ചാർത്തി, 1978-ൽ സുലോചനാ ഗാഡ്ഗിൽ, 1977-ൽ മദർ ഫാംജി എന്നീ ശാസ്ത്രജ്ഞൻമാർ നടത്തിയിട്ടുള്ള പഠനത്തിൽ പറയുന്നത് മണ്ണ് ജലം, കാട് എന്നിവ മനുഷ്യ വർഗ്ഗത്തിന്റെ തന്നെ നിലനിൽപ്പിന് ആധാരമായ ഘടകങ്ങളാണെന്നാണ്. ആ പഠനത്തിൽ പറയുന്നത് ഒരു ഹെക്ടർ കാടിന് മുപ്പതിനായിരം ഘന മീറ്റർ വെള്ളം സംഭരിച്ചു വയ്ക്കാൻ കഴിയും എന്നാണ്. ഒരു ഹെക്ടർ സ്ഥലം കൃഷി ചെയ്യാൻ ഏതാണ്ട് മൂവായിരം ഘന മീറ്റർ വെള്ളം വേണം. എന്നു പറഞ്ഞാൽ ഒരു ഹെക്ടർ കാടിൽ സംഭരിക്കുന്ന വെള്ളം കൊണ്ട് 10 ഹെക്ടർ സ്ഥലത്ത് കൃഷി നടത്താം. അപ്പോൾ മണ്ണും, വെള്ളവും, കാടും ഒക്കെ തമ്മിലുള്ള ബന്ധം ഇത്രയും പരസ്പര ഘടകങ്ങളെപ്പോലെ നിൽക്കുകയാണ്. അതുകൊണ്ടു തന്നെ മണ്ണിനെ കാടിന്റെ പരിതസ്ഥിതിയേയും അതുവഴി മനുഷ്യന്റെ തന്നെ നിലനിൽപ്പിനു വേണ്ടിയുള്ള പരിശ്രമം ചെയ്യാൻ ബാദ്ധ്യസ്ഥരായ രണ്ടു പേരുടേയും പ്രവർത്തനങ്ങൾക്ക് ഞാൻ നൻമ നേരുകയാണ്. ജലസേചന വകുപ്പിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ശ്രീ. ടി. എം. ജേക്കബിനെ 5 പ്രകടമായ കാരണങ്ങൾക്ക് ഞാൻ അഭിനന്ദിക്കുകയാണ്. ഒന്ന് റെയിൻ വാട്ടർ

12. NOON.]

LIBRARY ARCHIVES Kerala Legislative Assembly

മാനേജ്മെന്റിന്റെ കാര്യത്തിൽ. കേരളത്തിൽ സെമിനാറുകളിലും സിമ്പോസിയത്തിലും മാത്രം പറഞ്ഞു നിന്നത് ജേക്കബിന്റെ കാലഘട്ടത്തിൽ ഫലപ്രദമായി നടന്നുകൊണ്ടിരിക്കുന്നു. ഒരുപാട് കാലമായി കെട്ടിക്കിടക്കുന്ന പ്രോജക്റ്റുകൾക്ക് ജേക്കബിന്റെ കാലത്തിൽ പുതിയ ജീവൻ വച്ചിരിക്കുന്നു. ഞാൻ ഒരു ദൃക്സാക്ഷികൂടിയാണ്. പന്ത്രണ്ട് കൊല്ലമായി മുടങ്ങിക്കിടന്നിരുന്ന കൂട്ടായി റഗുലേറ്റർ കം ബ്രിഡ്ജ് ജേക്കബിന്റെ സ്പർശനം ഉണ്ടായപ്പോൾ വീണ്ടും പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള ജലസേചന പദ്ധതികൾ ജേക്കബിന്റെ കാലത്ത് യാഥാർത്ഥ്യമായി തീർന്നുകൊണ്ടിരിക്കുകയാണ്. പഴയ പദ്ധതികൾക്ക് അദ്ദേഹം ഡൈവേർസിഫിക്കേഷൻ വരുത്തുന്നു. മൾട്ടി പർപ്പസ് ആയിട്ട് അദ്ദേഹം മാറ്റുന്നു. കോസ്റ്റ് ബെനിഫിറ്റ് റേഷ്യോ അദ്ദേഹം പുതിയ സമ്പ്രദായത്തോടെ ശാസ്ത്രീയമാക്കി മാറ്റി എടുക്കുന്നു. എക്സ്റ്റേണൽ ഫണ്ടിംഗ് ഫലപ്രദമായിട്ട് ഉപയോഗിക്കുന്ന കാര്യത്തിൽ ശ്രീ. ജേക്കബ് വിജയം കൈവരിച്ചിരിക്കുന്നു. സമയബന്ധിതമായി പരിപാടികൾ പൂർത്തിയാക്കുന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ ധീഷണാപരമായ മുന്നേറ്റത്തേയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. ഇവിടെ ഗൗരവമായി അദ്ദേഹത്തോട് സൂചിപ്പിക്കുന്ന കാര്യം നമുക്ക് പ്രയോറിറ്റിയെക്കുറിച്ച് തിരിച്ചറിവ് ഉണ്ടാകണമെന്നാണ്. ഒന്നാം പദ്ധതി മുതൽ ഒൻപതാം പദ്ധതിവരെയുള്ള കാലത്ത് ചെലവാക്കിയ 68 ശതമാനവും മേജർ ഏജന്റ് മീഡിയം പ്രോജക്റ്റുകൾക്കായിരുന്നു. നമുക്ക് അത് മതിയോ? നമ്മൾ ഇത്ര വലിയ പണം മുടക്കിയിട്ട് ഇതിന്റെ ബെനിഫിറ്റ് നോക്കുന്ന സമയത്ത് ചെറുകിട ജലസേചന പദ്ധതികളെ സംബന്ധിച്ച് വളരെ ഗൗരവമായ പ്രയോറിറ്റി കൊടുക്കണമെന്നാണ് എനിക്ക് ആദ്യമായിട്ട് ഇതിനെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കാനുള്ളത്. നമ്മൾ ഉണ്ടാക്കിയ, പൂർത്തിയാക്കിയ പദ്ധതികളുടെ തന്നെ ശേഷി ഏതാണ്ട് 60 ശതമാനം മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. അത് ഓപ്റ്റിമം യൂട്ടിലൈസേഷന് വേണ്ടിയിട്ടുള്ള കാര്യങ്ങളെ ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിക്കണമെന്ന് ഞാൻ പറയുകയാണ്. ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ് കുറേക്കാലമായി മുടങ്ങിക്കിടക്കുകയാണ്. അതിനെ സംബന്ധിച്ചും അടിയന്തിരമായ ചില നടപടികൾ എടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ബില്ലിലുള്ള പദ്ധതികളെക്കുറിച്ചും എൻ.ജി.ഒ യുടെ പങ്കാളിത്തത്തെക്കുറിച്ചുമൊക്കെ ഇവിടെ പറഞ്ഞു. ജേക്കബിനോട് ഞാൻ പറയുന്നത് ഒരു പ്രധാന കാര്യമാണ്. ജയരാജൻ ചൂണ്ടി കാണിച്ചതുപോലെ എൻ.ജി.ഒ യുടെ പങ്കാളിത്തത്തെ സംബന്ധിച്ചും, അവർ എങ്ങനെയാണ് ഫണ്ട് ഉപയോഗിക്കുന്നത് എന്നതിനെക്കുറിച്ചും അന്വേഷിക്കണമെന്നു തന്നെയാണ് എന്റെ അഭിപ്രായം. പ്രത്യേകിച്ചും ശാസ്ത്ര സാഹിത്യ പരിഷത്തിനെപ്പോലെയുള്ള സംഘടനകൾ അവർക്ക് ലഭിച്ചിട്ടുള്ള ഫണ്ട് എങ്ങനെ ഉപയോഗിച്ചു എന്നതിനെപ്പറ്റി ഗൗരവമായ അന്വേഷണം വേണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതിൽ ജയരാജൻ പറഞ്ഞതിൽ തെറ്റൊന്നും ഇല്ല. ജയരാജൻ പറഞ്ഞിട്ടുള്ള ഒരു സംഗതിയുണ്ട്. വിമർശനം, ശ്രീ. ജേക്കബിനെപ്പറ്റി. അതിൽ എനിക്ക് യാതൊരു അൽഭുതവുമില്ല. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇവിടെ ഉണ്ടായിരുന്നു. അന്ന് നായനാർ ഗവൺമെന്റിന്റെ തെറ്റുകളെ, കെടു കാര്യസ്ഥതയെ, അഴിമതിയെ, ഒറ്റയാൾ പട്ടാളം പോലെ എതിർത്ത ടി.എം. ജേക്കബിന്റെ മനോ വീര്യത്തെ തകർക്കാൻ നിങ്ങളുടെ വായ്ത്തല മടങ്ങിയ ആയുധം കൊണ്ട് സാദ്ധ്യമല്ല എന്ന് ഞാൻ ജയരാജനോട് പറയുകയാണ്. എന്താ നിങ്ങളുടെ കൈയിൽ ഉള്ള തെളിവ് ? ജയരാജൻ പറയുകയാണ് ഇന്റർനെറ്റിൽ നിന്ന് കിട്ടിയ തെളിവ്. ആദ്യം ഇന്റർനെറ്റിനെപ്പറ്റി മനസ്സിലാക്കുക. ഇന്റർനെറ്റെന്നു പറഞ്ഞാൽ ആർക്കും എന്തും എഴുതി ഇടാൻ പറ്റിയ സാധനമാണ്. ഇപ്പോൾ ജയരാജൻ പറയുകയാണെന്നിരിക്കട്ടെ, Latest person in the world Jayarajan എന്നു പറഞ്ഞാൽ അമേരിക്കയിൽ ഇരുന്ന് ഫിങ്കർ ഡിജിറ്റിൽ ബെല്ലമർത്തുമ്പോൾ greatest Person in the world-ൽ തള്ളിക്കയറി വരുന്നത് ജയരാജനാണ്. എം.എൻ വിജയന്റെ പാഠത്തിലെ ഒന്നാം പാഠം വായിച്ചുകൂടെ നിങ്ങൾക്ക് അപ്പോൾ നിങ്ങളുടെ സംശയം മുഴുവൻ തീരും. മാത്രമല്ല നിങ്ങൾ ചെന്നുപെട്ടിരിക്കുന്നത് അപകടത്തിന്റെ മേഖലയിലാണെന്നു മനസ്സിലാകും. നിങ്ങൾ ഇങ്ങനെ ഒന്നും എതിർത്തിട്ട് കാര്യമില്ല. നിങ്ങളുടെ സ്ഥിതി ഞങ്ങൾക്ക് മനസ്സിലാക്കാൻ പറ്റും. ചരിത്രത്തിൽ ഇന്നുവരെ ബുദ്ധിജീവികൾ ഒരു ഭാഗത്തും, തൊഴിലാളികൾ വേറൊരു ഭാഗത്തും, ചിന്തകൻമാർ , സാംസ്കാരിക നായകൻമാർ മറ്റൊരു ഭാഗത്തും. അങ്ങനെ എതിർപ്പിന്റ ശരപഞ്ചരത്തിന്റെ നടുവിൽ ശ്വാസം മുട്ടി നിൽക്കുന്ന നിങ്ങളുടെ അവസ്ഥ മനസ്സിലാക്കാൻ ഞങ്ങൾക്ക് യാതൊരു പ്രയാസവുമില്ല. അന്വേഷിച്ചാൽ പോര വളരെ ഗൗരവമായ സത്യങ്ങളാണ് പുറത്തു വന്നുകൊണ്ടിരിക്കുന്നത്. മൂന്നാം ലോക രാജ്യങ്ങളുടെ വിഭവത്തെ സംബന്ധിച്ച്., അറിവിനെ സംബന്ധിച്ച്, സാമ്രാജ്യ ശക്തികൾക്ക് ഒറ്റി കൊടുക്കുന്ന വിധത്തിൽ കേരളത്തിൽ പ്രവർത്തനങ്ങൾ നടന്നിരുന്നു എന്ന് വരെ അവിടത്തെ ചിന്തകൻമാർ പരസ്യമായി പറയുന്ന സ്ഥിതിയിലേക്ക് നമ്മുടെ രാജ്യം പോകുകയാണ്. ഗൗരവമായി പരിരക്ഷിക്കണം. .....(ബഹളം)..... ഞാൻ അവസാനം വഴങ്ങാം. അദ്ദേഹം വളരെ ചിന്തിക്കുന്ന ആളാണ്, പഠനത്തെ സംബന്ധിച്ച്. വനത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി വളരെ പ്രഗൽഭനായിട്ട് കാര്യങ്ങൾ നോക്കുന്നുണ്ട്. വനം ഡിപ്പാർട്ടുമെന്റിൽ നിന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്ന സങ്കൽപ്പം ഉണ്ട്. ആ സങ്കൽപ്പത്തിലേക്ക് സുധാകരന് ഉയരാൻ കഴിഞ്ഞു എന്നല്ല ഞാൻ പറഞ്ഞത്. എന്താണ് ഈ സങ്കൽപ്പം. മഴക്കാടുകളുടെ ആർദ്രതയും, ചന്ദനമരത്തിന്റെ സുഗന്ധവും, കരിമരുതിന്റെ കരുത്തുമുള്ള ഒരു വകുപ്പായി ഈ വകുപ്പ് മാറണമെന്നാണ് ഈ രാജ്യത്തെ ജനങ്ങളുടെ സങ്കൽപ്പം. ആ സങ്കൽപ്പത്തിലേക്ക് ഉയരാൻ വേണ്ടി വളരെ ശക്തമായിട്ട് ചില ശ്രമങ്ങൾ നടത്തുന്നു എന്ന കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്. ഇവിടെ എല്ലാവരും പറഞ്ഞിരുന്നല്ലോ പ്രകൃതി വരദാനമായി നൽകിയ ഈ ലോകത്തിന്റെ ഇങ്ങേ അറ്റത്തുള്ള ഒരു പച്ചപ്പൊട്ടാണ് കേരളം. ഇന്ന് ഈ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണ് വനം മാഫിയയെക്കുറിച്ച് പറഞ്ഞു. അതിനെ തകർക്കാർ ശ്രീ. സുധാകരനും ശക്തിയായിട്ട് ശ്രമിക്കുന്നുണ്ട്. എങ്കിലും കാടുകൾക്ക് എന്താണ് സംഭവിക്കുന്നത്. ചന്ദന മാഫിയ

LIBRARY ARCHIVES Kerala Legislative Assembly

കാടിനെ അവരുടെ കൈവശം വച്ചിരിക്കുന്നു. മാഫിയയുടെ പ്രവർത്തനങ്ങൾ തടയുന്ന കാര്യത്തിൽ ഫലപ്രദമായിട്ട് ഒന്നും ചെയ്യാൻ കഴിയാതെ പോയിരിക്കുകയാണ്. ഗൗരവതരമായിട്ടുള്ള കാര്യമാണ്. രാജ്യത്തിന്റെ ജൈവ സമ്പത്തിൽ നമുക്ക് അഭിമാനിക്കാൻ കഴിയുന്ന പശ്ചാത്തലം ഉണ്ട്. 3.4% ജനസംഖ്യയുള്ള 1.27% വിസ്തൃതിയുള്ള നമ്മുടെ രാജ്യത്താണ് ജൈവവൈവിദ്ധ്യത്തിന്റെ 22% ഉള്ളത്. 22% ജൈവവൈവിദ്ധ്യമുള്ള നമ്മുടെ രാജ്യം ! ആ ജൈവവൈവിദ്ധ്യങ്ങൾ വറ്റി വരണ്ടു കൊണ്ടിരിക്കുകയാണ്. നമ്മുടെ കാടുകൾ കൂടുതൽ കൂടുതൽ ഉഷ്ണ മേഖലകളായിട്ട് മാറിക്കൊണ്ടിരിക്കുകയാണ്. വനം കയ്യേറ്റത്തിന്റെ കണക്കൊന്നും പറയുന്നില്ല 50 വർഷം മുൻപ് ഏതാണ്ട് 75% ഉണ്ടായിരുന്ന കാടിന്റെ വിസ്തൃതി 20%, 25% ത്തോളം ചെന്നു നിൽക്കുകയാണ്. ഈ സ്ഥിതി തുടരുകയാണെങ്കിൽ കാടിന് നാഥനില്ലാത്ത വിധത്തിലുള്ള ഒരു സ്ഥിതി വന്നുചേരും. നമ്മുടെ വനം കയ്യേറ്റക്കാരെ എല്ലാ വിധത്തിലും ശക്തമായ നടപടി ഉപയോഗിച്ച് അമർച്ച ചെയ്യണം. ആ കാര്യം വ്യക്തമായിട്ട് പറയുകയാണ്. പട്ടയം കൊടുക്കുന്ന സമയത്ത് ഫോറസ്റ്റുകാരോട് ചോദിക്കുന്നുണ്ടോ ? ഞാൻ പറയുന്നത് റവന്യൂ വകുപ്പ് പട്ടയം കൊടുക്കുന്ന സമയത്ത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ എൻ.ഒ.സി. ഇല്ലെങ്കിൽ പട്ടയം കൊടുക്കരുത്. ഇങ്ങനെ ഒരു തീരുമാനം നമ്മുടെ നാട്ടിൽ എടുക്കുവാൻ സാധിക്കണം. ചന്ദന കംപനികൾ മുഴുവനും പ്രൈവറ്റ് സെക്ടറുകളിൽ നിന്ന് മാറ്റണം. പ്രൈവറ്റ് സെക്ടർ കമ്പനിക്കാർ സുഗന്ധ ദ്രവ്യം ഉണ്ടാക്കാൻ എന്നു പറഞ്ഞാണ് തുടങ്ങിയതെങ്കിലും പല ക്രമക്കേടുകളും നട ക്കുന്നു. ചന്ദനം കൊണ്ടുവരുന്നതിനാവശ്യമായിട്ടുള്ള കാര്യങ്ങൾ നിങ്ങൾ ചെയ്യേണ്ടതാണ്. അത് ഗൗരവമായിട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഈ കാട്ടു കള്ളൻമാരെ, ചന്ദന മാഫിയ, ഇവർക്ക് വനം അങ്ങ് തീറെഴുതിക്കൊടുത്തിട്ട് നമ്മൾ ഇപ്പുറത്ത് നിൽക്കുകയാണെങ്കിൽ അതു നമ്മുടെ നിലനിൽപ്പിനു തന്നെ വിപരീതമായിട്ട് ബാധിക്കുന്ന തരത്തിലേക്ക് കൂടുതൽ കൂടുതൽ രൂക്ഷമായി ഒരു ഭാവം പ്രാപിച്ചു വരികയാണ് എന്ന കാര്യം നമ്മൾ കണ്ടറിയണം. അതുകൊണ്ട് എനിക്ക് അപേക്ഷിക്കുവാനുള്ളത് വനസംരക്ഷണമെന്നുള്ളത് വർത്തമാനം കൊണ്ടു പറഞ്ഞാൽ പോര. വനസംരക്ഷണത്തിന് നൂതനമായ ടെക്നോളജി ഉപയോഗിക്കണം.ആ ടെക്നോളജിഉപയോഗിച്ച്വനസംരക്ഷണത്തിനാവശ്യമായ കാര്യങ്ങൾ ചെയ്യണം. ഞങ്ങൾ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത് പല റേഞ്ചുകളിലേയും ഉദ്യോഗസ്ഥൻമാരെ അശാസ്ത്രീയമായാണ് അലോട്ട് ചെയ്തിരിക്കുന്നത്. അത് റീ അറേഞ്ച് ചെയ്യണം. വർക്ക് ലോഡ് ഇവാലുവേറ്റ് ചെയ്തിട്ട് ഓരോ സ്ഥലത്തും വർക്ക് ലോഡ് എത്രയെന്ന് നോക്കി അതിനനുസരിച്ച് സ്റ്റാഫ് സ്ട്രെങ്ങത് തിട്ടപ്പെ ടുത്തണം. ഞാൻ മനസ്സിലാക്കിയ മറ്റൊരു കാര്യം മേലെതട്ടിലുള്ള ഉദ്യോഗസ്ഥൻമാരുടെ എണ്ണം വളരെ കൂടുതലാണ് എന്നാണ്. നമ്മുടെ രാജ്യത്തെ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നത് ഒരു വലിയ ഭാരമാണ്. അവ നിങ്ങൾ ഒസെസ് ചെയ്യണം. ഇത്രയധികം ഓഫീസർമാരെ ആവശ്യമുണ്ടോ എന്ന കാര്യം കൂടി പരിശോധിക്കണമെന്നു കൂടി ഇതു സംബന്ധിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. അതുപോലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യക്കാർക്ക് ഭൂമി വിട്ടു കൊടുക്കുന്ന സമയത്ത് കോമ്പൻസേറ്ററി അഫോറസ്റ്റേഷനെപ്പറ്റിയുള്ള വകുപ്പുണ്ട്. ഇത്ര ഭൂമി എടുത്താൽ ഇത്ര ഭൂമി നഷ്ടപരിഹാര വനവൽക്കരണം ചെയ്യണമെന്നുള്ള നിയമം ഉണ്ടെങ്കിൽപ്പോലും ആ നിയമം നമ്മുടെ രാജ്യത്ത് ഫലപ്രദമായി പാലിച്ചിട്ടില്ല. എന്നുള്ള കാര്യവും ഗൗരവമായിട്ട് എടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമുക്ക് ദൈവം നൽകിയ അനുഗ്രഹങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു കണ്ടൽ കാടുകൾ. കണ്ടൽ കാടുകൾ നശിച്ച് വരികയാണ്. കണക്കു പ്രകാരം അടുത്ത കാലം വരെ 700 ചതുരശ്ര കിലോമീറ്റർ കണ്ടൽ കാടുകൾ ആയിരുന്നത് ഇപ്പോൾ 50 ചതുരശ്ര കിലോമീറ്ററേയുള്ളൂ. ഇക്കോളജി നിയന്ത്രിക്കുന്നതിനുവേണ്ടി ദൈവം തമ്പുരാൻ തന്നെ വരദാനമായി തന്നതാണ് ഈ കണ്ടൽ കാടുകൾ. ഞാൻ ഇന്നത്തെ പത്രത്തിൽ വായിച്ചു. കൃഷി വകുപ്പുമന്ത്രി ഈ കാര്യത്തെ സംബന്ധിച്ച് സമഗ്രമായ ഒരു നിയമം തന്നെ കൊണ്ടുവരാൻ ആലോചിക്കുകയാണ് എന്ന്. ഇത് ഉടനെ അംഗീകരിക്കണമെന്ന് ഞാൻ ചൂണ്ടി കാണിക്കുകയാണ്. മറ്റു പലകാര്യങ്ങളും സൂചിപ്പിക്കാനുണ്ടെങ്കിൽപ്പോലും ഒരൊറ്റ കാര്യം മാത്രമേ ഞാൻ പറയുന്നുള്ളൂ നദികളുടേയും കാടിന്റേയും കാര്യമൊക്കെ ഞാനിവിടെ പറഞ്ഞു. മന്ത്രി വളരെ ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. പക്ഷെ ഞാൻ അവരോട് ചോദിക്കട്ടെ, നിങ്ങൾ ഉൽസാഹിച്ച് നദികളെ നന്നാക്കാൻ ശ്രമിക്കുന്നു, കാട് നന്നാക്കാൻ ശ്രമിക്കുന്നു. നിങ്ങളുടെ കാലം കഴിഞ്ഞാലും വേറെ ഗവൺമെന്റുകൾ വന്നാലും കുറച്ചുകാലം കഴിയുമ്പോൾ ഇന്നത്തെ സ്ഥിതിവച്ചുനോക്കുമ്പോൾ നദികൾ ബാക്കിയുണ്ടാകുമോ കാടുകൾ ബാക്കിയുണ്ടാകുമോ എന്ന കാര്യം ഗൗരവമായി ആലോചിക്കണം. നദികൾ മരിക്കുകയാണ്. മനുഷ്യന്റെ ദാഹത്തിനുവേണ്ടി ദൈവം നൽകിയ നദി ഓരോ നിമിഷവും മലിനമായിക്കൊണ്ടിരിക്കുകയാണ്. നദികൾ വറ്റിവരണ്ടുകൊണ്ടിരിക്കുകയാണ്. വളരെ അപകടകരമായ സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. കാട് നശിക്കുന്ന, മണ്ണ് നശിക്കുന്ന സാഹചര്യം ഗൗരവമായി കാണണം. ഒരു വാക്കുകൂടെ പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട ഫോറസ്റ്റ് വകുപ്പുമന്ത്രിയും ഇറിഗേഷൻ വകുപ്പുമന്ത്രിയും എടുക്കേണ്ട പ്രതിജ്ഞ ഭൗമ ഉച്ചകോടിയിൽ ഉയർന്നുവന്ന പ്രതിജ്ഞയാണ്. ജനിറോവോയിൽ ചേർന്ന ഭൗമ ഉച്ചകോടിയിൽ ഒരു പ്രതിജ്ഞയുണ്ടായിരുന്നു. എന്തായിരുന്നു ആ പ്രതിജ്ഞ. ഭൗമ ഉച്ചകോടിയിലെ പ്രതിജ്ഞ ഇപ്രകാരമാണ്. I pledge to act to the best of my ability to help and make the earth a secure hospitable home for present and future generation. അതായിരുന്നു ഭൗമ ഉച്ചകോടിയിലെ പ്രതിജ്ഞ. ആ പ്രമേയം തങ്ങളുടെ കർമ്മവീഥിയിൽ മുദ്രാവാക്യമായിട്ടെടുക്കാൻ ബഹുമാനപ്പെട്ട ഫോറസ്റ്റ് വകുപ്പുമന്ത്രിക്കും, ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രിക്കും സാധിക്കണമെന്ന് ഞാൻ പറയുകയാണ്.

ഡോ. തോമസ് ഐസക് : അങ്ങ് അന്വേഷണം ആവശ്യപ്പെട്ട കേരള ഗവേഷണ പദ്ധതിയുടെ സ്റ്റിയറിംഗ് കമ്മിറ്റി ചെയർമാനാണ് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനായിരുന്ന രാമചന്ദ്രൻ സാർ എന്നറിയാമോ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ പ്ളാനിംഗ് ബോർഡ് വൈസ്ചെയർമാന്റെ ചെയ്തികളെക്കുറിച്ചാണോ നിങ്ങളുടെ സർക്കാർ അന്വേഷിക്കേണ്ടത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഞാൻ പറഞ്ഞത് ഡോ. തോമസ്ഐസക്കിന്റേയോ രാമചന്ദ്രന്റേയോ ചെയ്തികളെക്കുറിച്ച് അന്വേഷിക്കണമെന്നല്ല. ഞാൻ പറയുന്നത് ശാസ്ത്ര സാഹിത്യ പരിഷത്തുപോലെയുള്ള സംഘടനകളുടെ ചെയ്തികളെക്കുറിച്ച് അന്വേഷിക്കണമെന്നാണ്. അത് പറയുമ്പോൾ നിങ്ങൾ എന്തിനാണ് ഹാലിളകുന്നത്. നിങ്ങൾക്ക് എന്തിനാണ് ഭയമുള്ളത്. എൻ.ജി.ഒ.മാർ ആരായാലും തലപ്പത്തുള്ളവരായാലും അവർ എങ്ങനെയാണ് ഡവലപ്മെന്റ് വർക്ക് നടത്തിയത് എന്നതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. ഇത്രയും പറഞ്ഞുകൊണ്ട് രണ്ട് മന്ത്രിമാരുടേയും ധനാഭ്യർത്ഥനകൾക്ക് ഒരിക്കൽക്കൂടി പിന്തുണ അറിയിച്ചുകൊണ്ട് ഞാൻ നിറുത്തുകയാണ്.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ കുടിവെള്ളാവശ്യം നിർവഹിക്കുന്നതിന്, കുടിവെള്ള പ്രശ്നത്തിന്, പരിഹാരം കാണേണ്ട ഏക പൊതുമേഖലാ സ്ഥാപനമാണ് കേരള വാട്ടർ അതോറിറ്റി. 59 ശതമാനം വരുന്ന ഗ്രാമീണ ജനതയുടെ 79 ശതമാനം വരുന്ന നഗരവാസികളും ഉൾപ്പെടെ മൊത്തം ജനസംഖ്യയുടെ ഏതാണ്ട് 63 ശതമാനം ആളുകൾക്ക് ജലഅതോറിറ്റി മുഖേനയാണ് ശുദ്ധജലം എത്തിക്കുന്നത്. ലാഭനഷ്ടം നോക്കി നടത്തേണ്ട ഒരു സ്ഥാപനമല്ല ഇത്. എന്നാൽ നമ്മുടെ അനുഭവം, അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിൽ വേനൽക്കാലത്തും വർഷകാലത്തും മിക്കവാറും പ്രദേശങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമമാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഇങ്ങനെയൊരു അവസരത്തിൽ തീർച്ചയായും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തുകൊണ്ട് പൊതുമേഖലാ സ്ഥാപനമായ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും കൂടുതൽ ആളുകൾക്ക് ശുദ്ധജലം എത്തിക്കുകയും ചെയ്യേണ്ട പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകേണ്ടിയിരുന്നത്. നിർഭാഗ്യവശാൽ കഴിഞ്ഞ രണ്ടു വർഷക്കാലത്തെ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ, തികച്ചും നിരാശാജനകമായിട്ടുള്ള അനുഭവമാണ് ഈ രംഗത്ത് ഉണ്ടായിട്ടുള്ളത്. കേരളത്തിലെ യു.ഡി.എഫ്. അവരുടെ പ്രഖ്യാപിതമായ ലക്ഷ്യം എല്ലാ മേഖലകളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പല മേഖലകളിലും എന്നപോലെ ജല അതോറിറ്റി എന്ന പൊതുമേഖലാ സ്ഥാപനവും സ്വകാര്യവൽക്കരിക്കുന്നതിനുള്ള പരിശ്രമങ്ങൾ ആണ് ഇതിനു നേതൃത്വം നൽകുന്ന മന്ത്രിയുൾപ്പെടെയുള്ള ആളുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം നമ്മുടെ സമ്പത്തായ, നമ്മുടെ വരദാനമായ നദികളും പുഴകളും ഉൾപ്പെടെയുള്ളവ സ്വകാര്യമേഖലയ്ക്ക് കൈമാറുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ആരംഭിച്ചു. പെരിയാർ പദ്ധതി ഉപേക്ഷിക്കപ്പെട്ടത് എല്ലാപേർക്കുമറിയാം. കേരളത്തിൽ ഉയർന്നുവന്ന വമ്പിച്ച ജനരോഷത്തിന്റെ ഫലമായിട്ട്. ആ ഗ്രാമങ്ങളിലെ

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യവൽക്കരണ ശ്രമങ്ങളിൽ നിന്ന് പിന്നോട്ടു പോകുന്നതായി ഇപ്പോൾ മന്ത്രി പ്രഖ്യാപിക്കുന്നുണ്ട്, എങ്കിലും ജലസേചനവകുപ്പുകൾ ഉൾപ്പെടെ ലക്ഷ്യം എന്താണെന്ന് വളരെ വ്യക്തമാണ്. നമ്മുടെ സംസ്ഥാനത്ത് K.R.W.S.A. എന്നു പറയുന്ന സ്ഥാപനം വാട്ടർ അതോറിറ്റിയിൽ പ്രവർത്തിക്കുകയാണ്. ഗ്രാമീണ ജല സമ്പത്ത് നമ്മുടെ ഗ്രാമീണ മേഖലയിൽത്തന്നെ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ഏജൻസി രൂപീകരിക്കപ്പെട്ടത്. ഇവിടെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചൂണ്ടിക്കാണിക്കുകയും ശ്രീ. ഇ. ടി. മുഹമ്മദ്ബഷീർ അതു സംബന്ധിച്ച് മറുപടി പറയുകയും ചെയ്തു. ലോകബാങ്ക് സഹായത്തോടുകൂടിയുള്ള ശുദ്ധജല വിതരണ പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത് കെ. ആർ.ഡബ്ല്യു.എസ്.എ. വഴിയാണ്. ഇതിന്റെ പ്രവർത്തനങ്ങൾ യഥാർത്ഥത്തിൽ ഇപ്പോൾ ലക്കും ലഗാനും ഇല്ലാതെ സർക്കാരിനുപോലും യാതൊരു നിയന്ത്രണവുമില്ലാതെ നടപ്പിലാക്കി വരികയാണ്. തൃശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലായി കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ 400 കോടി രൂപയുടെ ലോകബാങ്ക് പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. ബഹുമാനപ്പെട്ട മന്ത്രി തന്നെ നിയമസഭയിൽ പറഞ്ഞു 95 ജലസേചന പദ്ധതികളുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയെന്ന്. അത് കേൾക്കുമ്പോൾ കേരളം പോലെയുള്ള സംസ്ഥാനത്തെ സംബന്ധിച്ച് 95 ജലസേചനപദ്ധതികൾ പൂർത്തിയാക്കി എന്നു പറയുമ്പോൾ ഒരു വലിയ സംഖ്യയായിതോന്നാം. എന്താണു സംഭവിച്ചത്. 50 മുതൽ 100 വരെ കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യുന്ന ഒരു പദ്ധതിയാണ് അവിടെ നടപ്പിലാക്കിയത്. അതിന്റെ അർത്ഥം 95 പദ്ധതികൾ പൂർത്തിയായി കഴിയുമ്പോൾ 5000 മുതൽ 10,000 വരെ കുടുംബങ്ങൾക്കാണ് പ്രയോജനം ലഭ്യമാകുന്നത്. 95 പദ്ധതികൾക്കുവേണ്ടി 53 1/2 കോടി രൂപ ഇതിനകം ചെലവായതായി വാട്ടർ അതോറിറ്റിയുടെതന്നെ ഉന്നതകേന്ദ്രങ്ങൾ വ്യക്തമാക്കിക്കഴിഞ്ഞു. അതിന്റെ അർത്ഥം ഒരു കുടുംബത്തിന് ശുദ്ധജലം എത്തിക്കുന്നതിന് 53,500 രൂപ ചെലവഴിച്ചുവെന്നാണ്. പതിനായിരം കുടുംബങ്ങളിൽ അയ്യായിരത്തിനും, പതിനായിരത്തിനും താഴെയുള്ളവർക്ക് വേണ്ടി 53 1/2 കോടിരൂപയാണ് ചെലവഴിക്കുന്നത്. കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പദ്ധതികളുടെ സ്ഥിതി എന്താണ്. കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കുന്ന, (പൊതുമേഖലാ സ്ഥാപനം ഏറ്റെടുത്ത് നടപ്പിലാക്കുന്ന) പദ്ധതികൾക്ക് പരമാവധി ചെലവാകുന്ന തുക 2,000 മുതൽ 3,000 വരെയാണ്. ഇപ്പോൾ നടന്നുവരുന്നത് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചൂണ്ടിക്കാണിച്ചതുപോലെ സന്നദ്ധ സംഘടനകളാണ് സംസ്ഥാനത്തിനു പുറത്ത് ഉള്ളവയാണ്. അവർ ഇവിടെ വന്ന് കെ.ആർ.ഡബ്ല്യു.എസ്.എ.യുടെ മറവിൽ വാട്ടർ അതോറിറ്റിയുടെ പേരിൽ വൻ കൊള്ളയാണ് നടത്തുന്നത്. ഇതിനെ സംബന്ധിച്ച് ഗൗരവമായി അന്വേഷിക്കണം. വാട്ടർ അതോറിറ്റി എന്ന പൊതുമേഖലാ സ്ഥാപനം നിലവിലുള്ളപ്പോൾ വളരെ സുതാര്യമായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിവുള്ള സാങ്കേതിക വിദഗ്ദ്ധർ ഉള്ളപ്പോൾ, എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉള്ളപ്പോൾ, 8,000 ജീവനക്കാരുള്ളപ്പോൾ എന്തിനാണ് ഇങ്ങനെ ഒരു ഏജൻസി. ഇത് വേണമോ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടയോ എന്നുള്ള കാര്യം ഗൗരവമായി അന്വേഷിക്കണം. അതുപോലെ നടന്ന പദ്ധതികളെ സംബന്ധിച്ച് ഗൗരവമായി കേരളത്തിലെ എല്ലാ വർത്തമാനപത്രങ്ങളിലും എഴുതിയിരിക്കുകയാണ്. ജലനിധി പദ്ധതിയിൽ വൻ അഴിമതി, വൻ ക്രമക്കേട് മാതൃഭൂമി, മനോരമ, കേരള കൗമുദി, മാധ്യമം തുടങ്ങിയ പത്രങ്ങൾ എഴുതിയാൽ എന്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതുസംബന്ധിച്ച് അന്വേഷിക്കാൻ തയ്യാറാകുന്നില്ല. ഇതൊന്നും ഒരു പ്രശ്നമല്ല എന്ന മട്ടിലുള്ള മന്ത്രിയുടെ നിലപാട് തികച്ചും തെറ്റാണ്. കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി കേന്ദ്രാവിഷ്കൃതപദ്ധതിയായ സ്വജൽധാരാ പദ്ധതി നമ്മുടെ സംസ്ഥാനം നടപ്പാക്കിവരികയാണ്. 10-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ആ പദ്ധതി എത്തണമെന്നുള്ള ലക്ഷ്യം എന്നൊക്കെ മന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്. എന്താണ് സ്വജൽധാരാ പദ്ധതി. ഇവിടെ മുമ്പ് ചർച്ചയിൽ പങ്കെടുത്തവർ പറഞ്ഞു, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏറ്റെടുക്കുന്നതിൽ വാട്ടർ അതോറിറ്റി വലിയ താൽപ്പര്യം കാണിക്കുന്നില്ലായെന്ന്. തീവ്ര ശുദ്ധജല വിതരണ പദ്ധതിക്ക് 30 കോടിരൂപ കേരളത്തിന് അനുവദിച്ചത് നഷ്ടമാണെന്ന് കേന്ദ്ര മന്ത്രിമാർ തന്നെ ഇവിടെ വെളിപ്പെടുത്തുകയുണ്ടായി. സ്വജൽധാരാ പദ്ധതിയിൽ 90 ശതമാനം ഗ്രാന്റാണ്. ലോകബാങ്കിന്റെ പദ്ധതിക്ക് 75 ശതമാനം വായ്പയാണ്. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന സ്വജൽധാരാ പദ്ധതി 90 ശതമാനം ഗ്രാന്റായി നിലനിൽക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ചോദിക്കാനുള്ളത് എന്തുകൊണ്ട് ഈ പദ്ധതികൾക്ക് 10 ശതമാനം ഗവൺമെന്റ് വിഹിതം നൽകുന്നില്ല. 15 ശതമാനം ഗുണഭോക്തൃ വിഹിതമാണ്. എന്തുകൊണ്ടാണ് 90 ശതമാനം സൗജന്യമായി പണം ലഭിക്കുന്ന കേന്ദ്ര പദ്ധതിക്ക് 10 ശതമാനം ഗവൺമെന്റിന്റെ വിഹിതംകൂടി ഉൾപ്പെടുത്താത്തത്. അതിനു തടസ്സമായി നിൽക്കുന്നത് ഗുണഭോക്തൃ വിഹിതമാണ്. ഗവൺമെന്റ് വിഹിതംകൂടി നൽകിക്കൊണ്ട് ജപ്പാൻ കുടിവെള്ള പദ്ധതിയെ സംബന്ധിച്ച് ഇവിടെ പറയുന്നു. കൺസൾട്ടൻസി നിയമനത്തെ സംബന്ധിച്ചൊന്നും ഞാൻ പറയുന്നില്ല. തിരുവനന്തപുരത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ പോകുന്ന പദ്ധതിയുടെ ഉറവിടം എന്റെ നിയോജകമണ്ഡലത്തിലെ അരുവിക്കരയാണ്. 1,785 കോടി രൂപയുടെ പദ്ധതിയിൽ 215 കോടി രൂപ ചെലവഴിക്കാൻ പോകുന്നത് തിരുവനന്തപുരത്താണ്, നല്ലതുതന്നെ.

പക്ഷെ എന്താണ് നടക്കുന്നത് ? അരിവിക്കരയിൽനിന്ന് 210 ദശലക്ഷം ലിറ്റർ വെള്ളം തിരുവനന്തപുരത്തിനുവേണ്ടി ഈ പദ്ധതിവഴി നൽകുകയാണ്. 1999-ൽ പുന:സംഘടിപ്പിച്ചതാണ്. അന്ന് 85 ദശലക്ഷം ലിറ്റർ ജലം ഉൽപ്പാദിപ്പിക്കുന്ന ഒരു പദ്ധതിക്കാണ് രൂപം നൽകിയത്. അന്ന് കേരളാ വാട്ടർ അതോറിറ്റിക്ക് ആകെ ചെലവായത് 36 കോടിരൂപ മാത്രമാണ്. ഇപ്പോൾ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി 42 ദശലക്ഷം ലിറ്റർ വെള്ളം അധികമായി ലഭിക്കും. അതിന് ചെലവഴിക്കുവാൻ പോകുന്ന തുക എത്രയാണെന്ന് അറിയാമോ? 215 കോടി രൂപ. ഇതാണ് കൺസൾട്ടൻസിയെ സംബന്ധിച്ചും

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിയെ സംബന്ധിച്ചും ആളുകൾക്ക് വലിയ സംശയം ഉയർന്നുവന്നത്. 85 ദശലക്ഷം ലിറ്റർ വെള്ളം ഉൽപ്പാദിപ്പിക്കുവാൻ അന്ന് 36 കോടി രൂപ ചെലവിട്ടപ്പോൾ 5 വർഷം കഴിയുമ്പോൾ 20 ശതമാനം വർദ്ധനവിന് 216 കോടി രൂപ ചെലവാക്കുവാൻപോകുന്നത് വളരെ ഗൗരവമായി പരിശോധിക്കണം. ഞാൻ ഒരുകാര്യം പറഞ്ഞ് അവസാനിപ്പിക്കാം. കേരള വാട്ടർ അതോറിറ്റി എ.ഡി.ബി.യുടെ നിർദ്ദേശപ്രകാരം ഒരു എം.ഒ.യു. ഒപ്പിടാൻ പോവുകയാണ്. അതു സംബന്ധിച്ച ചർച്ചകൾ ഗൗരവമായി നടക്കുകയാണ്. എന്താണ് എം.ഒ.യു. ? എ.ഡി.ബി.യുടെ നിർദ്ദേശം എന്താണ് ? 8000 ജീവനക്കാർ അവിടെ അധികമാണ്, ജീവനക്കാരുടെ എണ്ണം ഗണ്യമായി വെട്ടിക്കുറയ്ക്കണം, പുതിയ ഓഫീസുകൾ തുറക്കുവാൻ പാടില്ല എന്നൊക്കെയാണ്. എന്താണ് അതിന്റെ അർത്ഥം? വാട്ടർ അതോറിറ്റി എന്ന് കേരളത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടി കാണുന്ന പൊതുമേഖലാ സ്ഥാപനത്തെ ഘട്ടംഘട്ടമായി ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള കരാറിലാണ് നിങ്ങൾ ഒപ്പിടാൻ പോകുന്നത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത്, അത്യന്തം ഗൗരവമായ ഈ വിഷയം കേരള നിയമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കിയല്ലാതെ ഇത്തരത്തിൽ ഒരു കരാറിൽ ഒപ്പിടുന്നതിന് ഗവൺമെന്റ് തയ്യാറാകരുത്. എന്റെ മണ്ഡലത്തിലെ ഒരു കാര്യം പറയുവാനുള്ളത്, തലസ്ഥാനത്ത് വെള്ളം നൽകുന്നത് അരിവിക്കരയിൽ നിന്നാണ്. എന്റെ മണ്ഡലത്തിലെ മിക്കവാറും സ്ഥലങ്ങളിൽ കുടിവെള്ളം കിട്ടുന്നില്ല. രണ്ടു പദ്ധതികൾ മുടങ്ങിക്കിടക്കുകയാണ്. അതിൽ ഒരു പദ്ധതി തുടങ്ങിയിട്ട് നാലഞ്ച് വർഷമായി. വെമ്പായം, പനവൂർ, പുന്നമ്പാറ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പദ്ധതി സ്തംഭിച്ചിരിക്കുകയാണ്. കരകുളത്തെ റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനങ്ങൾ, ഇൻവെസ്റ്റിഗേഷൻ മൂന്നുവർഷമായിട്ട് പൂർത്തിയായിട്ടില്ല. ആ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പ്രഗൽഭന്മാരായ രണ്ടു മന്ത്രിമാരായ ജലസേചന വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബും വനം വകുപ്പുമന്ത്രി ശ്രീ. കെ. സുധാകരനും അവതരിപ്പിച്ച ഈ ഡിമാന്റുകളെ ഞാൻ അനുകൂലിക്കുകയാണ് നമ്മുടെ സംസ്ഥാനം വെള്ളത്തിന്റെ കാര്യത്തിൽ വളരെ സുലഭമായ ഒരു സംസ്ഥാനമാണ് എന്നുള്ള ഒരു ധാരണയുണ്ട്. നമ്മുടെ സംസ്ഥാനത്ത് 44 നദികളാണുള്ളത്. ഈ 44 നദികളിൽ ഏഴ് നദികൾ എന്റെ നിയോജകമണ്ഡലത്തിൽക്കൂടിയാണ് ഒഴുകുന്നത്. ഈ 44 നദികൾ കേവലം സാങ്കേതികം മാത്രമാണ്. ഒരു നദി 15 കിലോമീറ്ററിൽ കൂടുതൽ ഒഴുകിയാൽ അത് സാങ്കേതികമായും നദിയാകും. അങ്ങനെയാണ് നമ്മുടെ സംസ്ഥാനത്ത് 44 നദികളുണ്ട് എന്നുപറയുന്നത്. ഏകദേശം ചുവടുകൾക്ക് തുല്യമാണ് ഈ 44 നദികളിൽ പല നദികളും. നർമ്മദ നദിയുടേയോ, കാവേരി നദിയുടേയോ വെള്ളംപോലും ഈ 44 നദികൾ കൂടിയാൽ കേരളത്തിൽ ഇന്ന് ലഭ്യമല്ല എന്നതാണ് വസ്തുത. ആ സാങ്കേതികം മാത്രം നിൽക്കുന്ന ഒരു സ്ഥിതിയാണ്

LIBRARY ARCHIVES Kerala Legislative Assembly

44 നദികൾ. നമ്മുടെ സംസ്ഥാനത്ത് വെള്ളത്തിന്റെ ഉപഭോഗത്തെക്കുറിച്ച് പറഞ്ഞാൽ വളരെ പ്രയാസമാണ്. ബീഹാറിന്റെ താഴെയുള്ള ഒരു സംസ്ഥാനമാണ് കേരളം. കുടിവെള്ളത്തിന്റെ കാര്യത്തിൽ അടുത്തകാലത്ത് കുറേയൊക്കെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽതന്നെ 1994-ലെ ഇൻഡ്യാ ഗവൺമെന്റിന്റെ സ്റ്റഡി പരിശോധിച്ചാൽ Access to drinking water ഏറ്റവും bottom ആയ സംസ്ഥാനമാണ് കേരളം. പക്ഷെ അതിൽനിന്നും കുറേയൊക്കെ വ്യത്യാസങ്ങൾ വരുത്താൻ സാധിച്ചു. ബഹുമാന്യനായ ജലസേചന വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബിന്റെ കഴിഞ്ഞ ഭരണ കാലത്തും അതിനേക്കാൾ കൂടുതൽ ഈ ഭരണ കാലത്തും കുറേ കാര്യങ്ങൾ ചെയ്യാൻ സാധിച്ചതുകൊണ്ട് കുറേയൊക്കെ പുരോഗതി ഉണ്ടായിട്ടുണ്ട് എന്നുള്ളത് ഞാൻ സമ്മതിക്കുന്നു. ഇതാണ് യഥാർത്ഥത്തിൽ കേരളത്തിലെ വെള്ളത്തിന്റെ സ്ഥിതി എന്നു മാത്രം ഞാൻ പറയട്ടെ. ഈ സംസ്ഥാനത്ത് ഒരു വർഷം 3000 എം.എം. മഴ ഉണ്ടാകുന്നുണ്ട്. ആ 3000 എം.എം. മഴ നമ്മുടെ സംസ്ഥാനത്ത് ലഭ്യമാണെങ്കിൽത്തന്നെ ഇൻഡ്യയുടെ ആവറേജ് എന്നുപറയുന്നത് 1100 എം.എം. ആണ്. ആ മഴവെള്ളം വേണ്ടപോലെ ഉപയോഗിക്കുവാൻ നമുക്ക് സാധിക്കുന്നില്ല. അതിൽ 40 ശതമാനത്തോളം വെള്ളം ഫ്ളഡ്ഡാണ്. നഷ്ടപ്പെടുകയാണ്. അത് നമുക്ക് വളരെയേറെ പ്രയാസങ്ങൾ ഉണ്ടാക്കുകയാണ്. ഈ വെള്ളം സംഭരിക്കുവാനുള്ള ഒരു പദ്ധതിയെക്കുറിച്ച് നമുക്ക് ഇന്നുവരെ ആലോചിക്കുവാൻ സാധിച്ചില്ല. ഇക്കൊല്ലം നമ്മെ സംബന്ധിച്ച് വളരെ പ്രയാസങ്ങൾ ഉണ്ടായ വർഷമാണ്. ജലസേചനംപോയി, കുടിവെള്ളംപോലും ലഭിക്കുവാൻ പ്രയാസമായ സാഹചര്യമാണ് ഈ സംസ്ഥാനത്ത് കണ്ടത്, എന്റെ നിയോജക മണ്ഡലത്തിൽ ലോറിയിൽ വെള്ളംകൊണ്ടുകൊടുക്കുന്ന ഒരു കാലം ഉണ്ടായിട്ടില്ല. ഈ വർഷം അത് ചുങ്കത്തറ പഞ്ചായത്തിൽ വേണ്ടിവന്നു. ആ പഞ്ചായത്തിൽക്കൂടി 3 നദികൾ ഒഴുകുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിന്റെ സ്ഥിതി എന്താണ്? ഏറ്റവുമധികം പ്രയാസം നമുക്ക് ഈ വർഷം ഉണ്ടായിട്ടുണ്ട് ശരാശരി ഒരു വർഷം വെള്ളത്തിന്റെ ലഭ്യത നമ്മുടെ സംസ്ഥാനത്ത് 7030 ക്യൂ.എം. ആണ്. ഈ 7030 ക്യൂ.എം. വെള്ളത്തിന്റെ ലഭ്യത നമ്മുടെ സംസ്ഥാനത്ത് ഉണ്ടെങ്കിൽതന്നെ നമ്മുടെ ഉപഭോഗം എന്നുപറയുന്നത് 4200 ക്യൂ.എം. ആണ്. ഈ 4200 ക്യൂ.എം. വെള്ളമാണ് നമുക്ക് ഉപഭോഗത്തിനുവേണ്ടി ലഭിക്കുന്നത്. നമുക്ക് ഒരു വർഷം ജലസേചനത്തിനുവേണ്ടി മാത്രം 3000 ക്യൂ.എം. വെള്ളം വേണം. 750 ക്യൂ.എം.വെള്ളം നമുക്ക് ഒരുവർഷം ഡൊമസ്റ്റിക് പർപ്പസിന് ആവശ്യമാണ്. 1220 ക്യൂ. എം. വെള്ളം നമുക്ക് ഉപ്പ് തടയുന്നതിന് നമ്മുടെ സംസ്ഥാനത്ത് ആവശ്യമാണ്. അങ്ങനെ 4970 ക്യൂ.എം. വെള്ളം ഈ സംസ്ഥാനത്തിന് ആവശ്യമുള്ളപ്പോൾ നമുക്ക് ലഭിക്കുന്നത് 4200 ക്യൂ.എം. വെള്ളം മാത്രമാണ്. ഈ 770 ക്യൂ.എം. കമ്മി നമ്മുടെ സംസ്ഥാനത്തുണ്ട്. ഈ 770 ക്യൂ.എം. വെള്ളം നമുക്ക് എങ്ങനെ നികത്താൻ സാധിക്കുമെന്നാണ് പരിശോധിക്കേണ്ടത്. മഴവെള്ളം നമുക്ക് തടഞ്ഞു നിർത്താൻ സാധിക്കണം. മഴവെള്ളം തടഞ്ഞുനിർത്താനുള്ള പരിപാടികളെക്കുറിച്ച് നാം ആലോചിക്കണം. ലോകത്തിലെ ഏറ്റവും മഴ കുറഞ്ഞ ഒരു രാജ്യമാണ് ഇസ്രയേൽ.

LIBRARY ARCHIVES Kerala Legislative Assembly

ഇസ്രയേലിലുള്ള വാട്ടർ മാനേജുമെന്റ് ലോകത്ത് എവിടെയും കാണാൻ സാധിക്കില്ല. മഴവെള്ളം തടഞ്ഞുനിർത്തി ഗവൺമെന്റ് ആണെങ്കിലും ലോക്കൽ ബോഡീസ് ആണെങ്കിലും വ്യക്തികളാണെങ്കിലും അത് പൂർണ്ണമായും കുടിവെള്ളത്തിന് ഉപയോഗിക്കുന്നു. ബാക്കിയുള്ളത് ഡൊമസ്റ്റിക് പർപ്പസിന് ഉപയോഗിക്കുന്നു. ജലസേചനത്തിന് ഉപയോഗിക്കുന്നു. ആ ഒരു ചിന്താഗതിയിലേക്ക് നമ്മുടെ ജനങ്ങളെ കൊണ്ടുവരാൻ നമുക്ക് സാധിക്കണം. ഇപ്പോൾ നമ്മുടെ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന ജലധാര പദ്ധതി കുറേക്കൂടി പ്രയോജനകരമാണ് എന്നാണ് എന്റെ പക്ഷം. ജനങ്ങളെ പങ്കാളികളാക്കി മാറ്റുന്നു. അവർക്ക് ഒരു കുടുംബത്തിന്, ഒരുകൂട്ടം ജനങ്ങൾക്ക് ഇരുപതോളം ഫാമിലികൾക്ക് ആവശ്യമുള്ള ജലം അവർതന്നെ ഉണ്ടാക്കുന്നു. അതിനുവേണ്ട സഹായം സർക്കാർ നൽകുന്നു. 16 ശതമാനത്തോളം ആ ബെനഫിഷ്യറീസ് കൊടുക്കുന്നു. ഏഴര ശതമാനത്തോളം അവരുടെ തന്നെ അദ്ധ്വാനംകൊണ്ട്, ജനങ്ങളെക്കൂടി പങ്കാളികളാക്കികൊണ്ടുള്ള ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പാക്കി കഴിഞ്ഞാൽ അതിന് പൂർണ്ണ പ്രയോജനം ഉണ്ടാകുമെന്നാണ് എന്റെ അഭിപ്രായം. ആ നിലയിൽ ശ്രീ. ടി. എം. ജേക്കബ് നടപ്പാക്കുന്ന ജലധാര പദ്ധതി ഏറ്റവും പ്രയോജനകരമാണ് എന്നാണ് പറയുവാനുള്ളത്. നമ്മുടെ ഇറിഗേഷൻ പ്രോജക്ടുകളെ സംബന്ധിച്ച് ജനപങ്കാളിത്തമാണ് ആവശ്യം. നമുക്ക് കാണാൻ സാധിക്കാത്തത് പാർട്ടിസിപ്പേറ്ററി മാനേജുമെന്റ്, അത് ലോകത്ത് പല രാജ്യങ്ങളിലും നടക്കുന്നു. ഇൻഡോനേഷ്യ, മെക്സിക്കോ, ഫിലിപ്പൈൻസ്, തായ്ലാന്റ്, തുർക്കി നമ്മുടെ അടുത്ത സിലോൺ പോലും നടപ്പാക്കുന്നു. അതിന് ജനങ്ങൾ പങ്കാളികളാകുന്നു. അതിൽ ബെനഫിഷ്യറീസിനെ പങ്കാളികളാക്കുന്നു. അതിന്റെ ബാക്കിയുള്ള കാര്യങ്ങൾ റിപ്പയർ ചെയ്യൽ,. അതിന്റെ മാനേജുമെന്റ് അവർ തന്നെ ഏൽക്കുന്നു. അത് ഇൻഡ്യയിൽതന്നെ പല സംസ്ഥാനങ്ങളും പരീക്ഷിക്കുന്നു. ആന്ധ്രാപ്രദേശ്, ഗുജറാത്ത് ഇവിടെയൊക്കെ പാലിക്കുന്നു. അതിന്റെ പൈലറ്റ് പ്രോജക്ട് എടുത്തിരിക്കുന്നു. ഞാൻ ബഹുമാന്യനായ ജലസേചന വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്.

ഇവിടെ മലമ്പുഴയ്ക്കും നെയ്യാറിനും വേണ്ടി പൈലറ്റ് പ്രോജക്ട് എടുത്തു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ജനങ്ങളെ പങ്കാളികളാക്കാൻ ഏറ്റവും ആവശ്യമുള്ള കാര്യമാണ്. ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ഈ കാര്യങ്ങൾ നടപ്പാക്കാൻ സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. കുടിവെള്ളത്തിനെക്കുറിച്ച് ഒരുകാര്യം എനിക്കു പറയാനുള്ളത്, നമ്മുടെ സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയാണ് കാര്യമായി ഇവിടെ ചെയ്യുന്നത്. വാട്ടർ അതോറിറ്റിക്ക് ഒരു കൊല്ലം 71 കോടി രൂപയാണ് നഷ്ടം വരുന്നത്. അവരുടെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് എന്നു പറയുന്നത് 150 കോടി രൂപയാണ്. പവറിനുവേണ്ടിമാത്രം അവർ 72 കോടിയോളം രൂപ ഒരുവർഷം ചെലവിടുന്നു. എന്നുമാത്രമല്ല, ആകെ 8.5 ലക്ഷമാണ് ഇതിന്റെ കൺസ്യൂമേഴ്സ്. ആ 8.5

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷത്തിൽ 7.9 ലക്ഷം ഡൊമസ്റ്റിക്കാണ്. ഡൊമസ്റ്റിക് കൺസ്യൂമേഴ്സാണ് ഏറ്റവുമധികമുള്ളത്. നോൺ ഡൊമസ്റ്റിക്കിൽ ഇൻഡസ്ട്രീസ് 60,000-ത്തോളം മാത്രമാണ്. ഇതിൽ 10 മുതൽ 30 വരെ കിലോലിറ്റർ, (1000 ലിറ്ററാണ് ഒരു കിലോലിറ്റർ,) ഉപയോഗിക്കുന്നത് 22.9% ആണ്. 30 മുതൽ 50 വരെ 11.1 % ആണ്. 50-നുമീതെ 3.7% മാത്രമേയുള്ളൂ. അതിനുവേണ്ടി മീറ്റർ റീഡിംഗ് പോലുള്ള എസ്റ്റാബ്ലിഷ്മെന്റൊക്കെ കുറയ്ക്കണം. എന്റെ അഭിപ്രായത്തിൽ മീറ്റർ റീഡിംഗ് തന്നെ 50 കിലോ ലിറ്റർ വരെയുള്ളത് ഒഴിവാക്കുകയാണെങ്കിൽ വലിയ ലാഭത്തിലേക്ക് ഈ പറയുന്ന വാട്ടർ അതോറിറ്റി പോകും. എന്റെ അഭിപ്രായത്തിൽ നോമിനലായി വേണമെങ്കിൽ ഒരു 40 കിലോ ലിറ്ററിനുതാഴെ വേണ്ടെന്നു വച്ചാൽ അത് ലാഭമാണ്. അതിനേക്കാൾ ഉയർന്ന ആളുകൾക്ക് കുറച്ചു കൂട്ടിവയ്ക്കാം. ഒരു മീറ്റർ റീഡിംഗ് എടുക്കാനുള്ള ചെലവ് 16 മുതൽ 20 രൂപവരെയാണെന്നുള്ള കാര്യം മനസ്സിലാക്കണം. ഒരു വീട്ടിൽ ഒരു മീറ്റർ റീഡ് ചെയ്യാനുള്ള കണക്കാണിത്. അതിന് വാട്ടറിന്റെ ചാർജ് കിട്ടുന്നില്ല. മിനിമം 22 രൂപയാണെങ്കിൽത്തന്നെ പകുതിയിലധികം ആളുകൾ കൊടുക്കുന്നില്ല. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ഇനി ഫ്രീയാകുന്നതുകൊണ്ട് ഒരു ദോഷമുണ്ട്, എല്ലാം ഫ്രീ എന്നുള്ള ഒരു ചിന്താഗതി വളരുകയാണ്. 5 രൂപയോ 10 രൂപയോ ഒക്കെ ചുമത്തിയിട്ട് കോമ്പൗണ്ട് ചെയ്യട്ടെ, ഇത് ലാഭകരമായി നടത്താൻ സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. ഇനി കുടിവെള്ളത്തിനെക്കുറിച്ച് ഒന്നുരണ്ടു കാര്യങ്ങൾ പറയാനുണ്ട്. ആ ഭാഗത്തുനിന്നും എന്നും പറയുന്ന ആക്ഷേപം എന്താണ് ? ഇന്നും പറയുന്ന ആക്ഷേപം എന്താണ് ? എല്ലാം സ്വകാര്യ മേഖലയ്ക്ക്, എല്ലാം സ്വകാര്യവൽക്കരിക്കുന്നു എന്നാണ്. ഒരുകാര്യം ഞാൻ പറയുന്നു, ഒരു കാരണവശാലും കുടിവെള്ള പദ്ധതി സ്വകാര്യ മേഖലയെ ഏല്പിക്കാൻ പാടില്ല. അതെന്റെ വ്യക്തമായ അഭിപ്രായമാണ്, എന്റെ പാർട്ടിയുടെ അഭിപ്രായമാണ്, അതിൽ യാതൊരു സംശയവുംവേണ്ട. പക്ഷേ എല്ലാം പറയുന്ന നിങ്ങൾ എന്താണ് ചെയ്യുന്നത് ? 2002 നവംബറിൽ ശ്രീ. വീരേന്ദ്ര കുമാറിന്റെ മാതൃഭൂമി ദിനപത്രത്തിൽ വന്നത് ഞാൻ വായിക്കാം, 'പശ്ചിമബംഗാളിൽ ജലവിതരണം സ്വകാര്യമേഖലയിൽ, പശ്ചിമ ബംഗാളിലെ ജലവിതരണവും സ്വകാര്യവൽക്കരിക്കുന്നു. നഗരപ്രദേശങ്ങളിലെ വിവിധ ജല പദ്ധതികളുടെ നടത്തിപ്പും അറ്റകുറ്റപ്പണിയും സ്വകാര്യ മേഖലയ്ക്ക് കൈമാറുമെന്ന് നഗര വികസന വകുപ്പുമന്ത്രി അശോക് ഭട്ടാചാര്യ അറിയിച്ചു. ഇതിന്റെ ആദ്യഘട്ടമെന്നുള്ള നിലയിൽ സാൾട്ട് ലേക്ക് ടൗൺഷിപ്പിലെ ചില വാർഡുകളിൽ വാട്ടർ മീറ്റർ സ്ഥാപിക്കുന്നതിനുള്ള രണ്ടുകോടി രൂപയുടെ ഒരു പദ്ധതി ഫ്രഞ്ച് കമ്പനിക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ജലവിതരണ പദ്ധതി നടപ്പാക്കൽ, അറ്റകുറ്റപ്പണി, വെള്ളക്കരം പിരിക്കൽ എന്നിവ ഏറ്റെടുക്കാൻ തങ്ങൾക്ക് താല്പര്യമുണ്ടെന്ന് ഫ്രഞ്ച് എമ്പസ്സി പ്രതിനിധി അറിയിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.' ഇത് പശ്ചിമ ബംഗാളിലെ സ്ഥിതിയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കു പറയാനുള്ളത് നമ്മുടെ അറ്റകുറ്റപ്പണി തീരുമാനിക്കുന്നതിനോ നമ്മുടെ കരം പിരിക്കുന്നതിനോ നമ്മുടെ വിതരണത്തിനോ യാതൊരു കാരണവശാലും ബംഗാളിലെ സാൾട്ട്

LIBRARY ARCHIVES Kerala Legislative Assembly

ലേക്ക് സിറ്റിയിൽ ചെയ്തതുപോലെ ചെയ്യരുതെന്നാണ്. കൂടിവെള്ളം ഇതുപോലുള്ള മൾട്ടി നാഷൻസിനു കൊടുത്താൽ, അവരുടെ മൊണോപ്പൊളിയാക്കിക്കഴിഞ്ഞാൽ ഈ നാട്ടിലുള്ള സാധാരണ ജനങ്ങൾ നാളെ പ്രയാസമനുഭവിക്കുമെന്നുള്ളത് ഉറപ്പണ്. ഇത് ബംഗാളിൽ ചെയ്യുന്നു, അതിന് ഇവർക്ക് എതിർപ്പില്ല. എന്നാൽ ഞങ്ങളിതു ചെയ്തില്ല. ഏതെങ്കിലും കാലത്ത് നിങ്ങൾ മാറി വന്നാൽ ഇത് ചെയ്യരുതെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അത്രയേ എനിക്ക് പറയാനുള്ളൂ. ഇവർ അംഗീകരിക്കുന്ന രാജ്യമാണല്ലോ ചൈന ? This is "NEWS FROM CHINA" .....(ബഹളം).....ഞാൻ അതിന്റെ വരിക്കാരനാണ്. ചൈനയിലെ എമ്പസ്സി പ്രസിദ്ധപ്പെടുത്തുന്നതാണ് ഇത്. fortnightly ആണ്. ഇത് ആഗസ്റ്റ് 16-ാം തീയതിയിലുള്ള ലക്കമാണ്. അതിൽ 15-ാമത്തെ പേജിൽ പറയുന്നത് ഞാൻ വായിക്കാം. On May 24, the French General Water Co. acquired 50 percent of equity transferred by the Pudong Tap Water Co. Ltd. in Shanghai, marking the opening of China's urban water supply service to foreign investors. This also indicates that merging by foreign capital has extended from merchandise and automobile sectors to public utilities. ഞാൻ ഒരു കാര്യം പറയുന്നു, ചൈനയിലെ പ്രധാനപ്പെട്ട പ്രോവിൻസാണ് ഷാങ്കോയ്. അവിടെ ഞാനും ശ്രീ. കോടിയേരി ബാലകൃഷ്ണനും പോയതാണ്. അവിടെയാണ് മൾട്ടി നാഷൻസിന്റെ വ്യവസായം നടക്കുന്ന പുഡോംഗ് എന്നു പറയുന്ന സ്ഥലം. അവിടത്തെ വാട്ടർ സപ്ലൈ 50% ജപ്പാൻ കമ്പനിയെ ഏല്പിച്ചു. എനിക്ക് അറിയേണ്ടത് വെസ്റ്റ് ബംഗാൾ ഏല്പിച്ചത് ജർമ്മൻ കമ്പനിയെ തന്നെയാണ്, രണ്ടും ഒരു കമ്പനിയാണോ എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഞാൻ ഒന്നേ പറയുന്നുള്ളൂ, നിങ്ങളുടെ നിലപാട് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇല്ല. ഒരുകാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. നമ്മുടെ ജലസേചന പദ്ധതികളെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. ജലസേചന പദ്ധതികളെക്കുറിച്ചു പറയുമ്പോൾ ഒരു കാര്യം നാം കാണേണ്ടത് നമ്മുടെ സംസ്ഥാനത്താകെ ഒന്നാം പദ്ധതി മുതൽ 9-ാം പദ്ധതിവരെ ജലസേചനത്തിനുവേണ്ടി ചെലവിട്ടത് 3,097 കോടി രൂപയാണ്. അതിൽ മേജർ, മീഡിയം ഇറിഗേഷനുവേണ്ടി ചെലവിട്ടത് 2,119 കോടി രൂപയാണ്, 68%. മൈനർ ഇറിഗേഷനുവേണ്ടി ചെലവിട്ടത് 978 കോടി രൂപയാണ്. മേജർ ആൻഡ് മീഡിയം ഇറിഗേഷന്റെ ആയക്കെട്ട് ഏരിയ 1.45 ലക്ഷം രൂപയാണ്. മൈനർ ഇറിഗേഷൻ 2.07 ആണ്. ഇതിൽ ഏറ്റവും ചുരുങ്ങിയ സംഖ്യ ചെലവിട്ടത് മൈനർ ഇറിഗേഷനുവേണ്ടിയാണ്. ഏറ്റവും കൂടുതൽ ആയക്കെട്ടു വന്നത് മൈനർ ഇറിഗേഷനിലാണ്. മൈനർ ഇറിഗേഷൻ നടപ്പിലാക്കിയില്ലെങ്കിൽ ഈ സംസ്ഥാനം തകരും. ഈ ബഡ്ജറ്റിൽ ഒരു നയാ പൈസ പോലും അതിനുവേണ്ടി നീക്കി വച്ചിട്ടില്ല. ഞാൻ ധനകാര്യവകുപ്പുമന്ത്രിയെ കുറ്റം പറയുന്നില്ല. എൽ. ഡി. എഫ്. ന്റെ ഭരണകാലത്ത് മൈനർ ഇറിഗേഷൻ വർക്ക്സ് കംപ്ലീറ്റ് ലോക്കൽ അതോറിറ്റിക്കു കൊടുത്തു. അതുകൊണ്ട് ഒന്നും നടക്കുന്നില്ല. ഒരൊറ്റ ഡിസ്ട്രിക്ട് റോഡുപോലും ഈ സംസ്ഥാനത്തുണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുന്നുണ്ടോ ? ഒരു ഹൈസ്കൂൾ ഉണ്ടാക്കാൻ സാധിക്കുന്നുണ്ടോ, അതുപോലെ മൈനർ ഇറിഗേഷൻ വർക്ക്സൊന്നുമില്ലാത്ത സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയാണ്. Decentralisation of planning അതു പൂർണ്ണമായും ഞാൻ അംഗീകരിക്കുന്നു. ഗവൺമെന്റ് ചെയ്തത് മുഴുവൻ തിരിച്ചെടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്. തിരിച്ചെടുത്ത് മൈനർ ഇറിഗേഷൻ വർക്ക്, ഗവൺമെന്റ് ചെയ്തത്, അതിന്റെ മാനേജുമെന്റും മെയിന്റനൻസും പഞ്ചായത്തുകളെ ഏല്പിക്കണം. അഞ്ചു ലക്ഷം രൂപ കിട്ടിയാൽ 10 മെമ്പർമാർ 50,000 രൂപ വീതം വച്ചു പിരിച്ചെടുക്കും അതിന്റെ ഫലമായി ഒരു പദ്ധതിയും നടക്കാത്ത സ്ഥിതിയാണ് ഈ സംസ്ഥാനത്തുള്ളത് ജപ്പാൻകുടി വെള്ള പദ്ധതിയെക്കുറിച്ചു ഇവിടെ പറഞ്ഞു. ഞാൻ ശ്രീ. രാമകൃഷ്ണപിള്ള മന്ത്രിയായിരിക്കുമ്പോൾ ഈ സഭയിൽ പറഞ്ഞതാണ്. ഒരു കൺസൾട്ടൻസിയെ വച്ചു ഇതു ചെയ്യണമെന്ന്. അഞ്ചു കൊല്ലം ഭരിച്ചിട്ടും ഒരു കൺസൾട്ടൻസിയെ നിയമിക്കാൻ കഴിയാത്തവരാണ് ഞങ്ങളെ കുറ്റം പറയുന്നത്. എനിക്ക് ഒന്നു മാത്രമേ പറയാനുള്ളൂ, 45 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം കിട്ടുന്ന ഒരു പദ്ധതി എന്തു എതിർപ്പുകൾ ഉണ്ടെങ്കിലും ആ പദ്ധതി ഇവിടെ നടപ്പാക്കിയേ പറ്റൂ. പ്രതിപക്ഷത്തിന്റെ എതിർപ്പു മാത്രം പോര. അടുത്തത് മന്ത്രിമാരെക്കുറിച്ചു പറഞ്ഞ അഴിമതി ആരോപണം. പണ്ട് ഞങ്ങൾ അവിടെ ഇരുന്നു കൊണ്ട് വാദിച്ചതാണ്, അവിടെ ഇരുന്നുകൊണ്ട് ആരോപണം ഉന്നയിച്ചതാണ്. അന്നൊക്കെ ശ്രീ. നായനാരും കൂട്ടരും പറഞ്ഞത് എന്താണ് ? ലോകായുക്തിൽ പോകാനാണ്. അവർ വച്ച ലോകായുക്തയാണ്, നിങ്ങൾക്കും എന്തുകൊണ്ട് അവിടെ പോയിക്കൂടാ എന്നാണ് എനിക്കു ചോദിക്കാനുള്ളത്. ഞാൻ ഈ ഡിമാന്റുകളെ പിന്താങ്ങുകയാണ്.

പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ശുദ്ധജലവിതരണവും ശുചീകരണവും , ജലസേചനം, വനം എന്നീ വിഷയങ്ങളെ സംബന്ധിച്ച് എന്റെ സ്നേഹിതന്മാർ വളരെ വിശദമായി സംസാരിച്ചതുകൊണ്ട് ഞാൻ വനത്തിലേയ്ക്കാണ് പ്രവേശിക്കുന്നത്. വനവും വന സമ്പത്തും ഈ ഗവൺമെന്റിന്റെ കീഴിൽ സുരക്ഷിതമല്ല. വിശേഷിച്ചും ഈ വകുപ്പുമന്ത്രിയുടെ കീഴിൽ. അതാണ് ഈ രണ്ടു കൊല്ലക്കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ എനിക്ക് ഈ സഭയെ അറിയിക്കാനുള്ളത്. ഗ്വാളിയർ റയോൺസ് കമ്പനി ഇപ്പോൾ അടച്ചു പൂട്ടി, ഗ്രാസീം കമ്പനി എന്ന പേരിൽ അതു പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ഗ്വാളിയർ റയോൺസ് കമ്പനി കേരളാ ഗവൺമെന്റുമായി ഒരു കരാറിൽ ഏർപ്പെട്ടിരുന്നു. ആ കമ്പനിയിൽ പൾപ്പു ഉല്പാദിപ്പിക്കുന്നതിനുവേണ്ടി വനത്തിൽ നിന്നും തടിയും മുളയും എല്ലാം തന്നെ കൺസഷൻ റേറ്റിൽ കമ്പനിക്കു നൽകാമെന്നും പൾപ്പിനല്ലാതെയുള്ള മരങ്ങൾക്കും തടികൾക്കും മാർക്കറ്റു വില നൽകണമെന്നുമായിരുന്നു കരാർ. ആ കരാർ അനുസരിച്ച് കമ്പനി അടച്ചു പൂട്ടിയതിനു ശേഷവും കമ്പനി ഫോറസ്റ്റിൽ നിന്നും വെട്ടി എടുത്ത തടികൾ കമ്പനികളുടെ സ്റ്റോർ റൂമുകളിലും പുരയിടങ്ങളിലും മറ്റും നിറഞ്ഞു കിടന്നിരുന്നു. ആ വന ഉല്പന്നങ്ങൾക്ക് 18 ലക്ഷത്തോളം രൂപ മാർക്കറ്റു വില

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനു ലഭിക്കേണ്ടതായിട്ടുണ്ടെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. ആ ഉല്പന്നങ്ങൾക്കു തുച്ഛമായ വില വാങ്ങിക്കൊണ്ട് അവരുമായിട്ടുള്ള ഇടപാടു തീർക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് വനംവകുപ്പിന്റെയും മന്ത്രിയുടെയും ഭാഗത്തു നിന്നുണ്ടായിട്ടുള്ളത്. വനം വകുപ്പു ആ സ്റ്റോറുകളിൽ സൂക്ഷിച്ചിരുന്ന മരങ്ങളും മുളകളും എല്ലാം ലേലം ചെയ്തു. 21 ലക്ഷം രൂപയ്ക്ക് ഒരാൾ ലേലം പിടിച്ചു. അതിന്റെ വിലയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മത്തായി ചാക്കോ ഒരു ആക്ഷേപം ശ്രദ്ധക്ഷണിക്കൽ പ്രമേയം വഴി ഈ സഭയിൽ കൊണ്ടു വന്നു. അന്നു ബഹുമാനപ്പെട്ട മന്ത്രി അതിനു പറഞ്ഞ മറുപടി, അതു മുഴുവൻ മോശപ്പെട്ട , ഉറഞ്ഞ തടികളാണ് എന്നാണ്. 21 ലക്ഷം രൂപ കിട്ടിയതു തന്നെ മഹാഭാഗ്യം എന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ ഒരു ആക്ഷേപം ഉന്നയിച്ച സാഹചര്യത്തിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തിക്കൂടെ എന്നു ഞാൻ ചോദിച്ചു. അദ്ദേഹം അതു സമ്മതിച്ചു, അന്വേഷണം നടത്താമെന്നു പറഞ്ഞു. ആ തടിയുടെ സ്വഭാവം എന്താണെന്നു മനസ്സിലാക്കാൻ വേണ്ടി ഞാൻ കോഴിക്കോട് ഗ്വാളിയർ റയോൺസ് കമ്പനിയുടെ സ്റ്റോർ റൂമിൽ പോയി നല്ല തടിയാണോ മോശപ്പെട്ട തടിയാണോ എന്നു പരിശോധിച്ചു. സാമാന്യമായ എന്റെ നോട്ടത്തിൽ നല്ലതടികളാണെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. ഞാൻ അവിടെ നിന്നും പോയതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി ആ സ്ഥലം സന്ദർശിക്കാൻ പോയി. കാര്യങ്ങൾ നേരിട്ടു മനസ്സിലാക്കാൻ വേണ്ടി പോയതായിരിക്കുമെന്നാണ് എനിക്കു തോന്നുന്നത്. അദ്ദേഹം പോയി കണ്ടതിനുശേഷവും സഭയിൽ നേരത്തെ പറഞ്ഞ നിലയിൽതന്നെയാണ് വീണ്ടും പറഞ്ഞത്. 'മോശപ്പെട്ട തടികളാണെന്ന് എനിക്കു ബോദ്ധ്യപ്പെട്ടു' എന്നാണ് അദ്ദേഹം പറഞ്ഞത്. അതു സംബന്ധിച്ച് ലേലത്തിൽ പങ്കെടുത്തവരും അല്ലാത്തവരുമായ ചിലർ ഹൈക്കോടതിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് കേസ് കൊടുത്തു. ഞാൻ അവിടത്തെ സ്ഥിതിഗതികൾ മനസ്സിലാക്കിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു കത്തയയ്ക്കുകയുണ്ടായി. 18 കോടി രൂപ ഖജനാവിലേക്ക് കിട്ടാനുള്ള അവകാശം ഉണ്ടെന്നിരിക്കെ അത്രയും തടികൾ തുച്ഛമായ വിലയ്ക്ക്, തുച്ഛമായ തുക കൈപ്പറ്റിക്കൊണ്ട് ഇടപാടു തീർക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ പോകുന്നത് ശരിയല്ല, ഇതു ഗൗരവമായ പരിശോധന ആവശ്യമുള്ളതാണ് എന്നു മുഖ്യമന്ത്രിയെ അറിയിക്കുകയുണ്ടായി. എങ്ങനെയോ ആദ്യത്തെ ലേലം ക്യാൻസൽ ചെയ്തു. രണ്ടാമതു ലേലത്തിനു ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു.ടെൻഡർ വിളിച്ചു, ലേലം നടന്നു, 98 ലക്ഷം രൂപയ്ക്ക് രണ്ടാമത്തെ കോൺട്രാക്ടർ ലേലം കൊണ്ടു. 21 ലക്ഷം രൂപയ്ക്കു തടി ലേലം ചെയ്തപ്പോൾ, ശ്രീ. മത്തായി ചാക്കോ വില കുറവാണ്, തുച്ഛമായ വിലയാണ് എന്നു പറഞ്ഞപ്പോൾ, അല്ല തടി മോശപ്പെട്ടതാണ്, ഉറഞ്ഞതാണ് എന്നു പറഞ്ഞ മന്ത്രി തന്നെ രണ്ടാമതു 98 ലക്ഷം രൂപയ്ക്കു ലേലം കൊണ്ടു എന്ന വസ്തുത മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിൽ നിന്നും നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞത് മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു എന്നാണ്. ഒന്നാം തരം

LIBRARY ARCHIVES Kerala Legislative Assembly

തടികളും മരങ്ങളും മോശപ്പെട്ടതാണെന്നു വരുത്തി തുച്ഛമായ തുക പറ്റി ഗവാളിയർ റയോൺസിനെ മന:പൂർവ്വം സഹായിക്കാൻ, അങ്ങനെ സഹായിക്കുന്നതിന്റെ ഫലമായി അവർ എന്തെങ്കിലും എറിഞ്ഞു തരികയാണെങ്കിൽ അതു വാങ്ങി ആസ്വദിക്കാനുള്ള സമീപനം ഇവിടെ നടന്നിട്ടുണ്ട് എന്നു ഇതുകൊണ്ടു തന്നെ വ്യക്തമാണ്. ബാംഗ്ലൂരിൽ പോയി മാനേജുമെന്റും മന്ത്രിയും ഒരു ഹോട്ടലിൽ വച്ചു ഇതു സംബന്ധിച്ചു ചർച്ച നടന്നു എന്നും ആ ചർച്ചയെ തുടർന്നു അഞ്ചു കോടി രൂപ മന്ത്രിക്കു തരാമെന്നും അങ്ങനെ അഞ്ചു കോടി രൂപ വാങ്ങിക്കൊണ്ട് 18 കോടി രൂപ ഖജനാവിലേക്ക് വരാനുള്ള വരുമാനം വിട്ടു കൊടുക്കാമെന്നുള്ള ധാരണയിലാണ് ഈ പ്രശ്നത്തിൽ മന്ത്രി എത്തിച്ചേർന്നത് എന്നു വ്യക്തമായ സൂചനകളാണ് ഇന്നു നാട്ടിൽ സംഭാഷണ വിഷയമായിട്ടുള്ളത്. ഈ നിലയിൽ ഗ്രാസിം കംപനിയുടെ ഇടപാടിൽ മന്ത്രി ഖജനാവിനെ വെട്ടിച്ച്, സംസ്ഥാന ഖജനാവിന് ലഭിക്കേണ്ടതായ 18 കോടി . ഏതാണ്ട് കഷ്ടിച്ച് ഒരു കോടിക്ക് ഒതുക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. ഇതുസംബന്ധിച്ച് ഒന്നുകിൽ ഒരു ജുഡീഷ്യൽ എൻക്വയറിയോ അല്ലെങ്കിൽ ഭരണ പ്രതിപക്ഷ കക്ഷികൾ ചേർന്നിട്ടുള്ള ഒരു നിയമസഭാ കമ്മിറ്റിയുടെ അന്വേഷണമോ നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ മറ്റൊന്ന് ഒലവക്കോട് സ്ട്രോങ് റൂം, വനംവകുപ്പിന്റേതുണ്ട്. അവിടെ 35 കേസുകളിൽ തൊണ്ടി മുതൽ സംഭരിക്കുന്ന സ്ട്രോങ് റൂമാണ്. ആ സ്ട്രോങ് റൂമിൽ സൂക്ഷിച്ചിരുന്ന ഏതാണ്ട് മൂന്നരക്കോടിയോളം രൂപ വിലപിടിക്കുന്ന ചന്ദനതൈലം, ചന്ദനത്തടി, ആനക്കൊമ്പ് എന്നിവ മോഷണംപോയിട്ട് ഇപ്പോൾ 9 മാസമായിട്ടും അതിൽ ഒരാളെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല. രണ്ട് ഉദ്ദേശമാണ് ഈ മോഷണത്തിനുപിന്നിലുള്ളത്. ഒന്ന്, വിലപ്പെട്ട ആ സമ്പത്തുകൾ കൊള്ളയടിക്കാൻ കഴിഞ്ഞാൽ അത് വിറ്റ് കോടികളുണ്ടാക്കാം. രണ്ട് 35 കേസിലെ തൊണ്ടിമുതലാണെന്നുള്ളതുകൊണ്ട് ആ 35 കേസും Invalid ആക്കി അതിലെ പ്രതികൾക്ക് രക്ഷപ്പെടാം. ഈ നിലയിലുള്ള ഉദ്ദേശങ്ങളോടുകൂടി ഒലവക്കോട് സ്ട്രോങ് റൂമിൽ നടന്ന മോഷണത്തെപ്പറ്റി യാതൊരു അന്വേഷണവും നടന്നില്ല. 9 മാസമായിട്ടും ഒരാളെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല. അതുപോലെതന്നെ മറ്റൊരു സ്ട്രോങ് റൂമുണ്ട്. അത് തളിപ്പറമ്പിലാണ്. ആ തളിപ്പറമ്പിലെ സ്ട്രോങ് റൂമിൽ നിന്ന് 25 കിലോ ചന്ദനതൈലം മോഷണം പോയി. ഞാൻ അവിടെ സന്ദർശിച്ചു അവിടെയുണ്ടായിരുന്ന ശ്രീ. കെ. കെ. ചന്ദ്രൻ എന്നു പേരുള്ള ഡി.എഫ്.ഒ.യെ കണ്ടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഒന്നുകിൽ ചന്ദനതൈലമിരുന്ന ടാങ്ക് പൊട്ടുകയോ അല്ലെങ്കിൽ മോഷ്ടിക്കപ്പെടുകയോ ചെയ്തതായിരിക്കും സാറേ എന്നാണ്. അപ്പോൾ ഞാൻ ആ സാറിനോട് തിരിച്ചു ചോദിച്ചു ആ ടാങ്ക് പൊട്ടുകയാണെങ്കിൽ ഒരു തുള്ളി ചന്ദനതൈലത്തിന്റെ മണവും, കിലോക്കണക്കിന് ചന്ദനതൈലം പൊട്ടിയൊഴുകുമ്പോൾ അവിടെ ഡസൻ കണക്കിന് ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരും പോലീസുകാരും ഈ ശക്തമായ സുഗന്ധം അനുഭവിക്കുമ്പോൾ കണിശമായും അവരൊന്നും അനങ്ങാതിരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ പൊട്ടുന്നതാണെങ്കിലും ശരി അല്ലെങ്കിലും ശരി, ഈ ഡസൻ കണക്കിന് ഫോറസ്റ്റുദ്യോഗസ്ഥൻമാരും പോലീസുകാരും കാത്തുസൂക്ഷിക്കുന്ന നിങ്ങളുടെ സ്ട്രോങ് റൂമിൽ നിന്ന് ഇത് മോഷണം പോയത് വളരെ ബോധപൂർവ്വമായിട്ടുള്ളതാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്ന് ഇതിനു മുൻപ് ഞാൻ ഈ സഭയിൽ പറഞ്ഞപ്പോൾ മന്ത്രിക്ക് മറുപടി പറയാൻ കഴിഞ്ഞില്ല. പിന്നീട് ഞാൻ ആ ഡി.എഫ്.ഒ. യെക്കുറിച്ച് അന്വേഷിച്ചപ്പോൾ വനം വകുപ്പിന്റെ വിജിലൻസ് ഓഫീസർമാർ രേഖപ്പെടുത്തിയിട്ടുള്ളത് 'കെ. കെ. ചന്ദ്രനെ നോർതേൺ സൈഡിൽ നിന്നും തെക്ക് എവിടെയെങ്കിലും മാറ്റണം, കുറെക്കൊല്ലമായി ഇവിടെ ഇരിക്കുകയാണ്' ആൾ അത്ര നല്ലതല്ലെന്നാണ്. എങ്കിലും അദ്ദേഹം നോർതേൺ സൈഡിൽതന്നെ ഇപ്പോഴും സർവീസ്സിൽ തുടരുകയാണെന്നും അദ്ദേഹം വനം വകുപ്പുമന്ത്രിയുടെ ഒരു താല്പര്യക്കാരനാണ് എന്നുമാണ് അറിയാൻ കഴിഞ്ഞത്. അദ്ദേഹത്തിന് ആവശ്യം വേണ്ടുന്ന ഫണ്ട് ഏതെങ്കിലും ഇടപാടുകൾ വഴി സ്ഥിരമായി ഉണ്ടാക്കിക്കൊടുക്കുന്ന ആളായതുകൊണ്ടാണ് ഇത്തരം ഉദ്യോഗസ്ഥൻമാരെ തനിക്ക് പറ്റുന്ന രീതിയിൽ നിലനിർത്തിയിരിക്കുന്നതെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അപ്പോൾ ആ നിലയിൽ ഒലവക്കോട്, തളിപ്പറമ്പ് എന്നീ സ്ഥലങ്ങളിലെ ഫോറസ്റ്റ് വകുപ്പിലെ സ്ട്രോങ് റൂമുകളിലെ വെട്ടിപ്പിനെ സംബന്ധിച്ച് ഇതുവരേയും ഒരാളേയും അറസ്റ്റ് ചെയ്തിട്ടില്ല, സർക്കാർ ലെവലിൽ ഒരന്വേഷണവും നടക്കുന്നില്ലയെന്നുള്ളതുകൊണ്ടുതന്നെ, ബഹുമാനപ്പെട്ട മന്ത്രിയുംകൂടി അറിഞ്ഞുകൊണ്ടു തന്നെയാണ് ഈ കൊള്ളകൾ നടക്കുന്നതെന്ന് ന്യായമായി കരുതേണ്ടതാണ്. മൂന്നാമതായി എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ചന്ദന ഫാക്ടറികളെ സംബന്ധിച്ചാണ്. അതിനെസംബന്ധിച്ച് കഴിഞ്ഞ 23-ാം തീയതി സഭയിൽ ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഏറിയകൂറും ചന്ദന ഫാക്ടറികൾ നടക്കുന്നത് എൽ.ഡി.എഫ് നേതൃത്വത്തിലുള്ള പഞ്ചായത്തുകളുടെ സാംഗ്ഷനോടുകൂടിയാണ്. എൽ.ഡി.എഫ്. ഇതിന് സാംഗ്ഷൻ പിൻവലിച്ചാൽ ചന്ദന ഫാക്ടറികൾ ഒരെണ്ണവും തുറക്കില്ല എന്നായിരുന്നു. അദ്ദേഹം പറഞ്ഞതനുസരിച്ച് എൽ.ഡി.എഫ്-ന്റെ നേതൃത്വത്തിലുള്ള പഞ്ചായത്തുകളിൽ എത്ര ചന്ദന ഫാക്ടറികൾ നടത്തുന്നുണ്ടെന്ന് ഞാൻ അന്വേഷിച്ചു. അതിൽ നിന്നും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് കാസർഗോഡ് ജില്ലയിൽ ഏഴ് ഫാക്ടറികൾ നടക്കുന്നുണ്ട്. അതിൽ ചെങ്ങള പഞ്ചായത്ത് ലീഗ് ഭരിക്കുകയാണ്. മങ്കൽപാട് പഞ്ചായത്ത് ലീഗ് ഭരിക്കുകയാണ്, ബെദിയടുക്ക പഞ്ചായത്ത് കോൺഗ്രസും ലീഗും കൂടി ഭരിക്കുകയാണ്, മഞ്ചേശ്വരം പഞ്ചായത്ത് ലീഗ് പ്രസിഡന്റാണ് ഭരിക്കുന്നത്, ചെമ്മനാട് പഞ്ചായത്ത് ലീഗ് ഭരിക്കുന്നു. അപ്പോൾ ഭരണകക്ഷിയിലെ യു.ഡി.എഫ് പഞ്ചായത്തുകളിലാണ് ചന്ദനഫാക്ടറികൾ നടന്നുകൊണ്ടിരിക്കുന്നതെന്ന സത്യം മന്ത്രിക്ക് നിഷേധിക്കാൻ കഴിയുമോ ? ഞാൻ വെല്ലുവിളിക്കുന്നു. പാലക്കാട് ജില്ലയിൽ 13 ചന്ദന ഫാക്ടറികൾ ഉണ്ടായിരുന്നു. ഇതിൽ ആറെണ്ണം അടച്ചുപൂട്ടി

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞുവെന്ന് പാലക്കാട് ഫ്ളൈയിംഗ് സ്കാഡ് ഡി.എഫ്.ഒ പി. മോഹനചന്ദ്രൻ, കോഴിക്കോട് ഫോറസ്റ്റ് കൺസർവേറ്റർക്ക് ജൂൺ മാസം 26-ന് നൽകിയ റിപ്പോർട്ടിൽ പറയുന്നു. ബാക്കി ഏഴെണ്ണം ഭാഗീകമായി പ്രവർത്തിക്കുന്നുവെന്നും ആ റിപ്പോർട്ടിൽ പറയുന്നു. ഇതിൽ നാലെണ്ണം എൽ.ഡി.എഫ് പഞ്ചായത്തുകളാണ്. പെരുമാട്ടി പഞ്ചായത്ത് 1999-ജൂലൈ 29-ന് ആ ഫാക്ടറിയുടെ ലൈസൻസ് ക്യാൻസൽ ചെയ്തു. അതുപോലെ പുതുശ്ശേരിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഫാക്ടറിയുടെയും ലൈസൻസ് പഞ്ചായത്ത് ക്യാൻസൽ ചെയ്തു. അതിനുശേഷം ഹൈക്കോടതിയുടെ ഓർഡറുമായി വന്ന് മറ്റൊരു ഫാക്ടറി ആ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആ ഹൈക്കോടതി ഉത്തരവ് വെക്കേറ്റ് ചെയ്യാൻ മുൻകൈയെടുക്കേണ്ടത് ഗവൺമെന്റാണ്. അതിൽ പഞ്ചായത്തുകൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. മറ്റൊരു പഞ്ചായത്ത് 'എലപ്പുള്ളി പഞ്ചായത്ത്', അവിടെ എൽ.ഡി.എഫ് ഭരിക്കുന്നു ; ഒരു ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. അവിടെ പ്രവർത്തിക്കുന്ന ഫാക്ടറി ഹൈക്കോടതിയുടെ ഉത്തരവുണ്ടെന്ന് തെറ്റിദ്ധരിപ്പിച്ച് പഞ്ചായത്തിൽ നിന്നും ആ ഫാക്ടറി പ്രവർത്തിപ്പിക്കാൻ അനുവാദം വാങ്ങി പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ അവർ വിശദമായി പരിശോധിച്ചപ്പോൾ ആ പഞ്ചായത്തിലെ ഫാക്ടറിക്ക് ബാധകമായിട്ടുള്ള നിലയിലാണ് ആ ഹൈക്കോടതി വിധിയെന്ന് മനസ്സിലാക്കിയതിനെത്തുടർന്ന് അത് അടച്ചുപൂട്ടുന്നതിനുവേണ്ടിയുള്ള നടപടി എൽ.ഡി.എഫ് പഞ്ചായത്ത് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇതിൽനിന്നുമൊക്കെ മന്ത്രി ഈ സഭയിൽ 99 ശതമാനം ഫാക്ടറികളും എൽ.ഡി.എഫ്-ന്റെ നേതൃത്വത്തിലുള്ള പഞ്ചായത്തുകളിലാണ് പ്രവർത്തിക്കുന്നതെന്ന് പറഞ്ഞത് ശുദ്ധഅസംബന്ധമാണെന്നും 99 ശതമാനം ഫാക്ടറികളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് യു.ഡി.എഫ്-ന്റെ പഞ്ചായത്തുകളിലാണെന്നും വ്യക്തമാണ്. അങ്ങനെ യു.ഡി.എഫ്-ന്റെ പഞ്ചായത്തുകളിലെ ലൈസൻസും, വനംവകുപ്പ് മന്ത്രിയുടെയും അവിടത്തെ ഉദ്യോഗസ്ഥൻമാരുടേയും പിൻതുണയോടുകൂടിയാണ് ഈ ചന്ദന ഫാക്ടറികൾ നിയമവിരുദ്ധമായും അല്ലാതെയും പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതെന്ന സത്യം ഞാൻ ഇവിടെ വ്യക്തമാക്കട്ടെ. അവസാനമായി എനിക്ക് പറയാനുള്ളത് സ്ഥലം മാറ്റത്തെ സംബന്ധിച്ചാണ്. നമ്മുടെ സംസ്ഥാനത്ത് 199 വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ ഉള്ളതിൽ 18 പേരെ മാത്രമാണ് ഇതിനോടകം സ്ഥലം മാറ്റിയിട്ടുള്ളതെന്നാണ് സ്ഥലം മാറ്റത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി 23-ാം തീയതി പറഞ്ഞത്. അത് വസ്തുതാ വിരുദ്ധമാണ്. 2003 മേയ് മാസം 9-ാം തീയതി നാലു പേർ, മേയ് 22-ാം തീയതി 29 പേർ, ജൂൺ 19-ാം തീയതി 16 പേർ, അങ്ങനെ എനിക്ക് ഇപ്പോൾ ശേഖരിക്കാൻ കഴിഞ്ഞ വിവരത്തിന്റെ അടിസ്ഥാനത്തിൽ 49 പേരെ ജൂൺ 19-നകം സ്ഥലം മാറ്റിയിട്ടുണ്ട്. അതുപോലെതന്നെ ഡി.എഫ്.ഒ.മാരെ ഒരാളേയും

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം മാറ്റിയിട്ടില്ലായെന്നാണ് അദ്ദേഹം പറഞ്ഞത്. വസ്തുത എന്താണ്? ജൂൺ 13-ന് ശ്രീ. എ.കെ. സലീം, ശ്രീ.എൻ. ബാലകൃഷ്ണപിള്ള, ശ്രീ.ജി. രാജു എന്നീ ഡി.എഫ്.ഒ.മാരെ സ്ഥലം മാറ്റി. പാലക്കാട് ഡി.എഫ്.ഒ. ആയിരുന്ന ശ്രീ.എൽ. ചന്ദ്രശേഖരനെ ഈ വർഷം സ്ഥലം മാറ്റിയിട്ടില്ലായെന്ന് വനം വകുപ്പുമന്ത്രി പറഞ്ഞതും വസ്തുതാവിരുദ്ധമാണ്. പാലക്കാട് പ്രവർത്തിക്കുന്ന വെസ്റ്റേൺ ഇൻഡസ്ട്രീസ്, വാളയാർ റൂറൽ ഇൻഡസ്ട്രീസ് എന്നീ ചന്ദന ഫാക്ടറികൾക്ക് എൻ.ഒ.സി. നിഷേധിച്ചത് ഈ വർഷം ആണ്. അതിനുശേഷമാണ് എൽ. ചന്ദ്രശേഖരനെ ആദ്യം പാലക്കാട് വാളയാർ ഫോറസ്റ്റ് ട്രെയ്നിംഗ് സ്കൂളിലേക്കും പിന്നീട് വയനാട്ടിലേയ്ക്കും സ്ഥലം മാറ്റിയത്.

മി.സ്പീക്കർ : 5 മിനിട്ട് കൂടുതൽ തന്നിരിക്കുകയാണ്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, തങ്ങൾക്ക് താല്പര്യമുള്ള, അഴിമതി വീരൻമാരായിട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് എല്ലാവിധ സംരക്ഷണവും നൽകുന്നു. സംസ്ഥാനത്തിന്റെ താല്പര്യം, വനത്തിന്റെ താല്പര്യം, വന സമ്പത്ത് സംരക്ഷിക്കണമെന്നുള്ള താല്പര്യം ഉയർത്തിപ്പിടിക്കുന്ന സത്യസന്ധരായ ഉദ്യോഗസ്ഥൻമാർക്ക് അങ്ങേയറ്റം പീഡനം. ഇതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതിനാൽ സത്യവും നിഷ്കളങ്കവുമായിട്ടുള്ള നിലയിലാണ് സ്ഥലം മാറ്റത്തിന്റെ കാര്യവും ഒലവക്കോട്ടേയും തളിപ്പറമ്പിലേയും സ്ട്രോംഗ് മുറിയിലെ മോഷണവുമെല്ലാം നടന്നിട്ടുള്ളതെന്ന് ഒരു തരത്തിലും കരുതാൻ പറ്റുകയില്ല. ഇതിനെല്ലാം പുറകിൽ വൻകോഴയുടെ അഴിമതിയാണ് നടന്നിട്ടുള്ളതെന്ന് ഞാൻ ശക്തിയായി ഉന്നയിക്കുകയാണ്. അന്വേഷണം നടത്താൻ തയ്യാറുണ്ടെങ്കിൽ ഇതു സംബന്ധിച്ച് തെളിയിക്കാൻ തയ്യാറാണെന്ന് ഈ അവസരത്തിൽ ഞാൻ അറിയിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ജലസേചന ജലവിതരണ വിഭാഗങ്ങളെപ്പറ്റി ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ക്രിയാത്മകമായ പല നിർദ്ദേശങ്ങളും മുന്നോട്ടുവച്ചിട്ടുണ്ട്. ചർച്ചയിൽ പങ്കെടുത്ത എല്ലാപേർക്കും പ്രത്യേകമായി നന്ദി പറയുകയാണ്. ഇവിടെ ഉന്നയിച്ച എല്ലാ കാര്യങ്ങൾക്കും മറുപടി പറയാൻ സമയപരിമിതിയുണ്ട്. അതുകൊണ്ട് മെമ്പർമാരുടെ പ്രസംഗങ്ങൾ പരിശോധിച്ച് അതിൽ മറുപടി ആവശ്യമുള്ള കാര്യങ്ങൾ ഞാൻതന്നെ എഴുതി അറിയിക്കാം. ജലസേചന രംഗത്ത് വളരെ ആസൂത്രിതമായിട്ടുള്ള പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. കേരളത്തിലെ ജലസമ്പത്ത് ആസൂത്രിതവും ദൂരക്കാഴ്ചയോടുംകൂടി ഉപയോഗപ്പെടുത്തുന്നതിനും അത് സമ്പന്നമാക്കുന്നതിനുമുള്ള നയം സർക്കാർ നടപ്പിലാക്കുന്നുണ്ട്. കേരളത്തിന്റെ വൻകിട ജലസേചന പദ്ധതികളെ സംബന്ധിച്ച് ഒരു പൊതുവായ ചിത്രം വരച്ചുകാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ 16 വൻകിട ജലസേചന പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 353.61 കോടി രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

1,80,512 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം അതുവഴി എത്തിച്ചുകൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന 11 പദ്ധതികളുണ്ട്. ഇതിൽ തൃത്താല ബി.സി.ആറും ചമ്രവട്ടം ബി.സി.ആറും ഉൾപ്പെടുന്നുണ്ട്., ഈ പദ്ധതികളെ സംബന്ധിച്ചിടത്തോളം ഇതിന് ഷെഡ്യൂൾ ഉണ്ടാക്കി സമയബന്ധിതമായി തീർക്കുകയാണ്. കല്ലട, പദ്ധതി 2002 മാർച്ചിൽ പൂർത്തിയാക്കിയതായിട്ട് ഡിക്ളയർ ചെയ്തിട്ടുണ്ട്. ഡിക്ളയർ ചെയ്ത പ്രോജക്ടിൽ വെട്ടിയ കനാലിൽക്കൂടി വെള്ളം വിടുന്നതിന് ഇനിയും കുറച്ചു ജോലികൾ ചെയ്തുതീർക്കാനുണ്ട്. ഇതിന് 15 കോടി രൂപ ഈ പ്രാവശ്യത്തെ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. 2004 മാർച്ചോടുകൂടി അത് പൂർത്തിയാക്കാൻ കഴിയും. പഴശ്ശിയുടെ കാര്യം ബഹുമാനപ്പെട്ട കെ.പി. മോഹനൻ സൂചിപ്പിക്കുകയുണ്ടായി. പഴശ്ശി, കാഞ്ഞിരപ്പുഴ പദ്ധതികൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കി കമ്മീഷൻ ചെയ്യും. മൂവാറ്റുപുഴ പദ്ധതി 2004 അവസാനത്തോടുകൂടി പൂർത്തിയാക്കും. കാരാപ്പുഴ പ്രോജക്ട് 2005-ൽ പൂർത്തിയാകും. ഇടമലയാർ പ്രോജക്ട് 2007-ൽ പൂർത്തിയാകും. കുരിയാർകുറ്റി കാരപ്പാറ പദ്ധതി 2004-ൽ പൂർത്തിയാകും. തൃത്താല ബി.സി.ആർ. 2005-ൽ പൂർത്തിയാകും. ചമ്രവട്ടത്തിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. പക്ഷേ അതിന്റെ തീയതി പറയാൻ പറ്റുകയില്ല. ബാണാസുരസാഗർ പദ്ധതി 2006-ൽ പൂർത്തിയാകും. ഇതെല്ലാം 1961, 1974, 1978 കാലയളവിൽ ആരംഭിച്ച പ്രോജക്ടുകളാണ്. അതിന്റെ ഒരു ഷെഡ്യൂൾ ഉണ്ടാക്കിയിട്ടുണ്ട്. മറ്റ് ഡീറ്റെയിൽസിലേയ്ക്ക് പോകുന്നില്ല. ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം നിയമനങ്ങളെ സംബന്ധിച്ചാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജല വിഭവ വകുപ്പിൽ പി.എസ്.സി. വഴി റിക്കോർഡ് നിയമനം നടത്തിയിട്ടുണ്ട്. ജലസേചന വകുപ്പിൽ ഗ്രേഡ് 3 ഓവർസിയർ, ഗ്രേഡ് 2 ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) എന്നീ വിഭാഗങ്ങളിലായി പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും 785 പേരെ നിയമിച്ചിട്ടുണ്ട്. മിനിസ്റ്റീരിയൽ വിഭാഗത്തിൽ 17 പേരെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമിച്ചിട്ടുണ്ട്. അങ്ങനെ 802 പേരെ നിയമിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർ 144, ഡ്രാഫ്റ്റ്സ്മാൻമാർ, അൺസ്കിൽഡ് വർക്കേഴ്സ് അടക്കം 545 പേരെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമിച്ചിട്ടുണ്ട്. ഇവ ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന ചില കാര്യങ്ങളാണ്.

ഇവിടെ അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചന്ദ്രൻ അടക്കമുള്ള അംഗങ്ങൾ പറഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കേരളത്തിൽ മിച്ചജലം ഇല്ലായെന്നുള്ള സമീപനം സ്വീകരിച്ചുകൊണ്ട് വളരെ ശക്തമായി കേരളത്തിന്റെ താല്പര്യം സംരക്ഷിക്കാൻവേണ്ടി ഈ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകൈയെടുത്ത് വിളിച്ചുകൂട്ടിയ അഖിലകക്ഷി യോഗത്തിൽ എടുത്ത തീരുമാനങ്ങളെല്ലാം നടപ്പിലാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. അഖിലകക്ഷി യോഗത്തിൽ വന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട ഒരു സംഗതി തമിഴ്നാട്, നദീജല കരാറുകൾ തുടർച്ചയായി ലംഘിക്കുന്നുണ്ട് എന്നതാണ്. ഇത്തരം കാര്യങ്ങളെക്കുറിച്ച് മോണിറ്റർ ചെയ്യാനായിട്ട് വിദഗ്ദ്ധ സമിതിയെ വയ്ക്കണമെന്ന് പറയുകയുണ്ടായി. അതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അതുപോലെ അണക്കെട്ടുകളുടെ സുരക്ഷയ്ക്കായി നിയമം ഉണ്ടാക്കുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. ആ നിയമം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. നമ്മളെല്ലാവരും ആഗ്രഹിക്കുന്നതുപോലെ ഈ നിയമസഭയിൽ തന്നെ അത് കൊണ്ടുവരണമെന്നാണ് ഉദ്ദേശിക്കുന്നത്. മുല്ലപ്പെരിയാറിനെ സംബന്ധിച്ച് ഞാൻ ദീർഘമായി പറയുന്നില്ല. മുല്ലപ്പെരിയാർ ഡാമിന്റെ ജലവിതാനം ഇപ്പോൾ 136 അടിയിൽ നിൽക്കുകയാണ്. അത് 132 അടിയായി കുറയ്ക്കണമെന്നുള്ളതാണ് നമ്മുടെ സമീപനം. എന്നാൽ തമിഴ്നാട് അത് വർദ്ധിപ്പിക്കണമെന്ന് പറയുന്നുണ്ട്. നമ്മൾ എഗ്രീ ചെയ്യുന്നില്ല. പറമ്പിക്കുളം ആളിയാർ പദ്ധതിയെ സംബന്ധിച്ച് രണ്ടു സംസ്ഥാനങ്ങളിൽ നിന്നായി മൂന്നു പേർ വീതം അടങ്ങുന്ന ഒരു എക്സ്പെർട്ട് കമ്മിറ്റിയെ വച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതിൻമേൽ നടപടികൾ സ്വീകരിച്ചുവരികയാണ്. നദീജല കരാർ ലംഘിക്കുന്നതിനെ സംബന്ധിച്ച് നിയമസഭാ അഡ്ഹോക്ക് കമ്മിറ്റിയും എസ്റ്റിമേറ്റ്സ് കമ്മിറ്റിയും, പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുമൊക്കെ പരിശോധന നടത്തി അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്. അതെല്ലാം കണക്കിലെടുത്തിട്ടുണ്ട്. അച്ചൻകോവിലാറിനേയും പമ്പ ആറിനേയും തമിഴ്നാട്ടിലെ വൈപ്പാറുമായി ബന്ധിപ്പിക്കുന്ന വിഷയത്തെ സംബന്ധിച്ച് നമുക്കും എഗ്രീ ചെയ്യാൻ സാദ്ധ്യമല്ലായെന്ന് കേന്ദ്ര ഗവൺമെന്റിനോട് വളരെ കാറ്റഗോറിക്കലായിട്ട് നമ്മൾ പറഞ്ഞിട്ടുണ്ട്. ഈ രണ്ടു നദികളും നമ്മുടെ നദികളാണെന്നുള്ള നിലയ്ക്ക് കേന്ദ്ര ഗവൺമെന്റിന് നമ്മളെ ഇൻസിസ്റ്റ് ചെയ്യാൻ പറ്റുകയില്ല. നാഷണൽ വാട്ടർ ഡവലപ്മെന്റ് ഏജൻസി 1980-കളിൽ ഉണ്ടാക്കിയ ഒരു റിപ്പോർട്ടിനെ ബെയ്സ് ചെയ്ത് ഇപ്പോൾ നമ്മുടെ മേൽ ഇങ്ങനെയൊരു നിർബന്ധവുമായി വരുന്നത് അംഗീകരിക്കാൻ സാദ്ധ്യമല്ല. ആ പ്രോഗ്രാമുമായിട്ട് ഒരു കാരണവശാലും നമ്മൾ എഗ്രീ ചെയ്യുകയില്ല.

ഇവിടെ ബഹുമാനപ്പെട്ട ജയരാജൻ ചില കാര്യങ്ങൾ പറഞ്ഞു. അട്ടപ്പാടിവാലി പദ്ധതിയെക്കുറിച്ച് മനസ്സിലാക്കിയിട്ടാണോ പറഞ്ഞതെന്ന് എനിക്ക് അറിയില്ല. അട്ടപ്പാടിവാലി പദ്ധതി നിർത്തലാക്കിയത് 1988-ൽ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ്. ഭവാനിപ്പുഴയിലാണ് ഈ പ്രോജക്ട്. ഭവാനി ഇന്റർ സ്റ്റേറ്റ് നദിയാണ്. ഈ പ്രോജക്ടിന് ബഡ്ജറ്റിൽ പ്രൊവിഷനില്ല. ബഡ്ജറ്റ് പ്രൊവിഷൻ നിർത്തി. എട്ടു കോടി രൂപ ഈ പദ്ധതിയ്ക്കുവേണ്ടി ചെലവാക്കിയിട്ടുണ്ട്. പിന്നീട് പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഭവാനിയിലെ മുക്കാലിയിൽ ഒരു വിയർ കെട്ടാൻ നമ്മൾ ശ്രമം നടത്തി. ബഹുമാനപ്പെട്ട ജയരാജന്റെ പ്രസംഗം കേട്ടു. തമിഴ്നാടിനുവേണ്ടിയാണ് പ്രിയപ്പെട്ട ജയരാജൻ സംസാരിക്കുന്നത്. അങ്ങനെ പറയാൻ പാടില്ല. ഈ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാൻ വേണ്ടിയാണ് മുക്കാലി സ്കീം ആരംഭിച്ചത്. നിയമസഭാ കമ്മിറ്റി ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ട്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഒരിക്കലും

LIBRARY ARCHIVES Kerala Legislative Assembly

ജയരാജൻ അങ്ങനെ പറയാൻ പാടില്ലായിരുന്നു. വിയർപ്പണിയുന്നതിനെതിരെ തമിഴ്നാട് ട്രൈബ്യൂണലിൽനിന്ന് സ്റ്റേ വാങ്ങിച്ചു. നമ്മൾ ആ സ്റ്റേ വെക്കേറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതുപോലെ തന്നെ തമിഴ്നാട് പണിഞ്ഞ മേക്കര ഡാം. അതിൽ നമുക്ക് നിയന്ത്രണം ഇല്ലെങ്കിലും അത് എന്തിനുവേണ്ടി ഉണ്ടാക്കിയെന്ന് നമുക്ക് നിശ്ചയമുണ്ട്. അതിനെക്കുറിച്ചുള്ള നടപടികൾ ആലോചിക്കുന്നുണ്ട്.

ഈ വർഷം 25 ചെക്ക്ഡാമുകൾ പുതിയതായിട്ട് നിർമ്മിക്കും. അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മറ്റൊന്ന്, സംസ്ഥാനത്ത് 131 ചെറുകിട ജലസേചന പദ്ധതികൾ കഴിഞ്ഞ രണ്ടു വർഷങ്ങൾകൊണ്ട് പൂർത്തിയാക്കിയിട്ടുണ്ട്. ഈ വർഷം വിവിധ ജില്ലകളിലായി 77 ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിക്കും. ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് അടക്കം മൈനർ ഇറിഗേഷന് ഫണ്ട് മാറ്റിവച്ചിട്ടില്ലായെന്ന് പറയുകയുണ്ടായി. ഇത് മൂന്നാം നമ്പർ സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്കസ് ചെയ്തിരുന്നു. ബഹുമാനപ്പെട്ട കോടിയേരിയടക്കമുള്ള മെമ്പർമാർ സബ്ജക്ട് കമ്മിറ്റിയുടെ യോഗത്തിൽ സംബന്ധിച്ചിരുന്നു. യുനാനിമസ് ആയിട്ട് സമിതി അംഗങ്ങൾ ആവശ്യപ്പട്ടകാര്യമാണ് മൈനർ ഇറിഗേഷന് ഫണ്ട് അനുവദിക്കണമെന്ന കാര്യം. അത് സപ്ളിമെന്ററിയായിട്ട് മൂവ് ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ജലസേചന പദ്ധതികളുടെ പ്രവർത്തനത്തിൽ കർഷക പങ്കാളിത്തം ഉറപ്പുവരുത്തുന്ന പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജുമെന്റ് സമ്പ്രദായം മലമ്പുഴയിലും നെയ്യാർ പദ്ധതിയിലും ഈ വർഷം പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ എല്ലാ ജലപാതകളും പുനരുദ്ധരിച്ച് ഗതാഗതയോഗ്യമാക്കുന്നതിനുള്ള ഒരു വലിയ പദ്ധതി ഈ വർഷം ആവിഷ്ക്കരിക്കും. 1,687 കി.മീറ്റർ ദൈർഘ്യത്തിൽ ഉപയോഗക്ഷമമായ ജലപാത നമുക്ക് ഉണ്ട്. അവ ആസൂത്രിതമായി പുനരുദ്ധരിച്ച് വികസിപ്പിക്കും. അതിനുവേണ്ടി ഈ വർഷം തന്നെ ജലപാത ഡയറക്ടറേറ്റ് രൂപീകരിക്കും.

ശ്രീ. എം. പി. ഗംഗാധരൻ : ചമ്രവട്ടം പദ്ധതിയെക്കുറിച്ച് വളരെക്കാലമായി കേൾക്കാൻ തുടങ്ങിയിട്ട്. ഈ കൊല്ലം അതിന് വേണ്ടത്ര പണം പുനർവിനിയോഗം ചെയ്തുകൊണ്ട് കണ്ടെത്തുവാനും ഈ ആഗസ്റ്റുമാസം അതിന്റെ പണി തുടങ്ങുവാനുമുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, അതിനുവേണ്ടി ഒരു കമ്പനി ഫോം ചെയ്തു കഴിഞ്ഞു. നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന് വളരെ മുൻഗണന കൊടുത്തുകൊണ്ട് കാര്യങ്ങൾ നടത്തുകയാണ്. സർക്കാരിന് സാമ്പത്തിക ഭാരം ഒന്നും വരുത്തി വച്ചുകൊണ്ടല്ല ജലപാത ഡയറക്ടറേറ്റ് രൂപീകരിക്കുന്നത്. അത് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമാണ്. അതുപോലെ ദേശീയജലപാത കൊല്ലം മുതൽ വിഴിഞ്ഞം വരെ നീട്ടണമെന്നുള്ള നമ്മുടെ ആവശ്യത്തിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്.

പമ്പ ആക്ഷൻ പ്ലാൻ തത്വത്തിൽ കേന്ദ്രം അംഗീകരിച്ചു. കുറെ പണം കിട്ടിയിട്ടുണ്ട്. അതിന്റെ നടപടികളുമായി മുന്നോട്ടു പോവുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കടലാക്രമണ നിരോധനത്തിനായി 50 കോടി രൂപയാണ് 11-ാം ധനകാര്യ കമ്മീഷൻ അനുവദിച്ചത്. ഉള്ള പണം കൊണ്ട് കുറേ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പുതിയ കടൽഭിത്തി നിർമ്മിക്കാനും പുനരുദ്ധാരണ പണികൾക്കുമായി 216 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മറ്റൊന്ന് ഭൂജല വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഭൂജലം സംരക്ഷിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയിൽ നിന്നും ഉപഗ്രഹ ചിത്രത്തെ ആസ്പദമാക്കിക്കൊണ്ടുള്ള ഭൂജല നിക്ഷേപത്തിന്റെ മാപ്പ് ഭൂജല വകുപ്പിന് ലഭ്യമാക്കി നടപടി സ്വീകരിച്ചു വരികയാണ്. നമ്മുടെ നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ഭൂജല അതോറിറ്റി ഈ വർഷം തന്നെ രൂപീകരിക്കും. കൊക്കക്കോള കമ്പനിക്ക് കൊടുക്കുന്ന ജലത്തിന്റെ പ്രശ്നം ഉണ്ടായിട്ടുണ്ട്. അത് ഗവൺമെന്റ് വളരെ ഗൗരവമായി കണ്ട് നടപടി സ്വീകരിക്കും. ശുദ്ധജല പദ്ധതിയെ സംബന്ധിച്ച് സാധാരണ ഗതിയിൽ ഈ നിയമസഭയിൽ ഡിമാന്റ് ചർച്ച വരുമ്പോൾ പൈപ്പ് വാങ്ങുന്നതിനെക്കുറിച്ചാണ് എപ്പോഴും ആക്ഷേപം വരുന്നത്. ഇപ്പോൾ അതിനെക്കുറിച്ച് ഒരു ആക്ഷേപവും ഇല്ലല്ലോ. 1991-ലെ ഗവൺമെന്റിന്റെ കാലത്ത് പൈപ്പ് വാങ്ങുന്നതിന് ഞാൻ ഒരു സിസ്റ്റം ഉണ്ടാക്കി, അതിന് ഉയർന്ന തരത്തിലുള്ള സ്ക്രീനിംഗും മറ്റും നടപ്പിലാക്കിയിരുന്നു. ആ സംവിധാനം തന്നെ കഴിഞ്ഞ ഗവൺമെന്റും തുടർന്നു. ഞാൻ ഇപ്രാവശ്യം ചുമതല ഏറ്റതിനുശേഷം ഒരുപടി കൂടി കടന്നു. ഇനി പൈപ്പ് നേരിട്ടുവാങ്ങുന്ന പ്രശ്നമില്ല. അറ്റകുറ്റപണിക്ക് മാത്രമേ പൈപ്പു വാങ്ങുകയുള്ളൂ. ബാക്കിയുള്ളതെല്ലാം സപ്ലൈയിംഗ് ആന്റ് ലേയിംഗ് വ്യവസ്ഥയിലാണ് ചെയ്യുന്നത്. ടെണ്ടർ വിളിക്കുകയാണ്. കരാറുകാരൻ തന്നെ പൈപ്പുവാങ്ങി ലേ ചെയ്യുകയാണ്. രണ്ടു വർഷത്തെ ഗ്യാരന്റി നൽകണം. അവരുടെ ഡെപ്പോസിറ്റ് എമൗണ്ട് നമ്മൾ പിടിച്ചു വയ്ക്കും. രണ്ട് വർഷം കഴിഞ്ഞേ തിരിച്ചു കൊടുക്കുകയുള്ളൂ. ഇതിൽ കൂടുതൽ പെർഫക്ട് ആയിട്ട് ഒരു സിസ്റ്റം എങ്ങനെ വാട്ടർ അതോറിറ്റിക്ക് കൊണ്ടു വരാൻ പറ്റും? വളരെ അഭിമാനത്തോടെ ഞാൻ പറയുകയാണ്, 8,70,000 പേർക്ക് പൈപ്പിലൂടെ ശുദ്ധജലം നൽകിക്കൊണ്ട് ചെറുതും വലുതുമായ 87 കൂടിവെള്ള പദ്ധതികൾ കഴിഞ്ഞ വർഷം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 82 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും അഞ്ച് നഗര ശുദ്ധജലപദ്ധതികളുമാണ്. നഗര മേഖലയിൽ ശുദ്ധജല വിതരണം 77 ശതമാനത്തിൽ നിന്നും 79 ശതമാനമായി ഉയർത്താൻ കഴിഞ്ഞു. അതുപോലെ ഗ്രാമീണ മേഖലയിൽ 55 ശതമാനത്തിൽ നിന്നും 59 ശതമാനമാക്കി ഉയർത്തിയിട്ടുണ്ട്. എക്സ്റ്റൻഷൻ വർക്കുകളുടെ അടിസ്ഥാനത്തിൽ 412 പഞ്ചായത്ത് വാർഡുകളിൽകൂടി ശുദ്ധജല വിതരണം ഏർപ്പെടുത്തിയിട്ടുണ്ട്. 7,444 വാർഡുകളിൽ ശുദ്ധജല വിതരണം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ശുദ്ധജല വിതരണ പദ്ധതി കുറേക്കൂടി കാര്യക്ഷമമാക്കിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ഗ്രാമീണ യോജനാ പദ്ധതി പ്രകാരം ഒൻപത് ശുദ്ധജല വിതരണ പദ്ധതികൾ ഞങ്ങൾ പൂർത്തീകരിച്ചു. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 357 സ്കൂളുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേക പദ്ധതി പ്രകാരം ശുദ്ധജല വിതരണം ഏർപ്പെടുത്തി. എല്ലാ കോർപ്പറേഷൻ മുനിസിപ്പൽ പ്രദേശങ്ങളിലും പൂർണ്ണമായി സീവറേജ് സൗകര്യം ഏർപ്പെടുത്താൻ ആലോചിക്കുകയാണ്. അതിന് ഒരു സെസ്സ് ഈടാക്കേണ്ടി വരും. കോർപ്പറേഷൻ മേയർമാർ അതിനോട് സഹകരിക്കുമെന്നാണ് എന്റെ പ്രതീക്ഷ. ആലുവയിൽ ശുദ്ധീകരണശാലയുടെ ആധുനികവൽക്കരണത്തിനായി അവിടെ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കി. അത് മറ്റ് സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഞങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴയിൽ വളരെ ബൃഹത്തായ ഒരു പദ്ധതി ഹഡ്കോയുടെ സഹായത്തോടുകൂടി ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. ശബരിമലയിൽ കൂടുതൽ ശുദ്ധജലം എത്തിക്കുന്നതിന് പാണ്ടിത്താവളത്ത് പ്രഷർ ഫിൽറ്റർ സ്ഥാപിച്ചു. കൂടുതൽ ശുദ്ധീകരിച്ച ജലം പമ്പയിലേയ്ക്കും ശബരിമലയിലേയ്ക്കും കൊടുക്കുന്നതിന് പമ്പയിൽ 11 എം.എൽ.സി.ഡി. കപ്പാസിറ്റിയുള്ള പ്ലാന്റ് നിർമ്മിച്ചു. കേരളത്തിലെ എല്ലാ ജനങ്ങൾക്കും പൈപ്പിലൂടെ ശുദ്ധീകരിച്ച വെള്ളം കൊടുക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. എല്ലാ കുടി വെള്ള പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജൂൺ 5, 6 തീയതികളിൽ ഞാൻ തന്നെ കേരളത്തിലെ മുഴുവൻ ശുദ്ധജല വിതരണ പ്രോജക്ടുകളും റിവ്യൂ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഈ നിയമസഭയിൽ ഏകദേശം 60 ഓളം എം.എൽ.എ മാർക്ക് ഞാൻ തന്നെ കത്തെഴുതി അയച്ചു. ഇന്നയിന്ന കാര്യങ്ങൾക്ക് നിങ്ങളുടെ സഹകരണം വേണം, ഇന്നയിന്ന പ്രോജക്ടുകൾ ഇന്നയിന്ന കാരണങ്ങളാലാണ് മുടങ്ങിയിരിക്കുന്നത് എന്ന്. അതിനുള്ള സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് പ്രശ്നങ്ങൾ ഉള്ള സ്ഥലങ്ങളിൽ കത്തെഴുതിയിട്ടുണ്ട്. സംസ്ഥാനത്തെ കോർപ്പറേഷൻ പ്രദേശങ്ങളിൽ പരമാവധി ശുദ്ധജലം ലഭ്യമാക്കാനുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കും. തിരുവനന്തപുരത്ത് 16 എം.എൽ.സി.ഡി, കൊല്ലത്ത് 20 എം.എൽ.സി.ഡി, കൊച്ചി 10 എം.എൽ.സി.ഡി, തൃശൂർ 3 എം.എൽ.സി.ഡി, കോഴിക്കോട് 33 എം.എൽ.സി.ഡി. അങ്ങനെ അഞ്ച് കോർപ്പറേഷൻ പ്രദേശത്ത് ഇത്രയും ജലത്തിന്റെ ദൗർലഭ്യമാണ് ഇപ്പോൾ നമുക്ക് ഉള്ളത്. ഇത് പരിഹരിക്കാനുള്ള സ്റ്റെപ്സ് എടുത്തിട്ടുണ്ട്. കൊച്ചിയിലേക്കും വൈപ്പിൻ പ്രദേശങ്ങളിലേക്കുമുള്ള ഹഡ്കോ, ഡി.എഫ്.ഐ.ഡി. പദ്ധതികളെപ്പറ്റി ഇവിടെ പറഞ്ഞു. അവ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കുടിവെള്ളത്തിന്റെ ചാർജ് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. വാട്ടർ അതോറിറ്റിയെ സ്വകാര്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നില്ല. അതിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടു പോകുന്നതിനുവേണ്ടി ഒരു പുനഃസംഘടന ഉദ്ദേശിക്കുന്നു. ജീവനക്കാരെ കുറയ്ക്കാനൊന്നുമല്ല; ഓഫീസുകൾ കുറയ്ക്കാനുമല്ല. സംസ്ഥാനത്തെ പൊതു ടാപ്പുകൾ പൂട്ടരുത് എന്ന് വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ദ്വൈമാസ ബില്ലിംഗ് ഏർപ്പെടുത്തിക്കഴിഞ്ഞു. മൂന്ന് കോർപ്പറേഷനുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ അത് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ബില്ലിംഗിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കാൻ അദാലത്തുകൾ ഇനിയും നടത്തും. ഈ വർഷം 47 വൻകിട ശുദ്ധജല വിതരണ പദ്ധതികൾ പൂർണ്ണമായും എട്ട് വൻകിട പദ്ധതികൾ ഭാഗീകമായും പൂർത്തിയാക്കും. ഇതിനു പുറമേ ഈ വർഷം പുതിയതായി 60 വൻകിട ശുദ്ധജല വിതരണ പദ്ധതികൾ ആരംഭിക്കും. ഇതിനായി 516 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 98 ചെറുകിട ജലവിതരണ പദ്ധതികൾ ഈ വർഷം തുടങ്ങും. ഈ പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ 18 ലക്ഷം ജനങ്ങൾക്കുകൂടി പ്രയോജനം ലഭിക്കും. സ്വജൽധാരയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഈ പദ്ധതി സംബന്ധിച്ചു പറഞ്ഞാൽ, വാസ്തവത്തിൽ കേന്ദ്ര ഗവൺമെന്റ് നമ്മളെ വഞ്ചിക്കുകയായിരുന്നു. ഇത് ആദ്യം കൊട്ടിഘോഷിച്ച് തുടങ്ങി. ഈ പദ്ധതിയിൽ നമ്മൾ കൊടുത്ത സ്കീമുകളിൽ സാങ്ഷൻ ലഭിച്ചത് 120 ആണ്. (928 ലക്ഷം രൂപ ഇതിനുവേണ്ടി പ്രതീക്ഷിക്കുന്നു.) തിരുവനന്തപുരം-2, കോട്ടയം-6, ഇടുക്കി-1 , തൃശൂർ 9, മലപ്പുറം 102. കേന്ദ്ര ഗവൺമെന്റ് ആദ്യം വളരെയൊക്കെ കൊട്ടിഘോഷിച്ച് പറഞ്ഞു തുടങ്ങിയെങ്കിലും നമുക്ക് എട്ട് കോടി രൂപയാണ് കിട്ടിയത്. അതേ സമയം ആന്ധ്രക്കും മഹാരാഷ്ട്രയ്ക്കും 100 കോടി രൂപ വീതം കൊടുത്തു. ഇതിന്റെ നടത്തിപ്പുരീതി തന്നെ കേന്ദ്രം ഭേദഗതി ചെയ്തിരിക്കുന്നു. ഈ വർഷം 5 കോടി രൂപ നമുക്ക് തരാമെന്ന് പറഞ്ഞിരിക്കുകയാണ്. ഇനി ഇതിന്റെ പദ്ധതികൾ കേന്ദ്ര ഗവൺമെന്റല്ല സാംങ്ഷൻ ചെയ്യുന്നത്. കേന്ദ്രത്തിന് അയച്ചതു മുഴുവൻ സംസ്ഥാനത്തിന് തിരിച്ചയയ്ക്കുകയാണ്. അവിടെ കിട്ടിയ പ്രോജക്ടുകൾ എല്ലാം തിരിച്ചയയ്ക്കുകയാണ്. ഈ 5 കോടി രൂപ വേണം ഇനി വീതിക്കാൻ. ഞാൻ അതിന്റെ മറ്റു വിശദാംശങ്ങളിലേയ്ക്ക് സമയം ഇല്ലാത്തതുകൊണ്ട് പോകുന്നില്ല.

Rain water harvesting -ന്റെ കാര്യത്തെക്കുറിച്ച് ഇവിടെ ബഷീർ ഭംഗിയായിട്ട് പറഞ്ഞു. ഈ ഗവൺമെന്റിന് അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന ഒരു പദ്ധതിയാണ് വർഷ. Rain water harvesting -ന് 468 യൂണിറ്റുകൾ എല്ലാ ജില്ലകളിലുമായി ഈ വർഷം ഞങ്ങൾ ആരംഭിക്കാൻ പോകുന്നു. കുറെയേറെ എണ്ണം പൂർത്തിയാക്കി കഴിഞ്ഞു. അത് ഒരു മാസ്സീവ് സ്കീമായിട്ട് ഗവൺമെന്റ് എടുക്കുകയാണ്. അതുപോലെ തന്നെ ജെ.ബി.ഐ.സി. യെ കുറിച്ച്, ഇവിടെ ആക്ഷേപം ഉന്നയിച്ചു. അതിനിടക്ക് ശ്രീ. ജയരാജൻ പറഞ്ഞ കാര്യം ഒറ്റവാക്കിൽ ഞാൻ ഒന്നു പറഞ്ഞോട്ടെ, ജയരാജൻ കാര്യമായിട്ടൊന്നും പറഞ്ഞില്ലല്ലോ, സ്വിമ്മിംഗ് പൂളിൽ 22 പേരെ വച്ചു എന്നുപറഞ്ഞു. അവിടെ ഞങ്ങൾ ആരെയും വച്ചിട്ടില്ല. ആകെ നാലുപേരെ അവിടെയുള്ളൂ. ജയരാജൻ മനസ്സിലാക്കാനുള്ള ഒരു സംഗതി, സ്വിമ്മിംഗ് പൂൾ ക്ലീനിംഗ് ജോലി കോൺട്രാക്ട് കൊടുത്തിരിക്കുകയാണ്. അത് ഒരു കോൺട്രാക്ടറെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആ കോൺട്രാക്ടറാണ് ആളെ വയ്ക്കുന്നത്. ആ കോൺട്രാക്ടറെ വച്ചത് എന്റെ കാലത്തല്ല. എച്ച്.ആർ. വ്യവസ്ഥയിലുള്ള ആളുകൾ കോൺട്രാക്ടർമാർ നിയമിക്കുന്ന ആളുകളാണ്, ഞങ്ങൾ അല്ല അവരെ നിയമിക്കുന്നത്. ഞാൻ ആരെയും നിയമിക്കാൻ പറഞ്ഞിട്ടില്ല. ഞാൻ സ്വിമ്മിംഗ് പൂളിൽ വിളിച്ചന്വേഷിച്ചു, അവിടെ സ്വിമ്മിംഗ് പൂൾ ക്ലീൻചെയ്യാൻ നാലുപേർ ഉണ്ട്. ഒരു കോൺട്രാക്ടർക്കാണ് അത്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിരിക്കുന്നത്, അയാൾ നാലുപേരെ വച്ച് ക്ലീൻ ചെയ്യുന്നുണ്ട്. ക്ലീൻ ചെയ്യാതെ പറ്റുമോ ? എത്രയോ ആളുകൾ നീന്തുന്ന സ്ഥലമാണത്. അതുപോലെതന്നെ അവിടെ പരിശീലനവും ഉണ്ട്. ഇതൊക്കെ ഒരു പ്രശ്നമായി നിയമസഭയിൽ ജയരാജനെപ്പോലുള്ള ആളുകൾ പറയുന്നത് കഷ്ടമാണ് എന്നേ എനിക്ക് അതേക്കുറിച്ച് പറയാനുള്ളൂ.

മറ്റൊന്ന് ജെ.ബി.ഐ.സി. യെ സംബന്ധിച്ചാണ്. ഞാൻ ബഹുമാനപ്പെട്ട ഈ സഭയിലെ എല്ലാ അംഗങ്ങളോടും ഒന്നുപറയട്ടെ, നമ്മുടെ സംസ്ഥാനമായ കേരളത്തിന് ഉൾപ്പെടെ ഇൻഡ്യയിൽ ജെ.ബി.ഐ.സി. യുടെ 11 സ്കീമുകൾക്ക് കേന്ദ്ര ഗവൺമെന്റ് അനുവാദം നൽകി. ആ 11 സ്കീമുകളിൽ നമ്മുടേത് മാത്രമാണ് ടേക്ക് ഓഫ് ചെയ്യാത്തത്. ഞാൻ ആ പ്രോജക്ടുകളുടെ ലിസ്റ്റ് ഒന്നു വായിക്കാം.

1. Northern India Transmission System Project.
2. West Bengal Transmission System Project.
3. Unicam Hydro Power Station Renovation Project.
4. Tuirial Hydro-Electric Power Station Project.
5. Simhadri Thermal Power Station Project.
6. Delhi Mass Rapid Transport System Project.
7. Calcutta Transport Infrastructure Development Project.
8. Eastern Karnataka Afforestation Project.
9. Tamil Nadu Afforestation Project.
10. Kerala Water Supply Project.
11. Rajghat Canal Irrigation Project.

ഈ 11-എണ്ണത്തിൽ കേരളത്തിലേതു മാത്രം തുടങ്ങിയിട്ടില്ല. അപ്പോൾ ഇതൊന്ന് തുടങ്ങണ്ടെ നമുക്ക് ? അവിടെ നമ്മുടെ ശ്രീ. ഗോവിന്ദൻ മാസ്റ്റർ ഇരിപ്പുണ്ട്, ഗോവിന്ദൻ മാസ്റ്ററുടെയും, ശ്രീമതി ശ്രീമതി ടീച്ചറുടെയും, ശ്രീ. ബാലന്റെയും നിയോജകമണ്ഡലങ്ങളിൽ പ്രയോജനം കിട്ടുന്നതാണ് പട്ടുവം സ്കീം. ഇവിടെ തിരുവനന്തപുരം നഗരത്തിനു പുറമേ തിരുവനന്തപുരം റൂറലിനും പ്രയോജനം കിട്ടും. ഈ പ്രോജക്ടിൽ അഞ്ചു സ്കീമുകളുണ്ട്. 1800 ഓളം കോടി രൂപ, 2.1 ശതമാനം പലിശ. വായ്പ ദീർഘകാലമായി തിരിച്ചടച്ചാൽ മതി, ഈ പ്രോജക്ടുവഴി 45 ലക്ഷം ജനങ്ങൾക്ക് പ്രയോജനം കിട്ടും. ഇത് വേണ്ടേ നമുക്ക്? വേണ്ടെങ്കിൽ വേണ്ട, എനിക്ക് ഒരു നിർബന്ധവുമില്ല. കൺസൾട്ടൻസിയെ സംബന്ധിച്ച്, കൺസൾട്ടൻസി

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്നത് ചുമ്മാ കാശ് കൊടുക്കുന്ന ഏർപ്പാടല്ല. Pre feasibility study അവർ നടത്തണം. ഡീറ്റെയിൽഡ് എഞ്ചിനിയറിംഗ് ഡിസൈനും ഉണ്ടാക്കണം, റിപ്പോർട്ട് പ്രിപ്പറേഷൻ വേണം. അതുപോലെ Pre-bid documentation, bid documentation ടെൻഡറിന്റെ മൂല്യനിർണ്ണയം, നിർമ്മാണ ഉൽഘാടനം, കമ്മീഷനിംഗ്. Leak detection study , Environmental impact study, Training to KWA personnel, Institutional Strengthening, ഇതെല്ലാം കൺസൽട്ടൻസിയുടെ പ്രവർത്തനമാണ്. ഇവിടെ പറഞ്ഞ ഒരു സംഗതി കോടിക്കണക്കിന് രൂപ . കൺസൾട്ടൻസിക്കുവേണ്ടി കൊടുത്തു എന്നാണ്. ഇവിടെ ഒന്നു രണ്ട് പത്രങ്ങൾ എഴുതി, ഞാൻ അവരെയും കുറ്റംപറയുന്നില്ല, 100.1 കോടി രൂപ കൺസൾട്ടൻസിക്കു വേണ്ടി പ്രോജക്ട് റിപ്പോർട്ടിൽ മാറ്റിവച്ചിട്ടുണ്ട്. കൺസൾട്ടൻസിയില്ലാതെ ഈ പ്രോജക്ട് നടത്താൻ സാദ്ധ്യമല്ല. ഇത് ഇൻഡ്യാ ഗവൺമെന്റും, ജെ.ബി.ഐ.സി. യും തമ്മിൽ ഒപ്പുവച്ചിരിക്കുന്ന എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥയാണ്. ഒരു പത്രത്തിൽ എഴുതി കൺസൾട്ടന്റ് ഇല്ലാതെ വാട്ടർ അതോറിറ്റിക്ക് ഇത് നേരിട്ട് നടപ്പിലാക്കാൻ പാടില്ലേ എന്ന് സാദ്ധ്യമല്ല. വാട്ടർ അതോറിറ്റി ഇത് ഇംപ്ലിമെന്റ് ചെയ്യുന്ന ഒരു ഏജൻസി മാത്രമാണ്, എക്സിക്യൂവിംഗ് അതോറിറ്റി മാത്രമാണ്. അപ്പോൾ കൺസൾട്ടന്റ് ഇല്ലാതെ പറ്റില്ല. കൺസൾട്ടൻസി സംബന്ധിച്ച ഇഷ്യൂവിൽ, കഴിഞ്ഞ പ്രാവശ്യം പി.സി.ഐ., ഇപ്രാവശ്യം ടോക്കിയോ എഞ്ചിനീയറിംഗ് കോർപ്പറേഷൻ. അവരുടെ റെമ്യൂണറേഷൻ, കീ സ്റ്റാഫിന്റേത് കഴിഞ്ഞ പ്രാവശ്യത്തേത് 66.63 കോടി, ഇപ്രാവശ്യത്തേത് 47.30 കോടി. റെമ്യൂണറേഷൻ സപ്പോർട്ട് സ്റ്റാഫ് കഴിഞ്ഞ പ്രാവശ്യം 29.98 കോടി, ഇപ്പോഴത്തേത് 16.24 കോടി Miscellaneous and reimbursement cost കഴിഞ്ഞ പ്രാവശ്യം 29.71 കോടി ഈപ്രാവശ്യം 29.20. കോടി അങ്ങനെ കഴിഞ്ഞ പ്രാവശ്യത്തെ പി.സി.ഐ. യുടേത് ടോട്ടൽ 122.32 കോടി, ഇപ്രാവശ്യത്തേത് ടോക്കിയോ എഞ്ചിനീയറിംഗ് കോർപ്പ റേഷന്റേത് 92.75, 29.57 കോടി രൂപ കുറവാണ്. പിന്നെ ഇതിനകത്ത് കണ്ടിജൻസി കൂടി കൂട്ടിയതാണ്. കണ്ടിജൻസി എന്നുപറഞ്ഞാൽ എന്തെങ്കിലും കാരണവശാൽ time extension നൽകേണ്ടിവന്നാലോ, കോസ്റ്റ് എസ്കലേഷൻ വേണ്ടിവന്നാലോ കൺസൾട്ടന്റിന് അത് അനുവദിക്കുന്നതിനു വേണ്ടിയാണ്. ഈ പണം കെ.ഡബ്ലിയു.എ. യുടെ കൈയിലാണ്, കൺസൾട്ടന്റിന് കൊടുക്കുന്നില്ല. ഈ കണ്ടിജൻസീസ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉൾക്കൊള്ളിച്ചത് 6.12 കോടി രൂപ (5 ശതമാനം) ആയിരുന്നു. ഇപ്രാവശ്യം പീരിഡ് കുറച്ച് അത് 10 ശതമാനമാക്കിയപ്പോൾ 9.27 കോടി ആയി. ടോട്ടൽ 102.03 കോടിയാണ്, കണ്ടിജൻസി ഉൾപ്പെടെ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 128.44 കോടി. പിന്നെ ഇതിനകത്തു കൊടുക്കുന്ന ടാക്സുണ്ട്. ടാക്സ് എന്നുപറയുന്നത് ഇൻകം ടാക്സ്, അതുപോലുള്ള ടാക്സുകൾ സംബന്ധിച്ചാണ്. റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ ഏകദേശം 8 കോടി രൂപയോളം നമുക്ക് തിരിച്ചുകിട്ടും മെറ്റീരിയൽസായിട്ട്. 92.75 കോടിയിൽ 8 കോടിയോളം നമുക്ക് തിരിച്ചുകിട്ടും പിന്നെ ഇതിൽ എന്ത് അനാവശ്യം കാണിച്ചു എന്നാണ് നിങ്ങൾ പറയുന്നത്. ഇതിനകത്ത് യാതൊന്നും ചെയ്തിട്ടില്ല. ആഗോള ടെണ്ടർ വിളിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : സർ, ഇന്റർനാഷണൽ മാൻ മംത് കഴിഞ്ഞതവണ 385 എന്നത് ഇപ്പോൾ 282 ആയി കുറച്ചു. ലോക്കൽ മാൻ മംത് 1154 എന്നതിനുപകരം 852 ആയി കുറച്ചു ഇങ്ങനെ ലോക്കൽ മാൻ മംതും ഇന്റർനാഷണൽ മാൻ മംതും കുറച്ചിട്ടും എന്തേ അതിനനുസരിച്ചിട്ട് കോസ്റ്റ് കുറയാതിരുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : സർ, കുറഞ്ഞല്ലോ, നേരം വെളുക്കുന്നതുവരെ രാമായണം വായിച്ചിട്ട് രാമൻ സീതയുടെ ആരാണെന്നു ചോദിച്ചപ്പോൾ മനസ്സിലായില്ല എങ്കിൽ പിന്നെ ഞാൻ എന്താ പറയേണ്ടത്. ഇതെല്ലാം പരിഗണിച്ച് പ്രോജക്ടിന്റെ എസ്റ്റിമേറ്റ് കോസ്റ്റ് വളരെയധികം വർദ്ധിക്കാതിരിക്കാൻ ഇംപ്ലിമെന്റേഷൻ ആറു വർഷത്തിൽ നിന്ന് നാല് വർഷമായി ചുരുക്കി. ഇല്ലെങ്കിൽ ഈ പ്രോജക്ട് പോകും. 2006-ൽ ഈ പ്രോജക്ട് തീർത്തു കൊടുത്തില്ല എങ്കിൽ ഈ പ്രോജക്ട് നമുക്ക് നഷ്ടപ്പെടും. എന്താണ് വേണ്ടതെന്ന് ഞങ്ങൾ ആലോചിച്ചു, നാലു വർഷമായിട്ട് ഞങ്ങൾ കുറച്ചു. കുറച്ചിട്ട് കീ സ്റ്റാഫിന്റെ മാൻമംത്സിലും, മാറിയ പരിതസ്ഥിതിക്ക് അനുസൃതമായി മാറ്റം വരുത്തി. ഇന്റർനാഷണൽ കീ സ്റ്റാഫിന്റെ നമ്പർ പഴയത് 13, ഇപ്പോഴത്തേത് 17. ഇന്റർനാഷണൽ കീ സ്റ്റാഫ് മാൻ മംത് 374, ഇപ്പോൾ 282 ആയി കുറച്ചു. ലോക്കൽ കീ സ്റ്റാഫ് നമ്പർ 33, ഇപ്പോൾ 42 ആയി. ലോക്കൽ കീ സ്റ്റാഫ് മാൻ മംത്സ് 1154 ൽ നിന്ന് 852 ആയി കുറഞ്ഞു, കുറഞ്ഞപ്പോഴും നമുക്ക് ലാഭമാണ്. ടോട്ടൽ ലാഭമാണ്. സർ, മറ്റൊന്ന് ഇന്റർനാഷണൽ റെപ്യൂട്ടേഷനില്ല എന്നുപറഞ്ഞു. അതു ശരിയല്ല, ഇന്റർനാഷണൽ റെപ്യൂട്ടേഷൻ ഉള്ള കംപനികളാണ് ഇതിനകത്ത് വന്നിരിക്കുന്നത്. മാർക്കിന്റെ കാര്യത്തിൽ, ഇത് വാട്ടർ അതോറിറ്റിയിലെ എല്ലാ ചീഫ് എൻജിനിയേഴ്സും പരിശോധിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി ഡയറക്ടർ ഡിസ്കസ് ചെയ്തിട്ടുണ്ട്. അത് കഴിഞ്ഞ് ഗവൺമെന്റിൽ വന്നു, ഫിനാൻസ് പരിശോധിച്ചു ഇവിടത്തെ സി.റ്റി. ഇ. അത് പരിശോധിച്ചു, ലാ സെക്രട്ടറി പരിശോധിച്ചു, ചീഫ് സെക്രട്ടറി ഇത് പരിശോധിച്ചു. ക്യാബിനറ്റിൽ പല പ്രാവശ്യം ഇത് കൺസിഡർ ചെയ്തു. വിശദമായ ചർച്ചകൾ നടത്തി, ഞാൻ പറയുന്നു, നൂറ് ശതമാനവും സുതാര്യമായും സത്യസന്ധവുമായിട്ടാണ് കൺസൽട്ടന്റിനെ തെരഞ്ഞെടുത്തിരിക്കുന്നത്. ഇത് മുഴുവൻ ഹൈക്കോടതിയെ ബോധിപ്പിക്കാൻ പോകുകയാണ്. 15-ം തീയതി കേസ് വച്ചിട്ടുണ്ട്. എന്തെല്ലാം രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ടോ അവ മുഴുവൻ പരിശോധിക്കട്ടെ ഡോക്യുമെന്റ്സ് ഉണ്ട്. രേഖകൾ ഉണ്ട്, ഇവർക്ക് നല്കിയിരിക്കുന്ന മാർക്ക്-നിങ്ങൾക്ക് പരിശോധിക്കാം. ഇവിടെ സി. ഇ .ഡി.-ൽ K.W.A.-ൽ നിന്ന് റിട്ടയർ ചെയ്ത എട്ടുപേരുണ്ട്. ജയരാജന് അറിയാമോ, മോട്ട് കംപനിയിൽ കേരളാ വാട്ടർ അതോറിറ്റിയിൽ നിന്ന് റിട്ടയർ ചെയ്ത 18 പേരുണ്ട്, നിങ്ങൾ പറയുന്ന ന്യായമനുസരിച്ച് മോട്ട് കമ്പനിക്കുവേണം കിട്ടാൻ കഴിഞ്ഞ പ്രാവശ്യം പി സി ഐ. യിൽ-നിങ്ങൾ അവാർഡ് ചെയ്ത പി. സി .ഐ യ്ക്ക് വാട്ടർ അതോറിറ്റിയിൽ നിന്ന് റിട്ടയർ ചെയ്ത ഉദ്യോഗസ്ഥനുണ്ടായിരുന്നു. 55 വയസ് കഴിഞ്ഞ ഒരു റിട്ടയേർഡ് ഉദ്യോഗസ്ഥൻ എവിടെങ്കിലും പോകരുത് എന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ ? അതുകൊണ്ട് എനിക്കുപറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ആടിനെ പട്ടിയാക്കി, പട്ടിയെ പേപ്പട്ടിയാക്കി അതിനെ തല്ലിക്കൊല്ലുന്ന ഏർപ്പാട് വേണ്ട, നമ്മുടെ നാടിന്റെ നൻമയ്ക്കുവേണ്ടി, നാല്പത്തിയഞ്ചു ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാനുള്ള ഈ പദ്ധതി നമുക്ക് എല്ലാപേർക്കും ആവശ്യമാണ്, അത് നമുക്ക് നന്നായി നടപ്പിലാക്കാം. ഞാൻ പ്രതിപക്ഷനേതാവിനോട് പറയുന്നു. നിങ്ങളിൽ ആർക്കും പരിശോധിക്കണമെങ്കിലും ഞാൻ ഇതിന്റെ കടലാസ്സുകൾ തരാം. നിങ്ങൾ പരിശോധിച്ചോ, ഞാൻ നിങ്ങൾക്ക് പരിശോധിക്കാൻ കടലാസ് തരാം. ഞാൻതരാം നിങ്ങൾ പരിശോധിച്ചോ? ഒരു കാര്യം പോലും വഴിവിട്ട് ഞങ്ങൾ ഇക്കാര്യത്തിൽ ചെയ്തിട്ടില്ല. എന്ന് സത്യസന്ധമായി പറയുന്നു.

മി. സ്പീക്കർ : യേസ്, യേസ്.

ശ്രീ. ടി. എം. ജേക്കബ് : ഞാൻ സത്യസന്ധമായി സഭയിൽ പറയുന്നു, അതുകൊണ്ട് ഈ നാടിന്റെ നൻമയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റ് കൊണ്ടുവന്ന ഡിമാന്റുകൾ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) : സർ, ചർച്ചയിൽ പങ്കെടുത്ത് നല്ല വാക്ക് പറഞ്ഞവരോട് നന്ദി, വിമർശിച്ചവരുടെ വിമർശനം അതൊരു സ്പോർട്ട്സ്മാൻ സ്പിരിറ്റോടുകൂടി ഞാൻ ഉൾക്കൊള്ളുന്നു. സർ, കേരളത്തിൽ പതിനായിരത്തി മൂന്നൂറ്റിഇരുപത്തിമൂന്ന് ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വനമാണ് നമ്മുടെ വനസമ്പത്ത്. സംസ്ഥാനത്തിന്റെ ഇരുപത്തിനാല് ശതമാനം ഉണ്ട്. ഇതിന്റെ നാൽപ്പതുശതമാനം പ്രക്ഷീണ വനങ്ങളാണ്. മൊത്തം കാടിന്റെ അളവെത്രയെന്ന് നമ്മുടെ മനസ്സിനകത്ത് ഒരു ചിത്രം വരാനാണ് കണക്കുകൾ ഞാൻ ഉദ്ധരിച്ചത്. പക്ഷെ അത്രയും ചെറുതാണ് കേരളത്തിന്റെ വനമെങ്കിൽപ്പോലും നേരത്തെ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ചൂണ്ടിക്കാട്ടിയതുപോലെ ലോകത്തിലെ ജൈവവൈവിദ്ധ്യ സമ്പത്തിന്റെ 22 ശതമാനം നമ്മുടെ പശ്ചിമഘട്ടത്തിലാണ് ലോകത്തിലെ 25 ശതമാനം ഹോട്ട്സ്പോട്ടുകളിൽ ഒന്നാണ് നമ്മുടെ പശ്ചിമഘട്ടമെന്നത്, ലോകത്തിന്റെ ആവാസവ്യവസ്ഥ സംരക്ഷിക്കാനുള്ള പ്രതിജ്ഞാബദ്ധമായ നമ്മുടെ കർത്തവ്യത്തിന്റെ, ഉത്തരവാദിത്തത്തിന്റെ തനിമ വർദ്ധിപ്പിക്കുന്നു എന്ന് ആമുഖമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആര് ഭരിക്കട്ടെ. ആര് ഭരിക്കാതിരിക്കട്ടെ, ആര് ഭരിച്ചാലും ആര് ഭരിച്ചില്ലെങ്കിലും കാടിന്റെ വിസ്തൃതി കുറഞ്ഞു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ് ; മരം ഏറെ നഷ്ടപ്പട്ടു എന്നത് ഒരു വസ്തുതയാണ് നഷ്ടപ്പെട്ടുപോയ ഈ വനസംപത്ത് തിരികെ കൊണ്ടുവരാൻ വനംവകുപ്പ് ഒരുപാട് നടപടിക്രമങ്ങൾ ആരംഭിച്ചതിന്റെ ഭാഗമായി കഴിഞ്ഞ ഒരു വർഷം 'ഹരിതോൽസവം അമൃതവനം' 'വൃശ്ചികമൊന്ന് വൃക്ഷത്തൈ ഒന്ന്', എന്നീ പദ്ധതികളിലൂടെ ലക്ഷക്കണക്കിന് മരങ്ങൾ വച്ചുപിടിപ്പിക്കാനും ഈ വകുപ്പിന് സാധിച്ചിട്ടുണ്ട്. ഈ വർഷം കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി എല്ലാ വില്ലേജുകളിലും ഗ്രാമവനങ്ങൾ ഉണ്ടാക്കാനും

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അതോടൊപ്പംതന്നെ കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗപ്പെടുത്തി ജനകീയ നഴ്സറികൾ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഔഷധത്തോട്ടങ്ങൾ ജൈവസംപത്തിന്റെ നിലയ്ക്കാത്ത കലവറ എന്നാണ് ശാസ്ത്രം പറയുന്നത്. ആ ഔഷധത്തോട്ടങ്ങൾ ഉണ്ടാക്കാൻ 'സഞ്ജീവനി വനം' എന്ന ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുത്തുകൊണ്ടിരിക്കുന്നു. കേരളഫോറസ്റ്റ് പ്രോജക്ടിനെക്കുറിച്ച് നേരത്തെ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ സൂചിപ്പിച്ചതാണ്. പരിഹാരവനവൽക്കരണ പരിപാടി എത്രമാത്രം വിജയമാകാറുണ്ട് എന്ന് ചോദിച്ചു, കഴിഞ്ഞ ഒരുവർഷക്കാലം കൊണ്ട് 22,893 ഹെക്ടർ വനം ഈ പരിഹാരവനവൽക്കരണ പരിപാടിയിലൂടെ നട്ടുപിടിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ മൊത്തം 57,180 ഹെക്ടർ ആണ് നമ്മുടെ ടാർജറ്റ്. അതിൽ ഏതാണ്ട് 41,961 ഹെക്ടർ ലക്ഷ്യം കൈവരിച്ചു, ഇനി അവശേഷിക്കുന്നത് 15,219 ഹെക്ടറാണ്, അത് 10-ാം തീയതിയോടുകൂടി പ്രാവർത്തികമാക്കാൻ സാധിക്കുമെന്നാണ് ഡിപ്പാർട്ടുമെന്റ് കരുതുന്നത്. ഇവിടെ 1854 ഹെക്ടറിൽ പൾപ്പും 1028 ഹെക്ടറിൽ തേക്കും വച്ചുപിടിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റിന് സാധിച്ചിരിക്കുന്നു. തേക്ക് ലേലം വളരെയധികം വരുമാനമുള്ള ഒരു മാർഗ്ഗമാണ്. 154 കോടി രൂപയാണ് കഴിഞ്ഞ വർഷത്തെ വരവ്. ഈ വർഷം മൂന്നുമാസംകൊണ്ട് 70 കോടി രൂപ വരുമാനം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷെ തേക്കിന്റെ ലേലത്തിൽ സാധാരണക്കാർക്ക് പങ്കുകൊള്ളാൻ സാധിക്കാറില്ല. ഒരു സാധാരണക്കാരന്റെ വീട്ടാവശ്യത്തിന് തേക്ക് വേണമെന്ന് പറഞ്ഞാൽ ഈ ലേലത്തിൽ പങ്കെടുക്കാൻ അവർക്ക് സാധിക്കില്ല. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിൽ കൂപ്പുകുത്തിയ കെ.എഫ്.ഡി.സി.യെ ലക്ഷ്യബോധമുള്ള ഒരു പ്രസ്ഥാനമാക്കി മാറ്റാൻ നമുക്ക് സാധിച്ചു. ആദ്യമായി ഒരു നോമിനേറ്റ് അംഗത്തെ ചെയർമാൻ ആക്കി, അതുകൊണ്ടുതന്നെ സാധാരണക്കാരന്റെ ആവശ്യം മുൻനിറുത്തിക്കൊണ്ട് ഒരു തടിവിൽപ്പനശാല സംസ്ഥാനത്ത് ഫോറസ്റ്റ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. കെ.എഫ്.ഡി.സി. ദിശാബോധം നഷ്ടപ്പെട്ട ഒരു സ്ഥാപനമായിരുന്നു. ജനകീയ സമിതിക്ക് രൂപം കൊടുക്കാൻ സാധിക്കുകവഴി ഉദ്യോഗസ്ഥാൻമാരുടെ അക്ഷീണ പരിശ്രമം കൊണ്ട് ഇന്നലെവരെ നഷ്ടത്തിൽ പോയ കെ.എഫ്. ഡി.സി. ലാഭത്തിലേക്ക് കടന്നുവരുന്നു എന്നുള്ള സത്യം ഈ സഭയെ അറിയിക്കാൻ എനിക്ക് ഏറെ സന്തോഷമുണ്ട്. നിലംപൂരിൽ വർഷങ്ങളായിട്ട് അടഞ്ഞുകിടന്ന വുഡ് ഇൻഡസ്ട്രീസ് തുറന്ന് പ്രവർത്തിപ്പിച്ചു, വൈവിദ്ധ്യമാർന്ന പ്രവർത്തനത്തിന് കേന്ദ്രീകൃത രംഗമാക്കി മാറ്റാൻ പോകുകയാണ്. ഒട്ടേറെ ഫർണീച്ചർ ഉൽപ്പാദനശാലകൾക്ക് രൂപം കൊടുക്കാൻ വുഡ് ഇൻഡസ്ട്രീസ് ഉപകരിക്കുമെന്നാണ് സർക്കാർ കരുതുന്നത്. പരിസ്ഥിതി സംരക്ഷണമെന്നു പറയുന്നത് കേവലം മരങ്ങളെ മാത്രം ബന്ധപ്പെടുത്തിക്കൊണ്ടല്ല. ഭൂമിയിൽ ജൻമമെടുക്കുന്ന എല്ലാ ചരാചരങ്ങളുടേയും ജീവജാലങ്ങളുടേയും ഈ ഭൂമുഖത്തെ കൂട്ടായ്മയാണ് പരിസ്ഥിതി എന്നുപറയുന്നത്. ഇത് വളരുന്ന തലമുറയെ ബോദ്ധ്യപ്പെടുത്താൻ നമുക്ക് സാധിക്കണം. സമൂഹത്തിലൂടെയല്ലാതെ ഒരു ജനതയുടേയും മനസ്സിനകത്ത് പച്ച പാടില്ല. കറുത്ത സത്യങ്ങളെ ദൂരീകരിക്കാൻ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കണം. അതുകൊണ്ടുതന്നെ വനവിജ്ഞാനകേന്ദ്രം ഈ സംസ്ഥാനത്ത് ആരംഭിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇത് ലക്ഷ്യം വച്ചുകൊണ്ടുതന്നെ പുത്തൂരിൽ ഒരു സുവോളജിക്കൽ പാർക്ക് ആരംഭിക്കാൻ ഗവൺമെന്റ് നടപടിയെടുത്തു. നിതാന്തമായ സമ്പർക്കംകൊണ്ട് മനുഷ്യനുമായി ഇടപഴകിയ എത്രയോ പക്ഷികൾ വംശനാശം നേരിടുകയാണ്. ആ വംശനാശം നേരിടുന്ന പക്ഷികളെ കുറിച്ച് നിരീക്ഷിക്കാനും, പരീക്ഷിക്കാനും പഠനം നടത്താനും പക്ഷി ഗവേഷണ കേന്ദ്രം ആരംഭിക്കാൻ ഗവണ്മെന്റ് ആലോചിക്കുന്നു. ഇതുപോലെതന്നെ എത്രയോ കടൽജീവികൾക്ക് വംശനാശം സംഭവിക്കുകയാണ്. അത്തരം കടൽജീവികളുടെ സംരക്ഷണത്തിന് മറൈൻ നാഷണൽ പാർക്ക് ആരംഭിക്കാൻ പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന്റെ അനുമതിക്കുവേണ്ടി സമർപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. നേരത്തെ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ കണ്ടൽക്കാടിന്റെ കാര്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കണ്ടൽക്കാട് എന്നുപറയുന്നത് പ്രകൃതിയുടെ മാലിന്യങ്ങളെ ദൂരീകരിച്ച് നമുക്ക് ആവശ്യമുള്ള ഈ മണ്ണും വിണ്ണും ശുദ്ധീകരിക്കുന്ന ഒരു ഫിൽട്ടറാണ്. ആ കണ്ടൽക്കാട് ഇന്ന് നാശത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. കണ്ടൽക്കാടുകളും ചതുപ്പുനിലങ്ങളും വെട്ടിനിരത്തി മണ്ണിട്ട് കോൺക്രീറ്റ് കെട്ടിടങ്ങൾ കെട്ടിപ്പൊക്കുന്ന നിരവധി ആളുകൾ ഉണ്ട്. പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് അഭൂതപൂർവമായ സംഭാവന നൽകിയ കണ്ടൽക്കാടുകളുടെ നാശംമൂലം നഷ്ടപ്പെടുന്നത് ശുദ്ധവായുവും ശുദ്ധജലവുമാണ് എന്നുള്ള വസ്തുത നാം വിസ്മരിച്ചുപോകരുത്. അതുകൊണ്ടുതന്നെ കണ്ടൽക്കാടുകളെ സംരക്ഷിക്കാൻ ഒരു പുതിയ നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പ്രകൃതിയുടെ ചിറകുകളാണ് ചിത്രശലഭങ്ങളെന്ന് കവികൾ പാടാറുണ്ട്. ചിത്രശലഭങ്ങൾ ഒട്ടേറെ വംശനാശം നേരിടുകയാണ്. അതിനെ നിരീക്ഷിക്കാനും പരീക്ഷിക്കാനും വാഴച്ചാലിൽ ഒരു ചിത്രശലഭ സംരക്ഷണകേന്ദ്രം ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ ജൈവസമ്പത്ത് കട്ട് കടത്തുകയാണ്. ഒരുപാട് ജൈവസമ്പത്ത് നഷ്ടപ്പെട്ടിട്ടുണ്ട്. അത് നഷ്ടപ്പെടാതിരിക്കാൻ-ഭൗതികസംരക്ഷണ സെൽ-എന്ന ഒരു പ്രസ്ഥനാത്തിന് രൂപം കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും പ്രിവെൻഷൻ യൂണിറ്റുകൾ ഉണ്ടാക്കി കള്ളക്കടത്ത് തടയാനുള്ള നടപടികൾക്ക് രൂപം കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. മതികെട്ടാൻ മലയെ സംബന്ധിച്ച് നേരത്തെ ഇവിടെ ശ്രീ. അഗസ്തി സൂചിപ്പിക്കുകയുണ്ടായി. മതികെട്ടാൻമല ദേശീയപാർക്കായിട്ട് പ്രഖ്യാപിച്ച് നടപടികൾ ത്വരിതഗതിയിൽ മുന്നോട്ടുപോകുന്നു. അതോടൊപ്പം കേരളത്തിലെ എല്ലാ ചോലവനങ്ങളും ഈ മതികെട്ടാൻ മലയെന്ന നാഷണൽ പാർക്കിന്റെ ഉപ ഉദ്യാനങ്ങളാക്കിമാറ്റാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ ആനകൾ പീഡിപ്പിക്കപ്പെടുന്നു. നമ്മുടെ നാട്ടിൽ ഏതാണ്ട് ആറായിരത്തോളം ആനകൾ പീഡിപ്പിക്കപ്പെടുന്നുണ്ട്. പാപ്പാന്റെ അജ്ഞതയാണിതിനു കാരണം. എങ്ങനെ സംരക്ഷിക്കപ്പെടണം, എങ്ങനെ പരിരക്ഷിക്കപ്പെടണം എന്നുള്ള അവബോധം പാപ്പാൻമാർക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

കോടനാട് ഒരു എലിഫന്റ് ടൂറിസ്റ്റ് കേന്ദ്രം ആക്കാൻ പര്യാപ്തമായ സ്ഥലമുണ്ട്, ഒരുപാട് ആനങ്ങൾ അവിടെയുണ്ട്. കോടനാട് കേന്ദ്രമാക്കിക്കൊണ്ട് ആനപ്പാപ്പാൻമാർക്ക് ഒരു പരിശീലന കേന്ദ്രം ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട് അതുപോലെതന്നെ ആനയുടെ ഉടമസ്ഥനും ആനകളെ പീഡിപ്പിക്കാറുണ്ട്. അവയക്ക് ഒരു വർക്ക്‌ലോഡില്ല. ഉൽസവ സമയത്ത് ആനയെ 24 മണിക്കൂറും പണിയെടുപ്പിക്കുന്നതുകൊണ്ട് ആനകൾ ഓരോന്നും പ്രതിസന്ധി അഭിമുഖീകരിക്കുന്ന കാലഘട്ടമാണ്. അതുകൊണ്ടുതന്നെ ആനയെ സംരക്ഷിക്കാൻ Kerala Management and Maintenance of Cattle Elephant Rules 2003-എന്നൊരു പുതിയ നിയമത്തിന് ഇൻഡ്യയിൽ ആദ്യമായി (ഒരു സംസ്ഥാനത്തിലും ഈ നിയമം ഉണ്ടാക്കിയിട്ടില്ല.) സംസ്ഥാന ഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ട്. ഇതൊക്കെ സംരക്ഷിക്കാൻ നിലവിലുള്ള വനംവകുപ്പിന്റെ പ്രവർത്തനംകൊണ്ട് സാദ്ധ്യമല്ല എന്ന നമുക്ക് അറിയാം. കാരണം സംരക്ഷണത്തിൽ ഇന്നും ശക്തമാക്കേണ്ട ഒരുപാട് രംഗങ്ങൾ ഉണ്ട്. അതിൽ ഏറ്റവും പ്രധാനം ഇന്റലിജൻസ് സെൽ ആണ്. ആദ്യമായി ഫോറസ്റ്റ് വകുപ്പിൽ പോലീസ് മുറയിൽ ഒരു ഇന്റലിജൻസ് സെൽ ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 275 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 88 ഫോറസ്റ്റ് സ്റ്റേഷനുകൾ ഇതിനകം പ്രാവർത്തികമാക്കിയിട്ടുണ്ട്. ആദിവാസികളെ മാത്രം പങ്കെടുപ്പിച്ചുകൊണ്ട് 300 ഫോറസ്റ്റ് ഗാർഡുകളെ പ്രത്യേകമായി റിക്രൂട്ട്‌മെന്റിലൂടെ നിയമിക്കാനും അവർക്ക് പരിശീലനം നൽകാനും ഉള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ നിയമംകൊണ്ട് ജനങ്ങൾക്ക് പാർട്ടിസിപ്പേഷൻ കൊണ്ടുവരാൻ സാധിക്കില്ല. ശ്രീ. ഗണേഷ്‌കുമാറും ശ്രീ. അഗസ്തിയും ചൂണ്ടിക്കാണിച്ചതുപോലെ ജനകീയ പങ്കാളിത്തം വനസംരക്ഷണത്തിനും അനിവാര്യമാണ്. അതുകൊണ്ട് വനസംരക്ഷണ സമിതി സംസ്ഥാനത്ത് വ്യാപകമാകുകയാണ്. 235 വനസംരക്ഷണ സമിതികളും ഏതാണ്ട് 72 പരിസ്ഥിതി വികസന സമിതികളും അടക്കം 307 ജനകീയ സമിതികളിൽ ഈ വനത്തിന്റെ സംരക്ഷണം ഏൽപ്പിച്ചിരിക്കുന്നു.

സർ, ഇന്നലെവരെ ഫോറസ്റ്റ് റെയ്ഞ്ചർമാരും, ഫോറസ്റ്റർമാരും, ഫോറസ്റ്റ് ഗാർഡുകളുമൊക്കെ നടത്തിയിരുന്ന പ്രവർത്തനം ഇപ്പോൾ ജനങ്ങൾ നടത്തുകയാണ്. ഇന്നലെവരെ കാട്ടിലെ കൊള്ളക്കാരായിരുന്ന, വനവിഭവങ്ങൾ കൊള്ളയടിച്ചുകൊണ്ടുപോയിരുന്ന ആളുകളെ ബോധവൽക്കരിച്ച് അത്തരം ആളുകളെ ഫോറസ്റ്റിന്റെ ചുമതല ജനപങ്കാളിത്തത്തോടുകൂടി ഏൽപ്പിച്ചു. ശ്രീ. ജയരാജനും, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പറഞ്ഞതുപോലെ ഇവർ വാച്ചർമാരല്ല. വനസംരക്ഷണ സേനയാണ്. വനസംരക്ഷണ സമിതി എന്ന് പറയുന്നത് ലോക്കൽ ജനതയുടെ പങ്കാളിത്തമാണ് അതുകൊണ്ടുണ്ടായ ഫലം ! ചർച്ചയിൽ പങ്കെടുത്തിട്ട് വനത്തെ സംബന്ധിച്ച് ഒരു ആരോപണം ഉന്നയിക്കാൻ അങ്ങേയ്ക്ക് സാധിച്ചോ ? വനത്തിന്റെ ധനാഭ്യർത്ഥനയിൽ പങ്കെടുത്ത നിങ്ങൾ സംസാരിച്ചത് വനത്തെ സംബന്ധിച്ചല്ല; ചന്ദനമാഫിയയെ സംബന്ധിച്ചാണ്,

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്ഫറിനെ സംബന്ധിച്ചാണ്, മാവൂരിലെ ഗ്രാസിമിനെ സംബന്ധിച്ചാണ്. വനത്തെക്കുറിച്ച് ഒരാൾ സംസാരിച്ചോ; വനസംരക്ഷണത്തെ ക്കുറിച്ച് ഒരാൾ സംസാരിച്ചോ? അത് വന സംരക്ഷണം ഇവിടെ 100 ശതമാനവും നടക്കുന്നുണ്ട് എന്നതിന്റെ തെളിവാണ്. വിമർശിക്കുവാൻപോലും നിങ്ങൾക്കൊരു പഴുതില്ലാത്തവിധം കേരളത്തിലെ വനസമ്പത്ത് സംരക്ഷിക്കുവാൻ 2 വർഷംകൊണ്ട് ഈ ഗവൺമെന്റിന് സാധിച്ചിരിക്കുന്നു. അതാണ് യാഥാർത്ഥ്യം. അതുപോലെ തന്നെ ഇ.ഡി.സി.യെക്കുറിച്ച് ശ്രീ. ഇ.എം. അഗസ്തി ഇവിടെ ചൂണ്ടിക്കാണിച്ചു. കാര്യക്ഷമതയോടെ ഇ.ഡി.സികൾ ഇവിടെ പ്രവർത്തിക്കുന്നു. .....ബഹളം.....

മി. സ്പീക്കർ : ഓർഡർ, ഓർഡർ. അതൊന്നും രേഖയിൽ ഉണ്ടായിരിക്കില്ല.

ശ്രീ. കെ. സുധാകരൻ : സർ, 307 ജനകീയ സമിതികൾ 137,570 ഹെക്ടർ വനം സംരക്ഷിക്കപ്പെടുന്നു എന്നത് നിങ്ങൾ ഓർക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, വനത്തെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല എന്ന് പറഞ്ഞല്ലോ. വനത്തിനെതിരായി ഏറ്റവും കൂടുതൽ ആരോപണങ്ങൾ ഉന്നയിച്ചത് നിങ്ങളുടെ മന്ത്രിസഭയിലെ തന്നെ അംഗമായ ശ്രീ. കെ.എം. മാണിയാണ് ; മതികെട്ടാൻ ചോലയെക്കുറിച്ച് അതിനെപ്പറ്റി എന്താണ് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാനുള്ളത്.

ശ്രീ. കെ. സുധാകരൻ : സർ, മതികെട്ടാൻമലയെ സംബന്ധിച്ചൊക്കെ ഇവിടെ ഒരുപാട് ചർച്ച നടത്തി, ചർവ്വിതചർവ്വണം നടത്തി. ആ വിഷയം ബഹുമാനപ്പെട്ട കോടിയേരിയെപ്പോലെയുള്ള ഒരാൾ ഉന്നയിക്കുക എന്ന് പറയുന്നത് അനാവശ്യമാണെന്ന് മിതമായ ഭാഷയിൽ പറയുന്നു. 307 ജനകീയ സമിതികളുടെ സംരക്ഷണത്തിൽ 137,570 ഹെക്ടർ വനഭൂമി പരിരക്ഷിക്കപ്പെടുന്നു. അതുവഴി 44,644 കുടുംബങ്ങൾ ജീവിക്കുന്നു. ജനകീയ സമിതികളുടെ പ്രത്യേകത, ഒരു ഭാഗത്ത് വനം സംരക്ഷിക്കപ്പെടുന്നു, മറുഭാഗത്ത് ജോലി ലഭിക്കുന്നു. ഇന്നലെവരെ കാട് കൊള്ളയടിച്ചിരുന്നവർ, ജീവിക്കുവാൻ വരുമാനമുണ്ടായപ്പോൾ നേർവഴിക്ക് വരാൻ തയ്യാറായിരിക്കുന്നു.

Mr. Speaker : Order, Order, Mr. Devakumar, Please resume your seat.

ശ്രീ. കെ. സുധാകരൻ : മാനുഷികമായ ഒരു പ്രവർത്തനമാണ് ഈ രംഗത്ത് നടത്തിയതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ മനസ്സിലാക്കണം എന്ന് സ്നേഹപുരസ്സരം ഞാൻ അപേക്ഷിക്കുകയാണ്. ചന്ദനമേഖലയിലെ സംഘർഷം ലഘൂകരിക്കാൻ സഹകരണ മേഖലയിൽ മറയൂരിൽ ഒരു ചന്ദന ഫാക്ടറി ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ട്. നേരത്തെ ശ്രീ. അച്യുതൻ സ്വന്തം വീട്ടുവളപ്പിൽ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ മുറിക്കാൻ തങ്ങൾക്ക് അവകാശം ഇല്ലേ എന്ന് ചോദിച്ചു. ആ നിയമംമൂലം മരങ്ങൾ വച്ചുപിടിപ്പിക്കാൻ തയ്യാറാകാത്ത ഒരു വലിയ ജനത നമുക്കുണ്ട്. ഞാൻ വയ്ക്കുന്ന മരം എനിക്കോ എന്റെ കുട്ടികൾക്കോ മുറിക്കാൻ പറ്റില്ല, പിന്നെ എന്തിന് മരങ്ങൾ നടുന്നു എന്ന ചിന്ത. അത് ദൂരീകരിക്കാൻ മരങ്ങൾ മുറിക്കാൻ തടസ്സമായി നിൽക്കുന്ന സെക്ഷൻ 4 എടുത്തു കളയാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Very good.

ശ്രീ. കെ. സുധാകരൻ: സ്വന്തം വീട്ടു പറമ്പത്ത് വയ്ക്കുന്ന മരം മുറിക്കാനും ഉപയോഗിക്കാനുമുള്ള സ്വാതന്ത്ര്യം ആളുകൾക്ക് കൊടുക്കുകവഴി പുതിയ മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള ഒരു പ്രേരകശക്തിയായി അത് മാറുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുപോലെ ഒരു ജനതയുടെ ബോധവൽക്കരണത്തിന് അനിവാര്യമാണ് വനവിജ്ഞാനം. അതിന്റെ വ്യാപകമായ മേഖലകൾ ഉണ്ടെങ്കിൽപ്പോലും ശാസ്ത്രീയമായ പുരോഗതിക്ക് അനുസരിച്ച് ഒരു കംപ്യൂട്ടർവൽകൃത ലൈബ്രറി ഹെഡ് ക്വാർട്ടേഴ്സിൽ ആരംഭിച്ച വിവരം സന്തോഷപൂർവ്വം ഈ നിയമസഭയെ ഞാൻ അറിയിക്കുകയാണ്. ശ്രീ. മുഹമ്മദ് ബഷീർ ഇവിടെ ചൂണ്ടിക്കാണിച്ചു, മണ്ണ് മരിക്കുന്നു, നദികൾ മരിക്കുന്നു, കായലുകൾ മരിക്കുന്നു എന്ന്. തണ്ണീർ തടാകങ്ങൾക്ക് പുതുജീവൻ പകരാൻ വെറ്റ് ലാൻഡുകളുടെ സമഗ്രമായ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് ദീർഘകാലാടിസ്ഥാനത്തിലുള്ള Integrated Catchment Conservation project എന്ന പേരിലുള്ള ഒരു പുതിയ പദ്ധതി വനംവകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. അത് സെൻട്രൽ ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതാണ് പൊതുവായി എനിക്ക് വനംവകുപ്പിനെ സംബന്ധിച്ചിടത്തോളം പറയാനുള്ളത്. പിന്നെയുള്ളത് പ്രതിപക്ഷനേതാവും ശ്രീ. ജയരാജനും ചൂണ്ടിക്കാണിച്ച അഴിമതി ആരോപണങ്ങളാണ്. ശ്രീ. ജയരാജന്റെ ആരോപണത്തിലേയ്ക്ക് ഞാൻ പുറകേ വരാം. ശ്രീ. ജയരാജന്റെ ആരോപണം ക്ലച്ച് പിടിച്ചില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച ആരോപണം മാവൂർ ഗ്രാസിമിലെ തടി ലേലമാണ്. നിയമസഭയിൽ 2 തവണ വന്ന വസ്തുതയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഞാൻ സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു, 1997-98, 1998-99-ൽ ശേഖരിച്ചതാണ് ഈ മുള, അങ്ങയുടെ കാലത്താണ്. സത്യസന്ധമായ ഒരു സമീപനം അതിനോടുണ്ടായിരുന്നു എങ്കിൽ അങ്ങയുടെ കാലത്തുതന്നെ അത് 18 കോടി രൂപയ്ക്ക് ലേലം ചെയ്ത് ട്രഷറിയിൽ പണം അടയ്ക്കാമായിരുന്നു. എന്തുകൊണ്ട് അങ്ങയുടെ മന്ത്രിയും ഗവൺമെന്റും അതിനെക്കുറിച്ച് ആലോചിച്ചില്ല ?

Mr. Speaker : Order, order.

ശ്രീ. കെ. സുധാകരൻ : ബഹളം വച്ചിട്ടൊന്നും കാര്യമില്ല. ബഹളം വച്ച് നാക്കിനെ അടക്കാമെന്ന് കരുതുന്നുണ്ടെങ്കിൽ നിങ്ങൾക്ക് തെറ്റിപ്പോയി എന്ന് മാത്രമേ പറയാനുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ ശേഖരിച്ചു കൂട്ടിയിരുന്നു എന്നാണ്. അന്ന് ഫാക്ടറി പ്രവർത്തിക്കുന്നുണ്ടോ ഇല്ലയോ.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ : 1999 ഫെബ്രുവരി മാസം ആ ഫാക്ടറി അടച്ചു. 1999-2000, 2000-01-ൽ നിങ്ങൾ ഭരിച്ചതാണ് ഈ നാട്. നിങ്ങൾക്കന്ന് ഇത്രയേറെ വിലയുണ്ടാക്കാൻ കഴിയുമായിരുന്നു എങ്കിൽ അന്ന് നിങ്ങൾക്കത് ഓക്ഷൻ നടത്താമായിരുന്നു. മെറ്റീരിയൽസ് ഡിസ്പോസ് ചെയ്യാനാണ് ഗവൺമെന്റ് അതു വിറ്റഴിക്കാൻ തീരുമാനിച്ചത്. അതു നശിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഓക്ഷൻ സംബന്ധിച്ച ഫയൽ ഞാൻ വരുത്തിയപ്പോൾ 3 തവണ പ്രസ്തുത തടി ലേലം ചെയ്യാൻ ഓക്ഷൻ വച്ചു എങ്കിലും, ഹിന്ദി അടക്കം 4 പത്രങ്ങളിൽ വാർത്ത കൊടുത്തു എങ്കിലും ആരും പാർട്ടിസിപ്പേറ്റ് ചെയ്യാത്തതുകൊണ്ട് മാറ്റിവച്ച തടി ലേലമാണ്. നാലാമത് അത് ലേലം ചെയ്തത് 22-2-2002-ലാണ്. 3 തവണ ലേലം മുടങ്ങി. അതിൽ കേവലം 93 മെട്രിക് ടണ്ണാണ് ലേലം പോയത്. ബാക്കി ആരും എടുക്കാനുണ്ടായില്ല. എടുത്ത ആളുകൾ തന്നെ പണം അടച്ച് മരം നീക്കിയതാണ്. ആ മരം ഇപ്പോഴും അവിടെ കിടക്കുന്നു. അങ്ങനെ മാർക്കറ്റിൽ പോകാത്ത ഒരു സാധനമെന്നാണ് റിക്കോർഡുകൾ വ്യക്തമാക്കുന്നത്. അതിനുശേഷമാണ് ആരോപണവിധേയമായ അഞ്ചാമത്തെ ഓക്ഷൻ നടന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ ഒരു യാഥാർത്ഥ്യം ശരിയാണ്. 21 ലക്ഷം രൂപയ്ക്കാണ് ആദ്യം ലേലം പോയത്. രണ്ടാമത്തെ ലേലം 98 ലക്ഷം രൂപ. I will come to the point. നിങ്ങൾ ചിത്രം വരച്ചിട്ട് കാര്യമുണ്ടോ ? 21 ലക്ഷം രൂപക്ക് ഈ ലേലം ഉറപ്പിക്കാൻ സർക്കാരിന് ആഗ്രഹമുണ്ടായിരുന്നു എങ്കിൽ, അല്ലെങ്കിൽ ഉറപ്പിച്ചിരുന്നു എങ്കിൽ നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമായിരുന്നോ? ഞങ്ങൾ ആ ലേലം ഉറപ്പിച്ചില്ല. ശ്രീ. മത്തായി ചാക്കോ ആരോപണം ഉന്നയിക്കുമ്പോൾ അതിൽ വസ്തുത ഉണ്ടോ എന്ന് പരിശോധിക്കണം. അത് സ്വാഭാവികമായി സർക്കാരിന് തോന്നിയതുകൊണ്ടുതന്നെ ഞങ്ങൾ അത് പുനഃപരിശോധിച്ചു. ഞങ്ങൾ ആ ഓക്ഷൻ ട്രാൻസ്ഫർ ചെയ്തു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ശ്രീ. മത്തായി ചാക്കോ തടി ലേലത്തിലുള്ള തുക കുറഞ്ഞുപോയത് സംബന്ധിച്ച് സംസാരിച്ചപ്പോൾ അന്ന് "കുറഞ്ഞ തടിയാണ്, ചീഞ്ഞ തടിയാണ്, 21 ലക്ഷം രൂപ കിട്ടിയതുതന്നെ മഹാഭാഗ്യമാണെന്ന് പറഞ്ഞത് മറന്നുപോയോ ?

ശ്രീ. കെ. സുധാകരൻ : ഞാൻ മറന്നിട്ടില്ല. ഞാൻ പറഞ്ഞതൊന്നും നിഷേധിക്കുന്നില്ല. ഞാൻ എന്ത് ചെയ്യുന്നുവെങ്കിലും പറഞ്ഞിട്ട് ചെയ്യുന്ന ഒരാളാണെന്ന് നിങ്ങൾക്കുമറിയാം പ്രതിപക്ഷത്തിരിക്കുന്ന മിക്ക ആളുകൾക്കുമറിയാം. ഇക്കാര്യത്തിൽ എനിക്ക് ഒന്നും ഹൈഡ് ചെയ്യാൻ താൽപ്പര്യമില്ല. ഞാൻ പറഞ്ഞത് യാഥാർത്ഥ്യമാണ്. മൂന്ന് തവണ ഓക്ഷനിൽ പങ്കെടുക്കാൻ ആളില്ലാതെ നാലാമത്തെ ഓക്ഷനിൽ പങ്കെടുത്തവർ ആ സാധനം കൊണ്ടുപോകാത്ത സാഹചര്യത്തിൽ ആ സാധനത്തെക്കുറിച്ച് സാമാന്യ വിവരം വച്ച് ആര് എന്ത് പറയുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒന്ന് പറഞ്ഞ് തന്നാൽ കൊള്ളാം. പക്ഷേ മത്തായി ചാക്കോയുടെ നിർദ്ദേശങ്ങൾക്കകത്ത് വസ്തുതകൾ ഉണ്ടെന്നുള്ള

ബോദ്ധ്യമുള്ളതുകൊണ്ടല്ലേ ആ ലേലം ഞങ്ങൾ confirm ചെയ്യാതെ പോയത്. നിങ്ങൾ pressurize ചെയ്തിട്ടോ കോടതി പറഞ്ഞിട്ടോ ആണോ റീഓക്ഷൻ വച്ചത്. ഈ ഗവൺമെന്റ് സ്വയം തീരുമാനിച്ചതല്ലേ? റീഓക്ഷൻ ഈ ഗവൺമെന്റ് സ്വയം തീരുമാനിച്ചതുകൊണ്ടല്ലേ 98 ലക്ഷം രൂപ ഇതിലേയ്ക്ക് കിട്ടിയത്. അങ്ങനെയൊരു പുനർചിന്തനത്തിന് വഴിവച്ച ബഹുമാനപ്പെട്ട മത്തായി ചാക്കോയോടും പ്രതിപക്ഷനേതാവിനോടും എനിക്ക് നന്ദിയുണ്ട്. പക്ഷേ അതിനപ്പുറത്ത് അങ്ങ് പറഞ്ഞ ഒരു ആരോപണമുണ്ടല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നിലവാരത്തിന് യോജിച്ചതാണോയെന്ന് സ്വയം ഒന്ന് ആലോചിക്കു. 98 ലക്ഷം രൂപയ്ക്ക് വിൽപ്പനയ്ക്ക് പോയ മരത്തിന്റെ ഇടപാടിൽ 5 കോടി മന്ത്രിക്ക് ഓഫർ ചെയ്തുവെന്ന് വന്നാൽ.....അദ്ദേഹം കഥയറിയാതെ ആട്ടം കാണുകയാണ്. അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തികൊണ്ട് പറയുന്നു, അങ്ങ് കഥയറിയാതെ ആട്ടം കാണുകയാണ്. 98 ലക്ഷത്തിനായാലും ഒരു കോടിക്കായാലും ബാക്കി മാവൂർ

ഗ്വാളിയർ.....(ബഹളം).....

പറയുന്നത് ഒന്നുകേൾക്കു ശ്രീ. കോടിയേരി. എന്നിട്ട് മറുപടി പറയൂ. വെറുതെ നിലവിളിച്ചിട്ട് കാര്യമുണ്ടോ? ഞാൻ സ്നേഹപൂർവ്വം പറയുകയാണ്. 98 ലക്ഷം രൂപ കഴിച്ച് ബാക്കി മാവൂർ ഗ്വാളിയർ റയോൺസിൽ നിന്ന്, അവരുടെ റിസ്ക് ആന്റ് കോസ്റ്റിലാണ് ഓക്ഷൻ. അവരുടെ നഷ്ടോത്തരവാദത്തിലാണ് ഓക്ഷൻ. ആ ഓക്ഷനിൽ 100 രൂപ കിട്ടിയാൽ പോലും ബാക്കി പണം മാവൂർ ഗ്വാളിയർ റയോൺസിൽ നിന്ന് വസൂലാക്കാൻ ഇവിടെ ഉടമ്പടിയുണ്ട്, നിയമമുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അറിവിലേക്ക് പറയുകയാണ്, 9,12,42,716 രൂപയ്ക്ക് അവകാശം ഉന്നയിച്ചുകൊണ്ട് മാവൂർ ഗ്വാളിയർ റയോൺസിന് നോട്ടീസ് അയച്ചിരിക്കുന്നു. അവരുടെ റിസ്ക് ആന്റ് കോസ്റ്റിലാണ്. എത്ര പൈസ കിട്ടിയാലും എത്ര കുറഞ്ഞാലും ബാക്കി വരുന്ന സംഖ്യ മാവൂർ ഗ്വാളിയർ റയോൺസിന്റെ നഷ്ടോത്തരവാദത്തിലാണ് ഓക്ഷൻ. പിന്നെ എന്താണ്? അതിനകത്ത് കൂടുതൽ കാശ് കിട്ടിയാലാണ് മാവൂർ ഗ്വാളിയർ റയോൺസിന് ലാഭം. ബാക്കി പൈസ അവർ തരേണ്ട. അതല്ലാതെ പൈസ കുറഞ്ഞാൽ അത് മാവൂർ ഗ്വാളിയർ റയോൺസിന് അനുകൂലമല്ല. രണ്ടാമതായി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചത്, അദ്ദേഹം പറഞ്ഞു, ബാംഗ്ലൂരിൽ ഏതോ ഹോട്ടലിൽ.....അങ്ങ് നിരവധി ആരോപണങ്ങൾ ഇതുമൂലം ഉയർത്തിവിട്ടിട്ടുണ്ട്. സെൻട്രൽ ജയിലിൽ വിസിറ്റ് ചെയ്ത സന്ദർശകയെയൊക്കെ ബലാൽസംഗം ചെയ്തു കൊന്നു എന്നൊക്കെയാണ് പറഞ്ഞത്. ഈ രാജ്യത്തെ പ്രതിപക്ഷനേതാവ് ഒരു ആരോപണം ഉന്നയിക്കുമ്പോൾ.....ഏഷ്യാനെറ്റിലും ടി.വി.യിലുമൊക്കെ അങ്ങ് പറഞ്ഞത് ഞാൻ ഓർക്കുന്നു. ആരോപണം ഉന്നയിച്ചാൽ പോരാ, തെളിയിക്കണം. ഞാൻ അങ്ങയെ ചലഞ്ച് ചെയ്യുന്നു, ബാംഗ്ലൂരിലെ ഏതെങ്കിലും ഹോട്ടലിൽ ഇങ്ങനെ ഒരു ചർച്ച നടന്നുവെന്ന് അങ്ങ് തെളിയിച്ചാൽ ആ നിമിഷം പൊതുരംഗത്ത് നിന്ന് വിരമിക്കും.

LIBRARY ARCHIVES Kerala Legislative Assembly

തെളിയിച്ചില്ലെങ്കിൽ വിരമിക്കാൻ അങ്ങ് തയ്യാറാണോ? രണ്ടാമത്തെ ആരോപണം അദ്ദേഹം എഴുതി ഉന്നയിച്ചത്, ഒലവക്കോടും തളിപ്പറമ്പുമാണ്. ഒലവക്കോടിലെ സംഭവം ഞാൻ ഈ സഭയ്ക്ക് അകത്ത് തന്നെ മുൻപ് പറഞ്ഞിട്ടുണ്ട്. പോലീസിന്റെ നടപടി തൃപ്തികരമല്ല എന്നതുകൊണ്ട് സി.ബി.ഐ.യ്ക്ക് കൊടുത്തിരിക്കുകയാണ്. അന്വേഷണം സി.ബി.ഐ.യ്ക്ക് കൊടുത്തിരിക്കുകയാണ്.....(ബഹളം).....

മി. സ്പീക്കർ : Order.....Order..... No.....No.....

This is too bad. You resume your seat. എന്താണിത് ?

ശ്രീ. കെ. സുധാകരൻ : ഒലവക്കോട് സ്ട്രോംഗ് റൂമിൽ നിന്നും കളവുപോയ കേസ് നമ്മുടെ സംസ്ഥാനത്തെ പോലീസ് ഏജൻസിയെ കൊണ്ടുള്ള അന്വേഷണം തൃപ്തികരമല്ല എന്ന് വന്നപ്പോൾ ഉദ്ദേശശുദ്ധിയോടുകൂടിയാണ് സി.ബി.ഐ.യ്ക്ക് കൊടുത്തത് .....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഈ കേസ് സി.ബി.ഐ.യ്ക്ക് കൈമാറി എന്ന് അദ്ദേഹം പറഞ്ഞു. സി.ബി.ഐ.യ്ക്ക് കേസ് റഫർ ചെയ്യണമെങ്കിൽ മന്ത്രിസഭ തീരുമാനിക്കണം. ഇതുസംബന്ധിച്ച് മന്ത്രിസഭ തീരുമാനമെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. സുധാകരൻ : മന്ത്രിസഭ തീരുമാനിക്കണമെന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചെയ്യാം. അദ്ദേഹം അത് ചെയ്തിരിക്കുന്നു. അതിന്റെ ഓർഡർ രണ്ട് ദിവസത്തിനകം പുറത്തിറങ്ങുമെന്ന് ഈ നിയമസഭയെ അറിയിക്കുകയാണ്.....(ബഹളം).....തയ്യാറാണ്. മേശപ്പുറത്ത് വയ്ക്കാം. ഇപ്പോൾ കയ്യിലില്ല. മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാണ്. മുഖ്യമന്ത്രി സി.ബി.ഐ.യ്ക്ക് എൻക്വയറി നടത്താൻ ഓർഡറിട്ട കടലാസ് നാളെ മേശപ്പുറത്ത് വയ്ക്കാമെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് ഉറപ്പ് നൽകുന്നു. ഞാൻ ചോദിക്കുന്നത് .....(ബഹളം).....പറയാം, I will come to the point. ഒലവക്കോട് സംഭവം നടന്നതിനെപ്പറ്റി തെളിവില്ല അല്ലെങ്കിൽ പിടിക്കുന്നില്ല എന്ന് വന്നപ്പോൾ പല പത്രങ്ങളും എഴുതി. ദേശാഭിമാനി, മാധ്യമം, ഹിന്ദു ഒക്കെ എഴുതി. എന്താണ് ? 'ഗവൺമെന്റ് ഇടപെട്ട് മുഖ്യമന്ത്രി ഇടപെട്ട് അന്വേഷണം മരവിപ്പിക്കുന്നു' ഒരു വലിയ വാർത്താമാധ്യമത്തിൽ വന്നു, ആ വാർത്തയിൽ പറയുന്നത്, "ലോക്കൽ പോലീസിന് പുറമെ രൂപീകരിക്കപ്പെട്ട പ്രത്യേക സംഘത്തിന്റെ നീക്കം അപകടകരമായ ദിശയിലേയ്ക്ക് തിരിഞ്ഞപ്പോഴാണ് മന്ത്രി തന്നെ ഇടപെട്ട് ക്രൈം ബ്രാഞ്ചിനെ നിയോഗിച്ചത്." ക്രൈം ബ്രാഞ്ചിനെ മാറ്റാൻ ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. കഴിഞ്ഞ ദിവസം വരെ തെളിയിക്കാത്തതിന് ആക്ഷേപം ഉന്നയിച്ച പത്രങ്ങളും പ്രതിപക്ഷങ്ങളുമാണ്. അത് തെളിയിക്കാനുള്ള ആത്മാർത്ഥമായ ശ്രമത്തിന്റെ ഭാഗമായിട്ടാണ് സി.ബി.ഐ.യ്ക്ക് നൽകിയത്. സി.ബി.ഐ മന്ത്രിയെയോ കൃാബിനറ്റിനെയോ സംരക്ഷിക്കുമെന്ന് ആർക്കെങ്കിലും പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുമോ ? സംശുദ്ധമായ അന്വേഷണത്തിന് വേണ്ടിയാണ് സി.ബി.ഐ.യ്ക്ക് വിട്ടുകൊടുത്തത്. ആ ഉദ്ദേശശുദ്ധിയെ അഭിനന്ദിക്കണ്ട പക്ഷേ വിമർശിക്കാതിരുന്നുകൂടേ ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തളിപ്പറമ്പിൽ പോയി. അദ്ദേഹം പറഞ്ഞത്, അവിടെ സ്ട്രോംഗ് റൂം ഉണ്ടെന്നാണ്. അങ്ങയുടെ അറിവിലേയ്ക്കായി പറയുകയാണ്, അവിടെ സ്ട്രോംഗ് റൂം ഇല്ല. സ്ട്രോംഗ് റൂം ഒലവക്കോടും തിരുവനന്തപുരത്തും മാത്രമേയുള്ളൂ. അവിടെ റെയ്ഞ്ച് ഓഫീസാണ്. റെയ്ഞ്ച് ഓഫീസിലെ ഒരു മുറിക്കകത്താണ് സൂക്ഷിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ അങ്ങേയ്ക്കുള്ള അഞ്ജത എന്നുപറയുന്നത് ശരിയല്ല, അറിയാത്ത കാര്യം പറയുകയാണ്. ചന്ദനതൈലം മറിഞ്ഞാൽ സുഗന്ധ സ്മെൽ വരില്ല. അത് വളരെ നാറിയ മണമാണ്. അത് ഒരു പുതിയ അറിവാണ് കോടിയേരിക്കും പ്രതിപക്ഷനേതാവിനും. അതൊന്ന് അന്വേഷിക്കണം. ചന്ദന തൈലം

.....(ബഹളം).....

അതുകൊണ്ട് തന്നെ അങ്ങ് പറഞ്ഞ വസ്തുതകളൊക്കെ വാസ്തവവിരുദ്ധമാണ്. പിന്നെ ഞാൻ ചോദിക്കുന്നു, പ്രതിപക്ഷനേതാവ് ആ വസ്തുത.....(ബഹളം).....

ആയിക്കോട്ടെ, സമ്മതിച്ചു.

.....(ബഹളം).....

മി. സ്പീക്കർ : Order.....Order..... You continue

ശ്രീ. കെ. സുധാകരൻ : തളിപ്പറമ്പിലെ കേസ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞില്ല.....(ബഹളം).....

ഞാനത് മനസ്സിലാക്കി. എനിക്ക് അതിൽ ആക്ഷേപമില്ല .....(ബഹളം).....

മി.സ്പീക്കർ : സുഗന്ധമെന്നും പറഞ്ഞു. രണ്ടും പറഞ്ഞു. അതിലേയ്ക്കൊന്നും പോകണ്ട.

ശ്രീ. കെ. സുധാകരൻ : തളിപ്പറമ്പിലെ കേസ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞില്ല എന്ന് തോന്നുന്നു. രണ്ട് പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ട് നാലഞ്ച് ദിവസമായി. അങ്ങ് അറിഞ്ഞില്ലെങ്കിൽ അങ്ങയുടെ അറിവിലേയ്ക്കായി പറയുകയാണ്. ഈ കേസുമായി ബന്ധപ്പെട്ട് ഇതിനകം രണ്ട് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അദ്ദേഹം ഡി.എഫ്.ഒ ചന്ദ്രനെക്കുറിച്ച് പറഞ്ഞു പ്രതിപക്ഷനേതാവിന്റെ അറിവിലേയ്ക്ക് പറയുകയാണ്, അങ്ങയുടെ ഭരണകാലത്തും അദ്ദേഹം കണ്ണൂരിൽ തന്നെയായിരുന്നു. ഡി.എഫ്.ഒ. ചന്ദ്രൻ സോഷ്യൽ മിനിസ്ട്രിയിലായിരുന്നുവെന്ന വ്യത്യാസമേയുള്ളൂ. കണ്ണൂരിൽ തന്നെയായിരുന്നു അദ്ദേഹം. കഴിഞ്ഞകാലത്തെ മന്ത്രിമാരുടെ ഇഷ്ടതോഴനായിരുന്നു എന്നാണ് ജനസംസാരം. എന്റെ തലയിൽ മാത്രം അത് കെട്ടിവയ്ക്കരുത്. അത് ശരിയല്ല. ചന്ദന ഫാക്ടറിയെ സംബന്ധിച്ച് ഒരു

LIBRARY ARCHIVES Kerala Legislative Assembly

ആരോപണം വന്നു. ഇത് സംബന്ധിച്ച് അന്നുണ്ടായ അഭിപ്രായ വ്യത്യാസം ഫോറസ്റ്റ് വകുപ്പ് എന്തുകൊണ്ട് ഇത് closure ചെയ്യുന്നില്ല എന്നാണ്. ഞാൻ ഇന്ന് നിയമസഭയിൽ പറഞ്ഞു, ഇത് ക്ളോഷർ ചെയ്യാൻ ഫോറസ്റ്റ് വകുപ്പിന് അധികാരമില്ല. എൻ.ഒ.സി.മാത്രം വേണമെന്നാണ് ഞങ്ങളുടെ നിലപാട്. ആ എൻ.ഒ.സി. തന്നെ ആവശ്യമില്ല എന്ന രീതിയിൽ ഹൈക്കോടതിയുടെ വിധിനിൽക്കുന്നു. ആ വിധി പുനഃപരിശോധിക്കുവാനും ഫോറസ്റ്റിന്റെ എൻ.ഒ.സി. വേണമെന്ന് നിഷ്ക്കർഷിക്കാനും, ആ റിവ്യൂപെറ്റീഷൻ ഹൈക്കോടതിയുടെ മുമ്പിൽ നിൽക്കുന്നുവെന്നാണ്. ഞാൻ ഭൂരിപക്ഷം എൽ.ഡി.എഫ്. കാരെന്ന് പറഞ്ഞുപോയിട്ടുണ്ടെങ്കിൽ, തെറ്റാണെങ്കിൽ ക്ഷമിക്കുക. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് സ്നേഹത്തോടെ ഞാൻ ചോദിക്കുകയാണ്. അങ്ങയുടെ സ്വന്തം നിയോജകമണ്ഡലത്തിലാണ് വാളയാർ റൂറൽ ഇൻഡസ്ട്രീസ് അങ്ങയുടെ സ്വന്തം നിയോജകമണ്ഡലത്തിലാണ് എലപ്പുള്ളി എസൻഷ്യൽ ഓയിൽ ഇൻഡസ്ട്രീസ് അങ്ങയുടെ സ്വന്തം നിയോജകമണ്ഡലത്തിലാണ് വെസ്റ്റേൺ റൂറൽ ഇൻഡസ്ട്രീസ്. ഇതെല്ലാം ഞാൻ ഒരു വിവാദത്തിനുവേണ്ടി പറഞ്ഞതല്ല. എനിക്ക് സത്യസന്ധമായി അങ്ങയോട് ചോദിക്കാനുള്ളത് ഈ ചന്ദനത്തിന്റെ കാര്യത്തിൽ ഇടതുപക്ഷത്തിന്റെ നയം എന്താണ് ? 5 വർഷം നിങ്ങൾ ഈ സംസ്ഥാനം ഭരിച്ചില്ലേ .....

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, നമ്മുടെ മറയൂർ ഗവൺമെന്റ് മേഖലയിൽ ഒരു ഫാക്ടറി സ്ഥാപിച്ചു. ചന്ദനം പ്രോസസ്സ് ചെയ്ത് വിൽക്കുന്നതിനുവേണ്ടിയിട്ടുള്ള നിലപാട് സ്വീകരിക്കാൻ ധൈര്യപ്പെടുകയാണെങ്കിൽ അവിടെ ഈ മോഷണം പരമാവധി കുറയ്ക്കാൻ കഴിയും. അങ്ങനെ നമ്മുടെ വനസമ്പത്തിന്റെ മുഴുവൻ ആദായവും കേരളത്തിന്റെ ഖജനാവിലേയ്ക്ക് തന്നെ വരും. അങ്ങനെയുള്ള സമീപനം സ്വീകരിക്കണമെന്നാണ് ഞങ്ങൾ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ സുധാകരൻ : സർ, അങ്ങ് പറഞ്ഞ ആശയം ഉൾക്കൊള്ളുന്നു. മറുപടി ഞാൻ നിയമസഭയിൽ പറഞ്ഞു കഴിഞ്ഞു. എന്റെ ഒരു ആക്ഷേപം എന്നുപറയുന്നത് നിങ്ങൾ ഭരിക്കാൻ പോകുമ്പോഴൊന്നും നിങ്ങൾക്ക് ഈ നയം ബാധകമല്ല. അതിനെപ്പറ്റി നിങ്ങൾ ചിന്തിക്കുകപോലും ഇല്ല. 5 കൊല്ലം നിങ്ങൾ ഭരിച്ചപ്പോൾ നിങ്ങൾക്ക് തോന്നിയിട്ടില്ല. മാത്രമല്ല നിങ്ങൾ ചെയ്തത് അറിയുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഒരുപക്ഷേ അറിയില്ല. ഭരണത്തിൽ പങ്കാളിത്തമില്ല. കേരളത്തിൽ ആദ്യമായി ചന്ദനം ഡിപ്പോ തുറക്കാൻ, ചന്ദനത്തിന്റെ ക്രയവിക്രയം നടത്താൻ അതിന്റെ ട്രെയിഡ് നടത്താൻ ആദ്യമായി പ്രോപ്പർട്ടിമാർക്ക് രജിസ്ട്രേഷൻ കൊടുത്തത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ്. അതൊന്ന് നിങ്ങൾ പരിശോധിക്കണം. 2000-ത്തിൽ പ്രോപ്പർട്ടി മാർക്ക് രജിസ്ട്രേഷൻ നിലമ്പൂർ സൗത്ത് ഡി.എഫ്.ഒ.യാണ് കൊടുത്തത്. രാജ് മെമ്മോറിയൽ ഖാദി ഗ്രാമ വ്യവസായ ചാരിറ്റബിൾ സൊസൈറ്റി, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിനാണ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തത്. എൽ.ഡി.എഫ്. ഭരിക്കുന്ന മുനിസിപ്പാലിറ്റിയാണ് ഇവർക്ക് ലൈസൻസ് കൊടുത്തത്. ഇവരോട് ഞാൻ ചോദിക്കുന്നു ചന്ദനത്തോട് നിങ്ങളുടെ നയം ഇതാണെങ്കിൽ ചന്ദനം ഒരു പൊതു ട്രെയിഡായി അംഗീകരിക്കാൻ നിങ്ങൾക്കോ നിങ്ങളുടെ മുന്നണിക്കോ സാധിക്കുകയില്ലെങ്കിൽ നിങ്ങളുടെ ഗവൺമെന്റ് എങ്ങനെ ഈ ചന്ദനം ട്രെയിഡ് നടത്താൻ എൻ.ഒ.സി. കൊടുത്തു ? ഞങ്ങളുടെ ഗവൺമെന്റ് വന്നപ്പോൾ ഈ ഉത്തരവ് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞങ്ങളുടെ മുമ്പിൽ ഒരു കക്ഷി വന്നു. ഹൈഗ്രേഡ് അരോമ എന്ന സ്ഥാപനം ഈ ഓർഡർ ചൂണ്ടിക്കാട്ടി, നിങ്ങൾ കൊടുത്ത ഓർഡർ ചൂണ്ടിക്കാട്ടി ഞങ്ങളുടെ ഡി.എഫ്.ഒ. ക്ക് അപേക്ഷ കൊടുത്തു. ഡി.എഫ്.ഒ. അത് തള്ളി. അവർ കോടതിയിൽ പോയി. കോടതി പറഞ്ഞു ഗവൺമെന്റ് തീരുമാനിക്കട്ടെയെന്ന്. ഗവൺമെന്റിന്റെ മുമ്പിൽ ഫയൽ വന്നപ്പോൾ ഞങ്ങൾ അത് കർക്കശമായി നിഷേധിച്ചു. അങ്ങനെയൊരു ട്രെയിഡ് അനുവദിക്കാൻ നിവൃത്തിയില്ലായെന്നു ഞങ്ങൾ പറഞ്ഞു. എത്ര സുതാര്യമാണ് ഞങ്ങളുടെ സമീപനം. ഈ ചന്ദന ഫാക്ടറികളെ സംബന്ധിച്ച് അത് നിർത്തണമോ നിർത്തണ്ടയോയെന്ന് ഫോറസ്റ്റ് വകുപ്പ് അല്ല തീരുമാനിക്കേണ്ടത് എന്നാണ് എന്റെ വാദം. ഇതിനകത്ത് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഉണ്ട്. പഞ്ചായത്താണ് ലൈസൻസ് കൊടുക്കുന്നത്. ഞങ്ങളുടെ എൻ.ഒ..സി. യേ വേണ്ടൂ. മൂന്നു വകുപ്പുകൾ ബന്ധപ്പെട്ടതാണ്. അങ്ങനെയൊരു കൺഫ്യൂഷൻ വന്നപ്പോൾ ചന്ദനത്തെലം ഫാക്ടറിയിൽ എന്ത് വേണമെന്ന് തീരുമാനിക്കാൻ ഗവൺമെന്റ് ഒരു സബ്കമ്മിറ്റിയുണ്ടാക്കി ആ സബ്കമ്മിറ്റി ചർച്ച നടത്തുന്നു, ഏതായാലും ഒരുകാര്യം വ്യക്തമാക്കാം, ഇതിന്റെ ഒരു നയം ഈ ഗവൺമെന്റ് വ്യക്തമാക്കാം. നിങ്ങളെപ്പോലെ പ്രതിപക്ഷത്ത് ഇരിക്കുമ്പോൾ വിമർശിക്കാനും ഭരിക്കുമ്പോൾ അവരെ സഹായിക്കാനുമുള്ള ഇരട്ടമുഖം ഞങ്ങൾ കാണിക്കുകയില്ലായെന്ന് ഞാൻ പ്രതിപക്ഷത്തെ അറിയിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു. പിന്നെ ട്രാൻസ്ഫറിന്റെ കാര്യമാണ്. ട്രാൻസ്ഫറിന്റെ കാര്യത്തിൽ ഞാൻ നിയമസഭയിൽ പറഞ്ഞത് ഒടുവിൽ ചെയ്ത ട്രാൻസ്ഫറിന്റെ എണ്ണമാണ്. അതാണല്ലോ പത്രത്തിൽ വാർത്ത വന്നത്. ആ കണക്ക് സത്യസന്ധമാണ്. അതിലൊന്നും നിയമസഭയെ ഞാൻ തെറ്റിദ്ധരിപ്പിച്ചിട്ടില്ല. ഇതിൽ ട്രാൻസ്ഫർ ചെയ്യുമ്പോൾ എന്തിനാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അസഹിഷ്ണുത കാണിക്കുന്നത്. ഫോറസ്റ്റ് സെക്രട്ടറിയെക്കുറിച്ച് പ്രതിപക്ഷനേതാവിന്റെ പ്രസ്താവന വന്നു. സത്യസന്ധനായ ആഫീസറെന്ന്. അങ്ങ് സത്യസന്ധമാണെന്ന് പറഞ്ഞാൽത്തന്നെ അത് പോരെ അദ്ദേഹത്തിന്റെ ഡിസ്കാളിഫിക്കേഷന്! എന്റെ കീഴിൽ പ്രവർത്തിക്കുന്ന .....(ബഹളം)..... ഒന്നും ചോദ്യം ചെയ്തതല്ല. ഞാൻ ആവർത്തിക്കുന്നു, ഞാൻ ഒന്നും ചോദ്യം ചെയ്തതല്ല.....

മി. സ്പീക്കർ : അത് ആ അർത്ഥത്തിലല്ല. നിങ്ങൾ പറഞ്ഞ അർത്ഥത്തിലല്ല അദ്ദേഹം പറഞ്ഞത്, പറയുന്നത് നിങ്ങൾ കേൾക്ക്.

ശ്രീ. കെ. സുധാകരൻ : സർ, ഞാൻ വിശദീകരണം നൽകാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെ അദ്ദേഹത്തെ ഡിസ്ക്രെഡിറ്റ് ചെയ്തുകൊണ്ടല്ല പറഞ്ഞത്. ഭരണപക്ഷത്ത് അദ്ദേഹത്തിന്റെ കീഴിലിരിക്കുന്ന ഉദ്യോഗസ്ഥനെപ്പറ്റി പ്രതിപക്ഷം പറഞ്ഞുയെന്നുള്ളതാണ്, അതാണ് അദ്ദേഹം പറയുന്നത്. അത് കേൾക്കാനുള്ള ക്ഷമയില്ലെങ്കിൽ .....ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഒരു രീതിയിലും ഡിസ്ക്രെഡിറ്റ് ചെയ്യുന്ന അർത്ഥത്തിലല്ല പറഞ്ഞത്.

ശ്രീ. കെ. സുധാകരൻ : സർ, ഞാൻ വിശദീകരിക്കാം. ഞാൻ പറഞ്ഞത് മാവോസെതുങ്ങിന്റെ സിദ്ധാന്തങ്ങൾ.....ഞാൻ പറഞ്ഞത് അതാണ്. എന്റെ വാദം അതാണ്. ഇതിൽ ദുഃസൂചനയില്ല. ദുഃസൂചനയുണ്ടെങ്കിൽ ഞാൻ പിൻവലിക്കുന്നു. ഞാൻ പറഞ്ഞുവന്നത് , സഭയെടച്ച് പോകാൻപറ്റില്ല. അതിനകത്ത് മാവോസെതുങ്ങിന്റെ സിദ്ധാന്തം എന്താണ്. എതിരാളി നിങ്ങളെ കുഴയ്ക്കുമ്പോൾ നിങ്ങൾ സ്വയം ആത്മപരിശോധന നടത്തണം. നിങ്ങൾക്ക് എവിടയോ തെറ്റുപറ്റി.....(ബഹളം).....ബഹുമാനപ്പെട്ട ഇ.എം.എസ്. ന്റെ..... ഞാൻ അദ്ദേഹത്തിന്റെ ഒരു കാഴ്ചപ്പാടാണ് പറഞ്ഞത്. എന്റെ ഫോറസ്റ്റ് സെക്രട്ടറിയായിരിക്കുന്ന ആളിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നല്ലയാൾ എന്നു പറയുമ്പോൾ ഞാൻ ആത്മപരിശോധന നടത്തണ്ടേ. പ്രതിപക്ഷനേതാവ് ഇദ്ദേഹത്തെക്കുറിച്ചു പറയുമ്പോൾ ഒരു സൂചനയുമില്ല. അങ്ങയെ അപമാനിക്കാനോ ഏതെങ്കിലും തരത്തിൽ താറടിക്കാനോ അല്ല. അങ്ങനെ തോന്നിപ്പോയെങ്കിൽ ക്ഷമ. ഞാൻ അങ്ങനെയല്ല സൂചിപ്പിച്ചത്. സൂചിപ്പിച്ചത് ഇതാണ്. എന്റെ മനസ്സിലിരിപ്പ് അങ്ങ് പറയുമ്പോൾ അത് ആലോചിക്കേണ്ട. എന്റെ സെക്രട്ടറി സത്യസന്ധനാണെന്ന് അങ്ങ് പറയുമ്പോൾ അത് ഞാൻ ആലോചിക്കണ്ടേ? അതുകൊണ്ട് ട്രാൻസ്ഫർ എന്ന് പറയുന്നത് ഞാൻ നിങ്ങളോട് ചോദിക്കുകയാണ് ഇടതുപക്ഷത്തിന്റെ കാലത്ത് ട്രാൻസ്ഫർ ഒന്നും നടന്നിട്ടില്ലേ ?

മി. സ്പീക്കർ : ട്രാൻസ്ഫർ എല്ലാവരും ചെയ്യും. അതിന് വളരെ സമയം കളയണ്ട. ട്രാൻസ്ഫർ എല്ലാവരും ചെയ്യും. അന്നെല്ലാം വിരോധങ്ങളും ഉണ്ടാകും.

ശ്രീ. കെ. സുധാകരൻ : സർ, ട്രാൻസ്ഫർ ചെയ്യുമ്പോൾ ഇങ്ങനെയൊക്കെ ആക്ഷേപം ഉന്നയിച്ചാൽ .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട സുധാകരൻ ഈ സ്ഥലമാറ്റം സംബന്ധിച്ച് ഇവിടെപ്പറഞ്ഞ പ്രസംഗത്തിൽ പ്രസക്തമായിട്ടുള്ളത്, അങ്ങയുടെ തീരുമാനത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തടഞ്ഞുവെച്ചുഎന്നതാണ്. അതുകൊണ്ട് സ്ഥലംമാറ്റം സംബന്ധിച്ച് നിങ്ങൾക്കെതിരായി ഉന്നയിച്ച 5 കോടി രൂപയുടെ ആരോപണവും ഒരു ജുഡീഷ്യൽ അന്വേഷണത്തിന് വിധേയമാക്കാൻ നിങ്ങൾ തയ്യാറുണ്ടോ ?

ശ്രീ. കെ. സുധാകരൻ : സർ, ഞാൻ പറയാം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പി.ആർ.ഡി. ഡയറക്ടർ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്യാരിലാൽ എന്ന് പറയുന്നയാളാണ്. 5 വർഷംകൊണ്ട് നിങ്ങൾ 5 പി.ആർ.ഡി. ഡയറക്ടർമാരെ മാറ്റി. ഞാൻ ഒന്നുകൂടെ ചോദിക്കട്ടെ മുൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വൈദ്യുതി മന്ത്രി അദ്ദേഹത്തിന്റെ സെക്രട്ടറി ശ്രീ. സുകുമാർ ഉമ്മനെക്കുറിച്ച് ഫയലിൽ എഴുതിയത് എന്താണ്? മാനസികാരോഗ്യകേന്ദ്രത്തിൽ അഡ്മിറ്റ് ചെയ്ത് അദ്ദേഹത്തെ പരിശോധിക്കണമെന്ന്. അങ്ങനെയൊന്നും ഞാൻ എഴുതിയില്ലല്ലോ. പിന്നെ ഒരു സെക്രട്ടറിയെ മാറ്റാനുള്ള കാരണങ്ങൾ ഒരു മന്ത്രി നിയമസഭയിൽ പറയുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് ഒന്നും കടന്നുപോകുന്നില്ല.ട്രാൻസ്ഫർ എല്ലാകാലത്തും എല്ലാ ഗവൺമെന്റും ചെയ്തിട്ടുണ്ട്. ട്രാൻസ്ഫർ ഒരു ഭരണ രംഗത്ത് അനിവാര്യമാണ്. അതിനെ നിഷേധിക്കുന്നത് ശരിയല്ല. അതുകൊണ്ടുതന്നെ ഇതിനെയെല്ലാം ആസ്പദമാക്കി ഉന്നയിച്ച ആരോപണങ്ങളെ ഞാൻ ശക്തിയായി നിഷേധിക്കുന്നു. ശ്രീ. ജയരാജൻ പറഞ്ഞു 700 ആളുകളെ എടുത്തിവിടെ വച്ചിരിക്കുന്നുവെന്ന്. എവിടെയാണ് 700 ആളുകൾ, ഒരു പക്ഷേ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ , അത് മറുപടി അർഹിക്കാത്ത തീർത്തും അസംബന്ധമായ അഴിമതിയാരോപണമാണ് ഞാൻ അത് തള്ളിക്കളയുകയാണ്. ശ്രീ. ജയരാജനെ ഒരു കാര്യംകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. നിങ്ങളുടെ എല്ലാ ആരോപണങ്ങളേയും ആക്ഷേപങ്ങളേയും അതിജീവിച്ച് കടന്നുവന്ന ഒരു രാഷ്ട്രീയക്കാരനാണ് ഞാൻ.

മി.സ്പീക്കർ: അതാണ് പ്രശ്നം.

ശ്രീ. കെ. സുധാകരൻ : ജയരാജൻ കണ്ണൂർ ജില്ലയിൽ നിന്നാണല്ലോ? നമ്മൾ നന്നായി അറിയുന്നവരാണല്ലോ ? നിങ്ങളുടെ എല്ലാ ആരോപണങ്ങളേയും നിങ്ങളുടെ എല്ലാ പ്രതിബന്ധങ്ങളേയും തരണം ചെയ്ത് കടന്നുവന്ന ഒരു രാഷ്ട്രീയക്കാരനാണ് ഞാൻ. നിങ്ങൾ തളർത്താൻ ശ്രമിച്ച ഓരോ നിമിഷവും ഞാൻ ഉയർന്നുയർന്ന് പോയിട്ടുണ്ട് എന്നു നിങ്ങൾ ഓർക്കണം. ഈ രണ്ടുവർഷക്കാലമായി ഞാൻ ആലോചിക്കുകയാണ്; എന്താണ് നിങ്ങൾ എതിർക്കാത്തത്? എന്റെ ഭാഗത്തു നിന്ന് വല്ല തെറ്റുകളും സംഭവിച്ചോ എന്ന് ഞാൻ ആത്മപരിശോധന നടത്തുകയാണ്. ഇപ്പോൾ ബോദ്ധ്യമായി. എന്റെ ഭാഗത്ത് നിന്ന് ഒരു തെറ്റും സംഭവിച്ചിട്ടില്ല. You are in the same way, I am on the right way.....(ബഹളം) .....ഇതൊക്കെ എത്ര കേട്ടതാണ്. അതുകൊണ്ട് വനത്തെ സംബന്ധിച്ച്, ഒരു വലിയ വിഷയം എന്നുപറയുന്ന മനുഷ്യജീവന്റെ ത്രസിപ്പും തുടിപ്പും നിലനിർത്താൻ ഈ പരിസ്ഥിതിയും ആവാസ വ്യവസ്ഥയും ജൈവവൈവിദ്ധ്യങ്ങളും സംരക്ഷിക്കണമെന്ന് തിരിച്ചറിഞ്ഞ ഈ കാലഘട്ടത്തിൽ എത്രയും പ്രസക്തമായ ഒരു വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് വനത്തെക്കുറിച്ച്, പ്രകൃതിയെക്കുറിച്ച്, പരിസ്ഥിതിയെക്കുറിച്ച് ഒരക്ഷരം ഉന്നയിക്കാൻ സാധിക്കാത്ത നിങ്ങളോട് ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ കാലങ്ങളിലും ഈ വകുപ്പ് ഭരിക്കുമ്പോളുണ്ടായ

LIBRARY ARCHIVES Kerala Legislative Assembly

സംഘടിതമായ മരം മുറി ഇന്ന് ഈ സംസ്ഥാനത്തുണ്ടോ? ..... (ബഹളം)..... ദേശാഭിമാനി പത്രമാണ്. എവിടെയാണ് സംഘടിതമായ മരം മുറിയുള്ളത് ?

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. സുധാകരൻ : കഴിഞ്ഞ കാലങ്ങളിൽ മണൽ വാരൽ പ്രശ്നം ഒരു വലിയ പ്രശ്നമായിരുന്നില്ലേ ? മണൽ വാരലിനെക്കുറിച്ച് വല്ല തർക്കവുമുണ്ടോ? ഏതായാലും വന സംരക്ഷണത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റിന്റെ രണ്ടു വർഷക്കാലത്തെ പ്രവർത്തനം വിജയകരമായിരുന്നുവെന്ന് നിശ്ശബ്ദമായിയെങ്കിലും പ്രതിപക്ഷം അംഗീകരിച്ചിരിക്കുന്നു എന്നുള്ളതാണ് ഈ ചർച്ചയിൽ പങ്കെടുക്കുക വഴി അവർ നടത്തിയിരിക്കുന്ന ആരോപണത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. ഒരു വലിയ വിഷയം സംസാരിക്കാനുള്ളപ്പോൾ കേവലം ഈ ആരോപണങ്ങൾ മാത്രം ഉന്നയിച്ച് പ്രസംഗം അവസാനിപ്പിച്ച നിങ്ങളെക്കുറിച്ച് പരിതപിക്കുകയല്ലാതെ മറ്റ് എന്തുചെയ്യാൻ സാധിക്കും? ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിനു കൗതുകം എന്നുപറഞ്ഞതുപോലെ അവസാനം ആ ചോരയ്ക്കുവേണ്ടിയുള്ള കേവലം ഒരു മുറവിളിയും മുദ്രാവാക്യവുമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് കേട്ടത്. നഷ്ടപ്പെട്ടുപോയ വനത്തിന്റെ സമ്പത്ത് തിരികെ കൊണ്ടുവരാൻ, അത് സംരക്ഷിക്കാൻ, അത് വരും തലമുറയ്ക്ക് കൈമാറാൻ അതുവഴി ആവാസ വ്യവസ്ഥയ്ക്ക് .....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സത്യസന്ധനായി അവകാശപ്പെട്ടുകൊണ്ട് ഈ കാര്യങ്ങൾ ഓരോന്നും വിശദീകരിച്ചപ്പോൾ 'ഇതൊന്നും ശരിയല്ല' 'ഞാൻ തളളിക്കളയുന്നു' എന്നുമാത്രം പറഞ്ഞാൽ പോരല്ലോ? വളരെ വസ്തുതകളുടെ അടിസ്ഥാനത്തിൽ പറഞ്ഞിട്ടുള്ള ഇക്കാര്യങ്ങളെ സംബന്ധിച്ച് ഒരു അന്വേഷണത്തിന് തയ്യാറുണ്ടോയെന്നുള്ളതിന് ഉത്തരം പറയൂ.....(ബഹളം).....

ശ്രീ. കെ. സുധാകരൻ : കേൾക്കുമ്പോൾ മുഖവിലയ്ക്കെടുക്കാൻ പോലും സാധിക്കാത്ത ഈ ആരോപണത്തെക്കുറിച്ച് എന്ത് അന്വേഷണമാണ് ആവശ്യപ്പെടുന്നത്? .....(ബഹളം).....വരും തലമുറയ്ക്ക് ഈ മണ്ണിൽ ജീവിതം കരുപ്പിടിപ്പിക്കാൻ ജൈവവൈവിദ്ധ്യത്തിന്റെ കലവറയായി ഈ മണ്ണ് മാറണം. ഒരു പുന:പ്രതിഷ്ഠ, ഒരു പുന:പ്രക്രിയയിലൂടെ മാത്രമേ നഷ്ടപ്പെട്ട വനസമ്പത്ത് നമുക്ക് തിരിച്ചെടുക്കാൻ സാധിക്കൂ. അതുവഴിയേ ജൈവവൈവിദ്ധ്യത്തിന്റെ, ആവാസ വ്യവസ്ഥയുടെ, പരിസ്ഥിതിയുടെ സംരക്ഷണം ഉറപ്പുവരുത്താൻ സാധിക്കൂ. അതുകൊണ്ട് ആ പ്രവൃത്തിയിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ തുറന്ന മനസ്സോടെ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ - XX

മി.സ്പീക്കർ : സർവ്വശ്രീ. കെ.പി.മോഹനൻ, മാങ്കോട് രാധാകൃഷ്ണൻ, മഞ്ഞളാംകുഴി അലി, കോടിയേരി ബാലകൃഷ്ണൻ, ടി. കെ.ബാലൻ, എ.കെ.ബാലൻ, വി.കെ.ചന്ദ്രൻ, വി.ചെന്താമരാക്ഷൻ, ടി. കെ.ദേവകുമാർ, എൻ.രാജൻ, കെ. കെ.ജയചന്ദ്രൻ, പി.ജയരാജൻ, എം.വി.ജയരാജൻ, വി.കെ.സി.മമ്മത് കോയ, മത്തായി ചാക്കോ, പിരപ്പൻകോട് മുരളി, കെ.രാധാകൃഷ്ണൻ, കെ.പി.രാജേന്ദ്രൻ, സാജു പോൾ, ഡോക്ടർ തോമസ് ഐസക് എന്നീ അംഗങ്ങൾ XX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി.സ്പീക്കർ : ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.
(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. " കളത്തിൽ അബ്ദുള്ള
3. " പി. കെ. അബ്ദുറബ്ബ്
4. " കെ. അച്ചുതൻ
5. " സി. ടി. അഹമ്മദ് അലി
6. " എ. പി. അനിൽ കുമാർ
7. " എൻ. ഡി. അപ്പച്ചൻ
8. " ഇ. എം. അഗസ്തി
9. " കെ. ബാബു
10. " ബാബു ദിവാകരൻ
11. " ആർ. ബാലകൃഷ്ണപിള്ള
12. " പി. കെ. കെ. ബാവ
13. " ടി. വി. ചന്ദ്രമോഹൻ
14. " കെ. എ. ചന്ദ്രൻ
15. " എം. എ. ചന്ദ്രശേഖരൻ
16. " ഡൊമിനിക് പ്രസന്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ കെ. ബി. ഗണേഷ് കുമാർ
18. " എം. പി. ഗംഗാധരൻ
19. " പി. പി. ജോർജ്
20. " പ്രയാർ ഗോപാലകൃഷ്ണൻ
21. ശ്രീമതി കെ. ആർ. ഗൗരിയമ്മ
22. ശ്രീ. എം. എം. ഹസ്സൻ
23. " വി. കെ. ഇബ്രാഹിം കുഞ്ഞ്
24. " ടി. എം. ജേക്കബ്
25. " ജോണി നെല്ലൂർ
26. " കെ. സി. ജോസഫ്
27. " ജോസഫ് എം. പുതുശ്ശേരി
28. " പി. ജെ. ജോയി
29. " വർക്കല കഹാർ
30. " ജി. കാർത്തികേയൻ
31. " കെ. കെ. നായർ
32. ഡോ. എം. എ. കുട്ടപ്പൻ
33. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
34. " ലൂഡി ലൂയിസ്
35. " സി. മമ്മൂട്ടി
36. ശ്രീമതി മെഴ്സി രവി
37. ശ്രീ. കെ. മുഹമ്മദാലി
38. " ഇ. ടി. മുഹമ്മദ് ബഷീർ
39. " കെ. മോഹൻ കുമാർ
40. " എ. കെ. മണി
41. " സി. മൊയിൻകുട്ടി
42. " ആര്യാടൻ മുഹമ്മദ്
43. " എം. കെ. മുനീർ
44. " എം. മുരളി
45. " ടി. എച്ച്. മുസ്തഫ
46. " കെ. നാരായണക്കുറുപ്പ്
47. " എഴുകോൺ നാരായണൻ
48. " ഉമ്മൻ ചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

49. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
50. " വി. ജെ. പൗലോസ്
51. " അടൂർ പ്രകാശ്
52. " റ്റി. എൻ. പ്രതാപൻ
53. " ജി. പ്രതാപവർമ്മ തമ്പാൻ
54. " തിരുവഞ്ചൂർ രാധാകൃഷ്ണൻ
55. " ടി. യു. രാധാകൃഷ്ണൻ
56. ശ്രീമതി രാധാരാഘവൻ
57. ശ്രീ. എം. വി. രാഘവൻ
58. " കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
59. " തേറമ്പിൽ രാമകൃഷ്ണൻ
60. " തമ്പാനൂർ രവി
61. " റോഷി അഗസ്റ്റിൻ
62. " ടി. പി. എം. സാഹിർ
63. " എൻ. ശക്തൻ
64. " കെ. ശങ്കരനാരായണൻ
65. ശ്രീമതി മാലേത്ത് സരളാദേവി
66. ശ്രീ. വി. ഡി. സതീശൻ
67. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
68. ശ്രീ. കെ. കെ. ഷാജു
69. " ഷിബു ബേബിജോൺ
70. " കടവൂർ ശിവദാസൻ
71. " നാലകത്ത്സൂപ്പി
72. " കെ. സുധാകരൻ
73. " ഡി. സുഗതൻ
74. " എ. സുജനപാൽ
75. " എൻ. സുന്ദരൻ നാടാർ
76. " സി. എഫ്. തോമസ്
77. പ്രൊഫ. കെ. വി. തോമസ്
78. ശ്രീ. പി. ടി. തോമസ്
79. " തോമസ് ഉണ്ണിയാടൻ
80. " ഉമേഷ് ചള്ളിയിൽ

LIBRARY ARCHIVES Kerala Legislative Assembly

81. ശ്രീ. എം. എ. വാഹീദ്
82. " കെ. സി. വേണുഗോപാൽ
83. " ബി. വിജയകുമാർ
84. " കെ. പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. " മഞ്ഞളാംകുഴി അലി
3. " എ. എ. അസീസ്
4. " കോടിയേരി ബാലകൃഷ്ണൻ
5. " എ. കെ. ബാലൻ
6. " ടി. കെ. ബാലൻ
7. " വി. കെ. ചന്ദ്രൻ
8. " വി. ചെന്താമരാക്ഷൻ
9. " ടി. കെ. ദേവകുമാർ
10. " പി. സി. ജോർജ്
11. " എം. വി. ഗോവിന്ദൻ മാസ്റ്റർ
12. " കെ. കെ. ജയചന്ദ്രൻ
13. " എം. വി. ജയരാജൻ
14. " പി. ജയരാജൻ
15. " എം. കുമാരൻ
16. " കെ. വി. കുഞ്ഞിരാമൻ
17. " കോവൂർ കുഞ്ഞുമോൻ
18. " വി. കെ. സി. മമ്മത്കോയ
19. " മത്തായി ചാക്കോ
20. " കെ. പി. മോഹനൻ
21. " പിരപ്പൻകോട് മുരളി
22. " സി. കെ. നാണു
23. ഡോ. എ. നീലലോഹിതദാസൻ നാടാർ
24. ശ്രീ. കെ. രാധാകൃഷ്ണൻ
25. " മാങ്കോട് രാധാകൃഷ്ണൻ
26. " എൻ. രാജൻ

1397/2011

LIBRARY ARCHIVES Kerala Legislative Assembly

27. ശ്രീ കെ. പി. രാജേന്ദ്രൻ
28. " ടി. പി. രാമകൃഷ്ണൻ
29. " സാജു പോൾ
30. " കെ. പി. സതീശ് ചന്ദ്രൻ
31. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
32. ശ്രീ. പി. എസ്. സുപാൽ
33. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 84

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ - XXXVIII

സർവ്വശ്രീ ടി.കെ.ദേവകുമാർ, എ.കെ.ബാലൻ, കെ.കെ.ജയചന്ദ്രൻ, കോടിയേരി ബാലകൃഷ്ണൻ, എൻ. രാജൻ,. കെ.പി.മോഹനൻ, മത്തായി ചാക്കോ, കെ.പി.രാജേന്ദ്രൻ, കെ.പി. സതീശ് ചന്ദ്രൻ, എ.എ. അസീസ്, കെ.രാധാകൃഷ്ണൻ, പിരപ്പൻകോട് മുരളി, വി.കെ.സി. മമ്മത്കോയ, വി.കെ.ചന്ദ്രൻ, വി.ചെന്താമരാക്ഷൻ, ടി.പി.രാമകൃഷ്ണൻ, സാജു പോൾ, പി. ജയരാജൻ, എം.വി.ജയരാജൻ, ടി.കെ.ബാലൻ, ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ, ഡോക്ടർ തോമസ് ഐസക് എന്നീ അംഗങ്ങൾ XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി.സ്പീക്കർ : ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. " കളത്തിൽ അബ്ദുള്ള
3. " പി. കെ. അബ്ദുറബ്ബ്
4. " കെ. അച്ചുതൻ

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. സി. ടി. അഹമ്മദ് അലി
6. " എ. പി. അനിൽ കുമാർ
7. " എൻ. ഡി. അപ്പച്ചൻ
8. " ഇ. എം. അഗസ്തി
9. " കെ. ബാബു
10. " ബാബു ദിവാകരൻ
11. " ആർ. ബാലകൃഷ്ണപിള്ള
12. " പി. കെ. കെ. ബാവ
13. " ടി. വി. ചന്ദ്രമോഹൻ
14. " കെ. എ. ചന്ദ്രൻ
15. " എം. എ. ചന്ദ്രശേഖരൻ
16. " ഡൊമിനിക് പ്രസന്റേഷൻ
17. " കെ. ബി. ഗണേഷ് കുമാർ
18. " എം. പി. ഗംഗാധരൻ
19. " പി. പി. ജോർജ്
20. " പ്രയാർ ഗോപാലകൃഷ്ണൻ
21. ശ്രീമതി കെ. ആർ. ഗൗരിയമ്മ
22. ശ്രീ. എം. എം. ഹസ്സൻ
23. " വി. കെ. ഇബ്രാഹിം കുഞ്ഞ്
24. " ടി. എം. ജേക്കബ്
25. " ജോണി നെല്ലൂർ
26. " കെ. സി. ജോസഫ്
27. " ജോസഫ് എം. പുതുശ്ശേരി
28. " പി. ജെ. ജോയി
29. " വർക്കല കഹാർ
30. " ജി. കാർത്തികേയൻ
31. " കെ. കെ. നായർ
32. ഡോ. എം. എ. കുട്ടപ്പൻ
33. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
34. " ലൂഡി ലൂയിസ്
35. " സി. മമ്മൂട്ടി
36. ശ്രീമതി മെഴ്സി രവി
37. ശ്രീ. കെ. മുഹമ്മദാലി

LIBRARY ARCHIVES Kerala Legislative Assembly

38. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
39. " കെ. മോഹൻ കുമാർ
40. " എ. കെ. മണി
41. " സി. മൊയിൻകുട്ടി
42. " ആര്യാടൻ മുഹമ്മദ്
43. " എം. കെ. മുനീർ
44. " എം. മുരളി
45. " ടി. എച്ച്. മുസ്തഫ
46. " കെ. നാരായണക്കുറുപ്പ്
47. " എഴുകോൺ നാരായണൻ
48. " ഉമ്മൻ ചാണ്ടി
49. " എം. കെ. പോൾസൺ മാസ്റ്റർ
50. " വി. ജെ. പൗലോസ്
51. " അടൂർ പ്രകാശ്
52. " റ്റി. എൻ. പ്രതാപൻ
53. " ജി. പ്രതാപവർമ്മ തമ്പാൻ
54. " തിരുവഞ്ചൂർ രാധാകൃഷ്ണൻ
55. " ടി. യു. രാധാകൃഷ്ണൻ
56. ശ്രീമതി രാധാരാഘവൻ
57. ശ്രീ. എം. വി. രാഘവൻ
58. " കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
59. " തേറമ്പിൽ രാമകൃഷ്ണൻ
60. " തമ്പാനൂർ രവി
61. " റോഷി അഗസ്റ്റിൻ
62. " ടി. പി. എം. സാഹിർ
63. " എൻ. ശക്തൻ
64. " കെ. ശങ്കരനാരായണൻ
65. ശ്രീമതി മാലേത്ത് സരളാദേവി
66. ശ്രീ. വി. ഡി. സതീശൻ
67. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
68. ശ്രീ. കെ. കെ. ഷാജു
69. " ഷിബു ബേബി ജോൺ

LIBRARY ARCHIVES Kerala Legislative Assembly

70. ശ്രീ. കടവൂർ ശിവദാസൻ
71. " നാലകത്ത്സൂപ്പി
72. " കെ. സുധാകരൻ
73. " ഡി. സുഗതൻ
74. " എ. സുജനപാൽ
75. " എൻ. സുന്ദരൻ നാടാർ
76. " സി. എഫ്. തോമസ്
77. പ്രൊഫ. കെ. വി. തോമസ്
78. ശ്രീ. പി. ടി. തോമസ്
79. " തോമസ് ഉണ്ണിയാടൻ
80. " ഉമേഷ് ചള്ളിയിൽ
81. " എം. എ. വാഹീദ്
82. " കെ. സി. വേണുഗോപാൽ
83. " ബി. വിജയകുമാർ
84. " കെ. പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. " മഞ്ഞളാംകുഴി അലി
3. " എ. എ. അസീസ്
4. " കോടിയേരി ബാലകൃഷ്ണൻ
5. " എ. കെ. ബാലൻ
6. " ടി. കെ. ബാലൻ
7. " വി. കെ. ചന്ദ്രൻ
8. " വി. ചെന്താമരാക്ഷൻ
9. " ടി. കെ. ദേവകുമാർ
10. " പി. സി. ജോർജ്
11. " എം. വി. ഗോവിന്ദൻ മാസ്റ്റർ
12. " കെ. കെ. ജയചന്ദ്രൻ
13. " എം. വി. ജയരാജൻ
14. " പി. ജയരാജൻ
15. " എം. കുമാരൻ

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. കെ. വി. കുഞ്ഞിരാമൻ
17. " കോവൂർ കുഞ്ഞുമോൻ
18. " വി. കെ. സി. മമ്മത്കോയ
19. " മത്തായി ചാക്കോ
20. " കെ. പി. മോഹനൻ
21. " പിരപ്പൻകോട് മുരളി
22. " സി. കെ. നാണു
23. ഡോ. എ. നീലലോഹിതദാസൻ നാടാർ
24. ശ്രീ. കെ. രാധാകൃഷ്ണൻ
25. " മാങ്കോട് രാധാകൃഷ്ണൻ
26. " എൻ. രാജൻ
27. " കെ. പി. രാജേന്ദ്രൻ
28. " ടി. പി. രാമകൃഷ്ണൻ
29. " സാജു പോൾ
30. " കെ. പി. സതീശ് ചന്ദ്രൻ
31. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
32. ശ്രീ. പി. എസ്. സുപാൽ
33. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 84

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ - XXXIV

സർവ്വശ്രീ കെ. പി. മോഹനൻ, സാജുപോൾ, മത്തായി ചാക്കോ, കെ.പി. സതീശ് ചന്ദ്രൻ എ.കെ.ബാലൻ, കെ.കെ.ജയചന്ദ്രൻ, ടി.പി.രാമകൃഷ്ണൻ, എൻ രാജൻ, എം.വി.ജയരാജൻ, പി.ജയരാജൻ, കോടിയേരി ബാലകൃഷ്ണൻ, ടി.കെ.ബാലൻ, വി.കെ.സി.മമ്മത്കോയ, പിരപ്പൻകോട് മുരളി, കെ.പി.രാജേന്ദ്രൻ, കെ.രാധാകൃഷ്ണൻ, മഞ്ഞളാംകുഴി അലി, എം.വി.ഗോവിന്ദൻ മാസ്റ്റർ, ടി.കെ.ദേവകുമാർ, വി. ചെന്താമരാക്ഷൻ, വി.കെ.ചന്ദ്രൻ, കോവൂർ കുഞ്ഞുമോൻ, എ.എ.അസീസ്, ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ, ഡോക്ടർ തോമസ് ഐസക് എന്നീ അംഗങ്ങൾ XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. " കളത്തിൽ അബ്ദുള്ള
3. " പി. കെ. അബ്ദുറബ്ബ്
4. " കെ. അച്ചുതൻ
5. " സി. ടി. അഹമ്മദ് അലി
6. " എ. പി. അനിൽ കുമാർ
7. " എൻ. ഡി. അപ്പച്ചൻ
8. " ഇ. എം. അഗസ്തി
9. " കെ. ബാബു
10. " ബാബു ദിവാകരൻ
11. " ആർ. ബാലകൃഷ്ണപിള്ള
12. " പി. കെ. കെ. ബാവ
13. " ടി. വി. ചന്ദ്രമോഹൻ
14. " കെ. എ. ചന്ദ്രൻ
15. " എം. എ. ചന്ദ്രശേഖരൻ
16. " ഡൊമിനിക് പ്രസന്റേഷൻ
17. " കെ. ബി. ഗണേഷ് കുമാർ
18. " എം. പി. ഗംഗാധരൻ
19. " പി. പി. ജോർജ്
20. " പ്രയാർ ഗോപാലകൃഷ്ണൻ
21. ശ്രീമതി കെ. ആർ. ഗൗരിയമ്മ
22. ശ്രീ. എം. എം. ഹസ്സൻ
23. " വി. കെ. ഇബ്രാഹിം കുഞ്ഞ്
24. " ടി. എം. ജേക്കബ്
25. " ജോണി നെല്ലൂർ
26. " കെ. സി. ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

27. ശ്രീ. ജോസഫ് എം. പുതുശ്ശേരി
28. " പി. ജെ. ജോയി
29. " വർക്കല കഹാർ
30. " ജി. കാർത്തികേയൻ
31. " കെ. കെ. നായർ
32. ഡോ. എം. എ. കുട്ടപ്പൻ
33. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
34. " ലൂഡി ലൂയിസ്
35. " സി. മമ്മൂട്ടി
36. ശ്രീമതി മെഴ്സി രവി
37. ശ്രീ. കെ. മുഹമ്മദാലി
38. " ഇ. ടി. മുഹമ്മദ് ബഷീർ
39. " കെ. മോഹൻ കുമാർ
40. " എ. കെ. മണി
41. " സി. മൊയിൻകുട്ടി
42. " ആര്യാടൻ മുഹമ്മദ്
43. " എം. കെ. മുനീർ
44. " എം. മുരളി
45. " ടി. എച്ച്. മുസ്തഫ
46. " എഴുകോൺ നാരായണൻ
47. " ഉമ്മൻ ചാണ്ടി
48. " എം. കെ. പോൾസൺ മാസ്റ്റർ
49. " വി. ജെ. പൗലോസ്
50. " അടൂർ പ്രകാശ്
51. " റ്റി. എൻ. പ്രതാപൻ
52. " ജി. പ്രതാപവർമ്മ തമ്പാൻ
53. " തിരുവഞ്ചൂർ രാധാകൃഷ്ണൻ
54. " ടി. യു. രാധാകൃഷ്ണൻ
55. ശ്രീമതി രാധാരാഘവൻ
56. ശ്രീ. എം. വി. രാഘവൻ
57. " കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
58. " തേറമ്പിൽ രാമകൃഷ്ണൻ
59. " തമ്പാനൂർ രവി

LIBRARY ARCHIVES Kerala Legislative Assembly

60. ശ്രീ. റോഷി അഗസ്റ്റിൻ
61. " ടി. പി. എം. സാഹിർ
62. " എൻ. ശക്തൻ
63. " കെ. ശങ്കരനാരായണൻ
64. ശ്രീമതി മാലേത്ത് സരളാദേവി
65. ശ്രീ. വി. ഡി. സതീശൻ
66. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
67. ശ്രീ. കെ. കെ. ഷാജു
68. " ഷിബു ബേബിജോൺ
69. " കടവൂർ ശിവദാസൻ
70. " നാലകത്ത്സൂപ്പി
71. " കെ. സുധാകരൻ
72. " ഡി. സുഗതൻ
73. " എ. സുജനപാൽ
74. " എൻ. സുന്ദരൻ നാടാർ
75. " സി. എഫ്. തോമസ്
76. പ്രൊഫ. കെ. വി. തോമസ്
77. ശ്രീ. പി. ടി. തോമസ്
78. " തോമസ് ഉണ്ണിയാടൻ
79. " ഉമേഷ് ചള്ളിയിൽ
80. " എം. എ. വാഹീദ്
81. " കെ. സി. വേണുഗോപാൽ
82. " ബി. വിജയകുമാർ
83. " കെ. പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ
2. " മഞ്ഞളാംകുഴി അലി
3. " എ. എ. അസീസ്
4. " കോടിയേരി ബാലകൃഷ്ണൻ
5. " എ. കെ. ബാലൻ
6. " ടി. കെ. ബാലൻ
7. " വി. കെ. ചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. വി. ചെന്താമരാക്ഷൻ
9. " ടി. കെ. ദേവകുമാർ
10. " പി. സി. ജോർജ്
11. " എം. വി. ഗോവിന്ദൻ മാസ്റ്റർ
12. " കെ. കെ. ജയചന്ദ്രൻ
13. " എം. വി. ജയരാജൻ
14. " പി. ജയരാജൻ
15. " എം. കുമാരൻ
16. " കെ. വി. കുഞ്ഞിരാമൻ
17. " കോവൂർ കുഞ്ഞുമോൻ
18. " വി. കെ. സി. മമ്മത്കോയ
19. " മത്തായി ചാക്കോ
20. " കെ. പി. മോഹനൻ
21. " പിരപ്പൻകോട് മുരളി
22. " സി. കെ. നാണു
23. ഡോ. എ. നീലലോഹിതദാസൻ നാടാർ
24. ശ്രീ. കെ. രാധാകൃഷ്ണൻ
25. " മാങ്കോട് രാധാകൃഷ്ണൻ
26. " എൻ. രാജൻ
27. " കെ. പി. രാജേന്ദ്രൻ
28. " ടി. പി. രാമകൃഷ്ണൻ
29. " സാജു പോൾ
30. " കെ. പി. സതീശ് ചന്ദ്രൻ
31. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
32. ശ്രീ. പി. എസ്. സുപാൽ
33. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 83

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003, ജൂലായ് 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്ക് 2.20-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly